പുരോഗതിയും വിലങ്ങുതടികളും

പി. റ്റി. ചാക്കോ, എം.എ

95493



കേരളത്തിലെ കത്തോലിക്കാ സമുദായത്തിൽ നിന്നും പ്രബുദ്ധ മതികളായ ഒരു ഗണം ബുദ്ധിജീവികളും ചെറുപ്പക്കാരും ഉയന്നുവരികയാണു്. പാരമ്പര്യത്തിലും പൌരാണികതത്വത്തിലും അടങ്ങിയിരിക്കുന്ന എല്ലാ നല്ലകാര്യങ്ങളും സ്വീകരിക്കുവാൻ അവക്കു സാധിക്കും. പക്ഷേ വർത്തമാനകാലത്തിന്റെ ആദർശങ്ങളും ആശയാഭിലാഷങ്ങളും അരോചകങ്ങളായി തോന്നുന്ന ചിലരോട്ടു് അവക്കു ബഹുമാനാദരങ്ങൾ അർഹയധികമില്ലതന്നെ. സമുദായത്തെ സംബന്ധിച്ച ചിലകാര്യങ്ങൾ ഉറക്കെപ്പറയുവാനും ചില ചോദ്യങ്ങൾ ചോദിക്കുവാനും മുതിരുന്നതിന്റെ പേരിൽ അവരെ ഒറ്റപ്പെടുത്തുവാൻ ശ്രമിക്കുന്നതും ലീഗുകാരൊ കമ്മ്യൂണിസ്റ്റുകാരൊ ആയി മുദ്രകുത്തുന്നതും അത്ര നന്നാണെന്നു തോന്നുന്നില്ല. ഈ പുതിയതലമുറയുടെ ചില ചോദ്യങ്ങളും വിമർശനങ്ങളും ആശങ്കകളും പ്രത്യാശകളുമാണു് ഈ ഗ്രന്ഥത്തിന്റെ താളുകൾ മറിക്കുമ്പോൾ നിങ്ങൾ കണ്ടുമുട്ടുക.

DHARMARAM COLLEGE ★ 23
LIBRARY
BANGALORE-1 ★

പുരോഗതിയും വിലങ്ങുതടികളും

(Malayalam)

PUROGATHIYUM VILANGUTHADIKALUM.

Essays.

Author:

P. T. CHACKO, M. A. L. S, P. Sc (LOUVAIN)

Kusumalayam; Muvattupuzha.

Copyright:

P. T. CHACKO.

M/270.954 B3

CHA

Printed at:

FORWARD PRINTERS, MUVATTUPUZHA.

Published and Distributed By:

FORWARD PUBLICATIONS, MUVATTUPUZHA.

Cover Design By:

K. J. MATHEW MALAYALA MANORAMA, KOTTAYAM.

Cover Printing:

DEEPIKA, KOTTAYAM.

FIRST EDITION: 1000 Copies.

DATE OF PUBLICATION: NOVEMBER 1960.

SERIAL NO. OF PUBLICATION: 5

NUMBER OF PAGES: VIII + VIII + 192

PRICE:

RUPEES THREE.

SACRED HEART PROVINCIAL LIBRARY
No. 1528
VB-29
C29
C34

പുരോഗതിയും വിലങ്ങുതടികളും

(കേരളത്തിലെ കത്തോലിക്കാ സമുദായത്തെപ്പറ്റി
ചില വിചിന്തനങ്ങൾ)

പി. റ്റി. ചാക്കോ എം. എ.
എൽ. എസ്. പി. എസ്. സി. (ലുവെയിൻ)

DHARMARAM COLLEGE LIBRARY BANGALORE-29
KRISTHAVA PALACKAL JEEVARAS KENDRAM LIBRARY 1528

പ്രസാധകർ:
ഫോർവേഡ് പബ്ലിക്കേഷൻസ്
മൂവാറ്റുപുഴ.

1960 മൂന്നാമച്ചിപ്പ്

ഉള്ളടക്കം.

സമർപ്പണം

മുഖവുരയ്ക്കു പകരം

1 പുരോഗതിയും ഭ്രമികളുക്കവും

2 സമരവും പിന്തിരിപ്പന്മാരും

3 ഷെവലിയറുടെ മഹറോൻ

4 കത്തോലിക്കരും അഭിപ്രായസ്വാതന്ത്ര്യവും

5 കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ

6 സംഘടനകളും സഖ്യതകളും

7 സ്ത്രീയും വ്യവസായവും

8 നമ്മുടെ ബുദ്ധിജീവികൾ

9 പി. എച്ച്. ഡി., ഡി. ഡി.

10 പല്ലക്കും പോണ്ടിയാക്കും

11 എല്ലാം പാസ്സ്!

12 തിരിപ്പണവും കടപ്പണവും

13 നമ്മുടെ ആത്മീയതയുടെ ആഴങ്ങൾ

14 ഉപസംഹാരം:

പുതിയ ആകാശവും പഴയ ഭ്രമിയും

സമർപ്പണം

തിളച്ചുമറിയുന്ന ആശയാവേശങ്ങളും, തിരതല്ലുന്ന വിപ്ല
വാഭിനിവേശങ്ങളുമായി, പ്രളയപൂർവ്വകങ്ങളായ അന്ധ
വിശ്വാസങ്ങളേയും, അത്ഥശൂന്യങ്ങളായ നിരോധ
നഭീഷണികളേയും, ഓലക്കെട്ടുകളുടെ ഉടമസ്ഥ
ന്മാർ ആഘോഷപൂർവ്വം സ്ഥാപിച്ചിട്ടുള്ള
വിലങ്ങുതടികളേയും വിഗണിച്ചുകൊണ്ടു്
തലമുറകളുടെ കനത്തഭാരങ്ങളും ഭേസി,
ഭാവിഭാസുരതയുടെ വിമോഹനവാ
ശാനങ്ങളിലേയ്ക്കും പുരോഗമന
ത്തിന്റെ പുലരൊളിമേഖലക
ളിലേയ്ക്കും പ്രയാണം ചെയ്യു
കൊണ്ടിരിക്കുന്ന, കേരള
ത്തിലെ വൈദികരും
അ വൈദികരുമാ
യ ക ത്തോ ലി
ക്കാ യു വ ജ
ന ങ്ങ ളു
ടെ
പുതിയ പുരുഷാന്തരത്തിനു്

പ്രതിജ്ഞ

മുഖവുരയ്ക്കു പകരം

അത്ര വലിയ ശുഭപ്രതീക്ഷകളോടുകൂടിയൊന്നുമല്ല ഈ ലേഖനസമാഹാരം ഞാൻപ്രസിദ്ധീകരിക്കുന്നതു്. ദൈവദൂതന്മാർ കാലുകുത്തുവാൻ മടിക്കുന്ന മഹോന്നതസ്ഥാനങ്ങളിലേക്കു് ബഹുമാനലേശമില്ലാതെ കയറിച്ചെല്ലുന്ന ധിക്കാരികൾക്കു് സഭ്യമായരീതിയിലുള്ള സല്ക്കാരങ്ങളൊന്നും പ്രതീക്ഷിക്കുവാനർഹതയില്ലതന്നെ. എന്നിരിക്കിലും ഞാനും എന്നേപ്പോലുള്ള അനേകായിരങ്ങളും ദിനംപ്രതി കാണുകയും കേൾക്കുകയും സാക്ഷ്യം വഹിക്കുകയും ചെയ്യേണ്ടിവരുന്ന ചില കാര്യങ്ങളേപ്പറ്റി ഇനിയും മൌനം ഭജിക്കുന്നതിൽ വലിയ ഔചിത്യമൊന്നുമില്ലെന്നാണു് എനിക്കു് തോന്നിയിട്ടുള്ളതു്. ഞാൻ ശ്വസിക്കുന്ന വായു കുറെയൊക്കെ ദുർഗ്ഗന്ധപൂരിതമാണെന്നും അതിൽ ചില വിഷവാതകങ്ങളും കലർന്നിരിപ്പുണ്ടെന്നും പറയുവാനുള്ള എന്റെ സ്വാതന്ത്ര്യത്തെ ആരും ചോദ്യം ചെയ്യുമെന്നുതോന്നുന്നില്ല. ദുഷിച്ചതും ദുഷിപ്പിക്കുന്നതുമായ പ്രസ്തുതഘടകങ്ങളെ നീക്കം ചെയ്യുവാനല്ലാതെ ആ അന്തരീക്ഷത്തിൽനിന്നും വിട്ടുപോകുവാൻ ഞാനാഗ്രഹിക്കുന്നുമില്ല. അടുത്തകാലത്തായി കേരളത്തിലെ കത്തോലിക്കാസഭയേയും സമുദായത്തേയുംപറ്റി ഉറക്കെയുള്ള ചില വിചിന്തനങ്ങളും പത്രങ്ങളിലൂടെയും മാസികകളിലൂടെയുമെല്ലാം പുറത്തുവരാൻ തുടങ്ങിയിട്ടുണ്ടു്. അപ്രകാരം ചിന്തിക്കുകയും എഴുതുകയും ചെയ്യുന്നവരേപ്പറ്റി അധികാരികൾക്കും നേതാക്കന്മാർക്കും വലിയമതിപ്പുണ്ടാവുക സാധാരണമല്ല. കാരണം അതൊന്നും ഇവിടെ പതിവില്ലാത്ത കായ്ക്കളത്രെ.

ഇതൊരു ആധികാരികഗ്രന്ഥമൊ പ്രാമാണികതപം അഹ്നിക്കുന്ന പ്രസിദ്ധീകരണമൊ അല്ല. വിപുലങ്ങളായ പഠനങ്ങളും ഗവേഷണങ്ങളും നടത്തി, വസ്തുതകളേയും യാഥാർത്ഥ്യങ്ങളേയുംകുറിച്ചുള്ള സ്ഥിതിവിവരണക്കണക്കുകളെയും ശേഖരിച്ച്, ചിന്തകന്മാരുടേയും പണ്ഡിതന്മാരുടേയും അഭിപ്രായങ്ങളെ ഉദ്ധരിച്ചുകൊണ്ട് ഇപ്രകാരമൊരു ഗ്രന്ഥം വേണമെങ്കിൽ തയ്യാറാക്കാം. ഈ ഗ്രന്ഥത്തിൽ അതൊന്നും ചെയ്തിട്ടില്ല. ദിനംപ്രതി നാം കാണുന്നതും കേൾക്കുന്നതുമായ ചിലകാര്യങ്ങളെപ്പറ്റി എനിക്കും മറ്റനേകം പേർക്കുമുള്ള ചില അഭിപ്രായങ്ങൾ ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നുവെന്നുമാത്രം. അവയിൽ അതിശയോക്തി ലേശമില്ലെന്നോ തിരുത്തലുകൾ ആവശ്യമുണ്ടാവുകയില്ലെന്നോ ഞാൻ കരുതുന്നില്ല. തെറ്റുകളും തിരുത്തലുകളും ചൂണ്ടിക്കാണിച്ചുതരുന്നവരോട് ഞാനെന്നും കൃതജ്ഞനായിരിക്കും.

വൈദികരേയും മെത്രാന്മാരേയും കന്യാസ്ത്രീകളേയും ഷെവലിയറന്മാരേയും മാനേജരന്മാരേയും ഹെഡ്മാസ്റ്ററന്മാർ, പ്രിൻസിപ്പാളന്മാർ, സമരനേതാക്കൾ, നാട്ടുപ്രമാണികൾ, തുടങ്ങിയവരേയുമെല്ലാംപറ്റി ഈ പുസ്തകത്തിൽ ഞാൻ ചിലതൊക്കെ പറഞ്ഞിട്ടുണ്ട്. ആശുപത്രികൾ, അനാഥമന്ദിരങ്ങൾ, കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ, വിവിധതരത്തിലുള്ള സംഘടനകൾ, സെമ്മിനാരി വിദ്യാഭ്യാസം, കോളേജിലേയും ഹൈസ്കൂളിലേയും വിദ്യാഭ്യാസം തുടങ്ങി സമുദായാംഗങ്ങൾക്കു താല്പര്യമുള്ള മറ്റനേകം കാര്യങ്ങളേപ്പറ്റിയും ഇതിൽ ചർച്ച ചെയ്തിട്ടുണ്ട്. നമ്മുടെ കുടുംബജീവിതത്തിന്റെ ചില വശങ്ങളേപ്പറ്റിയുള്ള ഏതാനും ലേഖനങ്ങൾകൂടി ഇതിലുൾപ്പെടുത്തണമെന്നു കരുതിയിരുന്നെങ്കിലും അവ പിന്നീടായിക്കൊള്ളാമെന്നു തീരുമാനിച്ചു. ഈ ലേഖനങ്ങൾ വായിക്കുന്ന തല്പരകക്ഷികളിലാർക്കും അതിന്റെ കർത്താവിനോടു വലിയ ലോഹ്യമൊ സൌഹാർദ്ദമൊ തോന്നുക സാദ്ധ്യമല്ലെന്നുള്ളതാണ് ഈ സമാഹാരത്തി

ന്റെ ഏറ്റവും വലിയ വികലത. പക്ഷെ ശരീരത്വം ചില പ്പോഴൊക്കെ സർഗ്ഗാത്മകമായി പരിണമിക്കുവാൻ പാടില്ലായ്കയില്ല.

ഈ ഗ്രന്ഥത്തിന്റെ കയ്യെഴുത്തുപ്രതി ഏതാനും വൈദികസുഹൃത്തുക്കളും അഭ്യസ്തവിദ്യരായ വളരെയധികം ചെറുപ്പക്കാരും വായിച്ചിട്ടുണ്ട്. പക്ഷെ ഇതിലെ ആശയങ്ങളുടേയും അവയുടെ പ്രസിദ്ധീകരണത്തിന്റേയും പൂർണ്ണമായ ഉത്തരവാദിത്വം എന്റേതുമാത്രമാണ്. ഇതൊരു ഗ്രന്ഥമായി പ്രസിദ്ധീകരിക്കാതെ ഖണ്ഡശ: വല്ല കത്തോലിക്കാ പത്രങ്ങളിലൂടെയൊ മാസികകളിലൂടെയോ പ്രസിദ്ധീകരിക്കുന്നതായിരിക്കും ഉത്തമമെന്നും ചിലരെന്നെ ഉപദേശിക്കുകയുണ്ടായി. പക്ഷേ ഈ ലേഖനങ്ങൾ പ്രസിദ്ധീകരണത്തിനു സജ്ജീകരിക്കുവാൻ ഇവിടെയുള്ള ഒരു കത്തോലിക്കാ പത്രവും സന്നദ്ധമാവുകയില്ലെന്നതാണ് അനുഭവംകൊണ്ട് ഞാൻ മനസ്സിലാക്കുന്നത്.

ഇതു വായിക്കുന്നവരും സ്വന്തം കരങ്ങൾ ശുദ്ധമല്ലാത്തവരുമായ ചിലർ ഞാനൊരു വൈദികവിദ്വേഷിയൊ സമുദായവിദ്വേഷിയൊ ആണെന്നുള്ള നിഗമനത്തിലെത്തിച്ചേർന്നേക്കാം. രോഗത്തേക്കാൾ മോശമായ പ്രതിവിധികളാണ് ഇതിലുള്ളതെന്നും ചിലർ ആക്ഷേപിച്ചേക്കാം. ഏതായാലും ഒന്നു രണ്ടുകാര്യങ്ങൾ മാത്രം പറയാം. ഞാനേറ്റവും ഗൗരവമായി കരുതുന്ന സത്യം ഒരു ദുഷിച്ച വൈദികനാണ്. വിശുദ്ധനായ ഒരു വൈദികന്റെ സാമീപ്യസമ്പർക്കങ്ങളേയും സാന്ത്വനങ്ങളേയുംകാൾ മഹനീയമായി സൂര്യനുകീഴിൽ മറ്റൊന്താണുള്ളതെന്നും ഞാനാലോചിക്കുകയാണ്. സെൻറ് മൈക്കിളിനും സെൻറ് മേരിക്കുമൊന്നും സിദ്ധിച്ചിട്ടില്ലാത്ത മഹനീയാധികാരങ്ങളുടേയും ആനുകൂല്യങ്ങളുടേയും ഉടമസ്ഥരേപ്പറ്റി ബഹുമാനപൂർവ്വകമല്ലാതെ ചിന്തിക്കുക സാദ്ധ്യമല്ല. ആദർശത്തിന്റെ തുംഗകോടികളിലേക്ക് നമ്മുടെ വൈദികരും സന്യാസന്നീസ

സന്യാസികളും എത്തിച്ചേരുന്നില്ലെങ്കിൽത്തന്നെയും, ഇന്നത്തെ സാഹചര്യത്തിൽ കൂടുതൽ പ്രാധാന്യമർഹിക്കുന്ന ചില ഉപദേശങ്ങൾ തടയപ്പെടേണ്ടതുതന്നെയാണ്. അവയെപ്പറ്റി അല്പം പരുഷമായും ഹൃദയവേദനയോടുകൂടി ചിലതൊക്കെ പറഞ്ഞിട്ടുള്ളതു് ക്ഷന്തവ്യമല്ലെങ്കിൽ ഞാനെന്തു ചെയ്യട്ടെ.

കരുത്തംകെട്ട ഈ ഗ്രന്ഥകാരനേപ്പറ്റി വേറെ പലയിടത്തുനിന്നും ആക്ഷേപശരങ്ങൾ പുറപ്പെടുവാനിടയുണ്ടു്. കമ്മ്യൂണിസ്റ്റുകാരും കത്തോലിക്കേതരരും ഈ ഗ്രന്ഥംകൊണ്ടു മുതലെടുക്കുമെന്നും സമുദായത്തെ ആക്ഷേപിക്കുവാനുള്ള ഒരുപകരണമാക്കുമെന്നും ചിലർ സൂചിപ്പിച്ചേക്കാം. എന്നാൽ എന്റെ വിമർശനങ്ങളേക്കാൾ ഞാൻ വിമർശിക്കുന്ന വ്യക്തികളുടെ മാതൃകകളും പ്രവൃത്തികളുമാണു് കൂടുതൽ ഉദ്ബോധനകാരണമായിത്തീരുന്നതു്. വ്യഭിചാരം ചീത്തയാണെന്നു പറയുന്നതാണോ, അതോ വ്യഭിചാരം പ്രായോഗികമാക്കുന്നതാണോ കൂടുതൽ ആക്ഷേപകരമെന്നു ചിന്തിച്ചുനോക്കുക. ഇവിടത്തെ കുഴപ്പങ്ങൾക്കു കാരണം ചുരുക്കം ചിലരുടെ വിമർശനമല്ല, പ്രത്യുത വളരെപ്പേരുടെ പരസ്യമായ പ്രവൃത്തികളും മാതൃകകളുമാണു്.

കാര്യങ്ങൾ കുറെക്കൂടി മയപ്പെടുത്തിയും സൌമ്യമായും പറയരുതോ എന്നാണു് മറ്റുചിലരുടെ ചോദ്യം. എഴുത്തുകാരുടെയെല്ലാം വ്യക്തിതപങ്ങൾ സമീകരിക്കുവാനുള്ള ഒരു ശ്രമം ആരെങ്കിലും നടത്തുന്നപക്ഷം ഞാനും അതിൽ സഹകരിക്കാമെന്നല്ലാതെ തല്ക്കാലം അസാദ്ധ്യമായതു് ചെയ്യുവാൻ തീർത്തുവെന്നു ഞാനഭിമാനിക്കുന്നില്ല.

സാധാരണയായി ഇതുപോലുള്ള വിഷയങ്ങളേപ്പറ്റി ചർച്ച ചെയ്യുകയും ഗ്രന്ഥങ്ങളെഴുതുകയും ചെയ്യുന്നവർ പണ്ഡിതരും ദൈവശാസ്ത്രവിശാരദരുമായ വൈദികരോ സുപ്രസിദ്ധ കത്തോലിക്കാ ചിന്തകരൊ ഒക്കെയാണു്. എന്നിട്ടും

അവയിൽ പലതും ഉടനടി നിരോധിക്കപ്പെട്ടിട്ടുണ്ട്. ഈവക സവിശേഷയോഗ്യതകളൊന്നുമില്ലാത്ത ഒരാളാണ് ഈ ലേഖകൻ അതിനാൽ ധിക്കാരപൂർവ്വമായ ഈ സംരഭത്തെ മറവുള്ളവർ എങ്ങിനെയാണാവൊ വീക്ഷിക്കുക.

നൈമിഷികമായ ഒരു വികാരാവേശത്തിന്റെയൊ ആഗന്തുകങ്ങളായ വല്ല സാഹചര്യങ്ങളുടെയൊ ഫലമല്ല ഈ ഗ്രന്ഥം. ഇതുപോലൊരു ഗ്രന്ഥമെഴുതി പ്രസിദ്ധീകരിക്കുന്നയാൾക്ക് നേരിടാവുന്ന എല്ലാവിധ വിഷമതകളും ബുദ്ധിമുട്ടുകളും ശരിക്കു മനസ്സിലാക്കുകയും മുൻകൂട്ടി കാണുകയും ചെയ്തുകൊണ്ടുതന്നെയാണ് ഞാനിതെഴുതുന്നതു്. ഇതിലെ ഓരോ വാക്കും മനഃപൂർവ്വമായും പരിപൂർണ്ണമായ ജാഗ്രദവസ്ഥയിലും എഴുതപ്പെട്ടിട്ടുള്ളതാണ്. നമ്മുടെ സഭാധികാരികളും സമുദായവും ഇന്നത്തേക്കാൾ മെച്ചപ്പെട്ടകാണുവാനുള്ള തീവ്രാഭിലാഷം ഒന്നുമാത്രമാണ് ഇതെഴുതുവാൻ എന്നെ പ്രേരിപ്പിച്ചിട്ടുള്ളതു്. അഥവാ കായ്ക്കുകയും കൂടെക്കൂടി വഷളാവുകയാണ് ചെയ്യുന്നതെങ്കിൽപോലും കത്തോലിക്കാസഭയിൽനിന്നോ സമുദായത്തിൽനിന്നോ വിട്ടുനില്ക്കുവാൻ ഞാനാഗ്രഹിക്കുന്നുമില്ല. അതുകൊണ്ടുതന്നെയാണ് ഈ വിമർശനങ്ങളും കൂടെ പരുഷതരമായിരിക്കുന്നതും.

തന്റെ ഭാര്യ പ്രോത്സാഹിപ്പിച്ചില്ലായിരുന്നെങ്കിൽ, തന്റെ മകനും പ്രൂഫ് നോക്കിയില്ലെങ്കിൽ, തന്റെ മകൻ വിഷയസൂചിക തയ്യാറാക്കിത്തന്നില്ലെങ്കിൽ, തന്റെ സുഹൃത്തിന്റെ നിരന്തരശല്യവും നിർബന്ധവുമില്ലായിരുന്നെങ്കിൽ താനെഴുതിയ ഈമഹാഗ്രന്ഥം വെളിച്ചംകാണുകയില്ലായിരുന്നുവെന്നുള്ള ദീർഘമായ മുഖവുരയോടുകൂടി പ്രസിദ്ധീകരിക്കപ്പെടുന്ന പുസ്തകങ്ങളും നിങ്ങളും കണ്ടിരിക്കും. ഈ ഗ്രന്ഥത്തെ സംബന്ധിച്ചിടത്തോളം അങ്ങിനെയുള്ള യാതൊരു വിധമായ ഇടപെടലുകളൊ ശല്യങ്ങളൊ ഒരുത്തരിൽനിന്നും ഉണ്ടായിട്ടില്ലെന്നും എന്റെ

കുടുംബവും കളത്രപുത്രാദികളും ബന്ധുമിത്രാദികളും ഇക്കാര്യത്തിൽ തികച്ചും നിർദ്ദോഷികളാണെന്നും ഈയവസരത്തിൽ വ്യക്തമാക്കിക്കൊള്ളട്ടെ.

ഈ ഗ്രന്ഥത്തിനു പ്രചുരപ്രചാരം സിദ്ധിക്കുമെന്നോ ഇതിന്റെ സഞ്ചാരപഥം സുഗമമായിരിക്കുമെന്നോ പ്രത്യാശിക്കുന്നതു് ഉച്ചക്കിറുക്കാണെങ്കിൽ പച്ചയായ ധിക്കാരം മാത്രമായിരിക്കും. എങ്കിൽ ആശംസാരൂപത്തിലുള്ള ഒരുപചാരം ഹാരം ആവശ്യമില്ലല്ലൊ. ഈ ഗ്രന്ഥത്തിലുള്ള തെറ്റുകൾ സദയം ക്ഷമിക്കണമെന്നു് വായനക്കാരോടഭ്യർത്ഥിക്കണമെന്നുണ്ടു്. പക്ഷേ ആ സംരംഭത്തിന്റെ വിജയസാദ്ധ്യതകളെപ്പറ്റിയും ആശങ്കകളുള്ളതിനാൽ അതിനു മുതിരുന്നില്ല.

മൂവാറ്റുപുഴ

15-10-1960

പി. റ്റി. ചാക്കൊ

I

പുരോഗതിയും ഭ്രമികല്പകവും

എന്താണ് പുരോഗതി?

കഴിഞ്ഞ അനേകം നൂറ്റാണ്ടുകളായി പഴമയുടേയും പാരമ്പര്യങ്ങളുടേയും ആഴമേറിയ ഉഴവു ചാലുകളിലൂടെ മന്ദഗതിയിൽ നീങ്ങിക്കൊണ്ടിരുന്ന നമ്മുടെ സമുദായം, ആഭ്രന്തപൂർവ്വമായ വിധത്തിൽ, ഇന്നു് പുരോഗമിക്കുവാനും മുന്നേറുവാനുമുള്ള അഭിലാഷങ്ങളും പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയാണു്. ക്രിസ്ത്യീയസമുദായത്തെപ്പറ്റി മാത്രമല്ല ഇതര സമുദായങ്ങളെപ്പറ്റിയും ഏതാദ്യശങ്ങളായ നിരീക്ഷണങ്ങളും അസ്ഥാനത്തായിരിക്കുകയില്ല. ആധുനികചരിത്രത്തിന്റെ ഗതിവേഗത (Acceleration of history) ഈ പ്രവണതയുടെ പ്രധാനമായ കാരണങ്ങളിലൊന്നാണു്. സുപ്രസിദ്ധനായ ഒരാംഗ്ലേയ സാഹിത്യകാരൻ സൂചിപ്പിച്ചിട്ടുള്ളതുപോലെ, നില്ക്കുന്നസ്ഥലത്തുതന്നെ നില്ക്കണമെങ്കിൽ ഓടിക്കൊണ്ടിരിക്കേണ്ട ഒരു പരിതസ്ഥിതിയിലാണു് നാമെല്ലാവരും ഇന്നുംപ്പെട്ടിരിക്കുന്നതു്. പിന്നോട്ടുപോകുവാൻ നാമാരും ആഗ്രഹിക്കുന്നില്ല. പക്ഷേ നിന്നിടത്തുതന്നെ നില്ക്കുന്നതാണു് കുറേക്കൂടി നല്ലതെന്നു് ചിലക്കൊക്കെ തോ

ന്നാറുണ്ടു്. അങ്ങിനെയുള്ളവർപോലും കുറെയൊക്കെ ഓടാതെ തരമില്ലെന്നു വന്നിരിക്കുകയാണു്. അതിരിക്കട്ടെ.

ആവിഷ്കൃതമായ ഒരു മതത്തിനേറയും അതിൽനിന്നുടലെടുത്തിട്ടുള്ള വിശിഷ്ടങ്ങളായ നിരവധി ധാർമ്മികപ്രബോധനങ്ങളുടേയും വെളിച്ചത്തിൽ മർത്ത്യജീവിതത്തേയും പ്രാപഞ്ചിക യാഥാർത്ഥ്യങ്ങളേയും അഭിവീക്ഷണം ചെയ്യുവാൻ പരിശീലിപ്പിക്കപ്പെട്ടിട്ടുള്ള ഒരു സമുദായമാണു് നമ്മുടേതു്. പാവനങ്ങളും സനാതനങ്ങളുമായ നിരവധിസത്യങ്ങളിൽ നാം വിശ്വാസമർപ്പിച്ചിട്ടുണ്ടു്. പ്രസ്തുത സത്യങ്ങളുടെ ഭദ്രതയ്ക്കും പരിപാലനത്തിനുംവേണ്ടി നിലകൊള്ളുന്നഈശ്വരസ്ഥാപിതമായ ഒരു സംഘടനയേയും അതിന്റെഅധികാരങ്ങളേയും നാം ബഹുമാനിക്കുന്നുണ്ടു്. പുരോഗമനത്തെപ്പറ്റി ചർച്ച ചെയ്യുമ്പോൾ മൌലികങ്ങളും സുപ്രധാനങ്ങളുമായ ഈ യഥാർത്ഥ്യങ്ങളുടെ മണ്ഡലത്തെയല്ല നാം വീക്ഷിക്കുന്നതു്. സഭയുടെ സാന്മാർഗ്ഗികവും മതപരവുമായ പഠനങ്ങളേപ്പറ്റിയല്ല നമുക്കിവിടെ പറയുവാനുള്ളതു്. അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണം പൊളിച്ചെഴുതി ഡാർവീനിയൻ തത്വങ്ങൾകൂടി അതിലുൾപ്പെടുത്തണമെന്നോ പോപ്പിന്റെ തെരഞ്ഞെടുപ്പിൽ സാർവത്രികമായ പ്രായപൂർത്തി വോട്ടവകാശം പ്രായോഗികമാക്കണമെന്നോ, ജനനനിയന്ത്രണവും ബഹുഭാര്യാത്വവും വിവാഹമോചനവുമെല്ലാം സഭ അംഗീകരിക്കണമെന്നോ സ്വാതന്ത്ര്യപ്രസ്ഥാനങ്ങളുടെ ഈ യുഗത്തിൽ കേരളത്തി

ലെ സഭയും റോമിൽനിന്നു സ്വതന്ത്രമായിരിക്കണമെന്നോ ഒന്നും ഒരു കത്തോലിക്കനും വാദിക്കുന്നില്ല. തീയോളജിയിൽ സാധാരണയായി "പ്രോഗ്രസീവിസം" എന്നു വ്യവഹരിക്കപ്പെടാവുള്ള ആ പ്രസ്ഥാനം പോലും നമ്മുടെ വിവക്ഷയിൽ പെടുന്നില്ല. പിന്നെന്താണു് നാമെല്ലാവരും ആഗ്രഹിക്കുന്നതു്?

ധാർമ്മികമൂല്യങ്ങൾ.

സാമൂഹ്യസാമ്പത്തികമണ്ഡലങ്ങളിലും രാഷ്ട്രീയ സാംസ്ക്കാരിക രംഗങ്ങളിലുമെല്ലാം ധാർമ്മികനിയമങ്ങളെ ബഹുമാനിച്ചുകൊണ്ടുതന്നെയുള്ള ഒരു പുരോഗതിക്കുവേണ്ടിയാണു് നാം വാദിക്കുകയും പരിശ്രമിക്കുകയും പരിയത്നിക്കുകയും ചെയ്യുന്നതു്. അവസരസമത്വവും സാമൂഹ്യനീതിയും സംസ്ഥാപിതമാകണമെന്നും ചൂഷണവിധേയവും ധൂർത്തതാജടിലവുമായ ഇന്നത്തെ വ്യവസ്ഥിതിയിൽ വിപ്ലവകരങ്ങളായ വ്യതിയാനങ്ങൾ സംഭവിക്കണമെന്നും നാം തീവ്രമായി ആഗ്രഹിക്കുന്നു. ഈ സാമാന്യതത്വങ്ങളെ ഈ ശ്രുതത്തിൽ എതിർക്കുവാൻ ഇന്നാട്ടിലുള്ള ഒരു വ്യക്തിയും തയ്യാറാകുമെന്നു തോന്നുന്നില്ല. പത്രങ്ങളിലും മാസികകളിലും ലഘുലേഖകളിലും ഇടയലേഖനങ്ങളിലും പ്രസംഗങ്ങളിലും പ്രഭാഷണങ്ങളിലുമെല്ലാം ഈ സാമാന്യതത്വങ്ങൾ അനുദിനം ഉദ്ഘോഷിക്കപ്പെടുകയും ആവർത്തിക്കപ്പെടുകയും ചെയ്യുന്നുണ്ടു്. പക്ഷേ അവയുടെ വിശദാംശങ്ങളിലേക്കും പ്രയോഗസീമകളിലേക്കും കടക്കുമ്പോഴാണു് കാര്യങ്ങൾ

വഷളാവുക. സാമൂഹ്യനീതി വളരെ നല്ലതുതന്നെ. എന്നാൽ തൊഴിലാളിക്കു ന്യായമായ വേതനം നല്കുന്ന കായ്ത്തിലും സാധാരണക്കാരിൽനിന്നും പിരിച്ചെടുക്കുന്ന വൻതുകകൾ സ്വാതന്ത്ര്യദ്രോഹശങ്കകൂടാതെ ചെലവിടുമ്പോഴും ഭൂപരിഷ്കാരത്തിനേറെയും മിനിമംവേജസിനേറെയും ചർച്ചകളിലും കുടികിടപ്പുകാരനേറെയും പാട്ടക്കാരുടേയും കാര്യത്തിലുമെല്ലാം ഈ സമാന്യതതത്വങ്ങൾ മാനിക്കപ്പെടണമെന്നുപറഞ്ഞാൽ ചിലർക്കതു സഹിക്കില്ല. അവ സരസമതത്വം ഏവർക്കും അംഗീകാര്യമായ തത്വം തന്നെ. എന്നാൽ രാഷ്ട്രീയപാർട്ടികളിലും സാമൂഹ്യ പ്രസ്ഥാനങ്ങളിലുമെല്ലാം നമ്മുടെ ചെറുപ്പക്കാർക്കും സാമാന്യജനങ്ങൾക്കും അവരർഹിക്കുന്ന സ്ഥാനങ്ങൾ നല്കപ്പെടണമെന്നുനിർദ്ദേശിച്ചാൽ, വിദ്യാഭ്യാസം, രാഷ്ട്രീയസാമൂഹ്യകാര്യങ്ങൾ, സാംസ്ക്കാരിക മണ്ഡലം തുടങ്ങിയവയിൽ അൽമേനികളുടെ ന്യായമായ സ്വാതന്ത്ര്യങ്ങളേക്കുടി ബഹുമാനിക്കണമെന്നും അദ്ധ്യാപകനിയമനങ്ങളിലും സ്കൂളുകളുടെ നടത്തിപ്പിലും ശമ്പളവിതരണത്തിലും കത്തോലിക്കരായ അൽമായരുടെ അവകാശങ്ങൾ അവഗണിക്കപ്പെടരുതെന്നും വല്ല കത്തോലിക്കാ യുവജനങ്ങളും ആവശ്യപ്പെട്ടാൽ അവയൊന്നും അത്ര ഹിതകരങ്ങളൊ ആശാസ്യങ്ങളൊ ആയ അവകാശവാദങ്ങളായി ചിലർക്കു തോന്നാറില്ല. സാമൂഹ്യനീതിയേപ്പറ്റിയും സാധാരണക്കാരുടെ കാര്യങ്ങളേപ്പറ്റിയും ഇപ്പോൾ സംസാരിക്കേണ്ടതില്ലെന്നും മുതലാളിമാരെ പ്രശംസിക്കുകയും അവരുടെ പ്രീതി സമ്പാദിക്കുകയുമാണ് ഇന്നത്തെ സാഹച

യ്യുങ്ങളിൽ സവ്വ്ഥാ അഭിലഷണീയമെന്നും ആത്മാത്ഥമാ
യി വിശ്വസിക്കുകയും അപ്രകാരമുള്ള ചില മഹത്തായ
ഉപദേശങ്ങളും എഴുത്തുകാക്കും മറവും നല്കുവാൻ മുതിരുക
യും ചെയ്തിട്ടുള്ള സമുദായനേതാക്കന്മാർ കേരളത്തിലുണ്ട്.
കത്തോലിക്കാ പത്രങ്ങളേയും പ്രസിദ്ധീകരണങ്ങളേയും
ഈ നിലപാടിലേക്കു കൊണ്ടുവരുവാൻ അവർ കിണ
ഞ്ഞുപരിശ്രമിക്കുന്നതായും അറിവായിട്ടുണ്ട്.

ഭ്രമികലുക്കവും മറവും.

പുരോഗതിക്കും സാമൂഹ്യനീതിക്കും വേണ്ടിയു
ള്ള നമ്മുടെ അവകാശവാദങ്ങളും ആവിഷ്കൃത സത്യ
ങ്ങളെയൊ ദൈവശാസ്ത്രതത്വങ്ങളെയൊ ഒരുവിധത്തി
ലും പ്രതിക്രൂലമായി ബാധിക്കുന്നവയല്ലാതിരുന്നിട്ടും, മത
പരമൊ സാന്മാർഗ്ഗികമൊ സഭയുടെ ഭരണപരമൊ
ആയ കാര്യങ്ങളിൽ തലയിടരുതെന്നുള്ള മനഃപൂവ്വമായ
ജാഗ്രതയും നിർബന്ധവും നമുക്കുണ്ടായിരുന്നിട്ടും ന്യായ
മായ നമ്മുടെ പരിഷ്കാരനിർദ്ദേശങ്ങളെ ക്രൂദ്ധദൃഷ്ടികളോ
ടുകൂടിയല്ലാതെ വീക്ഷിക്കാൻ കഴിവില്ലാത്ത ഒരു ഗണം
അധികാരികളും നേതാക്കന്മാരുമാണ് നമുക്കുള്ളതു്. ഭ്രമി
കലുക്കവും വെള്ളപ്പൊക്കവും അഗ്നിപവ്വതസ്ഫോടനവും
തഡംതഡാമാരുതനുമൊക്കെപ്പോലെ ഭയപ്പെടേണ്ട ഒരു
പ്രതിഭാസമാണുപോൽ, അവരുടെ ദൃഷ്ടിയിൽ, സാമ്പ
ത്തികവും സാമൂഹ്യവുമായ പുരോഗതിക്കുവേണ്ടിയുള്ള
അവകാശവാദങ്ങളും. ദാരിദ്ര്യവും പട്ടിണിയും സാമൂഹ്യ
മായ അസമത്വങ്ങളും ശ്രക്ഷതരമാവുകയും കമ്മ്യൂണിസം

പോലുള്ള പ്രസ്ഥാനങ്ങൾ അവയിൽനിന്നും മുതലെടുത്തു കൊണ്ട് തഴച്ചുവളരുകയും ചെയ്തിട്ടും നമ്മുടെ ചില നേതാക്കന്മാരുടേയും നാട്ടപ്രമാണികളുടേയും അധികാരികളുടേയുമെല്ലാം കണ്ണുകളിൽ അവയെ ദർശിക്കുവാനുള്ള പ്രകാശരശ്മികൾ പതിക്കാത്തതാണ് അത്ഭുതകരമായിരിക്കുന്നത്. കുറവടികളും യൂണിഫാറങ്ങളും നല്കി കുറേ യുവാക്കന്മാരെ രംഗത്തിറക്കുകയും മൃതപ്രായങ്ങളായ ചില സംഘടനകളുടെ വാർഷിക സമ്മേളനങ്ങൾ പൊടിയടിച്ചു നടത്തുകയും കുറെ പാൽപ്പൊടി വിതരണവും ചില കുടിലുകളുടെ അറ്റകുറ്റപ്പണികളും ആഘോഷപൂർവ്വം ഉൽഘാടനം ചെയ്യുകയും ചെയ്താൽ തകർന്നുകൊണ്ടിരിക്കുന്ന ഇന്നത്തെ സാമൂഹ്യ വ്യവസ്ഥിതിയെ താങ്ങിനിറുത്തുവാനും തിളച്ചുമറിയുന്ന വിപ്ലവാവേശങ്ങളെ ഊതിക്കെടുത്തുവാനും സാധിച്ചേക്കുമെന്ന് അവരിൽചിലരൊക്കെ വിശ്വസിക്കുന്നുണ്ടാകാം. ഒഴുക്കിനെതിരായി കുറെ സമയത്തേയ്ക്കുകൂടി ഇവർ നീന്തിക്കൊണ്ടിരിക്കുമെന്നതുതീർച്ചയാണ്. എങ്കിലും അവരുടെ ശക്തികൾ ക്ഷയിക്കുകയും സാമൂഹ്യപുരോഗതിയുടെ കുത്തൊഴുക്കിൽപ്പെട്ട് വിസ്മൃതിയുടെ വിദൂരങ്ങളായ ജലാശയങ്ങളിലേക്ക് ഇവർ വലിച്ചെറിയപ്പെടുകയും ചെയ്യുമെന്നതും തീർച്ചയായ സംഗതി തന്നെ.

പുരോഗമനസംഘടനകൾ.

ഇവിടെ ഒരു കാര്യം പ്രത്യേകമായി അനുസ്മരിക്കേണ്ടതുണ്ട്. പുരോഗമിക്കുവാനും മുന്നേറുവാനും അഭി

ലക്ഷിക്കുന്ന നാം ചില പുരോഗമന സംഘടനകളെ എതിർക്കുകകൂടി ചെയ്യുന്നവരാണു്. കത്തോലിക്കാ ലീഗുകാരുടെ അബദ്ധങ്ങളും നമ്മുടേതാക്കുവാൻ നാമാഗ്രഹിക്കുന്നില്ല. കുളിപ്പിച്ച വെള്ളത്തോടൊപ്പം കുഞ്ഞിനേക്കൂടി ഓടയിലേക്കു വലിച്ചെറിയുന്നതു ശരിയല്ലല്ലൊ. കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ചെരിപ്പുനക്കികളും ചാരന്മാരുമായി വർത്തിക്കുകയും കത്തോലിക്കരെന്നു സ്വയം പ്രഖ്യാപിക്കുകയും ചെയ്തുകൊണ്ടു് സഭയുടെ പഠനങ്ങളേയും തത്വങ്ങളേയും നിഷേധിക്കുന്നതിനും സഭാസൌധത്തിനു് തുരങ്കം വയ്ക്കുന്നതിനും വേണ്ടിയുള്ള ചിലരുടെ ഒരു സംരംഭമായി മാത്രമെ കത്തോലിക്കാലീഗിനെ വീക്ഷിക്കുവാൻ നമുക്കു സാധിക്കുകയുള്ളൂ. സഭാ പരിഷ്ക്കരണത്തിനെന്നുംപറഞ്ഞു് ഒരാൾ സഭയ്ക്കുപുറത്തുപോകുന്നെങ്കിൽ അയാളുടെ പദ്ധതികളും പരിപാടികളും അതോടുകൂടി അർത്ഥശൂന്യങ്ങളായിത്തീരുന്നു. കത്തോലിക്കാലീഗിനു പിണഞ്ഞിരിക്കുന്ന അബദ്ധം ഇതുതന്നെയാണു്.

കേരളത്തിന്റെ പ്രാധാന്യം.

കത്തോലിക്കാസഭയുടെ ഏഷ്യൻ ഘടകങ്ങളിൽ വച്ചു് ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നാണു് കേരളത്തിലെ കത്തോലിക്കാസഭയെന്നു് എല്ലാവരും സമ്മതിക്കും. മറ്റു് ഏഷ്യൻ രാജ്യങ്ങളിലെ കാര്യം എങ്ങനെയിരുന്നാലും ഭാരതത്തിലെ കത്തോലിക്കാസഭയുടെ കാര്യം പറയുമ്പോൾ കേരളമാണു് പ്രഥമവും പ്രധാനവു

മായി നമ്മുടെ സ്മരണയിൽ വരുന്നതു്. ഇത്ര പ്രാധാന്യം അർഹിക്കുന്ന ഒരു സ്ഥാനം കരസ്ഥമാക്കിയിരിക്കുന്ന നമുക്കു് അതിനനുസരിച്ചുള്ള ചില ഉത്തരവാദിത്വങ്ങൾ കൂടിയുണ്ടു്. എന്നാൽ ഇന്നുവരേയും നാം ഈ ഉത്തരവാദിത്വങ്ങളെ കൈകാര്യം ചെയ്തിട്ടുള്ളതു് അത്രതന്നെ ഗൗരവാവഹമായ ഒരു രീതിയിലല്ല. സാമൂഹ്യസാമ്പത്തികമണ്ഡലങ്ങളിൽ കേരളത്തിലെ കത്തോലിക്കർ അഭിനന്ദനാർഹമായ നിരവധി നേട്ടങ്ങളുടെ ഉടമസ്ഥരാണെന്നുള്ളതിനു തർക്കമില്ല. നമ്മുടെ മതതീഷ്ണതയും മതാചാരങ്ങളും പലരാലും പ്രകീർത്തിക്കപ്പെട്ടിട്ടുമുണ്ടു്. പക്ഷെ കുറേക്കൂടി ആഴത്തിലേക്കു കടന്നുപരിശോധിച്ചാൽ അത്രതന്നെ തൃപ്തികരങ്ങളല്ലാത്ത ചില നിഗമനങ്ങളിൽ എത്തിച്ചേരും. അടുത്തകാലത്തു നടന്ന പാൽപ്പൊടി കുംഭകോണങ്ങളിൽ ചിലർ വഹിച്ചിട്ടുള്ള പങ്കും

[redacted]

അതിബീഭത്സമായ ധാർമ്മികാധഃപതനത്തിന്റെ നാനാ ചരിത്രങ്ങളും മറവും മറവും സൂചിപ്പിക്കുന്നതു് അത്രതന്നെ ആശാസ്യങ്ങളല്ലാത്ത ചില പ്രവണതകളാണു്. മനുഷ്യവ്യക്തി ആത്മീയ-ഭൌതീക ഘടകങ്ങളുടെ സമഞ്ജസമായ ഒരു സംകലനമായിരിക്കുന്നതുപോലെ മനുഷ്യപുരോഗതിയും ഈരണ്ടു ഘടകങ്ങളുടെയും ഒത്തൊരുമിച്ചുള്ള പുരോഗതിയാണു്. കേരള കത്തോലിക്കർ പുരോഗമനത്തിന്റെ പാതയിലൂടെ എങ്ങിനെയാണു് മുമ്പോട്ടു നീങ്ങുന്നതെന്നും നീങ്ങേണ്ടതെന്നും അടുത്ത ചില അദ്ധ്യായങ്ങളിൽ നമുക്കു പരിശോധിക്കാം.

II

സമരവും പിന്തിരിപ്പന്മാരും

ജനകീയസമരം.

ശ്രീ മന്നത്തുപത്മനാഭന്റെ നേതൃത്വത്തിലും ഇവിടത്തെ വിവിധ രാഷ്ട്രീയ കക്ഷികളുടെ പിൻതുണയോടുകൂടിയും നടത്തപ്പെട്ട "ഐതിഹാസിക"മായ ഒരു വിമോചനസമരവും അതിനുശേഷം നടന്ന തെരഞ്ഞെടുപ്പുകളും കഴിഞ്ഞു് കേരളജനത അല്പം വിശ്രമിക്കുന്ന ഒരു കാലഘട്ടമാണല്ലോ ഇതു്. എന്താണു് ഇത്ര ആവേശത്തോടും ഉത്സാഹത്തോടുംകൂടി ഈ വിമോചനസമരത്തിൽ പങ്കെടുക്കുവാൻ ഇവിടത്തെ ബഹുഭ്രൂരിപക്ഷം ജനങ്ങളേയും പ്രേരിപ്പിച്ചതെന്നു ചോദിച്ചാൽ ജനാധിപത്യം ഈ മണ്ണിൽ നിലനിറുത്തുവാനുള്ള ജനതയുടെ തീവ്രാഭിലാഷമാണെന്നു് സംശയലേശം കൂടാതെ മറുപടി പറയാം. ഈ രാജ്യത്തെ സാമാന്യജനങ്ങൾ, സാധാരണക്കാർ, യുവജനങ്ങൾ, വിദ്യാർത്ഥികൾ തുടങ്ങിയവരെ സംബന്ധിച്ചിടത്തോളം ഈ നിരീക്ഷണം നൂറു് ശതമാനവും ശരിയാണെന്താണും. എന്നാൽ ഇവിടത്തെ ബഹുഭ്രൂരിപക്ഷം ജനങ്ങളും മഹത്തായ ചില ലക്ഷ്യങ്ങളോടുകൂടിയാണു് ഈ വിമോചനസമരത്തിൽ പങ്കെടു

ത്തതെങ്കിലും മറെറാരുവിഭാഗം ആളുകൾ (അവർ സംഖ്യയിൽ വളരെ ചെറിയ ഒരു ന്യൂനപക്ഷവും സ്വാധീനശക്തിയിൽ വളരെ മികച്ചുനിൽക്കുന്നവരുമാണു്.) ഈ പ്രസ്ഥാനത്തിൻെറ മറവിലൂടെ ചില സ്വാർത്ഥതാല്പര്യങ്ങളുടെ സാക്ഷാൽക്കരണംക്രൂടി ആഗ്രഹിക്കാതിരുന്നില്ല. പക്ഷെ ഇവിടത്തെ വിമോചനസമരത്തിൻെറ പുരോഗമനപരവും ജനകീയവുമായ സ്വഭാവത്തെ മറച്ചുവെയ്ക്കുവാൻ ഇക്കൂട്ടരുടെ കുത്തിത്തിരിപ്പുകൾ പര്യാപ്തമായില്ലെന്നുമാത്രം.

യുവജനമുന്നേറ്റം

കഴിഞ്ഞ ഏതാനും വർഷങ്ങളായി ഇവിടത്തെ രാഷ്ട്രീയ സാമൂഹ്യമണ്ഡലങ്ങളിൽ ഇന്നാട്ടിലെ ചെറുപ്പക്കാരും സാധാരണക്കാരുമായ ആളുകൾ കൂട്ടതലായി താല്പര്യം പ്രകടിപ്പിക്കുവാനും പങ്കെടുക്കുവാനും സ്വാധീനശക്തികൾ ചെലുത്തുവാനും ശ്രമിച്ചുപോരികയായിരുന്നു. രാഷ്ട്രീയരംഗത്താണു് ഈ സ്വാധീനശക്തി കൂട്ടതലായി അനുഭവപ്പെട്ടതു്. (സാമുദായിക രംഗത്തേയ്ക്കു ഇനിയും ഈ സ്വാധീനശക്തികൾ വ്യാപിക്കേണ്ടിയിരിക്കുന്നു) ഇൻഡ്യൻനാഷനൽ കോൺഗ്രസ്സിൻെറ വിവിധപ്രാദേശിക ഘടകങ്ങളിലും കമ്മറിറികളിലും ഗവണ്മെൻറിലുമെല്ലാം നമ്മുടെ ചെറുപ്പക്കാർ കൂട്ടതൽ കൂട്ടതലായി കയറിപ്പറ്റുവാൻ തുടങ്ങിയതു് ഇക്കാലത്താണു്. ദീർഘദൃഷ്ടികളും കുശാഗ്രബുദ്ധികളുമായ ചില

രാഷ്ട്രീയ നേതാക്കളുടെ പരിശ്രമങ്ങളും ഈ സംഭവ വികാസത്തെ സാരമായി സഹായിച്ചിട്ടുണ്ട്.

അവരുടെ വിറളി!

ക്രമേണ നമ്മുടെ രാഷ്ട്രീയ മണ്ഡലത്തിലെ വൻതോക്കുകളും പിൻതിരിപ്പന്മാരുമെല്ലാം അവരുടെ സ്വാധീനശക്തികൾ ക്ഷയിക്കുന്നതായി കണ്ടു. കോൺഗ്രസ്സിലെ അഖണ്ഡഗ്രൂപ്പുകാരുടേയും മറവും ആവിർഭാവം ഈ ക്ഷീണാവസ്ഥയെ ത്വരിതപ്പെടുത്തി. നായർ സമുദായത്തിലേയും ക്രിസ്ത്യീയ സമുദായത്തിലേയുമെല്ലാം വൻകിട ബൂർഷ്വാകളും, ജന്മിമാരും, ചില ഷെവലിയറന്മാർ, നാട്ടുപ്രമാണികൾ തുടങ്ങിയവരും ഈ സംഭവഗതികൾ കണ്ട് അമ്പരക്കുവാനും അമർഷം കൊള്ളുവാനും തുടങ്ങി. രാഷ്ട്രീയ സാമൂഹ്യരംഗങ്ങളിൽ തങ്ങൾക്കു നഷ്ടപ്പെട്ടുകൊണ്ടിരുന്ന സ്വാധീനശക്തികളെ കുറെയൊക്കെ തിരിച്ചുപിടിക്കുവാൻ ഇവിടത്തെ കത്തോലിക്കാ ബൂർഷ്വാകൾക്കും ചില ഷെവലിയറന്മാർക്കും സാധിച്ചതു് കത്തോലിക്കാ കോൺഗ്രസ്സിലൂടെയും മതാധികാരികളിൽ ചിലരുടെ മേലുള്ള അവരുടെ സ്വാധീനശക്തിയിലൂടെയുമാണു്. നായർ സമുദായത്തിലെ ഉയർന്ന കക്ഷികൾക്കു് എൻ. എസ്. എസിന്റെ പിന്തുണയുമുണ്ടായിരുന്നു. എന്നിരുന്നാലും രാഷ്ട്രീയരംഗത്തേയ്ക്കും അതിലൂടെ സാമൂഹ്യരംഗത്തേയ്ക്കുമെല്ലാം ഒരു തിരിച്ചുവരവു നടത്തുവാനുള്ള അവസരവും പാർത്തു് ഇക്കൂട്ടർ കഴിയുകയായിരുന്നു.

തിരിച്ചുവരവിനുള്ള സന്ദർഭം!

അങ്ങിനെ ഇരിക്കുമ്പോഴാണു് ഇവിടത്തെ വിമോചനസമരം പൊട്ടിപ്പുറപ്പെട്ടതു്. പ്രസ്തുത സമരം ഈ പിന്തിരിപ്പന്മാരുടെ തിരിച്ചുവരവിനുവേണ്ടി മാത്രമുള്ള ഒരു പ്രസ്ഥാനമായിരുന്നെന്നോ അതായിരുന്നു അതിന്റെ പ്രധാന ലക്ഷ്യമെന്നോ ഞാൻ പറയുന്നില്ല. ദേവാലയങ്ങളിലും മറ്റും ആരാധനകൾ നടന്നുകൊണ്ടിരിക്കുമ്പോൾ ചില പോക്കറടിക്കാർ ആ അവസരങ്ങളെ വിനിയോഗിക്കുന്ന വിധം, പ്രസ്തുത ചടങ്ങുകളുടെ മഹനീയതയെ ബാധിക്കയില്ലല്ലൊ. ഇവിടത്തെ സ്ഥാപിത താല്പര്യക്കാർ (ആ വാക്കിന്റെ ചീത്ത അർത്ഥത്തിലാണു ഞാനതുപയോഗിക്കുന്നതു്. അതിനൊരു നല്ല അർത്ഥമുണ്ടു്.) പിന്തിരിപ്പന്മാർ, ബൂർഷ്വാകൾ, ചില ഷെവലിയറന്മാർ തുടങ്ങിയവരെ സംബന്ധിച്ചിടത്തോളം ഈ വിമോചന സമരത്തിന്റെ പിന്നിൽ അത്രതന്നെ ശ്രേഷ്ഠങ്ങളല്ലാത്ത ചില ലക്ഷ്യങ്ങൾ കൂടിയുണ്ടായിരുന്നു. ഇക്കാരണത്താലാണു് കേരളത്തിലെ കമ്മ്യൂണിസ്റ്റേതരരായ രാഷ്ട്രീയപാർട്ടികൾ പ്രസ്തുത വിമോചന സമരത്തിൽ പങ്കെടുക്കുന്നതിനെ ആദ്യഘട്ടത്തിൽ ഇക്കൂട്ടർ സംശയദൃഷ്ടിയോടുകൂടി വീക്ഷിച്ചതു്. തങ്ങളുടെ സ്വന്തം കഴിവുകളുപയോഗിച്ചു് ഈ സമരം വിജയിപ്പിക്കാമെന്നും അങ്ങിനെ ഈ രാജ്യത്തിന്റെ രാഷ്ട്രീയവും സാമൂഹ്യവുമായ മണ്ഡലങ്ങളിൽ ഒരിക്കൽക്കൂടി തങ്ങളുടെ ആധിപത്യം ഉറപ്പിക്കാമെന്നും ഇവർ വ്യാമോഹിച്ചിരുന്നു. എന്നാൽ ഇവിടത്തെ രാഷ്ട്രീയകക്ഷികൾ

പ്രത്യേകിച്ചു കോൺഗ്രസ് ഇടപ്പെട്ടില്ലായിരുന്നുവെങ്കിൽ കേരളത്തിലെ വിമോചനസമരം ഒരു വൻപിച്ച പരാജയമാകുമായിരുന്നുവെന്നുള്ളതു് സൂക്ഷ്മദൃക്കുകൾക്കു് എളുപ്പത്തിൽ മനസ്സിലാക്കാം. (അതുപോലെതന്നെ കോൺഗ്രസ്സും ഇതര രാഷ്ട്രീയകക്ഷികളും ഈ സമരത്തിനു പിൻതുണ നൽകാതിരുന്നെങ്കിൽ പ്രസ്തുത പാർട്ടികളുടെ പൊടിപോലും ഇവിടെ അവശേഷിക്കുകയില്ലായിരുന്നു) ഇതുപോലുള്ള ഒരു ബഹുജനപ്രസ്ഥാനത്തിനു്-പ്രത്യേകിച്ചു് കെട്ടുറപ്പുള്ള ഒരു രാഷ്ട്രീയകക്ഷിയുടെ ആധിപത്യത്തിലുള്ള ഒരു ഗവണ്മെൻറിനെതിരായി നടത്തപ്പെട്ടന്ന ഒരു പ്രക്ഷോഭണത്തിനു്-നേതൃത്വം നല്കുവാനുള്ള യാതൊരു കഴിവുകളും (വാചാലതയൊഴികെ) ഞാനാദ്യംപറഞ്ഞ ക്രൂട്ടക്കില്ലായിരുന്നു. പ്രസ്തുതസമരത്തിൻെറ വിശദാംശങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരാസൂത്രണവും പദ്ധതികളും പരിപാടികളും ഒരുക്കങ്ങളും അവക്കില്ലായിരുന്നു. വെടിവെപ്പുകളും ലാത്തിച്ചാർജ്ജുകളും മർദ്ദനങ്ങളുമൊക്കെ കൊട്ടമ്പിരിക്കൊണ്ടിരുന്നപ്പോഴും ശക്തിയായ ചില മണിപ്രവാളങ്ങളിറക്കുകയെന്നതിൽ കവിഞ്ഞു് ഒന്നും ചെയ്യുവാൻ അവക്കു കഴിഞ്ഞില്ല. കേന്ദ്രത്തിൽ അധികാരത്തിലിരുന്ന കോൺഗ്രസ്സ് ഇടപെട്ടില്ലായിരുന്നുവെങ്കിൽ പ്രസ്തുതസമരം അക്രമരാഹിത്യത്തിൽ ഉറച്ചുനില്ക്കുമായിരുന്നോ എന്നുള്ളതും സംശയാസ്പദമത്രെ. സമരനേതാക്കൾ അക്രമത്തിനു് പിന്തുണനല്കിയിരുന്നെങ്കിൽ സമരം പൊളിഞ്ഞുപാളീസാവുകയും ചെയ്യുമായിരുന്നു.

രാഷ്ട്രീയപ്പാർട്ടികളുടെ ഇടപെടൽ.

രാഷ്ട്രീയകക്ഷികളുടെ ഈ അപ്രതീക്ഷിത മായ ഇടപെടൽ പിന്തിരിപ്പന്മാരുടെ രഹസ്യോദ്ദേശങ്ങളേയും ഗൂഢങ്ങളായ പദ്ധതികളേയുമെല്ലാം പരാജയപ്പെടുത്തി. എന്നിട്ടും അവസാനനിമിഷത്തിൽ ഇവിടത്തെ ഏതാനും വൻതോക്കുകൾ നാടകീയമായ ഒരു തിരിച്ചുവരവിനുള്ള ചില കരുനീക്കങ്ങൾ ക്രൂടി നടത്താതിരുന്നില്ല. പക്ഷേ ആ ശ്രമവും വിഫലമായി. അങ്ങിനെ വിമോചനസമരത്തിന്റെ മറയിലൂടെ ഇന്നാട്ടിലെ കുറെ പിന്തിരിപ്പന്മാർനേടാമെന്നുദ്ദേശിച്ച ലക്ഷ്യങ്ങളെല്ലാം പരാജയപ്പെട്ടുകയും ചെയ്തു.

അടങ്ങിയിരിക്കുകയില്ല

പക്ഷേ ഇപ്രകാരം താല്ക്കാലികമായ ഒരു പരാജയം നേരിട്ടുവെങ്കിലും ഇക്കൂട്ടർ അടങ്ങിയിരിക്കുമെന്നു പ്രത്യാശിക്കുവാൽ വഴി കാണുന്നില്ല. ഈ രാജ്യത്തെ സുപ്രധാനങ്ങളായ എല്ലാ സംഭവഗതികളുടേയും ഇരുളടഞ്ഞ വിടവുകളിലൂടെ ഈ വിഷസർപ്പങ്ങൾ ഇനിയും നുഴഞ്ഞുകയറുവാൻ ശ്രമിക്കുമെന്നതു തീർച്ചയാണു്. ഒരാളുടെ സ്വത്തും സമ്പാദ്യങ്ങളും ഒരുതിത്തിവരെ മാത്രമേ സ്വന്തം ഉദരപൂരണത്തിനും സുഖാനുഭവങ്ങൾക്കും വേണ്ടി വിനിയോഗിക്കുവാൻ സാധിക്കുകയുള്ളു. ഒരു പരിധിക്കപ്പുറമുള്ളതു് സമൂഹത്തിന്റെ നന്മക്കുവേണ്ടി ക്രൂടി ഉപയോഗിക്കുന്നതാണു് അഭിലഷണീയം. പക്ഷേ

ഇങ്ങിനെയുള്ള ഉപയോഗം സ്വന്തം സ്വാർത്ഥതാല്പര്യങ്ങൾക്കും കുടിലോദ്ദേശങ്ങൾക്കും വേണ്ടിയായിരുന്നാൽ മാത്രമേ ചിലർക്കു തൃപ്തിയാവുകയുള്ളൂ. തന്റെ കൈവശം മിച്ചമുള്ള ഏതാനും ലക്ഷം രൂപയിൽ കുറേ ഉപയോഗിച്ചു് ഒരാഴ്ചപത്രിയൊ ആഴ്ചരശാലയൊ പണികഴിപ്പിക്കുന്നതു് സ്തുത്യർഹമായ ഒരു സംരംഭമാണെന്നു് ചിലരൊക്കെ സമ്മതിക്കും. വ്യവസായങ്ങൾ സ്ഥാപിക്കുവാനും ബാങ്കുകൾ നടത്തുവാനും അവ ഉപയോഗിക്കുന്നതും അത്ര മോശമായ കാര്യങ്ങളൊന്നുമല്ല. പക്ഷെ നാലു് എം. എൽ. ഏ. മാരെ വിലയ്ക്കുവാങ്ങുവാനും ബിഷോപ്പിന്റെ അരമന പണിയുവാൻ കുറേ സംഭാവനചെയ്തു് ഒരു ഷെവലിയാർസ്ഥാനം അടിച്ചെടുക്കുന്നതിനും, താൻ നടത്തിയിട്ടുള്ള അക്രമങ്ങളുടേയും കൊലപാതകങ്ങളുടേയും ശിക്ഷകളിൽ നിന്നൊഴിയുന്നതിനും വേണ്ടി തന്റെ സാമ്പത്തിക ശേഷിയെ പ്രയോജനപ്പെടുത്തുന്ന ഒരാളുടെ ലക്ഷ്യങ്ങൾ അത്രതന്നെ മഹത്തരങ്ങളല്ലെന്നാണു് അഭിജ്ഞന്മാർ പറഞ്ഞുകേട്ടിട്ടുള്ളതു്. കമ്മ്യൂണിസ്റ്റ്പാർട്ടിക്കും കോൺഗ്രസ്സ്പാർട്ടിക്കും ഒരുപോലെ സംഭാവനകൾനല്കുകയും ചാപ്പലുകളും ആഴ്ചപത്രിവാർഡുകളും സ്ഥാപിക്കുകയും തങ്ങളുടെമനോഹരങ്ങളായ വില്ലകളുടെ ഫോട്ടോകൾ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും കുറേ വേശ്യകളേയും തേവിടിശ്ശികളേയും പുലത്തിക്കൊണ്ടുപോരികയും ചില പത്രങ്ങളെ പോക്കറിലാക്കുകയും സമുദായത്തിന്റെ സൂത്രധാരത്വം മുഴുവൻ തങ്ങളുടെ കൈകളിലൂടെയാകണമെന്നാശിക്കുകയും ചെയ്യുന്ന ഒരു ക്ലുട്ടർ ഇവിടെയുണ്ടു്. വിമോചനസമരത്തി

ലൂടെ തിരിച്ചുവരവുനടത്തുവാനാഗ്രഹിച്ചുവരും ഇവിട
ത്തെ എല്ലാ പുരോഗമനപ്രസ്ഥാനങ്ങളേയും മുടിക്കുവാൻ
കച്ചകെട്ടിപ്പുറപ്പെട്ടിരിക്കുന്നവരുമായ ഇക്കൂട്ടരുടെ കരു
നീക്കങ്ങളേയും കാൽവെപ്പുകളേയും വളരെ ശ്രദ്ധയോട്ട
ക്രടി വീക്ഷിച്ചുകൊണ്ടിരിക്കേണ്ടതാണു്.

ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നതു്

വിമോചനസമരത്തിനിടയിൽ മുതലെടുക്കു
വാൻ ശ്രമിച്ച ഒരുക്രൂട്ടം പിന്തിരിപ്പന്മാരെപ്പററിയാണു്
ഇതുയും പറഞ്ഞതു്. വിമോചനസമരവും അതിനേതുട
ന്നുള്ള തെരഞ്ഞെടുപ്പുകളും കഴിഞ്ഞശേഷം പുതിയ
മന്ത്രിസഭയുടേയും ഭരണക്രമത്തിന്റേറയും തണലിൽനിന്നു
കൊണ്ടു് തങ്ങളുടെ സ്വാർത്ഥപരങ്ങളും കുടിലങ്ങളുമായ
ഉദ്ദേശങ്ങളും സാധിക്കുവാൻ ഇപ്പോഴുംചിലർ മിനക്കെട്ട
കയും അതിൽ കുറെയൊക്കെ വിജയിക്കുകയും ചെയ്യു
ന്നുണ്ടു്. എം. ആർ. ഏയിൽ നിന്നും അമേരിക്കയിൽ
നിന്നുമെല്ലാം വിമോചനസമരത്തിന്റെ ഖ്യാതിയുപ
യോഗിച്ചു് ഇപ്പോഴും വൻതുകകളും വാങ്ങുന്ന ചില
നേതാക്കന്മാരേപ്പററി പൊതുജനങ്ങളും പറയുന്നതു ശരി
യാണോയെന്നറിഞ്ഞുക്രടാ. ഏതായാലും അടുത്തകാല
ത്തു് എം. ആർ. ഏ. ക്കെതിരായി ദീപിക പ്രസിദ്ധീ
കരിച്ച ഒരു മുഖപ്രസംഗം ഇവിടത്തെ ഒരു മഹാ കത്തോ
ലിക്കാനേതാവിനെ വളരെയധികം അരിശം കൊള്ളിച്ചു
തായി സൂക്ഷ്മമായി അറിയാം. പുതിയ ഗവണ്മെൻറി
നെ ഏററവുമധികം ക്ലേഷണം ചെയ്യുകയും സ്വാധീന

പ്പെട്ടുത്തുകയും ചെയ്യുന്നതു് പ്രൈവറ്റ് സ്കൂൾ മാനേജരന്മാരാണു്. പ്രൈവറ്റ് സ്കൂൾ മാനേജരന്മാരുടെ ധിക്കാരവും കൊള്ളരുതായ്മകളും ഇത്രയധികം അഴിഞ്ഞാടിയിട്ടുള്ള ഒരു കാലഘട്ടം ഇതിനുമുമ്പുണ്ടായിട്ടുണ്ടോയെന്ന സംശയമാണു്. തങ്ങളാണു് വിമോചനസമരം ജയിപ്പിച്ചതെന്നു് ചില വിശ്വസ്ഥലങ്ങളിൽ നിന്നു കൊണ്ടു് പരസ്യമായി പ്രഘോഷിക്കുവാൻ മടിക്കാത്തവരുടെ കൈകളിലാണല്ലൊ സ്കൂളുകളുടെ താക്കോലുകളും സ്ഥിതിചെയ്യുന്നതു്.

അവരുടെ അകൽച്ച.

ഈ സമരത്തിനുശേഷമെങ്കിലും കത്തോലിക്കാമതാധികാരികളും സാധാരണക്കാരും തമ്മിലുള്ള ബന്ധങ്ങൾ ക്രൂടുതൽ ആത്മാർത്ഥവും സൌഹാർദ്ദപരവുമാകുമെന്നു് പ്രതീക്ഷിച്ചിരുന്നവർ ഇന്നു് ആ വ്യാമോഹങ്ങൾ വലിച്ചെറിയുവാൻ നിർബന്ധിതരാവുകയാണു്. എന്തു ചെയ്യട്ടെ.

അങ്കമാലി പുല്ലാണു്.

സ്കൂളുകളുടെ ഭദ്രതയുടെപേരിൽ സമരം നടത്തുകയും ജയിലറകളിലേക്കു മാർച്ചുചെയ്യുകയും ചെയ്തതു നമ്മുടെ ചെറുപ്പക്കാർക്കു് ഇന്നു് മാനേജരന്മാരുടെ കാര്യസ്ഥന്മാരെ പ്രീണിപ്പിച്ചെങ്കിൽമാത്രമേ ഉദ്യോഗം കിട്ടുകയുള്ളുവെന്നാണു് കേൾവി. അതിലൊരുവീതം അവ

രുടെ മുകളിലുള്ളവരിൽ ചിലക്കും കിട്ടുന്നുണ്ടത്രെ. പക്ഷേ ഇതൊന്നും നമുക്കു പുത്തരിയല്ല. പഴയ പാരമ്പര്യങ്ങൾ കുറേക്കൂടി ധൈര്യപൂർവ്വം ആവർത്തിക്കപ്പെടുന്നുവെന്നുമാത്രം.

ഇതൊരു രാഷ്ട്രീയഗ്രന്ഥമല്ലാത്തതിനാൽ സാധാരണജനങ്ങളും പുതിയ ഗവണ്മെൻറും തമ്മിലുള്ള ബന്ധങ്ങളേപ്പറ്റി ഇവിടെ ചർച്ച ചെയ്യുന്നില്ല. ഏതായാലും അങ്കമാലിയിലേയും വെട്ടുകാട്ടിലേയും രക്തസാക്ഷിമണ്ഡപങ്ങൾക്കു മുകളിലൂടെ കാക്കിച്ചൂരുപ്പിയും പല്ലിളിച്ചുകാണിച്ചും കടന്നുപോകുന്ന ഒരു ക്രൂരം വീരന്മാർ ഈ പുതിയ വ്യവസ്ഥിതിയിലും തഴച്ചുവളരുന്നുണ്ടെന്നുമാത്രം സൂചിപ്പിച്ചുകൊള്ളട്ടെ. ചെവിയുള്ളവൻ..... കണ്ണുള്ളവൻ.....

III

ഷെവലിയറുടെ മഹറോൻ

മഹറോൻ ചൊല്ലി.

നിങ്ങളിൽ പലരും ഷെവലിയറന്മാരുടെ മഹറോൻ ശിക്ഷയ്ക്ക് വിധേയരായിട്ടില്ലാത്തവരാണ്. ചിലരതിനേപ്പറ്റി കേട്ടിട്ടില്ലായിരിക്കും. റോമാനഗരം വളരെ ദൂരെയായതുകൊണ്ടും ഇപ്പോഴത്തെ മാർപ്പാപ്പാമാർ പണ്ടത്തേതുപോലെ അത്ര അധികമായി മഹറോൻ ശിക്ഷകൾ കല്പിക്കാത്തതുകൊണ്ടും നമ്മുടെ ഷെവലിയറന്മാർ സഭയുടെ സ്വയം നിയമിതരായ ഔദ്യോഗിക പ്രതിനിധികളെന്നനിലയിൽ ആ മഹത്തായ കർത്തവ്യം ഏറ്റെടുത്തിരിക്കുകയാണ്. "ഇവനെയൊക്കെ പണ്ടേ മഹറോൻ ചൊല്ലേണ്ടതായിരുന്നു" എന്നാണ് ഈ ലേഖകനേപ്പറ്റി അവരിലൊരാൾ തിരുവായ് മൊഴിഞ്ഞതു്. ഷെവലിയറന്മാർക്ക് സാധാരണ നാവുകളല്ലാതെ ഔദ്യോഗിക നാവുകളൊന്നുമില്ലാത്തതിനാൽ ആ മഹറോൻ ചൊല്ലൽ കർമ്മം ഇതിനകം നിർവഹിക്കപ്പെട്ടോയെന്നറിയുവാനും നിവൃത്തിയില്ല.

എന്തിനു്?

എന്തിനാണെന്നോ? "ഏഭ്യനായ" ഈ ലേഖകൻ ഒരിക്കൽ കത്തോലിക്കാ കോൺഗ്രസ്സിനേപ്പറ്റിയും മറെറാരിക്കൽ കത്തോലിക്കാ സ്ത്രീകളുടെ മാനേജരന്മാരേപ്പറ്റിയും പിന്നൊരിക്കൽ ഇവിടത്തെ വിരുദ്ധമുന്നണിയേപ്പറ്റിയുമെല്ലാം ചില "ആഭാസത്തരങ്ങൾ" എഴുതിവിട്ടതിൻെറ പേരിൽ! ഇങ്ങിനെയൊക്കെ എഴുതിയാൽ കത്തോലിക്കാസഭ തകൎന്നുപോകുമെന്നും ആകാശം ഇടിഞ്ഞുവീഴുമെന്നും ഭൂമി അതിൻെറ ഭ്രമണപഥത്തിൽ നിന്നും വ്യതിചലിക്കുമെന്നുമൊക്കെ ഇക്കൂട്ടൎക്കുപരമബോദ്ധ്യമുണ്ടു്. മാലാഖമാർ കാൽകുത്തുവാൻ ഭയപ്പെട്ടുനിടത്തു് ഏഭ്യന്മാർ അഴിഞ്ഞാട്ടം നടത്തുന്നു! ഇതു് വകവച്ചുകൊടുക്കാമൊ.

സ്ഥാനമാനങ്ങളേപ്പറ്റി.

പ്രിയപ്പെട്ട വായനക്കാരാ, ഈ ഷെവലിയറന്മാർ അത്ര കൊള്ളരുതാത്തവരൊന്നുമല്ല. യഥാൎത്ഥത്തിൽ ഷെവലിയർ സ്ഥാനം അർഹിക്കുന്ന ഏതാനും വ്യക്തികൾക്കു് ഇവിടെ അത്ര നല്ലപ്പെട്ടിട്ടുമുണ്ടു്. ഇവിടത്തെ സഭാധികാരികളെ അക്കാര്യത്തിൽ നമുക്കു പ്രശംസിക്കാം. സ്ഥാനമാനങ്ങളും ബിരുദങ്ങളും ബഹുമതികളും കീൎത്തിമുദ്രകളുമെല്ലാം മനുഷ്യസമുദായത്തിൻെറ അവശ്യ ഘടകങ്ങളാണു്. കൊള്ളാവുന്നവരും കഴിവുകുള്ളവരുമായ വ്യക്തികളെ "ശരാശരി" മനുഷ്യരിൽ

നിന്നും തെരുവുതെണ്ടികളിൽനിന്നും തിരിച്ചറിയുവാനും സംഘടനകളുടേയും സമുദായങ്ങളുടേയും കീർത്തിയെ നിലനിറുത്തുവാനും അവ ഉപകരിക്കുന്നു. നോബൽ സമ്മാനങ്ങളും പദ്മഭ്രഷണ ബഹുമതികളുമെല്ലാം ഇപ്രകാരം നോക്കുമ്പോൾ ആവശ്യംതന്നെ. കത്തോലിക്കാസഭയും ബൃഹത്തായ ഒരു സംഘടനയായതിനാൽ, മാനുഷികമായ നിരവധി ഗുണഗണങ്ങളും ദൌർബല്യങ്ങളും അതിനുള്ളതുകൊണ്ട്, ചില ബഹുമതികളും ബിരുദങ്ങളും സഭയുടെ വകയായി നല്കപ്പെടാവുണ്ട്. ആബെ, കാനൺ, മോൺസിഞ്ഞോർ, ഷെവലിയർ തുടങ്ങിയവ ഇക്കൂട്ടത്തിൽപ്പെട്ടവയാണു്. അവവേണ്ടതാണെന്നും തുടർന്നു പോകേണ്ടവയാണെന്നുംതന്നെയാണു് ഈ ലേഖകന്റേയും അഭിപ്രായം. സഭയിലെ പ്രധാനപ്പെട്ടവരും പ്രശസ്തരുമായ വ്യക്തികളെ തിരിച്ചറിയുവാനും ബഹുമാനിക്കുവാനും അവ സഹായിക്കുന്നു.

അർഹിക്കുന്നവരും അല്ലാത്തവരും.

കേരളത്തിലെ ഷെവലിയറന്മാരെല്ലാം ഇപ്രകാരമുള്ള ബഹുമതികൾക്കും അർഹിക്കുന്നവരാണോ? അവരിൽ ഏതാനുംപേർ നിശ്ചയമായും ആ സ്ഥാനം അർഹിക്കുന്നവരായി ഉണ്ട്. ബാക്കിയുള്ളവരുടെ കാര്യം സന്നിശ്ചയമൊ സംശയാസ്പദമൊ ആണു്. പണമുണ്ടെങ്കിൽ ഷെവലിയറാകാമെന്നു് നമ്മുടെ ഒരു ബഹുമാനപ്പെട്ട കവിയത്രിയായ സിസ്റ്റർ ബെനീഞ്ഞാ എഴുതുകയുണ്ടായല്ലോ. ഷെവലിയർ സ്ഥാനം ലഭിക്കണമെങ്കിൽ ഏതെ

ങ്കിലും ബിഷപ്പിന്റെ ശുപാർശവേണം. സാധാരണയായി അവർ കത്തോലിക്കരായിരിക്കണം. എന്നിരുന്നാലും ദൈവവിശ്വാസവും മതാനുഷ്ഠാനങ്ങളും അതുയൊന്നും വേണമെന്നില്ല. ഒന്നോ രണ്ടോ കുരിശുപള്ളികൾ പണിയിക്കുക, ബിഷോപ്പിന്റെ അരമനക്കോ അല്ലെങ്കിൽ വല്ല മഠങ്ങൾക്കോ, ആശുപത്രികൾക്കോ കത്തോലിക്കാ കോളേജുകൾക്കോ കാര്യമായ സംഭാവനകൾ ചെയ്യുക ഇതൊക്കെയാണു് ഷെവലിയർ പദത്തിലേക്കു് ചിലപ്പോൾ നിങ്ങളെ നയിക്കുന്നതു്. ഇവിടത്തെ കത്തോലിക്കാ ബൂർഷ്വാകളെ ബഹുമാനിക്കാനായി നമ്മുടെ അധികാരികൾ സൂക്ഷിച്ചിരിക്കുന്ന ഏറ്റവും നല്ല ബഹുമതിമുദ്രയാണിതു്. സ്വന്തം പണത്തിന്റെ മുഷ്ക്കുകൊണ്ടു് കഴുമരത്തിൽനിന്നു് രക്ഷപെട്ടവരും ന്യായാസനങ്ങളെ ദുഷിപ്പിക്കുന്നവരും വേശ്യാലയങ്ങളുടെ സംരക്ഷകരും എം. എൽ. എ. മാരെ വിലയ്ക്കുവാങ്ങുന്നവരുമെല്ലാം നമ്മുടെ സമുദായത്തിൽ ബഹുമാനിക്കപ്പെടുന്നതു് ഷെവലിയർ പദവിമുഖേനയാണോ എന്നു് ചിലപ്പോൾ തോന്നിപ്പോകും. ചിലരുടെ നേരെ ആ ബഹുമാന്യ പദവി നീട്ടിയിട്ടും അവരതു് നിരസിച്ചുകളഞ്ഞതായി കേട്ടിട്ടുണ്ടു്. മനുഷ്യചരിത്രത്തിൽ വളരെ വിരളമായി മാത്രം സംഭവിക്കാറുള്ള കാര്യങ്ങളാണവ.

കട്ടത്ത മുരാച്ചികൾ.

ഈ ഷെവലിയറന്മാരിൽ ചിലർ തനി പിന്തിരിപ്പന്മാരും കട്ടത്ത മൂരാച്ചികളുമാണെന്നു പറഞ്ഞാൽ

ആ പ്രയോഗങ്ങൾക്കു് കട്ടപ്പും കൂറവാണു്. ഭ്രപരിഷ്കാ
രസംരംഭങ്ങൾക്കെതിരായി മുഖപ്രസംഗങ്ങളെഴുതിയില്ലെ
ന്നകാരണത്താൽ ചില പത്രാധിപരെ ഭീഷണിപ്പെടുത്തു
ന്നവരുടെ ഗണത്തിൽ ഇവരുമുണ്ടു്. കമ്മ്യൂണിസ്റ്റ്പാർട്ടി
ക്കു് ഭീമമായ തുകകൾ സംഭാവന ചെയ്യുന്നതിൽ അവക്കു
വിഷമമില്ല. കാരണം കപ്പേളകൾ പണിയിക്കുവാനും
അവർ സംഭാവന ചെയ്തിട്ടുണ്ടല്ലൊ. പുറത്തുനിന്നും വല്ല
പ്പോഴുമൊക്കെ വല്ല കർത്തിനാളന്മാരോ ഇൻറർനൺ
ഷ്യോയൊ ഒക്കെ വരുമ്പോൾ ഇക്രൂട്ടർ മംഗളപത്രവു
മായി സമീപിക്കുകയായി. ഇവിടത്തെ കത്തോലിക്കാ
പത്രങ്ങളുടെ പത്രാധിപന്മാരുംചെറുപ്പക്കാരുമെല്ലാം ക
മ്മ്യൂണിസ്റ്റുകാരാണെന്നും തങ്ങളുടെ പുണ്യസാംഗോ
പാംഗത ഒന്നുകൊണ്ടുമാത്രമാണു് സോദോംഗോമോറാക
ളുടെ വിധി കേരളത്തിനു നേരിടാത്തതെന്നും അവർ ആ
തിരുമേനിമാരെ അറിയിക്കുന്നു. കാനോൻ നിയമങ്ങളും
ബൈബിളും തുടങ്ങിയവയും ഉദ്ധരിച്ചുകൊണ്ടു് പ്രചണ്ഡ
മായ ആംഗ്ലേയഭാഷ (ലത്തീൻ അവക്കു് അറിഞ്ഞുകൂടാ
ത്തതുനമ്മുടെ ഭാഗ്യം) യിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള അവരുടെ
മെമ്മോറാണ്ഡങ്ങൾ വായിച്ചാൽ ക്രിസ്തുവിനുപോലും
താൻ സ്ഥാപിച്ച സഭയെപ്പറ്റി ഭയം തോന്നാതിരിക്കു
കയില്ല! ഇവിടത്തെ സഭാധികാരികളെ അനൗദ്യോഗി
കമായി ഉപദേശിക്കുന്നവരും ഇവരാണെത്രെ. മെത്രാ
ന്മാരെ നിയമിക്കുവാനുള്ള അധികാരങ്ങൾ വരെ ഇവക്കു
ള്ളതായി കേൾക്കുന്നതു് ശരിയായിരിക്കുകയില്ല. കമ്മ്യൂ
ണിസം വന്നാലും കോൺഗ്രസ്സുവന്നാലും അവരുടെ കാര്യ

ങ്ങൾക്കു് വീഴ്ചപറ്റാറില്ല. ചൈനീസാക്രമണമുണ്ടായാൽ അമേരിക്കയിലോ ആസ്ത്രേലിയായിലൊപോയി രക്ഷപെടുവാൻമാത്രം പണം അവർ കരുതിവച്ചിട്ടുണ്ടായിരിക്കണം.

ശ്രുദ്ധഗതിക്കാർ.

നമ്മുടെ ശ്രുദ്ധഗതിക്കാരായ ചില അധികാരികളും സമുദായ നേതാക്കന്മാരും ഇന്നും ഇക്രൂട്ടരുടെ ഉപദേശത്തിലും ഉപജാപങ്ങളിലും നിയന്ത്രണത്തിലും മാത്രം കഴിയുന്നതാണു് പരമദയനീയം. ഈ "റിപ്പ്വാൻവിങ്കിം"മാർ അവരെ കഴിയിൽ ചാടിക്കുക മാത്രമാണു് ചെയ്തിട്ടുള്ളതെന്നതിനു് നിരവധി തെളിവുകളുണ്ടു്. ഉപദേശങ്ങളും മെമ്മോറാണ്ഡങ്ങളും നല്ലാനായി രാപകൽ തങ്ങളുടെ കാവകളിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഇക്രൂട്ടരെ ഇനിയെങ്കിലും അകററിനിറുത്തിയില്ലെങ്കിൽ അതു ക്രൂതൽ അപകടങ്ങൾ വരുത്തിവെയ്ക്കും. ഈ രാജ്യത്തു് പുരോഗമനപരമായ എന്തെങ്കിലും കാര്യങ്ങൾ സാധിക്കുന്നതിനുള്ള ആദ്യത്തെപ്പടി ഷെവലിയറന്മാരെ സൃഷ്ടിക്കാതിരിക്കുകയും അവരുടെ ഉപദേശങ്ങളെ ഒരു തിത്തികഴിഞ്ഞു് ബഹുമാനിക്കാതിരിക്കുകയുമത്രെ.

ഭാഗ്യവശാൽ ഈ വർഗ്ഗത്തോടുള്ള ബഹുമാനാദരങ്ങൾ നമ്മുടെ സമുദായത്തിൽ ഇന്നു കുറഞ്ഞുവരുന്നുണ്ടു്. ഇവരെക്രൂടാതെ തന്നെ പുരോഗമിക്കുവാൻ നമുക്കുസാധിക്കുമെന്നു് ഇവിടത്തെ കത്തോലിക്കർ മനസ്സി

ലാക്കിക്കഴിഞ്ഞു. രാഷ്ട്രീയരംഗത്തും സാമൂഹ്യരംഗങ്ങളിലും ഇവർ നഷ്ടസ്വാധീനരായിവരികയാണു്. എങ്കിലും ബിഷോപ്പുമാരെ സ്വാധീനിച്ചും വൈദികരെ പ്രീതിപ്പെടുത്തിയും ചില കുത്തിത്തിരിപ്പുകളെല്ലാം ഇന്നും ഇവർ നടത്തുന്നുണ്ടു്. ഇനി ഒരമ്പതുകൊല്ലുക്കാലത്തേക്കെങ്കിലും പുതിയ ഷെവലിയറന്മാരെ സൃഷ്ടിക്കാതിരിക്കുവാൻ നമ്മുടെ സഭാധികാരികൾക്കു ധൈര്യമുണ്ടായാൽ സാമൂഹ്യപുരോഗതിക്കുവേണ്ടി വളരെ ബൃഹത്തായ ഒരു സംഭാവന അവർ നല്കിയതായി ഭാവി തലമുറകളെങ്കിലും പരിഗണിക്കാതിരിക്കുകയില്ല.

IV

കത്തോലിക്കരും അഭിപ്രായസ്വാതന്ത്ര്യവും

താത്വികവശം.

കത്തോലിക്കർ അഭിപ്രായസ്വാതന്ത്ര്യമില്ലാത്തവരാണെന്നു് പൊതുവെ ഒരാരോപണമുണ്ടു്. ഇതിനുള്ള പൂർണ്ണമായ മറുപടിയല്ല ഈ ലേഖനം. മതം, സന്മാർഗ്ഗം എന്നീ കാര്യങ്ങളിൽ കത്തോലിക്കാസഭ ഔദ്യോഗികമായും അപ്രമാദമായും പഠിപ്പിക്കുന്ന ചില സത്യങ്ങളും തത്വങ്ങളുമുണ്ടു്. അവയെ നിരാകരിക്കുവാനോ ചോദ്യം ചെയ്യുവാനോ ഉള്ള അവകാശം ഒരു കത്തോലിക്കനുമില്ല. അവയിൽ വിശ്വാസമില്ലാത്തവർക്കു് സഭയ്ക്കു പുറത്തു പോകുവാനുള്ള സ്വാതന്ത്ര്യവുമുണ്ടു്. അങ്ങിനെ പുറത്തുപോകുന്നവരുടെ തലകൊയ്യുവാനുള്ള പ്രത്യേക സംഘടനകളൊന്നും സഭയ്ക്കില്ലതാനും. സഭയുടെ ശിക്ഷണനടപടികൊണ്ടു വിധേയരാക്കുന്നതിനും സഭാധികാരികളെ ബഹുമാനിക്കുകയും ചെയ്യുന്നതിനുമുള്ള കടമകളും കത്തോലിക്കർക്കുണ്ടു്.

എന്നാൽ മതവും സന്മാർഗ്ഗവും മാത്രമല്ല അനുദിന ജീവിതത്തിൽ നമുക്കു താല്പര്യമുള്ള കാര്യങ്ങൾ.

ശാസ്ത്രങ്ങളിലും തത്വചിന്തയിലും കലാസാഹിത്യാദി കളിലുമെല്ലാം പ്രാവീണ്യം സമ്പാദിക്കുവാൻ നാം ശ്രമിക്കാറുണ്ട്. സാമൂഹ്യ സാമ്പത്തിക രംഗങ്ങളിലും രാഷ്ട്രീയ സാംസ്ക്കാരിക മണ്ഡലങ്ങളിലും പ്രവർത്തനം നടത്തേണ്ടതു് നമുക്കാവശ്യമാണു്. വീടുകളും ഫാക്ടറികളും പണിയുവാനും റെയിൽവേകളും റോഡുകളും നിർമ്മിക്കുവാനും അങ്ങിനെ നൂറുനൂറു കാര്യങ്ങൾക്കായി നാം സമയം ചെലവഴിക്കുന്നുണ്ടു്. ഈ മണ്ഡലങ്ങളിലെല്ലാം വിവിധങ്ങളായ അഭിപ്രായങ്ങൾക്കും ചിന്താഗതികൾക്കും സ്ഥാനമുണ്ടു്. ഇവയിലൊന്നിലും കത്തോലിക്കാസഭ തലയിടാറില്ല. മതപരവും സന്മാർഗ്ഗികവുമായ കത്തോലിക്കാ തത്വങ്ങൾക്കും സഭയുടെ സാമൂഹ്യ പഠനങ്ങൾ, ശിക്ഷണങ്ങൾ, സുരക്ഷിതത്വം എന്നിവക്കും എതിരില്ലാത്ത എല്ലാ രംഗങ്ങളിലും മണ്ഡലങ്ങളിലും പ്രവർത്തനങ്ങളിലും സ്വതന്ത്രമായി പങ്കെടുക്കുവാൻ കത്തോലിക്കർക്കവകാശമുണ്ടു്.

ഉദാഹരണങ്ങൾ.

ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാം. തത്വചിന്തയിൽ ഇന്നയിന്ന തത്വങ്ങളും സിദ്ധാന്തങ്ങളും മാത്രമേ കത്തോലിക്കർക്കു സ്വീകാര്യമായിട്ടുള്ളുവെന്നു് സഭ ശഠിക്കുന്നില്ല. ആത്മീയമൂല്യങ്ങളുടെ സർവ്വപ്രാധാന്യ (Primacy of the spiritual) ത്തെയാണു് കത്തോലിക്കർ എല്ലാ രംഗങ്ങളിലും മുറുകെപ്പിടിക്കേണ്ടതു്. ഈ തത്വത്തെ ബഹുമാനിക്കുന്ന ഏതൊരു

തത്വചിന്താപ്രസ്ഥാനത്തേയും ആശ്ലേഷിക്കുവാൻ കത്തോലിക്കർക്കു സ്വാതന്ത്ര്യമുണ്ടു്. എന്നാൽ ആത്മാവിനേയും ഈശ്വരാസ്തിക്യത്തേയും മരണാനന്തരജീവിതത്തേയുമെല്ലാം നിഷേധിക്കുന്ന തത്വശാസ്ത്രം (തത്വശാസ്ത്രവും പ്രസ്തുത പ്രശ്നങ്ങളുമായി ബന്ധമുള്ളിടത്തോളം) അക്കാരണത്താൽത്തന്നെ കത്തോലിക്കർക്കു് അസ്വീകാര്യമായിരിക്കും. പ്രകൃതിശാസ്ത്രങ്ങളിലും ഗണിതശാസ്ത്രം, ഭൂതങ്ങിയവയിലും ഇന്നയിന്ന തത്വങ്ങൾ മാത്രമാണു് അംഗീകാര്യമെന്നു് സഭ പറയുന്നില്ല. അപേക്ഷികസിദ്ധാന്തം ശരിയാണെന്നും ഹൈഡൽബർഗ്ഗിന്റെ തീയറി തെറ്റാണെന്നുമൊന്നും സഭ പറയുന്നില്ല. മനുഷ്യന്റെ ഉത്പത്തി കുരങ്ങുകളിൽ നിന്നാണെന്നു് ശാസ്ത്രം തെളിയിച്ചാൽ അതുനിമിത്തം സഭയുടെ തത്വങ്ങൾക്കു് ഒരു ക്ഷീണവും തട്ടുകയില്ല. മനുഷ്യാത്മാവു് ഈശ്വരന്റെ നേരിട്ടുള്ള സൃഷ്ടിയാണെന്നുള്ള തത്വത്തിൽ വിശ്വസിക്കുന്ന കത്തോലിക്കർക്കു് പരിണാമസിദ്ധാന്തംകൊണ്ടു് ഒരു ക്ഷീണവും സംഭവിക്കുവാനില്ല. ശാസ്ത്രങ്ങളിലും തത്വചിന്തയിലുമെല്ലാം സ്വതന്ത്രമായ ഗവേഷണങ്ങൾ നടത്തുവാൻ എല്ലാ കത്തോലിക്കർക്കും സ്വാതന്ത്ര്യമുണ്ടു്. ഗലീലേയൊക്കാര്യവും മറ്റും ചുവ്വിതച്ചുവ്വണങ്ങളാകയാൽ ഇവിടെ സ്പർശിക്കുന്നില്ല.

രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവുമായ മണ്ഡലങ്ങളിൽ സഭയുടെ മൗലികപഠനങ്ങൾക്കെതിരല്ലാത്ത ഏതുനിലപാടും കത്തോലിക്കർക്കു സ്വീകരിക്കാം. കമ്മ്യൂണിസ്റ്റ് പാർട്ടി ഔദ്യോഗികമായും പരസ്യമായും

നിരീശ്വരത്വം പ്രസംഗിക്കുന്നതിനാൽ ആ പാർട്ടി കത്തോലിക്കർക്കു സ്വീകാര്യമല്ല. എന്നാൽ കമ്മ്യൂണിസ്റ്റ്പാർട്ടിയൊഴികെ മറ്റുള്ള ഇന്നത്തെ മിക്കവാറും എല്ലാ രാഷ്ട്രീയ പാർട്ടികളും കത്തോലിക്കർക്ക് സ്വീകാര്യമത്രെ. സാമൂഹ്യകാര്യങ്ങളിൽ കത്തോലിക്കർക്ക് മതതത്വങ്ങൾക്കെതിരായ ചില സംരംഭങ്ങളാണ് കൃത്രിമരീതിയിലുള്ള ജനനനിയന്ത്രണം, ഭ്രൂണഹത്യ തുടങ്ങിയവ. ഇപ്രകാരമുള്ള ചുരുക്കം ചില അപവാദങ്ങളൊഴികെ കത്തോലിക്കർക്ക് സാമൂഹ്യ രാഷ്ട്രീയ കാര്യങ്ങളിലും സാംസ്ക്കാരിക രംഗത്തുമെല്ലാം പരിപൂർണ്ണമായ അഭിപ്രായ സ്വാതന്ത്ര്യവും പ്രവർത്തനസ്വാതന്ത്ര്യവുമുണ്ട്.

പൊതുജനാഭിപ്രായവും പ്രബുദ്ധതയും.

അടുത്തകാലംവരെ കത്തോലിക്കാ സഭയ്ക്കുള്ളിൽ പൊതുജനാഭിപ്രായം എന്നൊന്നില്ലായിരുന്നു. അതിന്റെ പ്രധാനകാരണം കത്തോലിക്കരായ അൽമേനികരും വൈദികരോളം പ്രബുദ്ധരല്ലായിരുന്നുവെന്നതു തന്നെ. സഭാ സംബന്ധമായ കാര്യങ്ങളെല്ലാം വൈദികർക്കു വിട്ടുകൊടുത്തുകൊണ്ട് കഴിയുവാനാണ് അൽമേനികരും ഇഷ്ടപ്പെട്ടിരുന്നതു്. എന്നാൽ ഇന്ന് സ്ഥതിഗതികരും മാറുകയാണ്. അൽമേനികരും സഭയുടെ അനിഷ്യേധ്യഘടകങ്ങളാണെന്നും അവർ സഭയുടെ മുന്നണിയിൽത്തന്നെ നിലകൊള്ളണമെന്നും സഭയുടെ സുസ്ഥിതിയിൽ അവർക്കും ഗണ്യമായ തുല്യതയുണ്ടെ

ന്നും ഇന്നെല്ലാവരും അംഗീകരിച്ചുവരികയാണു്. അൽമേനികളുടെ ഈ പ്രബുദ്ധത സഭയ്ക്കുള്ളിൽ പരിമിതമായ തോതിലുള്ള ഒരു പൊതുജനാഭിപ്രായം രൂപമെടുക്കുവാൻ സഹായിച്ചിട്ടുണ്ടു്. പൊതുജനാഭിപ്രായമെന്നു പറയുമ്പോൾ സഭയുടെ മൗലികങ്ങളായ പഠനങ്ങളേയൊ സിദ്ധാന്തങ്ങളേയൊ അവ സ്പർശിക്കുന്നില്ലെന്നു പ്രത്യേകം എടുത്തു പറയേണ്ടതില്ലല്ലൊ.

ഒരുദാഹരണം പറയാം. സഭയുടെ മതകർമ്മങ്ങൾ-കുർബ്ബാന, ക്രിസ്തീയകർമ്മം തുടങ്ങിയവ ലത്തീനിലും സുറിയാനിയിലുമൊക്കെയാകാതെ ജനങ്ങൾക്കു മനസ്സിലാകുന്ന ജീവൽഭാഷകളിലാകണമെന്നു് പലരും ഇന്നാഗ്രഹിക്കുന്നുണ്ടു്. ഇതു് പ്രധാനമായും അൽമേനികളുടെ ഇടയിൽ ഉണ്ടായിട്ടുള്ള ഒരാവശ്യമാണു്. ഉത്തരവാദപ്പെട്ട ചിലരെല്ലാം നമ്മുടെ നാട്ടിൽ ഈ ആശയത്തെ എതിർക്കുന്നവരായി ഉണ്ടു്. അജ്ഞാതമായ ഭാഷകളിലൂടെ മതകർമ്മങ്ങൾ നടത്തുന്നതുമൂലം തങ്ങൾക്കു സിദ്ധിച്ചേക്കാവുന്ന നിഗ്രഹമായ മഹനീയതയുടെ ആ പരിവേഷം നഷ്ടപ്പെടുമെന്നാണു് അവരുടെ ഭയം. ഏതായാലും അവരുടെ എതിർപ്പുകളൊന്നും ഇനി വിലപ്പോവുകയില്ലെന്നു് തെളിഞ്ഞു കഴിഞ്ഞു.

അൻറാർട്ടിക്കായിലെ പാമ്പുകൾ!

അഭിപ്രായ സ്വാതന്ത്ര്യത്തിൻറെ കാര്യത്തിൽ കത്തോലിക്കാസഭയുടെ നിലപാടു് ഇപ്രകാരമാണെങ്കിലും നമ്മുടെ കൊച്ചുകേരളത്തിലെ കാര്യങ്ങൾ

ഈ രംഗത്തു് അത്രതന്നെ പന്തിയല്ല. അൻറാർട്ടിക്കയിലെ പാമ്പുകളെപ്പററി പ്രസംഗിക്കുന്നതുപോലെയാണു് കേരള കത്തോലിക്കരുടെ അഭിപ്രായസ്വാതന്ത്ര്യത്തെപ്പററി പറയുന്നതും. പാമ്പുകളുടെ വിവിധ വിശേഷങ്ങളെപ്പററി പറഞ്ഞ ശേഷം പ്രാസംഗികൻ ഉപസംഹരിക്കുന്നതു് ഇപ്രകാരമായിരിക്കും, "അൻറാർട്ടിക്കായിൽ പാമ്പുകളില്ല. കാരണം അവിടത്തെ ഉഗ്രമായ ശൈത്യമത്രെ." വിശ്വാസത്തെയും സന്മാർഗ്ഗത്തെയും സഭയുടെ ശിക്ഷണങ്ങളേയുമൊന്നും ഒരു വിധത്തിലും ചോദ്യംചെയ്യുവാൻ നാമാഗ്രഹിക്കുന്നില്ലെങ്കിൽതന്നെയും നമ്മുടെ ന്യായമായ സ്വാതന്ത്ര്യങ്ങളെ പ്രതിബന്ധപ്പെടുത്തുവാനാണു് ഇവിടത്തെ ചില അധികാരികൾ ഇപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നതു്. കത്തോലിക്കാ കോൺഗ്രസ്സിനെപ്പററി ബൈബിളിലോ സഭയുടെ പാരമ്പര്യങ്ങളിലോ പാപ്പാമാരുടെ ചാക്രികലേഖനങ്ങളിലോ ഒന്നും യാതൊന്നും എഴുതപ്പെട്ടിട്ടുള്ളതായി അറിവില്ല. കത്തോലിക്കാ കോൺഗ്രസ്സിൽ അംഗങ്ങളായിരിക്കേണ്ടതു് നിത്യരക്ഷക്കാവശ്യമാണെന്നോ അപ്രകാരമുള്ള അംഗത്വം ഒരു പുണ്യമാണെന്നോ അതിനെ വിമർശിക്കുന്നതു് ദൈവദ്രോഹമാണെന്നോ ഒന്നും ആരും നമ്മെ പഠിപ്പിച്ചിട്ടില്ല. വിരുദ്ധമുന്നണിയും ക്രിസ്ത്യൻ സംഘടനയുമൊന്നും ദൈവസ്ഥാപിതങ്ങളാണെന്നു് ഒരു സഭാപണ്ഡിതനും നമ്മെ ഉപദേശിച്ചിട്ടില്ല. ഈ സംഘടനകളെപ്പററി സ്വതന്ത്രമായി അഭിപ്രായം പറയുവാൻ ഇവിടത്തെ കത്തോലിക്കർക്കുള്ള അവകാശത്തെ ഭ്രൂമുഖത്താരും ചോദ്യം

ചെയ്യുമെന്നുംതോന്നുന്നില്ല. എന്നിട്ടും ഈ സംഘടനകളെപ്പറ്റി ഈ ലേഖകൻ ദീപികയിലെഴുതിയ ചില ലേഖനങ്ങളുടെ പേരിൽ ആ കത്തോലിക്കാപ്പത്രത്തെ തന്റെ അധികാരാതിർത്തിയിൽ നിരോധിക്കുമെന്നുവരെ ഭീഷണിമുഴക്കിയ ചില സഭാധികാരികളെപ്പറ്റി എന്തുപറയട്ടെ! തങ്ങൾ വായിക്കുന്ന പത്രത്തിൽ "ഇവനേ"ക്കൊണ്ടാക്കെ എഴുതിച്ചുപോകരുതെന്നും തങ്ങളുടെ കാശിനു വിലയുണ്ടെന്നും കാണിച്ച് പത്രാധിപക്ക് ദീർഘമായ തെറിക്കത്തുകളെഴുതിയ സെമിനാരി പ്രൊഫസറന്മാരും ഇവിടെയുണ്ട്. കത്തോലിക്കാ സ്കൂളുകളിൽ പഠിപ്പിക്കുന്നവർ ഭ്രരിപക്ഷവും വൈദികരും കന്യാസ്ത്രീകളുമായിരിക്കണമെന്നോ കത്തോലിക്കാ മാനേജരന്മാർക്ക് എന്തു തോന്ന്യാസവും കാണിക്കാമെന്നോ ഒരു സഭാപണ്ഡിതനും എഴുതിവച്ചിട്ടില്ല. എന്നിട്ടും അക്കാര്യങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാനെഴുതിയ ഒരു ലേഖനത്തിന്റെ പേരിൽ പത്രാധിപരെ ഭീഷണിപ്പെടുത്തുകയും അതുസംബന്ധമായ യാതൊരു പൊതുചർച്ചകളും നടത്തരുതെന്ന് താക്കീതുനല്കുകയും ചെയ്ത അപൂർവ്വം ചില ഭക്തജനങ്ങളും ഇവിടെയുണ്ട്. റോമിലേക്കും ഡൽഹിയിലേക്കും ബോംബെയിലേക്കുമെല്ലാം അതിന്റെ പേരിൽ മെമ്മോറാണ്ടങ്ങളയക്കുവാൻ മിനക്കെട്ട "അൽമായ പാത്രിയക്കീസന്മാരേയും നമ്മുടെ സമുദായം ഉല്പാദിപ്പിച്ചിട്ടുണ്ട്. ഭ്രവുടമപരിഷ്കാരത്തെ ന്യൂനശതമാനവും എതിർത്തുകൊണ്ട് മുഖപ്രസംഗങ്ങളെഴുതുവാൻ പത്രാധിപന്മാരെ നിർബന്ധിച്ച മഹാമാന്യന്മാരുടേയും

നാടാണിതു്. ദൗർഭാഗ്യപൂർണ്ണമായ ഒരു മുഹൂർത്തത്തിൽ ദീപികയിൽ ചിലതൊക്കെ എഴുതുവാൻ തുനിഞ്ഞതിന്റെ ഫലമായി മുണ്ടശ്ശേരിയുടെ ചാരനെന്നും കൃഷ്ണയ്യരുടെ ദൂതനെന്നും കമ്മ്യൂണിസ്റ്റ്കാരനെന്നും കള്ളത്തിരുമാലിയെന്നുമൊക്കെയുള്ള ബഹുമതിമുദ്രകളും ഈ ലേഖകനു ലഭിച്ചിട്ടുണ്ടു്. ഇൻറർനൺഷ്യോയുടേയും ചില കർദ്ദിനാൾമാരുടേയും പല മെത്രാന്മാരുടേയും അനേകം വൈദികരുടേയും വിലയേറിയ മണിക്കുറുകളെ ഇവയുടെ പേരിൽ കവന്നെടുക്കുവാൻ ശ്രമിച്ച ചില ഷെവലിയറന്മാർക്കും മാടമ്പികൾക്കും ജനങ്ങൾ മഹാ സചീകരണങ്ങൾ നല്കുണ്ടതാണു്. ഉണന്നെണീറ്റുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിന്റെ കണ്ണുകൾ കൂടെ നേരത്തേക്കുകൂടി പൊത്തിപ്പിടിച്ചുകൊണ്ടു് തങ്ങളുടെ കൊള്ളരുതായ്കകൾ കൂടെക്കൂടി തുടന്നു നടത്തുവാനുള്ള അവരുടെ ശ്രമം വിജയിക്കട്ടെയെന്നാണു് നമുക്കാശംസിക്കുവാനുള്ളതു്!

പ്രസിദ്ധീകരണശാലകൾ.

കേരളത്തിലെ കത്തോലിക്കരുടെ പ്രധാനങ്ങളായ പ്രസിദ്ധീകരണശാലകളും പ്രസിദ്ധീകരണങ്ങളും വൈദിക നിയന്ത്രണത്തിലുള്ളവയാണു്. മതപരവും സാന്മാർഗ്ഗികവുമായ പഠനങ്ങളെ പ്രചരിപ്പിക്കുന്നതിൽ അവ ഗണ്യമായ സേവനം ചെയ്തിട്ടുണ്ടു്. എന്നാൽ ആധുനിക കാലത്തിന്റെ പ്രവണതകൾ മനസ്സിലാക്കുവാനോ പുരോഗമനപരങ്ങളായ സാമൂഹ്യസാമ്പത്തിക പ്രസ്ഥാനങ്ങൾക്കു് നേതൃത്വം നല്കുവാനോ ഉള്ള കഴിവു്

അവരിൽനിന്നും നാം പ്രതീക്ഷിക്കരുതു്. പുരോഗമന കാംക്ഷികളായ ഇന്നത്തെ കത്തോലിക്കായുവജനങ്ങളും അൽമേനികളും തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാൻ ഈ പ്രസിദ്ധീകരണങ്ങളേയോ പ്രസാധകന്മാരെയോ സമീപിക്കുന്നതു് വ്യാമോഹവിമുക്തിക്കു് മാത്രമെ ഇടനല്കുകയുള്ളൂ. ആദ്യകാലത്തു് കുറെ ഷെവലിയറന്മാരുടേയും മാടമ്പികളുടേയും കഴിഞ്ഞ തലമുറയിലെ കുറെ വൈദികപ്രമുഖരുടേയും എതിർപ്പുകൾ ഉണ്ടായേക്കാമെങ്കിലും, ചില മുടക്കുകളും ഭീഷണികളും നേരിടേണ്ടി വന്നേക്കുമെങ്കിലും ഇവയെല്ലാം അതിജയിച്ചു മുമ്പോട്ടുപോകുവാനുള്ള ധീരത നമ്മുടെ പുതിയ തലമുറയ്ക്കുണ്ടാകേണ്ടതാണു്. സഭാതതപുത്രങ്ങളെ ബഹുമാനിച്ചുകൊണ്ടും സഭാധികാരികൾക്കു വിധേയമായും ഇങ്ങിനെയുള്ള പ്രസ്ഥാനങ്ങൾ വിജയിപ്പിക്കുവാൻ സാധിക്കുമെന്നു് മറെറ കത്തോലിക്കാ രാജ്യങ്ങൾ തെളിയിച്ചിട്ടുണ്ടു്.

മുന്നേറ്റം.

സഭയേയും സമുദായത്തേയും ഏറെറവും മിതമായ സ്വരത്തിൽപ്പോലും വിമർശിക്കുന്നവരെ കമ്മ്യൂണിസ്റ്റുകാരാക്കി മുദ്രയടിക്കുവാനുള്ള ഒരു പുതിയ പ്രസ്ഥാനവും ഇവിടെ ആരംഭിച്ചിട്ടുണ്ടു്. സഭയെ വിമർശിക്കുവാനുള്ള അധികാരസ്വാതന്ത്ര്യങ്ങൾ കമ്മ്യൂണിസ്റ്റുകാക്കുമാത്രമേ ഉള്ളുവെന്നാണു് ഇവിടത്തെ ചില കത്തോലിക്കാ പ്രമാണികളുടെ ധാരണ. അങ്ങിനെയെങ്കിൽ ചില സഭാധികാരികളുടെ നടപടികളെ ശക്തി

യായി വിമർശിച്ച് ഗ്രന്ഥങ്ങളെഴുതിയിട്ടുള്ള ഇന്നത്തെ പ്രഖ്യാതരായ ചില ദൈവശാസ്ത്രജ്ഞന്മാരെ (അവർ ഇന്നും സഭയ്ക്കുള്ളിൽ നില്ക്കുന്ന വൈദികർ ക്രൂടിയാണ്) ഏതു ലീഗിലാണാവോ ഉൾപ്പെടുത്തേണ്ടതു്?

മതിലുകൾക്കുള്ളിൽ.

പിന്തിരിപ്പൻ ചിന്താഗതികളും കുടിലങ്ങളായ ആശയങ്ങളും പതിയിരിക്കുന്നതും ബലിഷ്ഠകായന്മാരായ കാവൽഭടന്മാർ കാത്തുസൂക്ഷിക്കുന്നതുമായ മഹാസൗധങ്ങളുടേയും മണിമേടകളുടേയും അരമനകളുടേയും അന്തർഭാഗങ്ങളിലേക്കു് അസ്മാദൃശന്മാക്കു് പ്രവേശനമില്ലതന്നെ. പക്ഷെ നമ്മുടെ ആശയങ്ങൾ ആ കനത്ത മതിൽക്കെട്ടുകളേയും കുടിലമതികളായ ഉപദേശകരേയും കടന്നു് ആ മഹൽസന്നിധികളിൽ എത്താതിരിക്കുകയില്ല. സമൂഹത്തിന്റെ ഇരുളടഞ്ഞ അറകളിലേക്കും കെട്ടിക്കിടക്കുന്ന ജലാശയങ്ങളിലേയ്ക്കും അപ്രാപ്യങ്ങളായ ശൃംഗങ്ങളിലേക്കും നവീനാശയങ്ങളുടെ വെളിച്ചം വീശുവാൻ നമുക്കു സാധിച്ചാൽ ഈ പിന്തിരിപ്പന്മാരുടെ പടയൊരുക്കങ്ങളെയെല്ലാം അക്രമരഹിതമായ മാർഗ്ഗങ്ങളിലൂടെ തന്നെ പരാജയപ്പെടുത്തുവാൻ നമുക്കു കഴിയും. അതിനുള്ള ധൈര്യവും തന്റേടവും നമുക്കുണ്ടാവുക.

അനുബന്ധം

കത്തോലിക്കാസഭയും പൊതുജനാഭിപ്രായവും.

കത്തോലിക്കാസഭയ്ക്കുള്ളിൽ പരിമിതമായ തോതിലുള്ള ഒരു പൊതുജനാഭിപ്രായം വളർന്നുവരേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പ. പിതാവു് പന്ത്രണ്ടാം പീയൂസു് തിരുമേനി പ്രസ്താവിച്ചിട്ടുണ്ടു്. 1950 ഫെബ്രുവരി മാസം 16 മുതൽ 19 വരെ റോമിൽ വച്ചു നടന്ന കത്തോലിക്കാപത്രാധിപന്മാരുടെ സമ്മേളനത്തെ അഭിസംബോധനചെയ്തുകൊണ്ടു് തിരുമേനി നടത്തിയ പ്രഭാഷണത്തിന്റെ അവസാനഭാഗത്തിലാണു് ഇക്കാര്യം സൂചിപ്പിച്ചിട്ടുള്ളതു്. ആ പ്രഭാഷണം മുഴുവൻ ഇവിടെ പകർത്തിയാൽ കൊള്ളാമെന്നെനിക്കാഗ്രഹമുണ്ടു്. തൽക്കാലം അതിനു തുനിയാതെ കത്തോലിക്കാസഭയ്ക്കുള്ളിലെ പൊതുജനാഭിപ്രായത്തെപ്പറ്റി തിരുമേനി പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഇവിടെ സമാഹരിക്കാം. പ്രസ്തുത പ്രഭാഷണം ഫ്രഞ്ചുഭാഷയിലായിരുന്നു. അതിൽനിന്നും ചില ഭാഗങ്ങളാണു് ഞാനിവിടെ പകർത്തുന്നതു്. എന്റെ വിവർത്തനം ഔദ്യോഗികമല്ലതന്നെ.

"അവസാനമായി, സഭയ്ക്കുള്ളിൽത്തന്നെയുള്ള പൊതുജനാഭിപ്രായത്തെപ്പറ്റിയും ഒരു വാക്കുപറയുവാൻ നാമാഗ്രഹിക്കുന്നു അതായതു് സ്വഭാവികമായും സ്വതന്ത്രചർച്ചയ്ക്കു് വിട്ടുകൊടുക്കാവുന്ന കാര്യങ്ങളെപ്പറ്റി, സഭയെപ്പറ്റി അറിഞ്ഞുകൂടാത്തവരും തെറ്റായി അറിയുന്നവരും മാത്രമേ ഇതിൽ അത്ഭുതപ്പെടുകയുള്ളു. എന്തു

കൊണ്ടെന്നാൽ ജീവത്തായ ഒരു ശരീരമാണു് സഭ. പൊതുജനാഭിപ്രായത്തിന്റെ അഭാവത്തിൽ അതിന്റെ ജീവനതന്നെ എന്തോ കോട്ടം സംഭവിക്കും. ഈ അഭാവത്തിന്റെ കുറവു സഭാധികാരികളിലും വിശ്വാസികളിലുമായിരിക്കുകയും ചെയ്യും. ഇവിടേയും പ്രയോജനപ്രദങ്ങളായ സേവനങ്ങളനുഷ്ഠിക്കുവാൻ കത്തോലിക്കാപത്രങ്ങൾക്കുകഴിയും. എന്നാൽ ഈ സേവനത്തിന്റെ കായ്ത്തിൽ, മറവുള്ളവയിലേക്കാളധികമായി, നാം പറഞ്ഞ രീതിയിലുള്ള സ്വഭാവങ്ങൾ കൊണ്ടുവരുവാൻ പത്രപ്രവർത്തകർ ശ്രദ്ധിക്കണം-അതായതു് സഭയോടുള്ള അടിപതറാത്ത ബഹുമാനവും ഈശ്വരസ്ഥാപിതമായ ക്രമത്തോടുള്ള അഗാധമായ സ്നേഹവും. എന്നുപറഞ്ഞാൽ ഇക്കായ്ത്തിൽ, സഭ എങ്ങിനെയായിരിക്കുന്നുവോ അതുപോലെ, നിത്യമായ നിശ്ചയങ്ങളിൽ മാത്രമല്ല പ്രത്യുത സ്ഥലകാലങ്ങളിൽ സ്ഥൂലമായി അതുജീവിക്കുന്നതുപോലെ, ദൈവീകമായ രീതിയിൽത്തന്നെ, എന്നാൽ മാനുഷികമായ അവയവങ്ങളോടും അംഗങ്ങളോടുംകൂടി.(എന്നു വിവക്ഷ)

ഈ സ്വഭാവം അതിനു്(പത്രപ്രവർത്തനത്തിനു) ഉണ്ടെങ്കിൽ, അടിമമനോഭാവത്തോടുകൂടിയ ഒരു തരം മൗനം ഭജിക്കലിൽനിന്നും കടിഞ്ഞാണില്ലാത്ത ഒരുതരം വിമർശനത്തിൽനിന്നും ഒരുപോലെ അകന്നുനില്ക്കുവാൻ കത്തോലിക്കാ പത്രലേഖകർക്കു കഴിയും. കഴമ്പില്ലാത്തതും അയഥാർത്ഥവുമായ ഒരുതരം ആത്മീയതയുടെയും,

പരാജയമനോഭാവത്തോടുകൂടിയതും ഭൗതികവല്ക്കരിക്കുന്നതുമായ ഒരുതരം യാഥാർത്ഥ്യവാദത്തിന്റെയും അപകടകരങ്ങളായ ധ്രുവങ്ങളിൽപെട്ട് പൊതുജനാഭിപ്രായം അങ്ങോട്ടുമിങ്ങോട്ടും ആടിക്കൊണ്ടിരിക്കുന്ന ഇന്നത്തെപോലുള്ള സന്ദർഭങ്ങളിൽ, സഭയ്ക്കുള്ളിൽ ഉറച്ച വൈശദ്യത്തോടുകൂടിയ ഒരു പൊതുജനാഭിപ്രായം രൂപീകരിക്കുവാൻ അവർ സഹായിക്കും. ഈ രണ്ടു ധ്രുവങ്ങളിൽനിന്നും അകന്നുനിന്നുകൊണ്ട്, സഭയ്ക്കുള്ളിലുള്ള പൊതുജനാഭിപ്രായത്തിന്റെ കാര്യത്തിൽ, വിശ്വാസികളുടെ ഇടയിൽ സ്വാധീനശക്തി ചെലുത്തുവാൻ കത്തോലിക്കാ പത്രപ്രവർത്തനത്തിനു സാധിക്കും. ഇപ്രകാരം മാത്രമേ, ഭൗതികരംഗത്തും, ഇക്കാലത്ത് സർവ്വോപരി സാമൂഹ്യപ്രശ്നങ്ങളുടേയും സമാധാനപ്രശ്നങ്ങളുടേയും കാര്യത്തിലും സഭയ്ക്ക് എന്തുസാദ്ധ്യതകളും കർത്തവ്യങ്ങളുമാണ് ഉള്ളതെന്നതിനെപ്പറ്റി, ആധികൃം മൂലമൊ വൈകല്യം ഹേതുവായോ ഉള്ള സത്യവിരുദ്ധമായ ധാരണകളെ അകറ്റുവാൻ നമുക്കുസാധിക്കുകയുള്ളൂ."

Chronique Sociale de France: October 1950 P. 321

കത്തോലിക്കരായ എഴുത്തുകാക്കെതിരായി മെമ്മോറാണ്ഡങ്ങളും പരാതികളുമെല്ലാമായി ഇൻറർനൺഷ്യോമാരേയും മെത്രാന്മാരേയും സമീപിക്കുന്ന ബാങ്കുമൂർഷ്വാകളും ഷെവലിയറന്മാരും എം. പി. മാരുമെല്ലാം ഇതുപോലുള്ള രേഖകളും സശ്രദ്ധം പഠിച്ചിരുന്നെങ്കിൽ! തങ്ങളുടെ ഫോട്ടോകളും യാത്രാവിവരണങ്ങളും മാത്രമേ

പത്രങ്ങളിൽ പ്രസിദ്ധീകരിക്കാവൂ എന്നു് നിർബന്ധമുള്ള സഭാധികാരികൾക്കും പരിശുദ്ധപിതാവിന്റെ ഈ ഉപദേശം കുറെയൊക്കെ ബാധകമായിരിക്കുമെന്നു തോന്നുന്നു.

V

കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ.

ആദ്യത്തെ കാൽവെയ്പുകൾ.

പ്രസിദ്ധീകരണവ്യവസായം കേരളത്തിൽ ആദ്യമായി ആരംഭിച്ചതു് ഇവിടത്തെ ക്രിസ്ത്യാനികളാണു്. വിദ്യാഭ്യാസരംഗത്തും സാമ്പത്തിക സാംസ്കാരികരംഗങ്ങളിലും ഈ രാജ്യത്തിനു നാം നല്കിയിട്ടുള്ള സംഭാവനകൾ ഇന്നാർക്കറിവുള്ളതത്രെ. ഇവയൊന്നും ആരും ചോദ്യം ചെയ്യുമെന്നു തോന്നുന്നില്ല. പക്ഷെ ഇന്നത്തെ സ്ഥിതിയെന്താണു്? സന്യാസികളും മിഷ്യനറിമാരും പഴയകാലത്തുചെയ്തിട്ടുള്ള മഹത്തായ സേവനങ്ങളുടെ മധുരസ്മരണകൾ അയവിറക്കിക്കൊണ്ടു് സുഖമായങ്ങു കഴിയുന്നതിൽ അർത്ഥമില്ല. കേരളത്തിൽ ഇന്നു നിലവിലിരിക്കുന്ന പത്രങ്ങൾ, മാസികകൾ, വാരികകൾ, തുടങ്ങിയവയുടേയും പ്രസിദ്ധീകൃതമായിക്കൊണ്ടിരിക്കുന്ന ഗ്രന്ഥങ്ങളുടേയും ശേഖരത്തിലേക്കു് നമ്മുടെ സമുദായം എന്തു സംഭാവനകളാണു് നല്കിക്കൊണ്ടിരിക്കുന്നതു്?

കത്തോലിക്കാ സാഹിത്യം.

കത്തോലിക്കരും സാഹിത്യവുമെന്ന വിഷയത്തെപ്പറ്റി മുമ്പൊരിക്കൽ ഞാൻ ദീപികയിലെഴുതിയ

ഒരു ലേഖനത്തിലെ കാര്യങ്ങൾ വീണ്ടും ആവർത്തിക്കുന്നില്ല. കേരളത്തിലെ പ്രശസ്തരായ സാഹിത്യകാരന്മാർ ബഹുഭൂരിപക്ഷവും ഇന്നും അകത്തോലിക്കരാണെന്നതന്നെയാണു് ഞാൻ മനസ്സിലാക്കുന്നതു്. സാഹിത്യവാസനയുള്ള കത്തോലിക്കർ നമ്മുടെയിടയിൽ കുറവല്ലെങ്കിലും കത്തോലിക്കാ സാഹിത്യകാരന്മാർ ഇനിയും ഇവിടെ ഉയർന്നുവരേണ്ടിയിരിക്കുന്നു. യൂറോപ്പിലെ പ്രധാനപ്പെട്ട കത്തോലിക്കാ രാജ്യങ്ങളിൽപ്പോലും ഏതാനും നൂറാണ്ടുകൾക്കുശേഷം അടുത്തകാലത്തുമാത്രമാണു് പ്രഖ്യാതരായ കത്തോലിക്കാ സാഹിത്യകാരന്മാർ പൊങ്ങിവന്നിട്ടുള്ളതു്. യൂറോപ്പിലങ്ങിനെയായതുകൊണ്ടു് ഇവിടെയും അപ്രകാരമാകണമെന്നില്ല. പക്ഷേ നമ്മുടെ സ്ഥിതി ഒട്ടും മെച്ചമല്ല. പേരെടുത്ത ഒരു കത്തോലിക്കാ സാഹിത്യകാരനും ഇന്നിവിടെയില്ല. ഹൈന്ദവ ദർശനങ്ങളിലും ജീവിതവീക്ഷണങ്ങളിലും അടിയുറച്ചുനിന്നുകൊണ്ടു് സാഹിത്യസേവനം ചെയ്ത പേരെടുത്ത നാലപ്പാടന്റേയും ഉള്ളൂരിന്റേയുമൊക്കെ പേരുകൾ നമുക്കു പരിചിതങ്ങളാണു്. ക്രിസ്തീയ തത്വചിന്തയിലും ആദർശങ്ങളിലും അടിയുറച്ചു നിന്നുകൊണ്ടു് സാഹിത്യസേവനം ചെയ്ത പേരെടുത്തിട്ടുള്ള എത്ര കത്തോലിക്കർ ഇവിടെയുണ്ടു്?. മുട്ടത്തു വക്കിയെ വാസനാസമ്പന്നനായ ഒരു സാഹിത്യകാരനായി പരിഗണിക്കാമെങ്കിലും ഒരു കത്തോലിക്കാ സാഹിത്യകാരനെന്നു വിളിക്കുന്നതു് ശരിയാണെന്നു തോന്നുന്നില്ല. സി. കെ. മറ്റൊരു സാഹിത്യകാരനാണോയെന്നതു് ചർച്ചചെയ്യപ്പെടേണ്ട ഒരു പ്രശ്നമാണു്. അക്കാര്യം എങ്ങിനെയായാലും

ഒരു കത്തോലിക്കാ സാഹിത്യകാരനായി അദ്ദേഹത്തെ പരിഗണിക്കുവാൻ ഒരു നിവൃത്തിയുമില്ല. ബ. ടീലാറച്ചൻ ഒരു കത്തോലിക്കാ സാഹിത്യകാരനായി ഉയർന്നു വരുന്നുണ്ടെങ്കിലും "ശരാശരി" യുടെ നിലവാരത്തിൽ നിന്നും ഉയർന്നിട്ടുള്ളതായി ഇവിടത്തെ സഹൃദയന്മാർ സമ്മതിക്കുമോ എന്ന കാര്യത്തിൽ സംശയമുണ്ട്. സി സ്റ്റർ ബനീഞ്ഞാ ഒരു സന്യാസിനിയാകാതിരുന്നെങ്കിൽ ഈ രാജ്യത്തെ ഏറ്റവും മികച്ച കത്തോലിക്കാ സാഹിത്യകാരിയാകുമായിരുന്നു. അവരുടെ ആദ്യകാലകൃതികൾ ഇന്നും അതീവാകർഷണീയങ്ങളായിത്തന്നെ തുടരുന്നു. കട്ടക്കയത്തിന്റേയും പി. എം. ദേവസ്യായുടേയുമെല്ലാം മഹാകാവ്യങ്ങളേക്കാൾ നമ്മെ ആകർഷിക്കുവാൻ അവ പര്യാപ്തമാണ്. കന്യകമാതാവിന്റേയും പുണ്യവാന്മാരുടേയും ക്രിസ്തുവിന്റേയുമെല്ലാം ജീവചരിത്രങ്ങൾ കേകയിലും കാകളിയിലും വസന്തതിലകത്തിലുമാക്കിയാൽ കത്തോലിക്കാ സാഹിത്യമാകുകയില്ല. ബൈബിൾ കഥകൾ നല്ല ഗദ്യത്തിലെഴുതിയതുകൊണ്ടോ മെത്രാപ്പോലീത്താ തിരുമേനി കാലം ചെയ്യുമ്പോൾ കുറേ പദ്യങ്ങളെഴുതി കത്തോലിക്കാ പ്രസിദ്ധീകരണങ്ങളിൽ പ്രസിദ്ധീകരിച്ചതുകൊണ്ടോ ഒന്നും ഒരാൾ കത്തോലിക്കാ സാഹിത്യകാരനാകുവാൻ പോകുന്നില്ല. സാഹിത്യവാസനയുള്ള നമ്മുടെ ചെറുപ്പക്കാർ പ്രശസ്തരായ കത്തോലിക്കാ സാഹിത്യകാരന്മാരിൽ ചിലരുടെയെങ്കിലും കൃതികൾ വായിച്ചു പഠിക്കുവാനും ക്രിസ്തീയ തത്വശാസ്ത്രത്തിലും തിയോളജിയിലുമൊക്കെ കുറേ അവഗാഹം

സിദ്ധിക്കുവാനും പരിശ്രമിക്കേണ്ടതാണു്. വളർന്നുവരുന്ന നമ്മുടെ യുവസാഹിത്യകാരന്മാരിൽനിന്നും വളരെയധികം പ്രതീക്ഷിക്കുവാൻ വക കാണുന്നതുകൊണ്ടാണു് ഇതു പറയുന്നതു്.

കത്തോലിക്കാ മഹാകവികൾ!

പേരെടുത്ത സാഹിത്യകാരന്മാർ നമുക്കു കുറവാണെന്ന കാരണത്താൽ എഴുതുന്ന കത്തോലിക്കരെയെല്ലാം പിടിച്ചു് മഹാകവിപ്പട്ടം കെട്ടിക്കുന്നതും മഹാസാഹിത്യകാരന്മാരാക്കുന്നതും ശരിയല്ല. അനുഗ്രഹീതനായ ഒരു സാഹിത്യകാരനെപ്പിടിച്ചു് നമ്മുടെ കത്തോലിക്കാ കോൺഗ്രസ്സുകാർ കഴിഞ്ഞകൊല്ലം മഹാകവിപ്പട്ടം കെട്ടിച്ചതു് നാമോർമ്മിക്കുന്നുണ്ടല്ലൊ. കത്തോലിക്കരായ യുവസാഹിത്യകാരന്മാരെ കഴിയുന്നത്ര പ്രോത്സാഹിപ്പിക്കേണ്ടതാണെന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല. പക്ഷേ അതിനുള്ള ശ്രമത്തിൽ പലപ്പോഴും ഇവിടത്തെ ചില കത്തോലിക്കാ നിരൂപകന്മാർ മറുകണ്ടം ചാടുന്നതു് കണ്ടിട്ടുണ്ടു്. ശ്രീമാൻ ഉലഹന്നൻ മാപ്പിള അടുത്തകാലത്തെഴുതിയ "ഗോൾഡ് സ്മിത്തു്" എന്ന ഗ്രന്ഥത്തെപ്പറ്റി ഒരു കത്തോലിക്കാ നിരൂപകൻ എഴുതി ദീപികയിൽ പ്രസിദ്ധീകരിച്ചിരുന്ന നിരൂപണം ഒരുദാഹരണം മാത്രമാണു്. കത്തോലിക്കനായ മാപ്പിള സാറിനോടുള്ള അന്ധമായ ബഹുമാനത്തിന്റെ പേരിൽ മാത്രമല്ലേ അതെഴുതപ്പെട്ടിട്ടുള്ളതെന്നുപോലും സംശയിക്കുന്നു. സാധരണയായി കത്തോലിക്കർ എത്രനല്ല

ഗ്രന്ഥമെഴുതിയാലും മാതൃഭൂമിപോലുള്ള വാരികകൾ അവയെ പ്രശംസിക്കുകപതിവില്ല. എന്നിട്ടും "ഗോൾഡ് സ്മിത്ത്" എന്ന ഗ്രന്ഥത്തെപ്പറ്റി മാതൃഭൂമിയിലെ നിരൂപകനെഴുതിയ അഭിപ്രായത്തോടാണ് ഞാൻ യോജിക്കുന്നത്. ആ ഗ്രന്ഥം വായിച്ചിട്ട് മറ്റൊരഭിപ്രായം തോന്നാൻ വളരെയധികം പാണ്ഡിത്യം ഒരുപക്ഷേ ആവശ്യമായിരിക്കാം.

അൽമേനികളെഴുതിയാൽ.

ഇവിടത്തെ കത്തോലിക്കർ-പ്രത്യേകിച്ച് അൽമേനികൾ-എത്ര നല്ല പുസ്തകമെഴുതിയാലും അതിനിവിടെ പ്രസിദ്ധീകരണമൊ പ്രശസ്തിയൊ ലഭിക്കുക വിഷമമാണ്. കത്തോലിക്കരുടെ വകയായ പ്രധാന പ്രസ്സുകളെല്ലാം വൈദികരുടെ കൈവശമാണല്ലൊ. വണക്കമാസപ്പുസ്തകങ്ങളും പാനകളും പറ്റുങ്ങളും ആരാധനാഗ്രന്ഥങ്ങളും വേദോപദേശങ്ങളും ഇടയലേഖനങ്ങളും പുണ്യവാന്മാരുടെ ജീവചരിത്രങ്ങളും ബൈബിൾ തുടങ്ങിയ ഗ്രന്ഥങ്ങളുടെ വിവർത്തനങ്ങളും പ്രസിദ്ധീകരിക്കുകയെന്നതിൽ കവിഞ്ഞ സാഹിത്യസേവനമൊന്നും അവയിൽ നിന്നും ഉണ്ടാകുന്നില്ല. പക്ഷേ അവർ ചെയ്യുന്നതും ചെയ്തുകൊണ്ടിരിക്കുന്നതുമൊന്നും സേവനങ്ങളല്ലെന്നു ഞാൻ പറയുന്നില്ല.

കമ്മലകുസുമവും മറ്റും.

ഇതിന്റെയൊക്കെ ഫലം ഇന്നുമാത്രമാണ് നാമനുഭവിക്കുവാൻ തുടങ്ങിയിരിക്കുന്നത്. ഇവിടത്തെ

തലയെടുപ്പുള്ള സാഹിത്യകാരന്മാരെല്ലാം ഇടതുപക്ഷത്താവുകയും ഇവിടത്തെ പ്രധാന പ്രസിദ്ധീകരണങ്ങളെല്ലാം അവരുടെ നിയന്ത്രണത്തിലാവുകയും ചെയ്തപ്പോൾ നമ്മുടെ നേതാക്കന്മാർ ബഹളം കൂട്ടാൻ തുടങ്ങി. മാതൃഭൂമി, മലയാളരാജ്യം, കൌമുദി, ജനയുഗം, നവയുഗം തുടങ്ങിയവയുടെ ഏഴയൽപക്കത്തെങ്കിലും അടുക്കാൻകൊള്ളാവുന്ന ഒരാനുകാലികപ്രസിദ്ധീകരണംപോലും നമുക്കില്ല. കത്തോലിക്കാ ജീവിതവീക്ഷണത്തിലൂടെ തങ്ങൾക്കുള്ള ആശയങ്ങൾ പ്രചരിപ്പിക്കുവാൻ ഇവിടത്തെ ഒരൽമായനും ഇന്നു നിവൃത്തിയില്ലതന്നെ. കമ്മലകുസുമവും, കാമ്മെൽമും, കുടുംബദീപവും, സത്യദീപവും, അമ്മയും, പ്രേഷിതകേരളവുമെല്ലാം നമുക്കുണ്ടു്. ഇവയുടെ എല്ലാം ലക്ഷങ്ങൾ ഒരു നാലഞ്ചുകൊല്ലത്തേയ്ക്കുള്ളതു് നിരത്തിവച്ചു് അവയുടെ ഉള്ളടക്കം പരിശോധിക്കുന്നപക്ഷം ഇത്രയധികം അഭ്യസ്തവിദ്യരുണ്ടെന്നഭിമാനിക്കുന്ന നമ്മുടെ സമുദായം ഇത്ര ചിന്താദരിദ്രവും ഭാവനാദരിദ്രവുമാണല്ലോയെന്നോർത്തു് വിലപിച്ചുപോകും. നമ്മുടെ പെറ്റിസെമ്മിനാരികളിലേയും മഠങ്ങളിലേയും വായനശാലകളിൽ നിരത്തിവയ്ക്കുവാൻ ഒരു പക്ഷേ അവ ഉപകരിച്ചേക്കും. അവ നിരുപദ്രവങ്ങളാണു്. വിലയും വളരെ തുച്ഛം. ഇവിടത്തെ പി. എച്ചു്. ഡി. ഡി. മാക്കെഴുതുവാനുള്ള ഏറ്റവും നല്ല പ്രസിദ്ധീകരണങ്ങളും അവതന്നെ.

കത്തോലിക്കാപ്പത്രങ്ങൾ.

നമ്മുടെ പത്രങ്ങളുടെ കാര്യവും തഥൈവ. ദീപികയും, മലബാർമെയിലും, തൊഴിലാളിയുമെല്ലാം

നമ്മുടെ അഭിമാനസ്തംഭങ്ങളാണു്. വൈദികനിയന്ത്രണത്തിലാണു് അവയെല്ലാം. നമ്മുടെ സമുദായത്തിൽ യാതൊരുവിധമായ വിപ്ലവങ്ങളും സംഭവിക്കുവാൻ പോകുന്നില്ലെന്നതിനു് ഏറ്റവും നല്ല ഉറപ്പുകളാണു് അവനമ്മുടേതു്. ശ്രീമാൻ കെ. എം. ജോസഫിനേപ്പോലൊരു വ്യക്തിക്കു് ദീപികയുടെ പത്രാധിപസമിതിയിൽ ഉൾപ്പെടുവാൻ സാധിച്ചതുതന്നെ ഇവിടത്തെ കത്തോലിക്കാ പ്രസിദ്ധീകരണലോകത്തിലെ ഒരു മഹാസംഭവമാണു്. പക്ഷെ ശ്രീമാൻ ജോസഫും ഫാദർ ആൻറണിയും മാത്രമല്ലല്ലൊ അതിൻെറ പത്രാധിപന്മാർ. കേരളത്തിലെ എല്ലാ മെത്രാന്മാരും വൈദികരും ഷെവലിയറന്മാരും കന്യാസ്ത്രീകളും ഭ്രൂവുടമകളും ചേർന്നു് ഒരു പത്രത്തിൻെറമേൽ തങ്ങളുടെ സഞ്ചിതങ്ങളായ സ്വാധീനശക്തികളുപയോഗിക്കാൻ തുടങ്ങിയാൽ ഫലമെന്തായിരിക്കും? ഇവരുടെയെല്ലാം നീതീകരണമില്ലാത്ത ഇടപെടലുകളെ ചെറുത്തുനില്ക്കുവാനുള്ള ഒരു മഹാപരിശ്രമത്തിലൂടെ ദീപികയിന്നും മുമ്പോട്ടുനീങ്ങുകയാണു്. അവരുടെ പരിശ്രമങ്ങൾക്കു് വിജയമാശംസിക്കുക മാത്രമാണു് അസ്മാദ്ദശക്കു് കരണീയമായിട്ടുള്ളതു്.

പുതിയ സംരംഭങ്ങൾ.

ഏതായാലും സാമൂഹ്യനീതിയിലും പുരോഗമനാശയങ്ങളിലും സഭയുടെ ഏറ്റവും ഉന്നതങ്ങളായ തത്വങ്ങളിലും അധിഷ്ഠിതമായ ഒരു നൂതനസംസ്കാരവും വ്യവസ്ഥിതിയും ഈ രാജ്യത്തുടലെടുക്കണമെങ്കിൽ ഇന്നത്തെ ഈ പ്രസിദ്ധീകരണങ്ങളെല്ലാം അവയുടെ നിലപാടും മനോഭാവങ്ങളും പാടേ പരിവർജ്ജിക്കേണ്ടിയിരിക്കു

ന്നു. അത്ര വലിയ ഒരു ത്യാഗസന്നദ്ധത ത്യാഗധീരരായ നമ്മുടെ കത്തോലിക്കാ പ്രസാധകരിൽ നിന്നുപോലും പ്രതീക്ഷിക്കുന്നതു ശരിയല്ലാത്തതിനാൽ അൽമേനികരും പുതുതായി ആരംഭിക്കുന്ന പ്രസ്ഥാനങ്ങൾക്കു തുരങ്കം വയ്ക്കാതിരിക്കുവാനെങ്കിലും അവർ പരിശ്രമിക്കേണ്ടതാണു്. പുറത്തുനിന്നു ധനസഹായം വാങ്ങിയും പാൽപ്പൊടി വിറ്റുമൊന്നും പുതിയ പ്രസിദ്ധീകരണങ്ങൾ നടത്തുവാൻ ഇവിടത്തെ അൽമേനികർക്കു നിവൃത്തിയില്ല. അവയെ അനുഗ്രഹിക്കുകയും ആശീർവ്വദിക്കുകയും ചെയ്യുവാനുള്ള നന്മനസ്സെങ്കിലും അധികാരികൾക്കുണ്ടാകുന്ന പക്ഷം ബുദ്ധിമുട്ടുകളും ക്ലേശങ്ങളും കുറെ സഹിച്ചായാലും നമ്മുടെ യുവജനങ്ങൾ ചിലതൊക്കെ ചെയ്യുവാൻ ശ്രമിക്കുമെന്നുള്ളതു തീർച്ചയത്രെ.

സംഘടന!

കത്തോലിക്കാ സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുവാനായി ഇവിടത്തെ കത്തോലിക്കാ കോൺഗ്രസ്സ് ഒരു സംഘടനയുണ്ടാക്കിയിട്ടുള്ളതായി കേട്ടു. സൂക്ഷ്മപരമായി ഒന്നും ചെയ്യുവാൻ കഴിവില്ലാതെ, ജീർണ്ണിച്ചും അധഃപതിച്ചും ജനസാമാന്യത്തിന്റെ സഹാനുഭൂതികൾ നഷ്ടപ്പെട്ടും കഴിയുന്ന ഒരു സംഘടന എങ്ങിനെയാണു് സർഗ്ഗപരമായ അനുഭൂതികൾക്കും നിർമ്മാണാത്മകമായ ആവേശങ്ങൾക്കും പ്രചോദനം നല്കുന്നതെന്നു മനസ്സിലാകുന്നില്ല. ഒരു പക്ഷേ കുറേ പണവും ഒരു സംഘടനയുമുണ്ടായാൽ കത്തോലിക്കാസാഹിത്യം നിരർഗ്ഗളമായങ്ങനെ വിനിർഗ്ഗളിച്ചുകൊള്ളുമെന്നായിരിക്കും അവരുടെ പ്രതീക്ഷ. എങ്കിൽ അവരുടെ യത്നങ്ങളും ഫലവത്തായിത്തീരട്ടെ!

VI

സംഘടനകളും സഖ്യതകളും.

സംഘടനകളും പൊതുവിൽ.

സഭയുടെ വിശാലതരമായ ഐകൃത്തിൽ അടിയുറച്ചുനിന്നുകൊണ്ടുതന്നെ പ്രത്യേകങ്ങളായ ചില ഉദ്ദേശങ്ങൾക്കുവേണ്ടി പല സംഘടനകളും സംഖ്യങ്ങളും സഭയ്ക്കുള്ളിൽ പ്രവർത്തനം നടത്തുന്നുണ്ട്. ഇവയിൽ ചിലതിനെ സഭാധികാരികളും ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ളവയും മറ്റുചിലതു് കത്തോലിക്കരുടെ വെറും സാമൂഹ്യമോ സാമ്പത്തികമോ ഒക്കെ ആയ കാര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നവയുമാണു്. നിഷ്കൃഷ്ടമായി പ്പറഞ്ഞാൽ കത്തോലിക്കാസഭയിൽ അംഗമായിരിക്കുകയും അതിന്റെ പഠനങ്ങൾക്കനുസൃതമായി ജീവിക്കുകയുംചെയ്യണമെന്നല്ലാതെ വിവിധങ്ങളായ ഈ സംഘടനകളിൽ ഏതിലെങ്കിലും അംഗമായിരിക്കുവാനോ, പ്രവർത്തിക്കുവാനോ ഒരു കത്തോലിക്കനും കടമയില്ല. സൊഡാലിറ്റി, മരിയസേന, വിൻസൻഷ്യ് ഡി പോൾ സഖ്യത, നീലമുന്നണി, ഫ്രാൻസിസ്കൻ സഭ തുടങ്ങിയവ സഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ള ഭക്തസംഘടനകളാണു്. അവയിലെ അംഗങ്ങൾക്കു് പ്രത്യേകമായ

ആത്മീയകർത്തവ്യങ്ങളും ദണ്ഡവിമോചനങ്ങളും തുടങ്ങിയവ പ്രാപിക്കുവാനുള്ള സൗകര്യങ്ങളുമുണ്ട്. സാധാരണയായി ഏതെങ്കിലുമൊരു ഭക്തസംഘടനയിൽ അംഗമായിരിക്കുന്നതു് വളരെ നല്ലതുതന്നെ. സഭ അതിനെ പ്രോത്സാഹിപ്പിക്കുന്നുമുണ്ട്. എന്നാൽ ഇവയിലൊന്നിലും ചേരണമെന്നു് സഭ നിർബന്ധിക്കാറുമില്ല.

സാമൂഹ്യ സാമ്പത്തികരംഗങ്ങളിലും സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിലുമെല്ലാം കത്തോലിക്കർക്കു് സംഘടനകളുണ്ട്. ഇതരസമുദായാംഗങ്ങളും ഉൾപ്പെടാത്തതും കത്തോലിക്കർ കത്തോലിക്കരെന്ന നിലയിൽ രൂപീകരിക്കുന്നതുമായ സംഘടനകൾക്കു് വൈദികമേലദ്ധ്യക്ഷന്മാരുടെ പരോക്ഷമായ അംഗീകാരമെങ്കിലുമുണ്ടായിരിക്കുന്നതു് നല്ലതാണു്. എന്നു വിചാരിച്ചു് ഒരു ടൗണിൽ ഒരു കത്തോലിക്കാവായനശാല സ്ഥാപിക്കുവാനോ ഒരു ക്ലബ്ബു് നടത്തുവാനോ ഒരു നാടകസമിതിക്കോ ഒക്കെ സഭാധികാരികളുടെ അനുവാദം ചോദിക്കണമെന്നില്ല. കത്തോലിക്കർ ഒരു സഹകരണസംഘം സ്ഥാപിച്ചു പ്രവർത്തനം നടത്തുവാൻ ബിഷോപ്പിന്റെ അനുവാദത്തിനുവേണ്ടി അപേക്ഷിക്കേണ്ടതില്ല. എന്നാൽ വെറും സാമൂഹ്യവും രാഷ്ട്രീയവുമായ കത്തോലിക്കാ സംഘടനകളേയും പ്രസ്ഥാനങ്ങളേയും പോലും നിരോധിക്കുവാനും നിയന്ത്രിക്കുവാനും സഭാധികാരികൾ ചിലപ്പോൾ നിർബന്ധിതരാകാറുണ്ട്. അതിനു മിക്കപ്പോഴും മതിയായ കാരണങ്ങളുമുണ്ട്. ഫ്രാൻസിലെ 'Action Francaise' പോലുള്ള പ്രസ്ഥാനങ്ങൾ ഉദാഹരണങ്ങളാണു്.

ബിഷോപ്പിന്റെ അദ്ധ്യക്ഷതയിൽ!

അഖിലകേരള കത്തോലിക്കാകോൺഗ്രസ്സ് കേരളത്തിലെ കത്തോലിക്കർ കത്തോലിക്കരെന്ന നിലയിൽ സംഘടിപ്പിച്ചിട്ടുള്ളതും സാമൂഹ്യവും സാംസ്കാരികവുമൊക്കെയായ ചില ലക്ഷ്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നതുമാണ്. ഇപ്രകാരമുള്ള സംഘടനകൾക്കും സഭാധികാരികളുടെ പരോക്ഷമെങ്കിലുമായ അംഗീകരണം വേണ്ടതാണ്. കേരളത്തിൽ ഒരു യുവജനപ്രസ്ഥാനമോ ഒരു വനിതാസംഘടനയോ രൂപമെടുക്കുന്നുവെന്നിരിക്കട്ടെ. ഒന്നോ രണ്ടോ കരകളിലോ പഞ്ചായത്തുകളിലോ മാത്രമുള്ള പ്രസ്ഥാനങ്ങൾ പോലെയല്ലല്ലോ അവ. വിപുലങ്ങളായ ഈദ്ദൃശസംഘടനകളുടെ മേൽ ചില നിയന്ത്രണാധികാരങ്ങൾ സഭാധികാരികൾക്കുണ്ടായിരിക്കുകയെന്നതു് തികച്ചും സ്വാഭാവികവും ആവശ്യകവുമാണ്. എന്നാൽ മതപരമോ ഭക്തിപരമോ ആയ സംഘടനകളല്ലാത്തതിനാൽ സഭാധികാരികൾ അവയുടെ മേൽ സ്വാധീനം ചെലുത്തുന്നതു് പരോക്ഷവും അതി സൂക്ഷ്മവുമായ മാർഗ്ഗങ്ങളിലൂടെയായിരിക്കണം. കത്തോലിക്കർ രൂപീകരിക്കുന്ന എല്ലാ സംഘടനകളുടേയും അദ്ധ്യക്ഷസ്ഥാനം ചില മെത്രാന്മാർക്കു് സിദ്ധിക്കണമെന്നു ശഠിക്കുന്നതു് ഒരിക്കലും ശരിയല്ല. കത്തോലിക്കാ മതാനുയായികൾ രൂപീകരിച്ചിട്ടുള്ള സംഘടനകളുടെ വാർഷികങ്ങളിലും സാധാരണയോഗങ്ങളിലും ബിഷോപ്പുമാരെ വിളിച്ചു് ഒരു അദ്ധ്യക്ഷം വഹിപ്പിക്കുകയും ഉൽഘാടനച്ചടങ്ങുകൾ നിർവ്വഹിപ്പിക്കുകയുമെല്ലാം ചെയ്യുന്ന

തു് ഇവിടത്തെ ചില മാന്യന്മാരുടെ ഒരു പതിവായി ത്തീന്നിരിക്കുകയാണു്. അതുകൊണ്ടു് ഗുണത്തേക്കാളേറെ ദൂഷ്യമാണു് സംഭവിക്കുന്നതെന്ന വിവരം പ്രസ്തുത മാന്യന്മാക്കു് നിശ്ചയമില്ലതന്നെ.

സൊഡാലിറ്റിയും മറ്റും.

ഇവിടത്തെ ചില ഭക്തസംഘടനകളെപ്പറ്റി ആദ്യമായി വിവരിക്കാം. ഒന്നും രണ്ടും ഭക്തസംഘടനകൾ മുതൽ എട്ടും പത്തും സഖ്യങ്ങളും സംഘടനകളും വരെ ചിലയിടവകകളിൽ നിലവിലിരിക്കുന്നുണ്ടു്. ഇവയിൽ താരതമ്യേന അല്പംമെച്ചമായി നടക്കുന്നതു് സൊഡാലിറ്റിയും ഇതര മരിയസംഖ്യതകളുമാണു്. കേരളീയരുടെ മികച്ച മാതൃഭക്തി മാത്രമല്ല ഇതിനു കാരണം. ബാലികാബാലന്മാരുടെ ഇടയിൽ അധികാരത്തിനും സ്ഥാനമാനങ്ങൾക്കും വേണ്ടിയുള്ള വടംവലികൾ കുറവാണെന്നുള്ളതും ഇവയുടെ വിജയത്തിനു കാരണമാണു്. പലപ്പോഴും എട്ടുപത്തു സംഖ്യതകളുടെ ഒരു സംയുക്തവാർഷികം മാത്രമാണു് ചില ഇടവകകളിലെ ആകെയുള്ള പ്രവർത്തനം. കുറെ അധികം സെക്രട്ടറിമാരുടേയും ഖജാൻജിമാരുടേയുമെല്ലാം പേരു് നോട്ടീസുകളിൽ കാണാമെന്നല്ലാതെ ഇന്നു് ഈ സംഘടനകൾ മിക്കവയും നിർജ്ജീവമായിരിക്കുകയാണു്. രാഷ്ട്രീയരംഗത്തു പ്രവർത്തിക്കുവാനാണു് പലർക്കും കൂടുതലിഷ്ടം. സൊഡാലിറ്റികളും ഇതര മരിയസഖ്യതകളുമെല്ലാം കൂടുതൽ പ്രോത്സാഹനമർഹിക്കുന്നവയും വികസന സാ

ദ്ധൃതകളുള്ളവയുമാണെങ്കിലും അവയെ പ്രോത്സാഹിപ്പി
ക്കുവാൻ ആരും മിനക്കെടുന്നില്ലെന്നു തോന്നുന്നു. സൊ
ഡാലിറ്റി ഡയറക്ടറന്മാരായും വേഭോപദേശ ഡയറക്ട
റന്മാരായുമൊക്കെ ചില വൈദികർ നിയമിക്കപ്പെടാറു
ണ്ടെങ്കിലും അരമനകളിൽ താമസിക്കുകയെന്നതിൽ ക
വിഞ്ഞു സേവനങ്ങളൊന്നും അവർ ചെയ്യുന്നതായി അറി
വില്ല.

വിൻസൻറ് ഡി പോൾ.

സാമൂഹ്യസേവനത്തിനും ക്രിസ്തീയ ഉപവിയുടെ
പ്രചരണത്തിനും വളരെ യോജിച്ച ഒന്നാണു് വിൻസ
ൻറ് ഡി പോൾ സഖ്യത. ചില സ്ഥലങ്ങളിൽ അതി
ന്റെ പ്രവർത്തനം വളരെ സ്തുത്യർഹമായും വിജയകരമാ
യും നടക്കുന്നുണ്ടെങ്കിലും ഭ്രരിപക്ഷം ശാഖകളുടെ സ്ഥിതി
അതല്ല. പരിമിതമായ അതിന്റെ പ്രവർത്തന മണ്ഡല
ങ്ങളിൽ അതു പ്രോത്സാഹനമർഹിക്കുന്നുണ്ടെങ്കിലും ഉ
ത്തരവാദപ്പെട്ടവർ അക്കാര്യങ്ങളിൽ വളരെയധികം വി
മുഖതയാണു പ്രദർശിപ്പിക്കുന്നതു്. പത്തും പതിനായി
രവും രൂപാ വാർഷികവരുമാനമുള്ള പള്ളികൾ വിൻസ
ൻറ് ഡി പോൾ സഖ്യതക്കു് പ്രതിവർഷം പത്തോ
മുപ്പതോ രൂപാ കൊടുത്തു തൃപ്തിപ്പെടുകയും ബാക്കിയുള്ള
തുകകൾ വാടകക്കെട്ടിടങ്ങൾ പണിയിക്കുന്നതിനും എ
സ്റ്റേയിറ്റുകൾ ഉണ്ടാക്കുന്നതിനും വേണ്ടി ചെലവിടുക
യും ചെയ്താൽ പ്രസ്തുത സംഘടന വിജയിക്കുകയില്ല
ല്ലൊ. പോരെങ്കിൽ വിൻസൻറ് ഡി പോൾ സഖ്യത
ഇനിയും ഇവിടെ അഭിവൃദ്ധി പ്രാപിക്കുക വിഷമമാണെ

ന്നതിനു് ചില ന്യായങ്ങൾ ക്രൂടി പറയുവാനുണ്ടു്. നമ്മുടെ സാമൂഹ്യ സാമ്പത്തിക പ്രശ്നങ്ങളും ആത്മീയ പ്രശ്നങ്ങളും പോലും ക്രൂടുതൽ ശ്രുക്ഷതരങ്ങളും സങ്കീർണ്ണങ്ങളുമായിത്തീരുകയാണു്. വെറും ഉപവികൊണ്ടും ചില ചില്ലറ പിരിവുകൾകൊണ്ടും അതിനെ ഭാഗികമായെങ്കിലും പരിഹരിക്കുവാൻ സാധിക്കുകയില്ല. സാമൂഹ്യ ഉപവി (Social Charity) എന്നും ആവശ്യമാണെങ്കിലും സാമൂഹ്യനീതിയാണു് നമുക്കിവിടെ ആദ്യം നടപ്പിലാകേണ്ടതു്. ഗവണ്മെൻറിൻേറയും വിവിധ സാമൂഹ്യക്ഷേമ പദ്ധതികളുടേയും ഏകോപിച്ചുള്ള പ്രവത്തനങ്ങൾകൊണ്ടും ഇതര സമുദായങ്ങളുമായി യോജിച്ചും വേണം സാമൂഹ്യനീതിക്കും സാധുജനോദ്ധാരണത്തിനും വേണ്ടി ഇനി നാം പ്രവത്തിക്കുവാൻ, ഇവിടത്തെ പല സാമൂഹ്യ പ്രശ്ന വിദഗ്ധന്മാരും കണ്ടുപിടിച്ചിട്ടുള്ള ഒരു പദ്ധതിയാണു് ഇടവകകളേയും ശ്രുപതകളേയും കേന്ദ്രീകരിച്ചുകൊണ്ടുള്ള സാമൂഹ്യോദ്ധാരണ പദ്ധതികൾ. അവരുടെ പ്രസംഗങ്ങൾ കേട്ടാൽ ഈ രാജ്യത്തു് കത്തോലിക്കരെന്നൊരു ക്രൂട്ടർ മാത്രമേയുള്ളുവെന്നും അവർക്കുമാത്രമേ സാമൂഹ്യപ്രശ്നങ്ങളുള്ളുവെന്നും തോന്നിപ്പോകും. പഞ്ചായത്തുകളൊ വാർഡുകളൊ അടിസ്ഥാനമാക്കി ഇതര സമുദായാംഗങ്ങളുടെ സഹകരണത്തോടുക്രൂടിയുള്ള പ്രവത്തനങ്ങളാണു് സാമൂഹ്യോദ്ധാരണരംഗത്തു് നമുക്കിനി ആവശ്യം. വിൻസൻറ് ഡി പോൾ സംഘടന, അതു സ്ഥാപിച്ച കാലത്തിനും സാഹചര്യങ്ങൾക്കും വളരെ യോജിച്ച ഒന്നായിരുന്നു. ഇന്നത്തേതുപോലെ വിപുലങ്ങളും സങ്കീർണ്ണങ്ങളുമായ പ്രശ്നങ്ങളെ കൈകാ

ര്യം ചെയ്യുവാൻ അതു തികച്ചും അപര്യാപ്തമാണു്. മറ്റു രംഗങ്ങളിൽ ക്രൂരതൽ കാര്യക്ഷമമായി പ്രവത്തനം നടത്തുവാൻ കഴിവുള്ളവരിൽ ചിലക്കു് അതൊരു പ്രതിബന്ധവുമാണു്. സാമൂഹ്യരംഗത്തുള്ള സേവനം നടത്തുവാനാഗ്രഹിക്കുന്ന ഇതര മതസ്ഥർ ഈ സംഘടനയിൽ ചേരുകയില്ലല്ലൊ. സാമൂഹ്യപ്രശ്നം പൊതുവായ ഒന്നായതിനാൽ മതേതര സംഘടനകളാണു് അവയ്ക്കു പറ്റിയതു്. ഇതര മതസ്ഥരുമായി യോജിച്ചുപ്രവത്തിക്കുന്നതുകൊണ്ടു് കത്തോലിക്കരുടെ ഉപവിക്കു് യാതൊരു കുറവും സംഭവിക്കുന്നതല്ല. വിപുലതരങ്ങളും ക്രൂരതൽ കാര്യക്ഷമങ്ങളുമായ സംഘടനകളും രൂപമെടുത്താലും വിൻസന്റ് ഡി പോൾ സഭയുടെ പ്രവത്തനങ്ങൾക്കു് പരിമിതങ്ങളായ ചില മണ്ഡലങ്ങൾകൂടി അവശേഷിക്കുമെന്നുള്ളതുകൊണ്ടു് ആ സംഘടനയെ നിരുത്സാഹപ്പെടുത്തുകയൊ നിഷ്ക്രിയമാക്കുകയൊ ചെയ്യേണ്ട കാര്യവുമില്ല. വെറും സാമൂഹ്യപ്രവത്തനം മാത്രമല്ലല്ലൊ അതിന്റെ ലക്ഷ്യവും.

മാതൃസംഘടന തുടങ്ങിയവ.

കത്തോലിക്കാ വൈദികർ രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടുന്നതിനെതിരായി പല വിമർശനങ്ങളും നടക്കുന്ന ഒരു കാലഘട്ടമാണല്ലൊ ഇതു്. തങ്ങളുടെ മതപരവും ആത്മീയവുമായ കത്തവ്യങ്ങൾ നിർവഹിച്ചതിനുശേഷം വൈദികർക്കു സിദ്ധിക്കുന്ന സമയം രാഷ്ട്രീയ രംഗത്തല്ല പ്രത്യുത സാമൂഹ്യവും സാംസ്കാരികവു

മായ രംഗത്താണു് വിനിയോഗിക്കേണ്ടതു്. വൈദികർ ഈദ്ദശമായ രംഗങ്ങളിൽ സ്തുത്യർഹമായും കാര്യക്ഷമമായും മാതൃകാപരമായും പ്രവത്തിക്കുന്നതിനു് രണ്ടു മൂന്നുദാഹരണങ്ങൾ കേരളത്തിലുണ്ടു്. കത്തോലിക്കാ മാതൃസംഘടന, അദ്ധ്യയനമണ്ഡലം, ദീപിക ബാലസഖ്യം എന്നിവയാണു് അവ. ആരംഭദശയിലുള്ള സംഘടനകളെന്നനിലയിൽ അവയ്ക്കു് ചില ചില്ലറ കുറവുകളും വികലതകളും കണ്ടേക്കാമെങ്കിലും അവ കാലക്രമത്തിൽ പരിഹരിക്കാവുന്നവ മാത്രമാണു്.

ദീപികബാലസഖ്യം.

കുടുംബത്തിലേയും വിദ്യാലയത്തിലേയും ശിക്ഷണസമ്പ്രദായങ്ങളിൽ അനിവാര്യമായി കണ്ടുവരാറുള്ള ചില അപര്യാപ്തതകളെ പരിഹരിക്കുവാനും സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ വിപുലതരങ്ങളായ വീക്ഷണങ്ങളും പരിചയങ്ങളും നമ്മുടെ ബാലികാബാലന്മാർക്കു സിദ്ധിക്കുന്നതിനും വേണ്ടിയാണല്ലൊ ബാലസഖ്യങ്ങൾ പ്രവത്തിക്കുന്നതു്. കേരളത്തിലുള്ള ബാലജനസഖ്യങ്ങളിൽ വച്ചു് ഏറ്റവും കാര്യക്ഷമമായും ഭംഗിയായും നടത്തപ്പെടുന്നതു് ദീപിക ബാലജനസഖ്യമാണു്. ഒരു ബഹുമാന്യ വൈദികന്റെ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമാണു് അതു രൂപം പ്രാപിക്കുകയും വളരുകയും ചെയ്തിട്ടുള്ളതു് എങ്കിലും അതൊരു മത സംഘടനയൊ ഭക്തസംഘടനയൊ അല്ലതന്നെ. ഒരു പക്ഷേ അതായിരിക്കാം അതിന്റെ അഭ്രതപൂർവ്വമായ വിജയത്തിനു

നിദാനവും. ഈ സംഘടനയേപ്പററി അടുത്തകാലത്തു് ചില ആരോപണങ്ങളെല്ലാം കേട്ടുതുടങ്ങിയിട്ടുണ്ടു്. ഏതായാലും ബാലജനസഖ്യതയുടെ ബാലാരിഷ്ടതകളായിരിക്കാം അവയെന്നു കരുതി മന:പ്പൂർവ്വം ഈ ആരോപണങ്ങളെ തല്ക്കാലം ഞാൻ അവഗണിക്കുകയാണു്. വേണ്ടിവന്നാൽ മറെറാരവസരത്തിൽ അവ വെളിച്ചത്തു കൊണ്ടുവരുവാൻ ഞാൻ മടിക്കുകയുമില്ല.

ദീപിക യുവജനസഖ്യം.

ദീപിക ബാലജനസഖ്യത്തിനു പുറമെ ഒരു യുവജന സഖ്യം കൂടി ഉണ്ടു്. ബാലജനസഖ്യം ഒരു വിജയമാണു്, വിജയിക്കേണ്ടതാവശ്യവുമാണു്. എന്നാൽ പ്രസ്തുത യുവജന സംഘടനയുടെ വിജയ സാദ്ധ്യതകളേപ്പററി അല്പം സംശയമുണ്ടു്. കാരണം ഒരു പത്രത്തിൽ ആഴ്ചയിലൊരിക്കൽ വരുന്ന ചില കുറിപ്പുകളുപയോഗിച്ചു് ഒരു സമുദായത്തിലെയൊ രാഷ്ട്രത്തിലെയൊ യുവജനങ്ങൾക്കു മുഴുവൻ നേതൃത്വം കൊടുക്കുവാനൊ അവരെ നിയന്ത്രിക്കുവാനൊ സാധിക്കുമെന്നു പ്രത്യാശിക്കുന്നതു് ഒരു വ്യാമോഹം മാത്രമാണു്. മുപ്പത്തിഅഞ്ചു വയസ്സുവരെ പ്രായമായ എല്ലാ യുവതീയുവാക്കന്മാരും ഒരു പത്രക്കുറിപ്പിന്റെ പേരിൽ സംഘടിച്ചു പ്രവർത്തിച്ചുകൊള്ളുമെന്നു വിശ്വസിക്കുവാൻ ഒരു ന്യായവും കാണുന്നില്ല.

ഇവിടത്തെ ഇരുപത്തിയഞ്ചുകാരും മുപ്പത്തിയഞ്ചുകാരുമെല്ലാം കുറേയൊക്കെ വിദ്യാഭ്യാസമുള്ളവരും തന്റേടമുള്ളവരുമാണെന്നാണു് എന്റെ ധാരണ. നിയ

മജ്ഞന്മാരും ഡോക്ടറന്മാരും എഴുത്തുകാരും പത്രപ്രവർത്തകരും കർഷകരും രാഷ്ട്രീയ നേതാക്കളുമെല്ലാം അവരുടെയിടയിലുണ്ട്. അവരേയെല്ലാം കൂറേ ക്രൂപമണ്ഡൂകങ്ങളായി സങ്കല്പിച്ചുകൊണ്ടുള്ള ഒരു പോക്കാണ് ദീപിക യുവജന സംഘടനയുടേതു്. നമ്മുടെ രാഷ്ട്രീയ സാമൂഹ്യ മണ്ഡലങ്ങളിൽ കൂറേയൊക്കെ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന ഒരു മാന്യവനിതയുടെ അനുദിന പരിപാടികളും യാത്രാവിശേഷങ്ങളും ഉൾക്കൊള്ളിച്ചുള്ള ഏതാനും പത്രക്കുറിപ്പുകളിൽ നിന്നും ഇപ്രകാരമുള്ള യുവജനങ്ങൾക്കു് എന്തെങ്കിലും പ്രയോജനങ്ങൾ ലഭിക്കുകയില്ലെന്നു ഞാൻ പറയുന്നില്ല. ഉപയോഗരഹിതമായി ഒന്നുംതന്നെയില്ലാത്ത ഈ പ്രപഞ്ചത്തിൽ, ഏതായാലും മുപ്പത്തിയഞ്ചു വയസ്സുവരെ പ്രായമുള്ള യുവാക്കൾക്കുവേണ്ടി ദീപിക ബാലസഖ്യത്തിന്റെ മാതൃകയിൽ ഒരു സംഘടനയുണ്ടാക്കാമെന്നു തീരുമാനിച്ചവരുടെ ലാഘവബുദ്ധി അപലപനീയം തന്നെ. കൂറേക്കൂടി ഗൗരവബോധത്തോടുകൂടി ഇക്കാര്യം വീക്ഷിക്കപ്പെടേണ്ടതായിരുന്നു. കേരളത്തിലെ അന്തസ്സും അഭിമാനബോധവുമുള്ള മുപ്പതുകാർ ഈ സംഘടനയെ എങ്ങിനെ വീക്ഷിക്കുന്നുവെന്നറിയേണ്ടതുണ്ടു്. ഏതായാലും അതിന്റെ നേതൃത്വവും പ്രവർത്തനങ്ങളും നമുക്കു വീക്ഷിച്ചുകൊണ്ടിരിക്കാം.

എന്നാൽ കേരളത്തിലെ കർത്തോലിക്കരായ യുവജനങ്ങൾക്കു് ഒരു സംഘടന ഇന്നാവശ്യമുണ്ടു്. കുറെ മുമ്പു് എറണാകുളത്തുവച്ചു് അതിനുള്ള ചില പരിശ്ര

മങ്ങൾ നടന്നുവെങ്കിലും ഇവിടെ ചില സഭാധികാരികളുടെ ഉദ്ദ്യോഗങ്ങളും കുത്തിത്തിരിപ്പുകളും അടിസ്ഥാനരഹിതങ്ങളായ ആശങ്കകളും ഹേതുവായി ആ പദ്ധതിനടപ്പിലാകാതെ അലസിപ്പിരിഞ്ഞു. ഇവിടത്തെ കത്തോലിക്കായുവജനങ്ങൾ സംഘടിച്ചാൽ അവരെല്ലാം സഭയ്ക്കെതിരായി പ്രവർത്തിക്കുമെന്നും അവരൊക്കെ കമ്മ്യൂണിസ്റ്റ്കാരായി മാറിയേക്കുമെന്നുമാണു് ചിലരുടെ ഭയം. ഇതേപ്പറ്റിയൊക്കെ എന്തുപറയാനാണു്?

പുതിയ കാൽവെയ്പു്.

ഈയ്യിടെ കത്തോലിക്കാകോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ കോട്ടയത്തുവച്ചു് ഏതാദ്ദേശമായ ചില ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടു്. അതു് വിജയിക്കുകയാണെങ്കിൽ കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലത്തിനുള്ളിൽ കാ. കോൺഗ്രസ്സു് ചെയ്തിട്ടുള്ള ഏറ്റവും മഹത്തായ കാര്യമായി അതിനെ പരിഗണിക്കാം. എന്നാൽ പ്രസ്തുത പദ്ധതിയെപ്പറ്റി ഈ ലേഖകനു് ചില സംശയങ്ങളുണ്ടു്. കത്തോലിക്കാകോൺഗ്രസ്സിനെപ്പോലെതന്നെ, ചിലക്കു് മംഗളപത്രങ്ങൾ നല്കുവാനും ചിലക്കു് പൂമാലയിടുന്നതിനും ഏതാനും മെമ്മോറാണ്ടങ്ങൾ സമർപ്പിക്കുകയും ചില വാർഷികാഘോഷങ്ങൾ നടത്തുകയും ചെയ്യുന്നതിനുവേണ്ടിയാണു് ഈ യുവജനസംഘടനയെങ്കിൽ അതു രൂപീകരിക്കാതിരിക്കുന്നതാണു് നല്ലതു്. കത്തോലിക്കാകോൺഗ്രസ്സുകാരുടേയും ഷെവലിയർമാരുടെയെല്ലാം കൈമണികളായി വർത്തിക്കുവാനുള്ള ഒരു യുവജനസംഘ

ടന ഇവിടെ ഉണ്ടാകാതിരിക്കുന്നതാണു് ക്ഷേമത്തിനു്. ജീർണ്ണിച്ച മരവിച്ചുകിടക്കുന്ന കത്തോലിക്കാ കോൺഗ്രസ്സു്, ഇതുപോലുള്ളൊരു നൂതനസംഘടനയുടെ പ്രചോദനം നല്കുവാൻ പര്യാപ്തമാകുമോയെന്നു് നമുക്കു വീക്ഷിച്ചുകൊണ്ടിരിക്കാം. എന്തായാലും ഒരു കത്തോലിക്കാ യുവജനസംഘടന വിപുലമായും കാര്യക്ഷമമായും ഇവിടെ പ്രവർത്തനം നടത്തേണ്ടതു് സമുദായത്തിന്റേയും നാടിന്റേയും ഒരാവശ്യമാണു്. കേരളത്തിലെ അൽമായപ്രേഷിതത്വത്തിന്റെയും ക്രിസ്തീയ നവോത്ഥാനത്തിന്റേയും ഏറ്റവും ഉജ്ജ്വലപ്രതീകമായി വർത്തിക്കുവാൻ പ്രസ്തുത സംഘടനയ്ക്കു കഴിയും.

VII

സ്ത്രീ വ്യവസായം.

ഒരു വ്യവസായംക്രൂടി.

പാൽപ്പൊടി വ്യവസായം, ആശുപത്രി വ്യവസായം തുടങ്ങിയവ പോലെതന്നെ നമ്മുടെ സമുദായത്തിൽ തഴച്ചുവളരുന്ന ഒരു വ്യവസായമാണു് സ്ത്രീകളും കോളജുകളും. പക്ഷേ മറ്റു പല വ്യവസായങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു രീതിയാണു് ഇവയ്ക്കുള്ളതു്. വൈദികർക്കും കന്യാസ്ത്രീകൾക്കുംമാത്രമാണു് സാധാരണയായി ഈ വ്യവസായങ്ങളിൽ ഏർപ്പെടാവുള്ളതെന്നുസാരം. ഇവയെല്ലാം മഹത്തായ ചില ആദർശങ്ങളുടെയും ആത്മാർത്ഥവും ത്യാഗപൂർണ്ണവുമായ സേവനത്തിന്റേയും പേരിലാണു് നടത്തപ്പെടുന്നതെന്നുള്ളതു് വിചിത്രതരംതന്നെ.

കത്തോലിക്കാസ്ത്രീകൾ നമ്മുടെ ദേവാലയങ്ങൾ കഴിഞ്ഞാൽ നമുക്കേറ്റം പ്രിയപ്പെട്ടവയും പ്രധാനപ്പെട്ടവയുമായ സ്ഥാപനങ്ങളാണു്. കത്തോലിക്കാ അന്തരീക്ഷത്തിലും ജീവിതവീക്ഷണത്തിലും ക്രൂടിയായിരിക്കണം നമ്മുടെ സന്താനങ്ങൾ വളർന്നുവരേണ്ടതെന്നു് നമുക്കെല്ലാ

വക്കും നിർബന്ധമുണ്ട്. നമ്മുടെ വിദ്യാലയങ്ങളെ പിടിച്ചടക്കുവാനുള്ള ആധുനികഗവണ്മെൻറുകളുടെ ഏതൊരുവിധ ശ്രമത്തേയും അങ്ങേയറ്റം എതിർക്കുവാൻ നമുക്കു് കർത്തവ്യമുണ്ട്. കഴിഞ്ഞ അനേകം കൊല്ലങ്ങളായി കേരളത്തിലെ കത്തോലിക്കർ അവരുടെ സ്കൂളുകളുടെ സംരക്ഷണത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി നടത്തിയിട്ടുള്ള സമരങ്ങളും സഹിച്ചിട്ടുള്ള ത്യാഗങ്ങളും ഇതിനുദാഹരണങ്ങളാണു്.

എന്നാൽ നമ്മുടെ സ്കൂളധികാരികളും വിദ്യാഭ്യാസധുരന്ധരന്മാരും കത്തോലിക്കാസ്കൂളുകളെ ഇന്നു കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന വിധം നിർഭാഗ്യകരമാണു്. അഴിമതികളും കൊള്ളരുതായ്മകളും വർദ്ധിപ്പിച്ചു് എങ്ങിനെയെങ്കിലും നമ്മുടെ സ്കൂളുകളെല്ലാം ഗവണ്മെൻറിനേക്കൊണ്ടെടുപ്പിക്കണമെന്നു് ചിലർക്കു് നിർബന്ധമുള്ളതുപോലെ തോന്നും. നമ്മുടെ സ്കൂളുകളുടെ ഭരണവും നടത്തിപ്പും ഇന്നത്തെ രീതിയിൽ തുടരുന്നപക്ഷം സ്വയം ദേശസാൽക്കരണപദ്ധതിയുടെ അനുക്രലികം വർദ്ധിച്ചേക്കും. ആ കടുംകൈയിൽനിന്നും നമ്മുടെ വിദ്യാലയങ്ങളെ ഒഴിവാക്കേണ്ടതു് സഭയുടേയും സമുദായത്തിൻെറയും മുഖ്യകർത്തവ്യമാണു്. നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളെ മാന്യവും മര്യാദപൂർണ്ണവും മാതൃകാപരവുമായ രീതിയിൽ നടത്തിക്കൊണ്ടു് പോകാൻ ശ്രമിക്കുന്നപക്ഷം ഗവണ്മെൻറുകളുടെ ഏതൊരാക്രമണനടപടിയേയും വിജയപൂർവ്വം നേരിടുവാൻ നമുക്കു കഴിയും. സ്കൂളുകൾക്കുവേണ്ടിക്രൂടിയായിരുന്നല്ലോനമ്മുടെ

വിമോചനസമരം. ഇനിയും അപ്രകാരമൊരു പ്രതിസന്ധിഘട്ടം ആവിർഭവിച്ചാൽ ഇപ്പോഴത്തെ സ്കൂളധികാരികൾക്കു പിൻതുണനല്കുവാൻ മുമ്പുണ്ടായിരുന്നവരെല്ലാം ഉണ്ടാകുമോ? ഏതായാലും അതിനുമുമ്പായിത്തന്നെ നമ്മുടെ അധികാരികൾക്കും ഉത്തരവാദപ്പെട്ടവർക്കും ഒരു ബോധോദയം ഉണ്ടാകേണ്ടതാവശ്യമാണു്.

ആരുടെ ധനം.

ഇവിടത്തെ കത്തോലിക്കാസ്കൂളുകളും കോളജുകളും പണികഴിപ്പിച്ചതു് ഇവിടത്തെ കത്തോലിക്കരുടെ ധനവും അദ്ധ്വാനവും കൊണ്ടാണെന്നതു് കത്തോലിക്കാസ്കൂളധികൃതർ ആദ്യമായി മനസ്സിലാക്കണം. നമ്മുടെ സ്കൂളുകളും കോളജുകളുമൊക്കെ ഓരോ രൂപതയുടേയും മെത്രാന്റേയും പേരിലും അധീനതയിലുമായിരിക്കേണ്ടതു് കാര്യക്ഷമതക്കും നിയമപരമായ ചില എളുപ്പങ്ങൾക്കും കത്തോലിക്കാസ്ഥാപനങ്ങളുടെ പൊതുവേയുള്ള ഭദ്രതയ്ക്കും ആവശ്യമാണു്. എന്നാൽ സ്കൂളിന്റെ നടത്തിപ്പുകാരാരും അവരുടെ സ്വന്തം കയ്യിൽ നിന്നും പണമിറക്കി സ്ഥാപിച്ചിട്ടുള്ളവയല്ല ഈ സ്ഥാപനങ്ങൾ. അഥവാ വല്ല കോളേജിനും സ്കൂളിനുമൊക്കെ റോമിൽ നിന്നോ മറേറാ വല്ല സഹായവും ലഭിച്ചിട്ടുണ്ടെങ്കിൽപോലും അതിനെ നമ്മുടെ അധികാരികളുടെ വീട്ടിൽ നിന്നെടുത്ത പണമായിട്ടല്ല പരിഗണിക്കേണ്ടതു്. ചില മഠങ്ങൾ, കൊവേന്തകൾ തുടങ്ങിയവയുടെ വകയായി പണികഴിപ്പിച്ച നടത്താവുള്ള വിദ്യാഭ്യാസസ്ഥാപന

ങ്ങൾ മാത്രമാണു് പൊതുജനങ്ങളിൽ നിന്നും പിരിവുന ടത്താതെ സ്ഥാപിച്ചിട്ടുള്ളതെന്നു വേണമെങ്കിൽ പറയാ വുന്നതു്. എന്നാൽ നമ്മുടെ രാജ്യത്തെ ഭ്രരിപക്ഷം ക ത്തോലിക്കാ വിദ്യാലയങ്ങളും പൊതുജനങ്ങളുടെ പണ വും ബുദ്ധിമുട്ടുമുപയോഗിച്ചു് സ്ഥാപിച്ചിട്ടുള്ളവയാണെ ന്നതിൽ സംശയമില്ല. ദേവാലയങ്ങളും അങ്ങിനെയാ ണല്ലോയെന്നു് ചിലർ വാദിച്ചേക്കും. അവർ സംഗതി കളെ ക്രൂട്ടിക്കുഴക്കുകയാണു്. അതിനെല്ലാം ഇവിടെ മറുപടി പറയുന്നില്ല.

കായ്ക്ഷമത.

കത്തോലിക്കാ വിദ്യാലയങ്ങൾ ചിലരുടെ ഉദര പൂരണത്തിനുവേണ്ടിയുള്ള സ്ഥാപനങ്ങളല്ല. പരിശു വിദ്യാലയാധികൃതരും അദ്ധ്യാപകരും അവരുടെ സേവന ങ്ങൾക്കു പ്രതിഫലം അർഹിക്കുന്നവരാണു്. ഏറ്റവും കായ്ക്ഷമമായ രീതിയിലുള്ള കത്തോലിക്കാ വിദ്യാഭ്യാ സം നമ്മുടെ കുട്ടികൾക്കു ലഭിക്കുവനാണു് ഈ സ്ഥാപന ങ്ങൾ നിലകൊള്ളുന്നതു്. ഏറ്റവും നല്ലതും കായ്ക്ഷമ വുമായ കത്തോലിക്കാ വിദ്യാഭ്യാസം നല്കുവാൻ യോഗ്യ തയും പ്രാപ്തിയുമുള്ളവർ വൈദികരും കന്യാസ്ത്രീകളും മാത്രമാണെങ്കിൽ ആ ചുമതല അവരെ മാത്രമാണു് ഏ ല്പിക്കേണ്ടതു്. എന്നാൽ കാര്യങ്ങൾ അങ്ങിനെയല്ല ല്ലൊ. അദ്ധ്യാപന വിഷയത്തിൽ വൈദികരേയും ക ന്യാസ്ത്രീകളേയുംപോലെ തന്നെ യോഗ്യതകളും പ്രാപ്തി യും അർഹതയുമുള്ള അൽമേനികർ ധാരാളമുണ്ടു്.

പക്ഷേ ഇന്നത്തെ സാഹചര്യങ്ങളിൽ ഒരൽമേനിക്കു് എന്തെല്ലാം കഴിവുകളും യോഗ്യതകളുമുണ്ടായിരുന്നാലും ആ സ്ഥാനത്തു് ഒരു വൈദികനേയോ കന്യാസ്ത്രീയേയൊ ലഭിക്കുമെന്നു കണ്ടാൽ, അവരുടെ യോഗ്യതകൾ എത്ര തന്നെ കുറവായിരുന്നാലും അവർക്കുമാത്രമെ നമ്മുടെ വിദ്യാലയങ്ങളിലും കോളജുകളിലും ഉദ്യോഗം ലഭിക്കുകയുള്ളു. കോളജുകളിൽ പ്രത്യേകിച്ചു് ഡിപ്പാർട്ടുമെൻറുകളുടെ ചീഫാകുവാൻ ഏതെങ്കിലും വൈദികനെ ലഭിക്കുമെങ്കിൽ, എന്തെല്ലാം യോഗ്യതകളും സേവനതൽപരൃമുള്ളവരായാലും അൽമേനികൾക്കു് ആ ജോലി കിട്ടുകയില്ല. പ്രിൻസിപ്പാളുദ്യോഗത്തിനും ഹെഡ്മാസ്റ്റർ ഉദ്യോഗത്തിനും സാധാരണയായി പറഞ്ഞാൽ അൽമേനികൾക്കു് അർഹതയില്ലെന്നാണു് വയ്പു്. തികച്ചും സംസ്കാരരഹിതരും ധിക്കാരികളും ഉൽമാർഗ്ഗികളുമായ ചില വൈദികരെ നമ്മുടെ ചില സ്കൂളുകളുടേയും കോളജുകളുടേയും തലപ്പത്തു സ്ഥാപിച്ചിരിക്കുന്നതു കാണുമ്പോൾ ഇവിടത്തെ വൈദികമേധാവിത്വത്തെപ്പറ്റി എന്തെങ്കിലും പറയാതിരിക്കുന്നതെങ്ങിനെയാണു്? പൊതുജനങ്ങളുടെ പണവും പ്രയത്നവും ഉപയോഗിച്ചു സ്ഥാപിച്ചിട്ടുള്ള ചില സ്കൂളുകളിലെ ഉദ്യോഗങ്ങൾ മുഴുവൻ ചില മഠങ്ങളെ ഏല്പിച്ചിരിക്കുന്നതിൽ ഒട്ടും അനീതിയില്ലെന്നൊ? കന്യാസ്ത്രീകൾ നമ്മുടെ സഹോദരിമാരല്ലെന്നോ അവർക്കു ജീവിക്കുവാനർഹതയില്ലെന്നോ പഠിപ്പിക്കുവാനുള്ള യോഗ്യതകൾ അവർക്കില്ലെന്നോ പറയുന്നില്ല. പക്ഷേ അദ്ധ്യാപനവൃത്തികൊണ്ടു മാത്രം

ഇവിടത്തെ ചില മഠങ്ങൾ ഈ രാജ്യത്തെ ഏറ്റവും പ്രബലങ്ങളായ ചില സാമ്പത്തിക സ്ഥാപനങ്ങളായി ഉയർന്നിട്ടുള്ളതു കാണുമ്പോൾ ദാരിദ്ര്യം ജീവിതവ്രതമായി സ്വീകരിച്ചിട്ടുള്ള നമ്മുടെ സന്ന്യാസിനിമാർ സമുദായനീതിയുടെ പേരിലെങ്കിലും ചില അൽമേനികളുടേയും അവരുടെ കുടുംബങ്ങളുടേയും കാര്യം ക്രൂടി ന്യായമായി പരിഗണിക്കാത്തതു പരിതാപകരമായിത്തോന്നും.

ലേലം വിളി.

അൽമേനികളാണു നമ്മുടെ സ്കൂളുകളിലേയും കോളജുകളിലേയും ഭ്രരിപക്ഷം അദ്ധ്യാപകരെന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല. അവരിൽ ഒരു നല്ല ശതമാനം മാനേജരന്മാരുടേയും പ്രിൻസിപ്പാളന്മാരുടേയും ബന്ധത്തിൽ പെട്ടവരോ അവരുടെ സിൽബന്ധികളോ ആണെന്നതും ഒരു പരമാർത്ഥമാണു്. മഹത്തായ ആദർശങ്ങളോടുക്രൂടി നടത്തപ്പെടുന്ന നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചിലതിൽ അദ്ധ്യാപകജോലി ലേലം വിളിച്ചു കൊടുക്കുന്ന സമ്പ്രദായം ഇന്നും നിലവിലുണ്ടു്. സ്കൂൾ പണിക്കും മറ്റും കയ്യയച്ചു സംഭാവന ചെയ്ത ഇടവക്കാരിൽ നിന്നുപോലും അദ്ധ്യാപകരെ എടുക്കുന്നതു് കോഴയുടേയും കൈക്രൂലിയുടേയും പേരിലാണെന്നുവന്നാൽ നമ്മുടെ ജനങ്ങൾ അതെങ്ങിനെ സഹിക്കും! നമ്മുടെ മെത്രാന്മാർ ഇതൊന്നും അറിയുന്നില്ലെങ്കിലും ഈ കോഴയുടേയും മറ്റും ഒരു വീതം അവരുടെ കീഴിലുള്ള ചില 'ഉദ്യോഗസ്ഥന്മാ'ക്കു ലഭിക്കാറുണ്ടെന്നാണു് പൊതു

വേയുള്ള ധാരണ. വല്ലപ്പോഴുമൊക്കെ നമ്മുടെ അഭിവന്ദ്യതിരുമേനിമാർ റോമിലേക്കൊ ഡൽഹിയിലേക്കൊ ഒക്കെ ഒന്നു പോകുന്നതു് ഇക്കൂട്ടർക്കു് വളരെ നല്ലതാണു്. കൈക്കുലിയുടേയും മറ്റും കാര്യം പൊതുജനങ്ങൾ മൂണ്ടിക്കാണിച്ചാൽ മറ്റു സമുദായങ്ങളിലും ഇതൊക്കെ നടക്കുന്നുണ്ടല്ലോയെന്നാണു് ചില വീരന്മാരുടെ മറുപടി. അതിനാൽ, അതേ, അതിനാൽ നമ്മുടെ സമുദായത്തിലും ഇതൊക്കെ അനുവദനീയമാണു്, അല്ല അത്യാവശ്യമാണു്, അനുപേക്ഷണീയവുമാണു്. അരിസ്റ്റോട്ടൽ പ്രകൃതികാരനുപോലും ഈ ന്യായവാദം മനസ്സിലായില്ലെന്നു വരാം.

പിരിച്ചുവിടൽ.

അദ്ധ്യാപകരെ നിയമിക്കുവാനും പിരിച്ചുവിടുവാനുമുള്ള അധികാരാവകാശങ്ങൾ ന്യായമായി പറഞ്ഞാൽ മാനേജരന്മാരിൽ നിക്ഷിപ്തമായിരിക്കേണ്ടതാണു്. ഇന്നു് ഈ അധികാരങ്ങളെല്ലാം ഗവണ്മെന്റുകളേറെറടുക്കുവാൻ ശ്രമിക്കുന്നതു് നാർഭാഗ്യകരംതന്നെ. എന്നാൽ ഇതുപോലുള്ള അധികാരങ്ങളെ മാനേജരന്മാർ ഒറ്റുനിയോഗിക്കാതിരിക്കുവാൻ ചില നടപടികളെല്ലാം നമ്മുടെ സഭാധികാരികൾ സ്വീകരിച്ചേ മതിയാവൂ. മാനേജരന്മാക്കിഷ്ടമില്ലാത്തവരെ തോന്ന്യാസമായി പിരിച്ചുവിടുവാനുള്ള ചില കുറുക്കുവഴികൾ ഇന്നും നിലവിലുണ്ടു്. "സ്വാഭാവവൃക്ഷ്യ"ത്തിന്റെ പേരിലാണിതു്.

മാനേജരന്മാരും ഹെഡ്മാസ്റ്ററന്മാരുമൊക്കെ എത്ര ദുർമ്മാർഗ്ഗികളായാലും ശരി, പാവപ്പെട്ട ചില അദ്ധ്യാപകന്മാരെ പിരിച്ചുവിടണമെന്നു തോന്നുമ്പോൾ (വല്ല കന്യാസ്ത്രിയെ വൈദികനെ അയയിടെ B. T. പാസ്സായിട്ടുണ്ടായിരിക്കും) സ്വഭാവദൂഷ്യമെന്ന ആ ഇരുതലവാൾ പ്രയോഗിക്കുകയായി! ഇതേപ്പറ്റിയെല്ലാം കൂടുതൽ പറയുന്നില്ല.

അവരുടെ പോക്കറ്റുകളിലേക്കു്?

സ്കൂൾ ലൈബ്രറിയിലേക്കു പുസ്തകങ്ങൾ വാങ്ങുമ്പോൾ ലഭിക്കുന്ന കമ്മീഷൻ, സ്പെഷ്യൽഫീസുകളുടെ ഒരു ഭാഗം, നിയമനത്തിനുള്ള കൈക്കൂലി, മെയിൻറനൻസ് ഗ്രാൻറിൻെറ സിംഹഭാഗവും എന്നിവയെല്ലാം മാനേജരന്മാരുടേയും ഹെഡ്മാസ്റ്റർമാരുടേയും പോക്കറ്റുകളിലേക്കാണു് വീഴുന്നതെന്നു് ജനസംസാരമുള്ളതിൽ വല്ല പരമാർത്ഥവുമുണ്ടോ ആവോ. ഈ ഇനങ്ങളിലുള്ള വരവുകൾകൊണ്ടും തൃപ്തിപ്പെടാതെ താമസിച്ചുവരുന്നതിനും വേണ്ടോപദേശത്തിനു വരാത്തതിനും കൂർമ്പാന കൈക്കൊള്ളാത്തതിനുമെല്ലാം വിദ്യാർത്ഥികളിൽനിന്നും പിഴകൾ ഇടാക്കി തൃപ്തരാകുന്നവരും കുറവല്ല. സ്ക്രൂപണിയുടേയും കോളജുപണിയുടേയുമെല്ലാം പേരിൽ വൻതുകകൾ അടിച്ചെടുത്തു് സമ്പന്നരായിട്ടുള്ള ബഹുമാന്യരും ഇവിടെ ഉണ്ടു്.

വികാരി-മാനേജർ.

സ്ക്രൂ നടത്തിപ്പിനോ അതിൻെറ ഭരണത്തിനോ യാതൊരു യോഗ്യതയുമില്ലാത്തവരാണു് നമ്മുടെ

പല സ്ക്രൂം മാനേജരന്മാരും. ഇടവകഭരണത്തിനുള്ള കഴിവുണ്ടെന്നുകരുതി ഇടവകയുടെ കീഴിലുള്ള എല്ലാസ്ഥാപനങ്ങളേയും നടത്തിക്കൊണ്ടുപോകുവാൻ പള്ളിവികാരിമാക്കു് കഴിവുണ്ടെന്നുള്ളതു ശരിയല്ല. ഒന്നരണ്ടുഹൈസ്ക്കൂളുകളും പ്രൈമറിസ്ക്കൂളുകളും ഒരാശുപത്രിയുമെല്ലാം ഉള്ള ഒരിടവകയുടെ വികാരി, ഒരു പക്ഷേ ഒരു സ്ക്രൂം ഫൈനൽകാരനോ പഴയ ഏഴാംക്ലാസ്സുകാരനൊ ആയെന്നുവരാം. ഈ സ്ഥാപനങ്ങളുടെയെല്ലാം മാനേജുമെൻറു് അദ്ദേഹത്തിൽ നിക്ഷിപ്തമാവുകയെന്നു പറയുന്നതു് അത്ര മോശമൊന്നുമല്ല. പക്ഷേ കാര്യക്ഷമതയും അതുപോലിരിക്കും.

ഒരുപകടസാദ്ധ്യത.

നമ്മുടെ സ്ക്രൂധികൃതരിൽ ചിലർ ഭാവിയിൽ ദുർഘടംപിടിച്ച ചില പ്രശ്നങ്ങൾക്കു കാരണമാകുവാൻ പോകുകയാണു്. ഒരു വൈദികൻ എത്രവലിയ ഉദ്യോഗസ്ഥനും പണ്ഡിതനുമൊക്കെയായാലും അദ്ദേഹത്തിൻെറ മെത്രാനു് കീഴ്പ്പെട്ടിരിക്കേണ്ടതാണു്. എന്നാൽ വൈദികരായ നമ്മുടെ സ്ക്രൂധികാരികളിൽ ചിലർ ഇന്നു് മെത്രാന്മാരെയും മറ്റും തുണവൽഗണിച്ചുകൊണ്ടു് മുന്നേറുവാൻ തുടങ്ങിയിട്ടുണ്ടു്. കാരണം ശമ്പളംകൊടുക്കുന്നതു് സക്കാരിൽനിന്നും നേരിട്ടാണല്ലൊ. ബിഷോപ്പുതിരുമേനിയെ അനുസരിച്ചില്ലെങ്കിലും തങ്ങളുടെ ഉപജീവനമാർഗ്ഗം മുട്ടിപ്പോവുകയില്ലെന്നു് അവക്കറിയാം. സ്ക്രൂകൾ നടത്തുന്ന കന്യാസ്ത്രീകളിൽ ചി

ലരും ചിലേടങ്ങളിൽ ഇന്നു് വികാരിമാരെയും മെത്രാന്മാരെയുമെല്ലാം വകവെക്കാതായി തുടങ്ങിയിട്ടുണ്ടെന്നതും ഖേദകരമാണു്. ഗവണ്മെൻറിൽനിന്നും ശമ്പളംപറ്റുന്ന നമ്മുടെ സ്ക്രൂളധികൃതർ കുറേക്കഴിയുമ്പോഴേക്കും തനി 'ഗവണ്മെൻറുദ്യോഗസ്ഥന്മാ'രായി മാറും. ഈ "സ്വതന്ത്രന്മാർ" നമ്മുടെ അധികാരികളെ വളരെയധികം വിഷമിപ്പിക്കുവാൻ തുടങ്ങുന്ന ഒരു സന്ദർഭം അത്യാസന്നമത്രെ.

ഭരിക്കുന്നകുടുംബങ്ങൾ.

സാധാരണഗതിയിൽ പറഞ്ഞാൽ നമ്മുടെ ചില ശ്രുപതകളെ ഭരിക്കുന്നവർ ആ ശ്രുപതയിലെ നാലോ അഞ്ചോ കുടുംബങ്ങളായിരിക്കും. മെത്രാൻറെയും വികാരിജനറലിൻറേയും സെക്രട്ടറിയച്ചൻറെയും കുടുംബങ്ങളിൽപെട്ടവരും അവരുടെ ബന്ധുക്കളുമെല്ലാം ക്രൂടിയായിരിക്കും ആ ശ്രുപതയിലെ കാര്യങ്ങളെല്ലാം നടത്തുന്നതു്. പ്രധാനപ്പെട്ട ഫൊറോനാകളിലെ വികാരിമാരും സ്ക്രൂളുകളുടെ ഹെഡ്മാസ്റ്റർമാരും ഇങ്ങിനെയുള്ളവരായിരിക്കും. ഇങ്ങിനെയുള്ളവരുടെ വലയങ്ങൾ ഭേദിച്ചു് ഉള്ളിൽ കടന്നുകൂടുവാനൊ മെത്രാസനങ്ങളിലും മറ്റും എന്തെങ്കിലും സ്വാധീനശക്തി ചെലുത്തുവാനൊ ഒന്നും നമ്മുടെ സാധാരണ വൈദികർക്കും അൽമേനികർക്കും കഴിവുണ്ടാവുകയില്ല. അതിനാൽ മാനേജരന്മാരെപ്പറ്റിയോ ഹെഡ്മാസ്റ്റർമാരെപ്പറ്റിയൊ ഒക്കെയുള്ള പരാതികൾ ഉള്ളിൽ വച്ചുകൊണ്ടിരിക്കുക മാത്രമാണു്

സാധാരണക്കാക്ക് കരണീയം. ഇതെല്ലാം കത്തോലിക്കാസഭയുടേയും കത്തോലിക്കാ വിദ്യാഭ്യാസത്തിന്റെയും പേരിലുമത്രെ.

ഭരണസമിതികൾ.

ഉന്നത്തെ രീതിയിൽ ഇടവക വികാരിമാർ അതേ കാരണത്താൽ സ്ക്കൂളുകളുടെ മാനേജരന്മാർ ക്രൂടിയായിത്തീരുന്ന ദുഷിച്ച സമ്പ്രദായം മാറ്റി ശുപതാടിസ്ഥാനത്തിൽ വൈദികമേലദ്ധ്യക്ഷന്മാരുടെ കീഴിൽ സംഘടിപ്പിക്കപ്പെട്ടിട്ടുള്ള ചില ഭരണസമിതികളെ നിയമിക്കുകയും അവർ ആ ശുപതയിലുള്ള സ്ക്കൂളുകളുടെ മേൽനോട്ടവും ഭരണവും നടത്തിക്കൊണ്ടുപോവുകയും ചെയ്യുന്നതു് വളരെ നന്നായിരിക്കും. വിദ്യാഭ്യാസരംഗത്തു് പരിചയവും പ്രാവീണ്യവുമുള്ള കുറെ വൈദികരേയും അൽമേനികളേയും പ്രസ്തുത ഭരണസമിതിയിൽ ഉൾപ്പെടുത്താവുന്നതാണു്. നമ്മുടെ സ്ക്കൂളുകളുടെ കാര്യക്ഷമമായ നടത്തിപ്പിനു് ഈ സമ്പ്രദായം വളരെ ഉപകരിക്കും.

അതുപോലെതന്നെ ഓരോ സ്ക്കൂളിനോടും അനുബന്ധിച്ചു് അതതു പ്രദേശത്തെ പൊതുജനങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഒരു കമ്മറ്റി പ്രവർത്തനം നടത്തുന്നതു കൊള്ളാം. അതായതു സ്ക്കൂളുകളിലെ അദ്ധ്യാപക നിയമനം, പിരിച്ചു വിടൽ തുടങ്ങിയ കാര്യങ്ങളിൽ ഇപ്രകാരമുള്ള കമ്മറ്റികൾക്കു് ചില ഉപദേശാധികാരങ്ങൾ ഉണ്ടായിരിക്കണം. ശുപതാടിസ്ഥാന

ത്തിലുള്ള ഭരണസമിതിയും ഈ കമ്മിറ്റികളും ക്രൂടി യോജിച്ചു പ്രവത്തിച്ചാൽ ഇന്നത്തെ പല കൊള്ളരുതായ്മകൾക്കും ആരോപണങ്ങൾക്കും അവതി വരുത്താം. പക്ഷേ ഈ കമ്മിറ്റികളിലും അഴിമതികളുണ്ടാവുകയില്ലേ എന്നു് ചിലർ ചോദിച്ചേക്കാം. ജനാധിപത്യ സമ്പ്രദായത്തിന്റെ ബാലപാഠങ്ങൾ പോലും അറിഞ്ഞുകൂടാത്തവരാണു് ആ ചോദ്യകർത്താക്കൾ.

കോളജുകളിൽ.

അദ്ധ്യാപകശമ്പളം, ഫീസു് പിരിവു് തുടങ്ങിയ കാര്യങ്ങളിൽ ഗവണ്മെൻറു് പല നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടുള്ളതിനാൽ നമ്മുടെ സംക്രമം ഭരണത്തിലും വളരെയധികം അനീതികൾ ഇന്നു് ഇല്ലാതായിട്ടുണ്ടു്. എന്നാൽ കത്തോലിക്കാ കോളജുകളുടെ കാര്യം അതല്ല. സർക്കലാശാലാക്കമ്മീഷൻ ചില സ്കെയിലുകളും മറ്റും ഏർപ്പെടുത്തുകയും ഗ്രാൻറുകൾ നല്കുകയും ചെയ്യുന്നുണ്ടെങ്കിലും നമ്മുടെ കോളജദ്ധ്യാപകരിൽ ഭൂരിപക്ഷത്തിനേറയും ശമ്പളം ആ സ്കെയിലുകളുമായി യാതൊരു ബന്ധവുമില്ലാത്തവയാണു്. പ്രിൻസിപ്പാളിനു തോന്നുന്ന ശമ്പളം കൊടുക്കുകയും തോന്നുമ്പോൾ പിരിച്ചുവിടുകയും തൊട്ടതിനൊക്കെ തരം താഴ്ത്തുകയും ശകാരിക്കുകയും ചെയ്യുന്ന പതിവു് ഇന്നും നിലച്ചിട്ടില്ല. വൈദികരായ അദ്ധ്യാപകരുടെ കാര്യം അൽമേനികളുടേതിനേക്കാൾ അല്പം ക്രൂടി മെച്ചമാണെങ്കിലും അക്കാര്യങ്ങളിലെല്ലാം പ്രിൻസിപ്പാളിനേറയും മറ്റും തോന്ന്യാസമാണു് നിയമം.

കണക്കില്ല!

സ്കൂളുകളേപ്പോലെതന്നെനമ്മുടെമിക്കകോളജുകളും പൊതുജനങ്ങളുടെ പണമുപയോഗിച്ചു് കെട്ടിപ്പടുത്തിട്ടുള്ളതാണു്. സാധാരണഗതിയിൽ നല്ലവാർഷികവരുമാനമുള്ളവയാണു് പ്രസ്തുത സ്ഥാപനങ്ങൾ. ഈ തുകകളെല്ലാം എവിടെപ്പോകുന്നുവെന്നോ എങ്ങോട്ടുനീങ്ങുന്നുവെന്നോ ആർക്കും അറിഞ്ഞുകൂടാ. ശരിയായ കണക്കുകൾ എഴുതുകയെന്നതു് അവിടെയും നടപ്പുള്ള കാര്യമല്ല. ഹോസ്റ്റൽവാർഡന്മാരും പ്രിൻസിപ്പാളന്മാരുമൊക്കെയായി വളരെ ഭീമമായ തുകകൾ സമുദായത്തെ പൂഷണം ചെയ്തു സമ്പാദിക്കുന്നെന്നു് ഒരു പൊതുധാരണയുണ്ടു്. പൊതുജനങ്ങളോടൊ അധികാരികളോടൊ ഉത്തരവാദിത്വമുള്ളവരും കുറെയൊക്കെ സഭാചാരബോധവും മര്യാദയും വിനയവും പാണ്ഡിത്യവുമുള്ളവരുമായ വ്യക്തികളെ നമ്മുടെ കലാലയങ്ങളുടെ തലപ്പത്തു പിടിച്ചിരുത്തുവാൻ ഇവിടത്തെ അധികാരികൾക്കു് കഴിവില്ലെന്നോ? സ്കൂളുകളുടെ കാര്യത്തിലെന്നപോലെ ഈ കോളജുകളുടെ കാര്യത്തിലും ചില നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സാധിക്കും. ഈ നൂറാണ്ടിലെങ്കും അവയെ ശ്രവിക്കുവാൻ ആളുണ്ടാവുകയില്ലെന്നറിഞ്ഞുകൊണ്ടുതന്നെ അവയെല്ലാം സൂചിപ്പിക്കുന്നതെന്തിനാണു്.

കത്തോലിക്കാവിദ്യാഭ്യാസമെന്നതു് ഇന്നു കേരളത്തിൽ നിലവിലില്ല. നമ്മുടെ വിദ്യാഭ്യാസസ്ഥാപനത്തിന്റെ അലകും പിടിയും മാറാതെ അതു നടപ്പിലു

കാൻ പോകുന്നുമില്ല. ലത്തീൻ സുറിയാനിവഴക്കുകളും വിഭാഗീയ ചിന്തകളുമുപേക്ഷിച്ച് ഒരു കത്തോലിക്കാ സർവ്വകലാശാലയ്ക്കുവേണ്ടി പരിശ്രമിക്കുകയും ഇന്നത്തെ സ്കൂളുകളുടേയും കോളജുകളുടേയും ഭരണസമ്പ്രദായങ്ങളിൽ അല്പം ജനകീയമനുഭാവകർക്കുടി പാലിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നില്ലെങ്കിൽ കത്തോലിക്കാ വിദ്യാലയങ്ങൾ ഇന്നത്തേപ്പോലെ കുറേപ്പേരുടെ ഉദരപൂരണത്തിനും സ്വാർത്ഥതാല്പര്യങ്ങൾക്കും വേണ്ടിയുള്ള സ്ഥാപനങ്ങളായി തുടരുകയേയുള്ളൂ.

കത്തോലിക്കാസഭയുടെ ഭരണക്രമം ജനകീയമല്ലാത്തതിൽ ഒരു കത്തോലിക്കനും പ്രതിഷേധമില്ല. ശാശ്വതങ്ങളും അവിഷ്കൃതങ്ങളുമായ സത്യങ്ങളുടെ മണ്ഡലം ജനകീയഭരണത്തിന്റെ താന്തോന്നിത്തങ്ങൾക്കു വിട്ടുകൊടുക്കുവാനുള്ളതല്ല. എന്നാൽ വിദ്യാഭ്യാസമെന്നതു് സഭയുടെ മാത്രം കാര്യമല്ല. കുടുംബങ്ങളും സമുദായങ്ങളും രാഷ്ട്രങ്ങളും അതിൽ തല്പരരാണു്. സഭയുടെ താല്പര്യങ്ങൾക്കു് ഹാനിതട്ടാതെതന്നെ പൊതുജനങ്ങളുടെയും രാഷ്ട്രത്തിന്റേയും താല്പര്യങ്ങൾ ഈ രംഗത്തു് പരിരക്ഷിക്കുവാൻ സാധിക്കും. പക്ഷെ സ്വാധീനശക്തികളുടേയും താല്പര്യങ്ങളുടേയും ഈ സമതോലനം സാദ്ധ്യമായിത്തീരണമെങ്കിൽ സഭയും സമുദായവും രാഷ്ട്രവും അവരവരുടെ ആധിപത്യപ്രവണതകൾ അവസാനിപ്പിച്ചശേഷം യോജിച്ചുപ്രവർത്തിക്കണം. വൈദികമേധാവിത്വവും രാഷ്ട്രമേധാവിത്വവും വിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോളം ഒരുപോലെ പരിവർജ്ജ്യങ്ങളാണു്. അതുപറയുമ്പോൾ ഒരുത്തരും പ്രത്യേകിച്ചു് ശുണ്ഠിപിടിക്കേണ്ടതുമില്ല.

VIII

നമ്മുടെ ബുദ്ധിജീവികൾ.

ഔദ്യോഗിക ബുദ്ധിജീവികൾ.

കലാകാരന്മാർ, കവികൾ, ചിന്തകന്മാർ, എഴുത്തുകാർ തുടങ്ങിയവരെ ഉദ്ദേശിച്ചാണു് 'ബുദ്ധിജീവികൾ' എന്നു് ഇവിടെ പറയുന്നതു്. ബുദ്ധിജീവികൾ പലവിധത്തിലുള്ള തൊഴിലുകളിലും ഉദ്യോഗങ്ങളിലും പ്രവേശിക്കുന്നവരാകാം. എൻജിനീയറന്മാർ, ഡോക്ടറന്മാർ, അഭിഭാഷകർ, അദ്ധ്യാപകർ തുടങ്ങി പല മണ്ഡലങ്ങളിൽ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നവരേയും ബുദ്ധിജീവികളായി നാം കാണുന്നുണ്ടല്ലോ. പക്ഷേ ഒരാൾ ഒരഭിഭാഷകനോ, ഡോക്ടറോ, പ്രഫസറോ ആയതുകൊണ്ടുമാത്രം ബുദ്ധിജീവികളുടെ ഗണത്തിൽ പെടുകയില്ല. കാരണം ജീവിക്കുവാൻവേണ്ടിമാത്രം ജീവശാസ്ത്രപരമായ ചിലആവശ്യങ്ങളുടെ സാക്ഷാൽക്കരണത്തിനുവേണ്ടിമാത്രം തങ്ങളുടെ ബുദ്ധിയെ ഉപയോഗിക്കുന്നവരാണു് അവരിൽ ഭൂരിപക്ഷവും. സത്യാന്വേഷണത്തിലും വിജ്ഞാനത്തിന്റെ പുരോഗതിയിലും അവർക്കു താല്പര്യമുണ്ടായെന്നു വരില്ല.

കത്തോലിക്കരായ ബുദ്ധിജീവികളെ ഉദ്ദേശിച്ചാണു് പ്രധാനമായും ഈ ലേഖനമെഴുതപ്പെട്ടിട്ടുള്ളതു്. ഇതിലെ ചില നിരീക്ഷണങ്ങൾ അനാഷാംഗികമായി മാത്രം ഇതരസമുദായങ്ങളിലെബുദ്ധിജീവികളേയുംബാധിച്ചേക്കാം. കേരളത്തിന്റെയും ഭാരതത്തിന്റെയും ഇന്നത്തെ ചുറവപാടുകളിൽ കത്തോലിക്കാസഭയുടേയും സമുദായത്തിന്റെയും ഇന്നത്തെ പരിതസ്ഥിതികളിൽ നമ്മുടെ അഭ്യസ്തവിദ്യർ അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങളേപ്പറ്റിയാണു് ഇവിടെ പ്രസ്താവിക്കുവാൻപോകുന്നതു്.

ഔദ്യോഗിക ബുദ്ധിജീവിക (Inletlecluals 'ex professo') ളേക്കൊണ്ടു നിറഞ്ഞിരിക്കുന്ന ഒരു സമുദായമാണു് നമ്മുടേതു്. കൃഷി, വ്യവസായം, വാണിജ്യം തുടങ്ങിയവയിലും ഭരണക്രുടത്തിന്റെ ഏറവും ഉന്നതങ്ങളായ തലങ്ങൾവരേയും സ്കൂളുകളിലും കലാലയങ്ങളിലുമെന്നുവേണ്ട ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും നാമിന്നു വിജയപൂർവ്വം പ്രവത്തനം നടത്തുന്നുണ്ടു്. പ്രമുഖരായ ബാങ്കറന്മാരേയും വ്യവസായികളേയും കൃഷി പണ്ഡിറവകളേയുമെല്ലാം നിർല്ലോഭം നാം ഉല്പാദിപ്പിക്കുന്നുണ്ടു്. സയൻസും സാമ്പത്തിക ശാസ്ത്രവും ചരിത്രവും സാഹിത്യാദികളുമെല്ലാം പഠിപ്പിക്കുന്നതിലേർപ്പെട്ടിരിക്കുന്ന അനേകായിരം അദ്ധ്യാപകരും ലക്ചറന്മാരും പ്രൊഫസറന്മാരും നമുക്കുണ്ടു്. ബിരുദധാരികളുടെ എണ്ണം പ്രതിവർഷം ആശങ്കാജനകമായ രീതിയിൽ വർദ്ധിച്ചു വരികയുംചെയ്യുന്നു. ഇതെല്ലാമുണ്ടായിരുന്നിട്ടും ഒരു പരമാത്ഥം ഏറവുംഖേദപൂർവ്വംരേഖപ്പെട്ടത്തേണ്ടതുണ്ടു്

യഥാർത്ഥ ബുദ്ധിജീവികൾ വളരെക്കുറച്ചു മാത്രമുള്ള ഒരു സമുദായമാണു് നമ്മുടേതു്. ബുദ്ധിപരമായ പ്രവർത്തനങ്ങളുടെ മൂല്യത്തേയും പ്രാധാന്യത്തേയുംപറ്റി വളരെ കുറച്ചുമാത്രമേ നാം മനസ്സിലാക്കിയിട്ടുള്ളു. ആശയങ്ങളെ ആവിഷ്ക്കരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിൽ പരിതാപകരമായ ഒരു വിമുഖതയാണു് നാം പ്രദർശിപ്പിക്കുന്നതു്. ജീവിതത്തിന്റെ അനുദിനാവശ്യങ്ങൾക്കും സാമ്പത്തികമായനമ്മുടെ സംരംഭങ്ങൾക്കുമപ്പുറത്തു് സാംസ്ക്കാരികമായ ഒരു മണ്ഡലം കൂടിയുണ്ടെന്നും ചിന്താപരമായ പ്രവർത്തനങ്ങളാണു് മനുഷ്യന്റെ ഏറ്റവും ഉന്നതങ്ങളായ പ്രവർത്തനങ്ങളിലൊന്നെന്നും നമ്മുടെയാളുകൾ വേണ്ടത്ര മനസ്സിലാക്കിയിട്ടില്ലെന്നു തോന്നിപ്പോകുന്നു. കൂപ്പു നട്ടുന്നതിനും വാഴ വെയ്ക്കുന്നതിനും കണ്ടം കൃഷിചെയ്യുന്നതിനും ബാങ്കുകൾ നടത്തുന്നതിനുമൊക്കെയുള്ള നമ്മുടെ പരിശ്രമങ്ങൾ അത്യന്താപേക്ഷിതങ്ങളാണു്, സ്തുത്യർഹങ്ങളുമാണു്. പക്ഷേ ഉന്നതതരങ്ങളായ മറ്റുചില പ്രവർത്തനങ്ങളുടേയും മൂല്യങ്ങളുടേയും അഭാവത്തിൽ നമ്മുടെ ജീവിതം കേവലം മൃഗീയമായ ഒരു മണ്ഡലത്തിലേക്കു താണുപോകുന്നു. മൃഗങ്ങളിൽ നിന്നും മനുഷ്യനെ വേർതിരിക്കുന്ന പ്രവർത്തനങ്ങളിലൊന്നു് സാംസ്കാരികമായ പ്രവർത്തനങ്ങളാണെന്നും നമുക്കെന്നുസ്മരിക്കാം.

നീണ്ടപട്ടിക.

പക്ഷേ പ്രാഥമികങ്ങളായ ഈ വസ്തുതകൾ വേണ്ടത്ര മനസ്സിലാക്കിയിട്ടില്ലാത്തവരുടെ ഒരു നീണ്ട പട്ടി

കയാണു് ഇവിടെ സമർപ്പിക്കുവാനുള്ളതു്. നമ്മുടെ ഔദ്യോഗിക ബുദ്ധിജീവികളുടെ ഔദ്യോഗികമായ അലസതയേയും അക്ഷന്തവ്യമായ അജ്ഞതയേയുംപറ്റി എത്ര പറഞ്ഞാലും ക്ലൃപ്തതലായിപ്പോവുകയില്ല. കഴിഞ്ഞ പത്തുനാല്പതു കൊല്ലങ്ങളായി ആ കലാലയത്തിൽ ചരിത്രത്തിന്റെ 'കസേര'യലങ്കരിക്കുന്ന മഹാനായ ആ വ്യക്തി നിങ്ങൾക്കു പരിചിതനല്ലേ? സാമാന്യം ഭേദമായി ജീവിക്കുവാനുള്ള ചുറ്റുപാടുകൾ അദ്ദേഹത്തിനുണ്ടു്. കോളജിലെ മെച്ചപ്പെട്ട ഒരു ലൈബ്രറിയുടെ സഹായവും അദ്ദേഹത്തിനു ലഭിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹം സുദീർഘമായ തന്റെ അദ്ധ്യാപകജീവിതത്തെ നീതീകരിക്കുവാൻ ചിലതൊക്കെ ചെയ്തിട്ടില്ലെന്നു പറയുന്നതു ശരിയല്ല. മുക്കർജിയും, മൂറും, മോമ്സനും, മെക്കോളെയുമെല്ലാം പറഞ്ഞിട്ടുള്ള ചില കാര്യങ്ങൾ അപ്പാടെ പകർത്തി ചില നോട്ടുകൾ തയ്യാറാക്കി 'Introduction to modern history' എന്നും 'Survey of World History' എന്നുമൊക്കെയുള്ള മഹാ നാമധേയങ്ങളിൽ അദ്ദേഹം അച്ചടിപ്പിച്ചിട്ടുണ്ടു്. ചോദ്യോത്തരങ്ങളോടുകൂടിയ ചില ഗൈഡുകളും പരീക്ഷ പാസ്സാകുവാൻ അവ അനപേക്ഷണീയങ്ങളത്രെ. പഞ്ചായത്തു പ്രസിഡൻറാകാനും മണ്ഡലം കമ്മറ്റിയിൽ അംഗത്വം നേടുന്നതിനുമുള്ള ചില ഭഗീരഥ പ്രയത്നങ്ങളാണു് അദ്ദേഹത്തിന്റെ മറ്റു വീരകൃത്യങ്ങൾ. ഇങ്ങിനെയുള്ള എത്ര മഹാചരിത്രകാരന്മാർ നമ്മുടെയിടയിലുണ്ടെന്നാലോചിച്ചു നോക്കുക. ചരിത്രത്തേപ്പറ്റിയുള്ള തത്വചിന്താപ

രവും ദൈവശാസ്ത്രപരവുമൊക്കെയായ വിചിന്തനങ്ങളേപ്പറ്റിയുള്ള അവരുടെ അജ്ഞതപോകട്ടെ, സ്വന്തം സമുദായത്തിനേറയും നാടിനേറയും ചരിത്രങ്ങളിലേക്കു വെളിച്ചം വീശുവാൻ അവർ എന്തെങ്കിലും ചെയ്തിട്ടുണ്ടോയെന്നു തിരക്കുക. ഇന്ത്യയിലെ ചരിത്രകാരന്മാരുടെ കോൺഫറൻസു കൂടുമ്പോൾ ഇവരിൽപ്പെട്ട എത്ര മാന്യന്മാർ അതിൽസംബന്ധിക്കുന്നുണ്ടെന്നും അന്വേഷിക്കുക. ചരിത്രത്തിന്റെ ഭൗതികമായ വ്യാഖ്യാനം ഇന്നാട്ടിൽ ഇന്നു പ്രചരിക്കുന്നതിനെതിരായി ഇവിടത്തെ ചരിത്രപണ്ഡിതന്മാർ എന്തെങ്കിലും ചെയ്തിട്ടുണ്ടോ? 'ഇന്ത്യയുടെ ആത്മാവു്' തുടങ്ങിയ ഗ്രന്ഥങ്ങളുടെ കാര്യം ഞാൻ സൂചിപ്പിക്കുകയാണു്.

ഇപ്രകാരമുള്ള ഉദാഹരണങ്ങൾ എത്ര വേണമെങ്കിലും ചൂണ്ടിക്കാണിക്കാം. ജാഥാർ ആൻഡ് ബെറിയും, റോബിൻസും, മാർഷലുമൊക്കെയായി ബന്ധപ്പെട്ടു കഴിയുന്ന നമ്മുടെ സാമ്പത്തികശാസ്ത്ര വിശാരദന്മാർ, പരിണാമവാദത്തെ അന്ധമായി അധിക്ഷേപിക്കുകയും അതിനെതിരായി ആരൊക്കെയൊ പണ്ടു പറഞ്ഞ ചില ന്യായങ്ങൾ പൊക്കിപ്പിടിച്ചു കൊണ്ടുനടക്കുകയും ചെയ്യുന്ന ജീവശാസ്ത്ര പണ്ഡിതന്മാർ, Entropy സിദ്ധാന്തമുപയോഗിച്ചു് ദൈവാസ്തിക്യം തെളിയിക്കാമെന്നു് മറ്റുചിലർ പറഞ്ഞു കേട്ടിട്ടുള്ള ഊഹക്കച്ചവടക്കാരായ വിദഗ്ദ്ധർ, സാഹിത്യത്തേപ്പറ്റി തങ്ങൾക്കുള്ള ധാരണകൾ മുഴുവൻ ചില ടെക്സ്റ്റ് ബുക്കുകളിൽ നിന്നു പകർത്തിയെടുത്തിട്ടുള്ള സാഹിത്യാദ്ധ്യാപകർ തുടങ്ങി നമ്മുടെ ഔദ്യോ

ഗിക ബുദ്ധിജീവികളുടെ കാര്യത്തിൽ പലതും പറയുവാനുണ്ട്. അവയൊന്നും ഇവിടെ വലിച്ചുനീട്ടി വിവരിക്കുന്നില്ല. ഈ മാന്യന്മാരിൽ പലരും പരീക്ഷ ജയിക്കുവാനുദ്ദേശിക്കുന്ന തങ്ങളുടെ വിദ്യാർത്ഥികൾക്കും വീട്ടിലുള്ള തങ്ങളുടെ കളത്രപുത്രാദികൾക്കും പഞ്ചായത്തിലെ പ്രസിഡണ്ടുദ്യോഗത്തിനും അപ്പുറത്തു് ഒന്നും ദർശിക്കുവാൻ കഴിവില്ലാത്തവരായിപ്പോയതു് നമ്മുടെ നാടിന്റെ നിർഭാഗ്യമത്രെ.

നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇതര സാംസ്കാരികമണ്ഡലങ്ങളിലും പ്രവർത്തനം നടത്തുന്ന അനേകം സുഹൃത്തുക്കളെ മനഃപ്പൂർവ്വം ആക്ഷേപിക്കുവാൻ വേണ്ടിയല്ലാ ഞാനിങ്ങനെ പറയുന്നതു്. അവരെല്ലാം ന്യൂനശതമാനവും ഗ്രന്ഥകാരന്മാരും ചിന്തകരുമായി ഉയരാത്തതിൽ ആക്ഷേപമില്ല. കാരണം ലോകത്തിലൊരിടത്തും അങ്ങിനെ സംഭവിക്കുന്നില്ല. പക്ഷേ ബുദ്ധിപരവും വിജ്ഞാനപരവുമായ പ്രവർത്തനങ്ങളോടു് പൊതുവെ നമ്മുടെയിടയിൽ കാണുന്ന വിരസതയും വൈമുഖ്യവുമാണു് എനിക്കു് സൂചിപ്പിക്കുവാനുള്ളതു്. അതു് വളരെ അപകടകരമായ ഒരു പ്രവണതയാണെന്നും എനിക്കഭിപ്രായമുണ്ടു്. ഇന്നു കേരളത്തിലെ കലാപരവും വൈജ്ഞാനികവും ശാസ്ത്രീയവും ബുദ്ധിപരവുമായ മണ്ഡലങ്ങളിൽ സ്വാധീനം ചെലുത്തുന്ന ശക്തികൾ ഏതുതരം ആശയങ്ങളെയാണു് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നതെന്നതു് നാം ശ്രദ്ധിച്ചു വീക്ഷിച്ചിട്ടുണ്ടോ? ആശയങ്ങളുടെ മണ്ഡലത്തിൽ നാം ദരിദ്രരായതുകൊണ്ടാ

ണൊ ഈ വിഷയത്തിൽ നാമിത്ര പിന്നോക്കം നില്ക്കുന്നതു്? നമ്മുടെ ഉദാസീനതയും അലസതയും ഇക്കാര്യത്തിൽ എന്തു പങ്കു വഹിക്കുന്നു?

ഔത്യബോധം.

ആശയങ്ങളുടേയും വിജ്ഞാനത്തിന്റേയുമെല്ലാം കാര്യത്തിൽ നമുക്കൊരു ഔത്യം നിർവ്വഹിക്കാനുണ്ടെന്നു ബോദ്ധ്യം നമ്മിൽ ഇനിയും വളർന്നു വന്നിട്ടില്ല. തങ്ങൾക്കൊരു മഹത്തായ ഔത്യം നിർവ്വഹിക്കാനുണ്ടെന്നുള്ള ബോദ്ധ്യമാണു് മാർക്സിസ്റ്റു് പക്ഷക്കാരുടെ അത്ഭുതപൂർവ്വമായ ബുദ്ധിപരപ്രവർത്തനങ്ങളിൽ നാം കാണുന്നതു്. നമ്മുടെ ഔത്യമാകട്ടെ അവയേക്കാളെല്ലാം മഹത്തരമായ ഒന്നാണു്. പക്ഷേ അതിനേപ്പറ്റിയുള്ള ബോദ്ധ്യം ഇനിയെങ്കിലും നമുക്കുണ്ടാകണം. ആശയപരമായ സമരത്തിന്റെ രംഗത്തേക്കു് നാമിറങ്ങുക തന്നെ വേണം.

ചരിത്രം എന്തുപറയുന്നു.

നമ്മുടെയിടയിൽ ബുദ്ധിജീവികൾ താരതമ്യേന കുറവായിരിക്കുന്നതിന്റെ കാരണങ്ങൾ പ്രധാനമായി താഴെപ്പറയുന്നവയാണു്. ഒന്നാമതായി സാമ്പത്തിക കാരണങ്ങൾ. ബുദ്ധിപരമായ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നവർ സാധാരണഗതിയിൽ ജീവിതത്തിലെ സാമ്പത്തിക ക്ലേശങ്ങളിൽ നിന്നും കുറേയൊക്കെ വിമുക്തരായിരിക്കണം. തങ്ങളുടെ അന്നദിന ജീവസന്ധാരണത്തിനുവേണ്ടി രാപകൽ ഇടതടവില്ലാതെ ബുദ്ധിമുട്ടു

ന്നവർക്കു് വിജ്ഞാന സമ്പാദനത്തിനും ഗവേഷണത്തി നുമുള്ള പ്രയത്നങ്ങളിൽ ഏർപ്പെട്ടക വിഷമകരമാണു്. പക്ഷേ ഇതിനൊരു മറുവശം കൂടിയുണ്ടു്. പണത്തി നേറയും പ്രതാപത്തിനേറയും ഉന്നതതലങ്ങളിൽ വത്തി ക്കുവാനും സാധാരണയായി ബുദ്ധിപരമായ പ്രവർത്തന ങ്ങളോടു് താല്പര്യം പ്രകടിപ്പിക്കാറില്ല. ക്രൂട്ടതൽ പണം സമ്പാദിക്കുക, പിന്നേയും സമ്പാദിക്കുക ഇതാണു് അവ രുടെ ലക്ഷ്യം. ബുദ്ധിജീവികരം സാധാരണയായി ഇട ത്തരക്കാരിൽ നിന്നുമാണു് ഉയന്നവരിക. പ്രഭുകുടുംബ ങ്ങരം, രാജകുടുംബങ്ങരം തുടങ്ങിയവയുടെ കാര്യം ചില അപവാദങ്ങരം മാത്രമാണു്. നമ്മുടെയിടയിൽ സാമ്പ ത്തികക്ലേശം പലക്കും വിജ്ഞാന സമ്പാദനത്തിനു് വി ഘാതമാകാറുണ്ടെങ്കിലും കഴിവുള്ള ധാരാളം പേർ നമ്മുടെ മദ്ധ്യേ ഉണ്ടെന്നുള്ളതും വിസ്മരിച്ചുകൂടാ. അവക്കുള്ള ത കരാറു് ഉത്സാഹക്കുറവു മാത്രമാണു്. ഔദ്യോഗികബു ദ്ധിജീവികളുടെ കാര്യത്തിൽ ഇതാണു് പരമാത്ഥമെന്നു തോന്നുന്നു.

അടുത്തതായി പറയുവാൻ പോകുന്ന കാരണം കത്തോലിക്കർക്കു പ്രത്യേകമായ ഒന്നാണു്. മുമ്പൊരി ക്കൽ ഇക്കാര്യം ഞാൻ സൂചിപ്പിച്ചിട്ടുണ്ടു്. സുപ്രധാന ങ്ങളായ നിത്യസത്യങ്ങളുമായുള്ള നമ്മുടെ പരിചയം അ പ്രധാനങ്ങളും ആപേക്ഷികങ്ങളുമായ ഭൗതികസത്യങ്ങ ളോടുള്ള നമ്മുടെ ആദരവിനെ കുറച്ചേക്കാം. ക്രിസ്തുവി ന്റെ ജീവചരിത്രത്തിനു് നാം നല്കുന്ന പ്രാധാന്യം കൺ ഫ്യൂഷ്യസിന്റെയൊ അക്ബറിന്റെയൊ ചരിത്രത്തിനു

നല്ലാറില്ല. ഭൗതിക വിജ്ഞാനത്തോടും മൂല്യങ്ങളോടും മുഴുവനുമുള്ള ക്രിസ്തീയ മനോഭാവം കുറെയൊക്കെ ഇപ്രകാരമായിരുന്നിട്ടുണ്ട്. പ്രസ്തുത മനോഭാവം ഇന്നും പലരുടേയുമിടയിൽ നിലവിലിരിക്കുകയും ചെയ്യുന്നു. ഏറ്റവും നല്ല കവിതകളും ജീവചരിത്രങ്ങളും മതപരമായിരുന്നാൽ മാത്രമേ നമ്മിൽ ചിലർക്കു തൃപ്തിവരികയുള്ളൂ. ഈ വിഷയം കൂടുതലായി ഇവിടെ ചർച്ച ചെയ്യുന്നില്ല. ബുദ്ധിപരമായ പ്രവർത്തനങ്ങളിൽ നാം പിന്നോക്കം നില്ക്കുന്നതിനുള്ള ഒരു കാരണമായി ഈ മനോഭാവത്തെ വീക്ഷിച്ചാൽ മതി. മറെറാന്നുകൂടി, സാക്ഷരതപോലും വിദ്യാഭ്യാസവും നമ്മുടെ നാട്ടിൽ സാർവ്വത്രികമല്ലാതിരുന്ന കാലത്തു് നമ്മുടെ വൈദികരായിരുന്നു ഇന്നാട്ടിലെ വിജ്ഞാന മണ്ഡലത്തിൽ പ്രാമാണ്യം വഹിച്ചിരുന്നവർ. തത്പചിന്തയും ബുദ്ധിപരമായ ഉന്നതപ്രവർത്തനങ്ങളുമെല്ലാം വൈദികർക്കു വിട്ടുകൊടുക്കുവാനും ഭൗതികവിജ്ഞാനത്തിന്റെ കാര്യത്തിൽമാത്രം അവരിൽ നിന്നു നേതൃത്വം സ്വീകരിക്കുവാനുമുള്ള ഒരു പ്രവണത നമ്മുടെയിടയിൽ അടുത്തകാലംവരെ നിലവിലുണ്ടായിരുന്നു. ഇന്നതു മാറിക്കൊണ്ടിരിക്കുകയാണു്, മാറുകയും വേണം.

സൂക്ഷ്മമാക്കുക.

സത്യത്തിന്റെ പ്രചരണത്തിലും വളർച്ചയിലും പുരോഹിതരോടൊപ്പം അൽമേനികളും ഇന്നു് ഉത്തരവാദരാകേണ്ടതുണ്ടു്. ഭൗമികവും ഭൗതികവുമായ സത്യങ്ങളെ അവഗണിച്ചുകൊണ്ടുള്ള ഒന്നായിരിക്കരുതു് നമ്മു

ടെ മതവിശ്വാസം. മതവിശ്വാസത്തിനുപോൽബല കങ്ങളായ ന്യായങ്ങളെ അന്വേഷിക്കുവാനാം നമുക്കു ചുമ തലയുണ്ട്. ദൈവികസത്യങ്ങളെ പൂർണ്ണമായി ഗ്രഹി ക്കുക നമ്മേ സംബന്ധിച്ചിടത്തോളം അസാദ്ധ്യമാണെ ങ്കിലും അവയെ കഴിയുന്നത്ര സുഗ്രാഹ്യമാക്കുവാനുള്ള ന മ്മുടെ പരിശ്രമങ്ങൾ തുടരുകതന്നെ വേണം. അതുപോ ലെതന്നെ ഈശ്വരവിജ്ഞാനത്തേയും നന്മയേയും പ്രകീ ർത്തിച്ചുകൊണ്ടിരിക്കുന്ന ഈ ഭൗതികപ്രപഞ്ചത്തിന്റെ പ്രവർത്തനരഹസ്യങ്ങളെ മനസ്സിലാക്കുവാനും അതിനെ ക്രൂരതൽ ക്രൂരതൽ മനുഷ്യാധിവാസയോഗ്യമാക്കുവാനും നമുക്കു കടമയുണ്ട്. "ആധുനികവിജ്ഞാനത്തിന്റെ അദ്ഭുതപൂർവ്വവും അത്ഭുതാവഹവുമായ വളർച്ചയെ മുഴ വൻ സ്വായത്തമാക്കുവാൻ ഒരു ദൈവശാസ്ത്രജ്ഞനും സാദ്ധ്യമല്ല. എന്നാൽ തങ്ങളെ യോജിപ്പിക്കുന്ന വി ശ്വാസത്തിലൂടെ ഒന്നിച്ചു പ്രവർത്തിക്കുവാനും അങ്ങിനെ പുതിയ ഒരുദ്ഗ്രഥനത്തിന്റെ വളർച്ചയെ സഹായിക്കു വാനും ദൈവശാസ്ത്രജ്ഞന്മാർക്കും പണ്ഡിതന്മാർക്കും സാ ധിക്കും."

ഇന്നും ലോകമെങ്ങുമുള്ള കത്തോലിക്കർ ഇപ്രകാരമുള്ള ഒരാവശ്യത്തേക്കുറിച്ചു ക്രൂരതൽ ബോധവാന്മാരായിത്തീർന്നു കൊണ്ടിരിക്കുകയാണു. 19-ാം ശതകത്തിലെ യൂറോപ്യൻ കത്തോ ലിക്കർപോലും ബുദ്ധിപരമായ പ്രവർത്തനങ്ങളിൽ വളരെ പിന്നോക്കമായിരുന്നു. സാമ്പത്തികവും സാമൂഹ്യവു മായ ചിന്താമണ്ഡലങ്ങളിൽവരെ ഇതു പ്രത്യക്ഷപ്പെട്ടി

രുന്നു. ജീഡ്മം, റിസ്റ്റവം ക്രൂടി എഴുതിയ സാമ്പത്തിക സാമൂഹ്യ സിദ്ധാന്തങ്ങളുടെ ചരിത്രത്തിൽ ഈ വസ്തുത പ്രകടമാക്കിയിട്ടുണ്ട്. പക്ഷേ ചിന്തയുടെ രംഗത്തു് കത്തോലിക്കർ പിന്നോക്കമായിരുന്നെങ്കിലും പരസ്നേഹപരമായ പ്രവർത്തനങ്ങളുടെ രംഗത്തു് കത്തോലിക്കർ ഏറ്റവും മുന്നണിയിൽ തന്നെയാണു് നിന്നിരുന്നതു്. നമ്മുടെ നാട്ടിലും ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്നതിതു തന്നെയാണു്. ക്രിസ്തീയ സ്ഥാപനങ്ങൾ-ആശുപത്രികളും ആതുരാലയങ്ങളും കലാലയങ്ങളും സ്കൂളുകളുമെല്ലാം വളരെയധികം നമ്മുടെ നാട്ടിലുണ്ടു്. പക്ഷേ ഉജ്ജ്വലവും ചിന്താപരവുമായ ഒരുദ്ഗ്രഥനത്തിന്റെ സഹായം അവക്കു ലഭിക്കുന്നില്ല. തന്മൂലം അവയുടെ കായ്ക്ഷമത പലപ്പോഴും കുറഞ്ഞുപോകുന്നു. "നമ്മിൽ പലരും പഠനത്തേക്കാൾ പ്രവർത്തിക്കും, സാമൂഹ്യനീതിയേക്കാൾ ആത്മാക്കളുടെ നന്മക്കുമാണു് പ്രാധാന്യം നല്കുന്നതു്." അതു തെറ്റാണെന്നു പറയുകയല്ല. പഠനത്തിനും സാമൂഹ്യനീതിക്കുമെല്ലാം കൂടുതൽ പ്രാധാന്യം നല്കണമെന്നു് സൂചിപ്പിക്കുക മാത്രമാണു് ചെയ്യുന്നതു്.

കഴിഞ്ഞ കാലത്തു്.

എന്നാൽ കത്തോലിക്കരേസ്സംബന്ധിച്ചിടത്തോളം ചരിത്രത്തിലുടനീളം ഇപ്രകാരമല്ല സംഭവിച്ചുകൊണ്ടിരുന്നതു്. സഭാപിതാക്കന്മാരും പണ്ഡിതന്മാരുമായി നമുക്കറിയപ്പെട്ടിരുന്ന മഹാവ്യക്തികൾ അതതുകാലത്തെ വിജ്ഞാനസാകല്യത്തെ സ്വായത്തമാക്കിയിരുന്ന

വരും അവയെ ധാരാളമായി ഉപയോഗിച്ചിരുന്നവരുമാണു്. സെൻറ് അഗസ്റ്റിൻ, അകപീനാസ് തുടങ്ങിയ ആ മഹാവ്യക്തികളുടെ പ്രചോദനവും പാണ്ഡിത്യവും ഇന്നും നമുക്കുത്തേജനം നല്കുന്നുണ്ടു്. എന്നാൽ അവരുടെ നേട്ടങ്ങളെമാത്രം ശരണീകരിച്ചുകൊണ്ടു് കഴിഞ്ഞുകൂടേണ്ടവരല്ല നാം. പുതുതായ ഒരുദ്ഗ്രഥനം ഇന്നാവശ്യമായിത്തീർന്നിരിക്കുന്നു. ആധുനിക വിജ്ഞാനത്തിൻെറ അത്ഭുതാവഹവും അഭ്രതപൂർവ്വവുമായ വളർച്ചയേപ്പറ്റി മുകളിൽ സൂചിപ്പിച്ചുകഴിഞ്ഞു. ആധുനിക ഫിസിക്സ്, ബയോകെമിസ്ട്രി, ബയോളജി, അസ്ട്രോണമി തുടങ്ങിയവയുടെ വളർച്ച, ഫിനോമിനോളജി, എക്സിസ്റ്റൻഷ്യലിസം, സൈബർനെറ്റിക്സ്, സോഷ്യോളജി, ലോജിസ്റ്റിക്സ്, ലോജിക്കൽ പോസിറ്റീവിസം തുടങ്ങിയവയുടെ നിഗമനങ്ങൾ, മാർക്സിയൻ ചിന്തയും നിയോ വേദാന്തവും യോഗസിദ്ധാന്തങ്ങളും തിയോസഫിയുമെല്ലാം പ്രചരിപ്പിക്കുന്ന ആശയങ്ങൾ, തുടങ്ങി ആധുനികവിജ്ഞാനത്തിൻെറ എല്ലാ ശാഖകളിലും സംഭവിച്ചുകൊണ്ടിരിക്കുന്ന പരിവർത്തനങ്ങളും വിപ്ലവങ്ങളും നമ്മുടെ സത്വരമായ ശ്രദ്ധയെ ആകർഷിക്കേണ്ടതാണു്. മതവിശ്വാസത്തിൽ അധിഷ്ഠിതമായ നമ്മുടെ ജീവിതവീക്ഷണവും അവയുടെ നിഗമനങ്ങളും തമ്മിൽ ഒരുദ്ഗ്രഥനം സാധിക്കുവാൻ ഇപ്രകാരമുള്ള പരിശ്രമങ്ങൾ ക്രൂടിയേതീരു. അകപീനാസിനേയും അഗസ്റ്റീനോസിനെയും നേരിട്ട പ്രശ്നങ്ങളല്ല ഇന്നു നമ്മെ അഭിമുഖീകരിക്കുന്നതു്. ദൈവാസ്തിക്യത്തെ തെളിയിക്കുവാനുള്ള അകപീനാസിൻെറ 5 ന്യായങ്ങൾക്കു് ഇന്നും

സാധുതപുലർത്തുന്നുണ്ട്. പക്ഷേ ഇന്നത്തെ നാസ്തികവാദം ക്രൂരതൽ സങ്കീർണ്ണമാണ്. മനുഷ്യസ്വാതന്ത്ര്യത്തിന്റെ പേരിൽ സാർത്രു് (Sartre) ദൈവാസ്തിക്യത്തെ നിഷേധിക്കുന്നു. സാമൂഹ്യമായ വിഘടന (alienation) ത്തിന്റെ പേരിൽ ഫയർബാക്കും മാർക്സും ഈശ്വരാസ്തിക്യത്തെ നിഷേധിക്കുന്നു. ദൈവശാസ്ത്രസങ്കേതങ്ങളുടെ അയഥാർത്ഥതയേയും പൊള്ളത്തരത്തേയും ചൂണ്ടിക്കാണിച്ചുകൊണ്ടാണ് റസ്സൽപ്രഭൃതികളും ലോജിക്കൽ പോസിറ്റീവിസ്റ്റുകളും ഈശ്വരാസ്തിക്യം നിഷേധിക്കുന്നതു്. പഴയ സ്കോളാസ്റ്റിക് ന്യായങ്ങളും അപ്പടി ആവർത്തിച്ചുകൊണ്ട് ഇവരുടെ പക്കൽ പ്രയോജനമില്ലെന്നു നമുക്കറിയാം. ആധുനിക ചിന്തയുടെ ഏതാട്ടങ്ങളായ സങ്കീർണ്ണതകളേപ്പറ്റി നമ്മുടെ സെമ്മിനാരികളും പോലും വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടുണ്ടോയെന്നു് സംശയമാണു്.

എന്നാൽ മതപരമായ സിദ്ധാന്തങ്ങളും മാത്രമല്ല മതത്തെ ഏതെങ്കിലും വിധത്തിൽ അനുകൂലിക്കുന്ന എല്ലാ സിദ്ധാന്തങ്ങളും ഇന്നു ചോദ്യം ചെയ്യപ്പെട്ടുവാൻ തുടങ്ങിയിട്ടുണ്ടു്. ഇവയുടെ പരിരക്ഷണത്തിനുവേണ്ടിയും നാം പരിശ്രമിക്കണം.

ഉത്തമ വിശ്വാസം.

മറെറാരു സംഗതിക്കുടി ഇവിടെ പ്രസ്താവിക്കാം. പതിനൊന്നാം പീയൂസ് തിരുമേനി ഒരിക്കൽ പറയുക

യുണ്ടായി "There are so many errors compatible with good faith today" എന്ന്. ഉത്തമ വിശ്വാസത്തോടുകൂടി വച്ചുപുലർത്തപ്പെടുന്ന അനേകം അബദ്ധസിദ്ധാന്തങ്ങൾ ഇന്നു നിലവിലിരിക്കുന്നുണ്ട്. തന്റെ പാർട്ടിയുടെ നന്മക്കുവേണ്ടി സ്വജീവനേപ്പോലും അപകടത്തിലാക്കുന്ന ഒരു കമ്മ്യൂണിസ്റ്റ് പ്രവർത്തകൻ ബെറിയായുടേയും സ്റ്റാലിന്റേയും ഭീകരതകളേപ്പറ്റി യഥാർത്ഥത്തിൽ അജ്ഞനായിരിക്കാം. മാർക്സിന്റെ സാമ്പത്തികസിദ്ധാന്തം തന്റെ വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന കമ്മ്യൂണിസ്റ്റുകാരനായ പ്രൊഫസർ ഒരു പക്ഷേ 'അധികവില' സിദ്ധാന്തത്തിന്റെ വികലതകളും മനസ്സിലാക്കിയിട്ടില്ലായിരിക്കാം. നിത്യവും പള്ളിയിൽ പോകുന്ന ഒരു കമ്മ്യൂണിസ്റ്റുകാരൻ മാർക്സിന്റെ ഭൗതികവാദത്തേപ്പറ്റി ഒന്നുംതന്നെ അറിഞ്ഞിട്ടുണ്ടായിരിക്കുകയില്ല. ഇവരുടെയെല്ലാം സത്യാന്വേഷണപരിശ്രമങ്ങൾ അവിടംവരെ മാത്രമേ എത്തിയിട്ടുള്ളൂ. ഒരു പക്ഷേ അവരുടെ അന്വേഷണം ഇടയ്ക്കുവച്ചു നിറുത്തേണ്ടിവന്നതു് അവരുടെ കുറ്റംകൊണ്ടു മാത്രമായിരിക്കുകയില്ല. അവരെ സാഹായിക്കുവാൻ നമുക്കു കടമയില്ലേ? ആധുനിക മനുഷ്യൻ സത്യത്തിനുവേണ്ടി പരക്കം പായുകയാണു്. പലപ്പോഴും അബദ്ധസത്യങ്ങൾ അവനെ വഞ്ചിക്കുന്നു. "വഴിയിൽ വച്ചു് 'അല്പം വെളിച്ചം തരണമേ' എന്നു് നിങ്ങളോടാവശ്യപ്പെടുന്ന ആ യാത്രക്കാരനായി പത്തു മിനിട്ടുനേരം സംസാരിക്കുക. അയാൾ നിങ്ങളോടാവശ്യപ്പെടുന്നതു് ഈശ്വരനെയായിരിക്കും." ഈ ദൃഷ്ടമലിന്റെ നീരീക്ഷണം നമ്മേ ഇരുത്തിച്ചിന്തിപ്പിക്കുവാൻ പര്യാപ്തമത്രെ.

അൽമായ പ്രേഷിതൻ.

ഒരു അൽമായ പ്രേഷിതൻ എന്ന നിലയിലുള്ള നമ്മുടെ ദൗത്യങ്ങളുടെ അവിഭാജ്യഘടകമാണു് ബുദ്ധിജീവികളെന്ന നിലയിലുള്ള നമ്മുടെ പ്രവർത്തനവും. വിശ്വാസസത്യങ്ങൾ പഠിപ്പിക്കുവാനുള്ള ഔദ്യോഗിക കർത്തവ്യം അൽമേനികർക്കില്ലെങ്കിലും വൈദികരുമായി ഇക്കാര്യത്തിൽ അവർ കഴിയുന്നത്ര സഹകരിക്കേണ്ടതാണു്. 'ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം.' എന്നുള്ള സെന്റ് പോളിന്റെ പ്രസ്താവന ആനുപാതികമായി എല്ലാവരേയും ബാധിക്കുന്ന ഒന്നത്രെ. വൈദികരുടെ സ്വാധീനം ഇന്നു് പല ജീവിതരംഗങ്ങളിലും അപ്രാപ്യമാണു്. അവിടെയെല്ലാം മുന്നേറുവാനുള്ള സുവർണ്ണാവസരങ്ങളാണു് അൽമേനികർക്കു സിദ്ധിച്ചിരിക്കുന്നതു്. സാംസ്കാരികവും ഭൗതികവുമായ രംഗങ്ങളിൽ പ്രത്യേകിച്ചും അൽമേനികർ കൂട്ടുതലായി അവരുടെ സ്വാധീനം ചെലുത്തുവാൻ പരിശ്രമിക്കണം. സഭയിലെ ദൈവശാസ്ത്രജ്ഞന്മാരേയും പണ്ഡിതന്മാരേയും സഹായിക്കുകയും അവരോടൊത്തു പ്രവർത്തനം നടത്തുകയുമാണു് കത്തോലിക്കാ ബുദ്ധിജീവികളുടെ കർത്തവ്യം. തന്റെ സ്വന്തം മണ്ഡലത്തിൽ സഭയ്ക്കുനേരിടേണ്ടിവരുന്ന പ്രശ്നങ്ങളെ കൈകാര്യം ചെയ്യുവാൻ സഭയെ അയാൾ സഹായിക്കണം. അയാൾ ഒരു ഡോക്ടറോ ഒരു ജീവശാസ്ത്രജ്ഞനോ ഗണിതതന്ത്രവിശാരദനോ സാഹിത്യകാരനോ ആയിരിക്കാം. ആയിക്കൊള്ളട്ടെ. സാഹിത്യത്തിലും ജീവശാസ്ത്രത്തിലു

മെല്ലാം മതവിശ്വാസികൾക്കു നേരിട്ടേക്കാവുന്ന പ്രശ്നങ്ങളെ പരിഹരിക്കുവാനുള്ള ഒരു യത്നംകൂടി ഒരു നല്ല കത്തോലിക്കനെന്നനിലനിൽ അയാളിൽനിന്നും നാം പ്രതീക്ഷിക്കുന്നുണ്ട്. നമ്മുടെ നിരവധി സ്ഥാപനങ്ങളിൽ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന കത്തോലിക്കരായ ശാസ്ത്രപണ്ഡിതന്മാർ, ഭിഷഗ്വരന്മാർ, സാഹിത്യകാരന്മാർ തുടങ്ങിയവർ ഇന്നു് സഭയെ സേവിക്കുന്നതിൽ വളരെ അലസമായ ഒരു മനോഭാവമാണു് പ്രകടിപ്പിച്ചു കൊണ്ടിരിക്കുന്നതെന്നുള്ള കാര്യം എടുത്തുപറയാതെ തരമില്ല.

പ്രചരണോപാധികൾ.

ആധുനികലോകത്തിലെ വിവിധങ്ങളായ കണ്ടുപിടുത്തങ്ങൾ നാം വിശ്വസിക്കുന്ന സത്യങ്ങളുടെ പ്രചരണത്തിനുവേണ്ടി ഉപയോഗപ്പെടുത്തുന്ന കാര്യം പലരും ചിന്തിച്ചിട്ടേയില്ല. വർത്തമാനപത്രം, റേഡിയൊ തുടങ്ങിയവ അബദ്ധസിദ്ധാന്തങ്ങളുടെ പ്രചരണത്തിനും സോപ്പിന്റേയും ആസ്പ്രോയുടേയും പരസ്യങ്ങൾക്കും മാത്രമല്ല, നാം പാവനമായി കരുതുന്ന പല മൂല്യങ്ങളുടേയും പ്രചരണത്തിനും വേണ്ടിക്കൂടി ഉപയോഗിക്കാവുന്നതാണു്. ഒരു കമ്മ്യൂണിസ്റ്റുകാരൻ സാധാരണയായി ഒരു പത്രം നടത്തുന്നതു് കമ്മ്യൂണിസ്റ്റുസിദ്ധാന്തങ്ങളുടേയും തത്വങ്ങളുടേയും പ്രചാരത്തെ ഉദ്ദേശിച്ചാണു്. പണസമ്പാദനം പലപ്പോഴും അയാൾക്കൊരു പ്രശ്നമേയല്ല. ഒരു അൽമായ കത്തോലിക്കൻ പത്രലോകത്തി

ലേയ്ക്കു കടന്നുവരുന്നതു് അതു് പണം സമ്പാദിക്കാനുള്ള ഏറ്റവും നല്ല ഒരുപാധിയായി പരിഗണിച്ചുകൊണ്ടാണു്. ഈ രണ്ടു പ്രസ്താവനകൾക്കും ധാരാളം അപവാദങ്ങളുണ്ടെന്ന കാര്യം ഞാൻ വിസ്മരിക്കുന്നുമില്ല. നമ്മുടെ ജീവിതവീക്ഷണങ്ങൾക്കും സിദ്ധാന്തങ്ങൾക്കും 'ന്യൂസ് വാല്യൂ' കുറവാണോയെന്നും അന്വേഷിക്കേണ്ടിയിരിക്കുന്നു.

മുമ്പതലകം.

ഓരോ പ്രത്യേക വിജ്ഞാന വിഭാഗങ്ങളിൽ പ്രാവീണ്യം സമ്പാദിച്ചുകൊണ്ടാണു് കുത്തോലിക്കാ ബുദ്ധിജീവികളെന്ന നിലയിലുള്ള നമ്മുടെ മുമ്പതലകളെ നാം നിറവേറ്റേണ്ടതു്. നിയമം, ധനശാസ്ത്രം, സാമൂഹ്യശാസ്ത്രം, കലകൾ, സാഹിത്യം, പ്രകൃതിശാസ്ത്രം തുടങ്ങി ഓരോന്നിലും പ്രത്യേകം പ്രാവീണ്യം സമ്പാദിക്കുന്നതോടൊപ്പം അവയുടെ നിഗമനങ്ങളും സഭയുടെ പഠനങ്ങളും തമ്മിൽ ഒരുദ്ഗ്രഥനം സ്ഥാപിക്കുവാനുള്ള നമ്മുടെ യത്നങ്ങളും തുടരണം. നമ്മുടെ ജീവിതവീക്ഷണത്തിൽ ഐകൃത വരുത്തുവാൻ ഇതാവശ്യമാണു്. മനുഷ്യന്റെ ഉത്ഭവം കുരങ്ങുകളിൽ നിന്നാണെന്നും മനുഷ്യൻ ഈശ്വരന്റെ നേരിട്ടുള്ള സൃഷ്ടിയാണെന്നുമുള്ളതു് രണ്ടും ഒരേ സമയത്തു ശരിയല്ല. എന്നാൽ മനുഷ്യനെ ദൈവം നേരിട്ടു സൃഷ്ടിച്ചു എന്നുള്ള പ്രസ്താവനയുടെ ശരിയായ വ്യാഖ്യാനങ്ങളും മനുഷ്യോൽപത്തിയേപ്പറ്റിയുള്ള ശാസ്ത്രത്തിന്റെ അസന്നിഗ്ധമായ തെളിവുകളും ക്ലേശം

ഷമായി പഠിക്കുവാൻ നാം ശ്രമിച്ചേ തീരു. സൈക്സും സാഹിത്യവും തമ്മിലുള്ള ബന്ധങ്ങളേപ്പറ്റി ക്രമപ്രകാരമായ പഠനങ്ങൾ നടത്താതെ ആ വിഷയത്തിൽ അന്ധമായി അഭിപ്രായം പുറപ്പെടുവിക്കുന്ന കതോലിക്കാ നിരൂപകന്മാർ തിയോളജിയുടേയും ആധുനികശാസ്ത്രത്തിന്റേയും ഏറ്റവും മികച്ച നിഗമനങ്ങളുമായിക്കൂടി പരിചയപ്പെടേണ്ടതാണു്.

പ്രത്യേകവൈദഗ്ധ്യം.

'സ്പെഷ്യലൈസേഷൻ' വളരെ അത്യാവശ്യമാണു്, പക്ഷെ അതിന്റെ അപകടങ്ങൾകൂടി നാം മനസ്സിലാക്കണം. തിയോളജി മാത്രം പഠിച്ചിട്ടുള്ള ഒരാൾക്കു് സാമൂഹ്യശാസ്ത്രത്തിന്റെ ചില സംരംഭങ്ങൾ അരോചകങ്ങളായിത്തോന്നാം. വൈദ്യശാസ്ത്രം മാത്രം പഠിച്ചിട്ടുള്ള ഒരു വ്യക്തിക്കു് ജനനനിയന്ത്രണവാദികളുടെ സിദ്ധാന്തങ്ങൾ സ്വീകാര്യമായിരിക്കാം. ഡാർവിനിസം മാത്രം പഠിച്ചിട്ടുള്ള ഒരു പണ്ഡിതന്റെ ദൃഷ്ടിയിൽ ഉല്പത്തി പുസ്തകത്തിലെ ചില അദ്ധ്യായങ്ങൾ അന്ധവിശ്വാസങ്ങളായി പ്രത്യക്ഷപ്പെട്ടും. ഈ വൈകല്യം പരിഹരിക്കുക വളരെ പ്രയാസമാണെങ്കിലും അതസ്സാദ്ധ്യമല്ല. നമ്മുടെ നാട്ടിലെ അഭ്യസ്തവിദ്യരുടെ ഏറ്റവും വലിയ വികലത തത്വചിന്താപരവും ദൈവശാസ്ത്രപരവുമായ വിഷയങ്ങളിൽ അവർക്കുള്ള അജ്ഞതയാണു്. എൻജിനീയറിംഗിലും വൈദ്യശാസ്ത്രത്തിലും ബിരുദങ്ങൾ ലഭിച്ചാൽ പണം സമ്പാദിക്കുവാൻ എത്രമാ

ത്രം സാദ്ധ്യതകളുണ്ടോ അത്രയുമോ അവയുടെ നാലിലൊന്നെങ്കിലുമോ ഉള്ളസാദ്ധ്യതകളും, തത്വശാസ്ത്രവും മറ്റും പഠിച്ചാൽ ലഭിക്കുകയില്ല. പക്ഷേ കഴിവും സന്മനസ്സുമുള്ള നമ്മുടെ യുവാക്കന്മാർ ക്രൂതലായി ഈ വിഷയങ്ങളിൽ ശ്രദ്ധചെലുത്തേണ്ടതാണു്. വിദേശത്തുള്ള കത്തോലിക്കാസർവ്വകലാശാലകളിലും മറ്റും പോയി പഠിക്കുന്നവരെങ്കിലും ഇക്കാര്യത്തിൽ അല്പം ശ്രദ്ധിക്കുമെന്നു് നമുക്കു് പ്രതീക്ഷിക്കാം. ദൈവശാസ്ത്രം, തത്വചിന്ത, സാമൂഹ്യശാസ്ത്രങ്ങൾ തുടങ്ങിയവയിൽ വിദഗ്ധരായ അനേകം വ്യക്തികൾ നമ്മുടെ സമുദായത്തിൽ അടുത്തഭാവിയിലെങ്കിലും ഉയർന്നുവരേണ്ടതു് നമ്മുടെ നാടിന്റെ ഒരടിയന്തിരാവശ്യമത്രെ.

വേദോപദേശപുസ്തകങ്ങളും പുണ്യവാന്മാരുടെ ജീവചരിത്രങ്ങളുമെഴുതുകയാണു് കത്തോലിക്കാബുദ്ധിജീവികളുടെ ചുമതലയെന്നു ഞാൻ സൂചിപ്പിക്കുന്നതായി ആരും തെറ്റിദ്ധരിക്കരുതു്. അങ്ങിനെയുള്ള ജോലികൾ നടത്തുവാൻ കഴിവുള്ളവർ ഇപ്പോഴുംതന്നെ ധാരാളമായി നമുക്കുണ്ടു്. ആധുനികക്രിസ്തീയചിന്തയുടെ ഉന്നതതലങ്ങളുമായി ബന്ധപ്പെടുവാനും ആധുനിക ഭൌതികവിജ്ഞാനത്തെ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുവാനും നമുക്കു നേരിടേണ്ടിവരുന്ന ആശയസമരങ്ങളിൽ ധീരമായ നേതൃത്വം നല്കുവാനും കഴിവുള്ള വ്യക്തികളാണു് നമുക്കിന്നു് ക്രൂതൽ ആവശ്യമായിരിക്കുന്നതു്.

വെറും പണ്ഡിതന്മാർ.

കത്തോലിക്കാബുദ്ധിജീവികൾ വെറും പണ്ഡിതന്മാർ മാത്രമായിരുന്നുകൂടാ. അവർ ക്രിസ്തുവിന്റെ

സഭയ്ക്കു് സാക്ഷ്യം(witness)വഹിക്കേണ്ടവരാണു് യഥാത്ഥമായ ഒരു ക്രിസ്തീയജീവിതത്തിന്റെ അഭാവത്തിൽ നമ്മുടെ പാണ്ഡിത്യത്തിനു് ഒരു വിലയുമില്ല. സ്വന്തം ജീവിതവും പ്രവത്തനങ്ങളും വഴിയായി ക്രിസ്തീയമൂല്യങ്ങൾക്കു സാക്ഷ്യം വഹിക്കുവാൻ തയാറുള്ളവരെയാണു നമുക്കാവശ്യം. പണ്ഡിതസാവ്വഭൗമന്മാരുടെ തടിയൻ ഗ്രന്ഥങ്ങളേക്കാൾ അവരുടെ ജീവിതമാതൃകകൾക്കു് ക്രൂതൻ സ്വാധീനം ചെലുത്തുവാൻ കഴിവുണ്ടല്ലോ.

യോഗ്യതകൾ.

ഒരു കത്തോലിക്കാ ബുദ്ധിജീവിയുടെ പ്രധാനമായ യോഗ്യതകളേപ്പറ്റിക്കുടി അല്പം പ്രസ്താവിക്കാം. താൻ സ്പെഷ്യലൈസുചെയ്തിരിക്കുന്ന പ്രത്യേക വിജ്ഞാന വിഭാഗത്തിൽ പ്രാമാണികമായ ജ്ഞാനം അത്യേഹത്തിനാവശ്യമാണെന്നു് പ്രത്യേകം പറയേണ്ടതില്ല. സത്യാന്വേഷണത്തിനായി സ്വയം അർപ്പിച്ചിട്ടുള്ള ഒരു വ്യക്തിയായിരിക്കണം അയാൾ. Truth serves only its slaves. സത്യത്തിന്റെ പ്രഭവസ്ഥാനം ഈശ്വരനാണെന്നും, വിക്ടർ ഹ്യൂഗോ പറയുന്നതുപോലെ താൻ എഴുതുന്നതിന്റെയെല്ലാം ആദ്യത്തെ ഗ്രന്ഥകർത്താവു് ദൈവമാണെന്നും അയാൾ മനസ്സിലാക്കണം. മറെറാരു കാര്യം സഭയോടുള്ള വിധേയത്വമാണു്. സഭയുടെ ജീവത്തായ പാരമ്പര്യങ്ങളാണു് നമ്മുടെ ജീവിത വീക്ഷണത്തിനാധാരം. സഭയെ വിഗണിക്കുന്നപക്ഷം ഒരു കത്തോലിക്കാബുദ്ധിജീവിയുടെ പ്രവൃത്തനങ്ങൾക്കു് കൂലക്ഷ്യ

മില്ലാതാകുന്നു. എന്നാൽ സഭയോടുള്ള തന്റെ വിധേയത്വം എത്രമാത്രമാണെന്നു് ശരിയായി അയാൾ ധരിച്ചിരിക്കേണ്ടതും ആവശ്യമാണു്. അഭിപ്രായസ്വാതന്ത്ര്യത്തെപ്പറ്റി ചർച്ചചെയ്തു കഴിഞ്ഞല്ലൊ. ഈ വിഷയത്തിലുള്ള തെറ്റിദ്ധാരണകൾ ദൂരീകരിക്കുവാൻ നാം പരിശ്രമിക്കേണ്ടതത്രെ. മറ്റൊരു ഘടകം പരസ്നേഹ (Charity) ത്തിനേറ്റതാണു്. പരസ്നേഹത്തിലും ഉപവിയിലും ക്രൂടി മാത്രമേ സത്യത്തിലേക്കു് പ്രവേശിക്കുവാൻ നമുക്കു കഴിയുകയുള്ളൂ. ചിന്താമണ്ഡലത്തിലുണ്ടാകാവുന്ന അഭിപ്രായവ്യത്യാസങ്ങളുടേയും മറവും കാര്യത്തിൽ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്.

പഠനമെന്നതു് സത്യത്തോടുള്ള ഒരു പ്രാർത്ഥനയാണു്. ഒരോ കത്തോലിക്കനേറയുമെന്നപോലെ ഓരോ കത്തോലിക്കാബുദ്ധിജീവിയുടേയും ജീവിതത്തിൽ പ്രാർത്ഥനയ്ക്കു് മഹനീയമായ ഒരു സ്ഥാനമുണ്ടു്. ഭൗതികവും അഭൗതികവുമായ പ്രപഞ്ചത്തിന്റെ രഹസ്യങ്ങളിലേക്കു് അതു നമ്മേ അടുപ്പിക്കുന്നു. പഠിക്കുവാൻ വളരെയുള്ളതുകൊണ്ടു് പ്രാർത്ഥിക്കുവാൻ സമയമില്ലെന്നു് ആരും പറയാതിരിക്കട്ടെ. ഒരിക്കലും പ്രാർത്ഥനയെ ഉപേക്ഷിക്കാതിരിക്കുക. Orationi vaccare non dessinas മഹാ പണ്ഡിതനായ അകപീനാസിന്റെ ഉപദേശമാണിതു്.

ടെക്നിക്കുകൾ.

ചിന്താപരവും ബുദ്ധിപരവുമായ പ്രവർത്തനങ്ങൾക്കു് ചില പ്രത്യേകരീതികളും ടെക്നിക്കുകളുമു

ണ്ടു്. ബുദ്ധിപരമായ ജീവിതം ഒരു തപസ്യ (ascese) യാണു്. അതിന്റെ പ്രത്യേകമാർഗ്ഗങ്ങം പരിശീലിക്കാതെ ഒരു ബുദ്ധിജീവിക്കും മുമ്പോട്ടുപോവുക സാദ്ധ്യമല്ല. ബുദ്ധിജീവികളുടെ ശാരീരികമായ ആരോഗ്യസംരക്ഷണം മുതൽ ആശയങ്ങളുടെ പ്രകാശനംവരെയുള്ള നിരവധി കാര്യങ്ങളേപ്പറ്റി ഇത്തരുണത്തിൽ പ്രസ്താവിക്കേണ്ടതുണ്ടു്. പക്ഷേ ഒരു ഗ്രന്ഥമെഴുതുവാൻ വകനല്കുന്ന പ്രസ്തുത കാര്യങ്ങളേപ്പറ്റി വിശദമായി ഇവിടെ ചർച്ചചെയ്യുന്നില്ല. പുസ്തകങ്ങളുടെ തെരഞ്ഞെടുപ്പു്, നോട്ടകം കുറിക്കുവാനുള്ള രീതി, ആശയങ്ങം ലഭിക്കുവാനുള്ള മാർഗ്ഗങ്ങം, ഗ്രന്ഥരചനയുടെ ചിട്ടകം, ഭാഷകളുടെ പഠനം, വിശ്രമവേളകം, ഭക്ഷണം, വേഷം തുടങ്ങിയവ, മാനസികാരോഗ്യം ഇങ്ങിനെ അനേകം കാര്യങ്ങളേപ്പറ്റി നാം മനസ്സിലാക്കേണ്ടതുണ്ടു്. നമ്മുടെ സ്കൂളുകളിലും കോളജുകളിലും പഠിക്കുന്ന യുവതീയുവാക്കന്മാർക്കു് ഈ വിഷയത്തിൽ യാതൊരു വിധമായ അഭ്യസനവും നല്കപ്പെടുന്നില്ലതന്നെ. അങ്ങിനെയുള്ള കാര്യങ്ങളേപ്പറ്റി അദ്ധ്യാപകന്മാർപോലും കേട്ടിട്ടില്ലായിരിക്കുമോ? ബി. റ്റി. യും മറ്റും പാസ്സാകുന്നവർക്കു് ഈ വിഷയത്തിൽ വേണ്ടത്ര പരിജ്ഞാനമില്ലെന്നു് ഞാൻ കരുതുന്നില്ല. ബി. റ്റി. പാസ്സാകേണ്ട ആവശ്യമില്ലാത്ത കോളജദ്ധ്യാപകരുടെ കാര്യത്തിൽ ഇപ്രകാരമുള്ള അജ്ഞത ഒരു യാഥാർത്ഥ്യമായിരിക്കാം. എങ്ങിനെയെങ്കിലും നോട്ടകം ഉരുവിട്ടു പഠിപ്പിച്ചു് റിസൽട്ടു നന്നാക്കണമെന്നാല്ലാതെ ഭാവിയിൽ വിദ്യാർത്ഥികൾക്കു് പ്രയോജനം സിദ്ധിക്കത്തക്ക മാർഗ്ഗങ്ങം പഠിപ്പിക്കണ

മെന്നു് നമ്മുടെ വിദ്യാഭ്യാസാധികൃതർക്കാഗ്രഹമില്ലന്നതോന്നുന്നു. തങ്ങൾ വായിക്കുന്ന ഗ്രന്ഥങ്ങളുടെ നോട്ടുകൾ ഭാവിയിൽ ഉപകാരപ്രദമാകത്തക്ക രീതിയിൽ എഴുതിസൂക്ഷിക്കുവാനറിയാവുന്ന എത്ര വിദ്യാർത്ഥികളുണ്ടു് നമ്മുടെ കോളജുകളിൽ? ഇൻഡക്സു് കാർഡുസമ്പ്രദായത്തെപ്പറ്റിയും മറ്റും കേട്ടിട്ടുള്ളവർ അവരിൽ എത്ര പേരുണ്ടായിരിക്കും? ഏതായാലും ബുദ്ധിപരമായ പ്രവർത്തനങ്ങളുടെ നിയമങ്ങളേയും രീതികളേയുംപറ്റി Sertillanges തുടങ്ങിയ വിദ്വദ്ധന്മാർ എഴുതിയിട്ടുള്ള ചില ഗ്രന്ഥങ്ങളെങ്കിലും നമ്മുടെ വിദ്യാർത്ഥികൾ വായിക്കേണ്ടതാണു്.

കലാലയ വിദ്യാഭ്യാസം.

അടുത്തതായി നമ്മുടെ കലാലയ വിദ്യാഭ്യാസത്തെപ്പറ്റിയാണു് അല്പം പറയുവാനുള്ളതു്. ഇപ്രകാരമുള്ള ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിന്നാണല്ലൊ ബുദ്ധിജീവികളും ചിന്തകന്മാരും ഉയന്നുവരാറുള്ളതു്. ബുദ്ധിപരവും ചിന്താപരവുമായ കാര്യങ്ങളിൽ നമ്മുടെ ഭൂരിപക്ഷം കലാലയാദ്ധ്യാപകരും പ്രദർശിപ്പിച്ചു പോന്നിരുന്ന വിമുഖത അടുത്തകാലത്തു് മാറിത്തുടങ്ങിയിട്ടുണ്ടു്. പക്ഷേ വേണ്ടത്ര പുരോഗതിയുണ്ടായിട്ടുണ്ടെന്നു പറഞ്ഞുകൂടാ. നമ്മുടെ വിദ്യാഭ്യാസസമ്പ്രദായം ഔദ്യോഗികമായി അഴിച്ചുപണിയുന്നതുവരെ പല കാര്യങ്ങളും അസാദ്ധ്യമാണെങ്കിലും നമുക്കു സ്വാധീനമുള്ളതും നാം നടത്തിക്കൊണ്ടിരിക്കുന്നതുമായ കലാലയങ്ങളുടെ കാര്യത്തിൽ പലതും ചെയ്യുവാൻ സാധിച്ചേക്കും. പാശ്ചാത്യരാജ്യങ്ങളിലെ കലാ

ലയങ്ങളിൽ അദ്ധ്യാപകനിയമനത്തിനാവശ്യമായ യോഗ്യതകളും ഇവിടെയും വേണമെന്നു നിർബന്ധിക്കുന്ന പക്ഷം ഒരൊറ്റ അദ്ധ്യാപകനേപ്പോലും നമ്മുടെ കോളജുകളിൽ ലഭിച്ചെന്നുവരികയില്ല. ഓണേഴ്സും എം. എ. യുമൊക്കെ പാസ്സായവിവരം പത്രങ്ങളിൽ കണ്ട ഉടനെ ലക്ചറന്മാരായും മറ്റും നിയമനങ്ങളും നടത്തുന്ന പതിവാണു് നമ്മുടേതു്. എം. എ. ക്കും ബി. എ. ക്കുമെല്ലാം സ്വന്തമായി ചില വിഷയങ്ങളേക്കുറിച്ചു പഠിച്ചു പ്രബന്ധങ്ങളും സമർപ്പിക്കുന്ന പതിവു് ഇവിടെയില്ലാത്ത സ്ഥിതിക്കു് പ്രസ്തുത പരീക്ഷകളും പാസ്സായതിനു ശേഷമെങ്കിലും ഇപ്രകാരമുള്ള ചില യോഗ്യതകളും ഉദ്യോഗാർത്ഥികളിൽനിന്നും ആവശ്യപ്പെട്ടാലതു നന്നായിരിക്കും. എം. എ. ക്ലാസ്സിൽ ഇക്കൊല്ലം പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥിയും ഇക്കൊല്ലം എം. എ. പാസ്സായി ആ വിദ്യാർത്ഥിയെ പഠിപ്പിക്കാൻ ചെല്ലുന്ന അദ്ധ്യാപകരും തമ്മിൽ അജ്ഞതയിൽ തുല്യരാണു്. ഒരാളുടെ അജ്ഞതയ്ക്കു് എം. എ. എന്ന രണ്ടക്ഷരങ്ങളും മറപിടിച്ചിരിക്കുന്നുവെന്നുമാത്രം. ഉദ്യോഗാർത്ഥികളും പലപ്പോഴും വളരെ വിഷമിച്ചു ബിരുദങ്ങളും സമ്പാദിച്ചശേഷം ജീവിതമാർഗ്ഗമന്വേഷിച്ചു ചെല്ലുന്നവരാണു്. പക്ഷേ അവരെ തീറ്റിപ്പോറ്റണമെന്നുള്ളതുകൊണ്ടു് നമ്മുടെ വിദ്യാഭ്യാസത്തിന്റെ കാര്യക്ഷമത കൂറുവാൻ പാടില്ല. അങ്ങിനെയുള്ളവർ മറ്റുദ്യോഗങ്ങളും ലഭിക്കുവാനാണു് ശ്രമിക്കേണ്ടതു്. കോളജുകളിൽചെന്നു് തങ്ങളുടെ അജ്ഞതയുടെ പരേഡുനടത്തുവാനല്ല.

വിദ്യാർത്ഥികൾ.

ഇനിയും വിദ്യാർത്ഥികളെപ്പറ്റിയാണു് പറയുവാനുള്ളതു്. നമ്മുടെ വിദ്യാർത്ഥികളിൽ പലക്കും ചിന്താപരവും ബുദ്ധിപരവുമായ പ്രവർത്തനരീതികളേപ്പറ്റി ഒരു ചുക്കും അറിഞ്ഞുകൂടതന്നെ. അപ്രകാരമുള്ള പ്രവർത്തനങ്ങളുടെ മൂല്യത്തെപ്പറ്റി അവക്കുള്ള അജ്ഞത അതിലും പരിതാപകരമാണു്. കോമ്പോസിഷൻ ക്ലാസ്സിലും 'എസ്സേ'ക്ലാസ്സിലുമെല്ലാം ഈ രീതികളും സമ്പ്രദായങ്ങളും കുറെയൊക്കെ അവരെ പറഞ്ഞു മനസ്സിലാക്കുവാൻ ശ്രമിക്കേണ്ടതാണു്. പക്ഷെ അതിനുള്ള അദ്ധ്യാപകർ അത്യന്തമായി ഉണ്ടാകണം.

ഇനിയും പറയുവാനുള്ളതു് കുറേക്കൂടി ഗൗരവതരങ്ങളായ കാര്യങ്ങളേപ്പറ്റിയാണു്. വിദ്യാഭ്യാസത്തിന്റെ പ്രധാനമായ ഒരു ഭാഗം സ്വഭാവശുദ്ധീകരണമാണല്ലൊ. ബുദ്ധിപരമായ വികാസവും അറിവും സിദ്ധിക്കുകയെന്നുള്ളതു് വിദ്യാഭ്യാസത്തിന്റെ ഏറ്റവും പ്രധാനമായ മറെറാരു ലക്ഷ്യവുമാണു്. പക്ഷേ നമ്മുടെ സമുദായംവകയായി നടത്തുന്ന സ്കൂളുകളിലും കോളജുകളിലും ബുദ്ധിപരമായ വികാസത്തേയും വിജ്ഞാനസമ്പാദനത്തേയുംകാൾ കൂടുതലായി പ്രാധാന്യം നൽകപ്പെട്ടുന്നതു് സ്വഭാവശുദ്ധീകരണത്തിനാണു്. പ്രസ്തുത സംരംഭം പലപ്പോഴും ഒരു പരാജയമാണെന്നുള്ളതോ പോകട്ടെ, അതു നമ്മുടെ വിദ്യാഭ്യാസത്തിന്റെ കാംക്ഷിതമായ ഗുണത്തെ ഗണ്യമായി ബാധിക്കുകയും ചെയ്യുന്നു.

ദൈവവിളികൾ!

സഭാധികാരികളുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും നടത്തപ്പെടുന്ന പല വിദ്യാഭ്യാസസ്ഥാപനങ്ങളുടേയും പ്രധാനലക്ഷ്യം കൂടുതൽ ദൈവവിളികൾ (Vocations) സൃഷ്ടിക്കുകയാണെന്നു തോന്നിപ്പോകും. ദൈവവിളിയുണ്ടെങ്കിൽ പഠനകാര്യം അല്പം പുറകോട്ടായാലും കുഴപ്പമില്ലതന്നെ. സിക്സ്തിലും മറ്റും തോറ്റ വിദ്യാർത്ഥികൾ അനിവാര്യമായി സെമിനാരികളിലേക്ക് പൊയ്ക്കൊണ്ടിരുന്ന ഒരു കാലമുണ്ടായിരുന്നല്ലോ.

കർമ്മലീത്താമോഡൽ.

നമ്മുടെ പല കോളജുകൾ, ഹൈസ്കൂളുകൾ തുടങ്ങിയവ നടത്തുന്നതു് വിവിധതരത്തിലുള്ള സന്യാസസഭക്കാരാണു് - കർമ്മലീത്താക്കാർ, ഈശോസഭക്കാർ, സലേഷ്യൻകാർ തുടങ്ങിയവർ. ഇപ്രകാരമുള്ളവർ നടത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളിലെ വിദ്യാർത്ഥികളെ പല പ്പോഴും അതതു സന്യാസസഭകളുടെ മാതൃകയിലൂടെ വളർത്തിക്കൊണ്ടുവരാനുള്ള അനാശാസ്യമായ ഒരു ശ്രമംകൂടി ചിലസ്ഥാപനങ്ങളിൽ നടക്കുന്നുണ്ടു്. കർമ്മലീത്താസഭക്കാരുടെ കോളജിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിയെ 'കർമ്മ'ലീത്താമാതൃകയിലൂടെയൊ ഈശോസഭക്കാരുടെ കോളജിൽ പഠിക്കുന്ന ഒരാളെ ജസ്വീറ്റ് മോഡലിലൂടെയൊ അല്ല അഭ്യസിപ്പിക്കേണ്ടതു്. അവിടെ പഠിക്കുന്ന ഓരോ വിദ്യാർത്ഥിയും ഭാവിയിൽ ഒരു കർമ്മലീത്താക്കാരനോ ഈശോസഭക്കാരനോ ആയിത്തീ

ൻകൊള്ളുമെന്ന ധാരണയിലല്ല അവൎക്കു ശിക്ഷണം നല്കേണ്ടതു്. അങ്ങിനെ ആയിത്തീരാവുന്നവരെ നിരുൽസാഹപ്പെടുത്താതിരിക്കുന്നതോടൊപ്പം അൽമായ വിദ്യാൎത്ഥികളുടെമേൽ പ്രസ്തുത സന്യാസസഭയുടെ ശിക്ഷണസമ്പ്രദായങ്ങൾ അടിച്ചേല്പിക്കാതിരിക്കുകയും വേണം. ജസ്വീറ്റു് കോളജിൽ പഠിക്കുന്ന ഒരു വിദ്യാൎത്ഥിയുടെമേൽ ജസ്വീറ്റു് ശിക്ഷണം അടിച്ചേൽപ്പിക്കുന്നതു ശരിയല്ല. പക്ഷേ അങ്ങിനെ ചിലേടത്തു് പ്രത്യേകിച്ചു് നഗരങ്ങൾക്കു പുറത്തു് സ്ഥിതിചെയ്യുന്ന കോളജുകളിലും സ്കൂളുകളിലും നടക്കുന്നുണ്ടു്.

ഇത്തരുണത്തിലാണു് നമ്മുടെ കലാലയങ്ങളിലേയും മറ്റും നിർബന്ധിതമായ മതാനുഷ്ഠാനസമ്പ്രദായത്തെപ്പറ്റി ഓൎമ്മവരുന്നതു്. മനസ്സുണ്ടെങ്കിലും ഇല്ലെങ്കിലും രാവിലെയും ഉച്ചയ്ക്കും വൈകിട്ടുമെല്ലാം പള്ളിയിൽ പോകുവാനും പ്രാൎത്ഥിക്കുവാനുമൊക്കെ നിർബന്ധിക്കുക, ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും ചില സന്യാസസഭാംഗങ്ങളെഴുതിയിട്ടുള്ള പത്താംതരം മതഗ്രന്ഥങ്ങൾ വിദ്യാൎത്ഥികളെക്കൊണ്ടു് വാങ്ങിപ്പിക്കുക, മനസ്സുണ്ടെങ്കിലും ഇല്ലെങ്കിലും ചില പ്രത്യേകദിവസങ്ങളിൽ കുമ്പസാരിച്ചു് കുർബാനകൈക്കൊള്ളണമെന്നു നിർബന്ധിക്കുക തുടങ്ങിയവ മതവിശ്വാസത്തെ നശിപ്പിക്കുകയാണോ പ്രോത്സാഹിപ്പിക്കുകയാണോ ചെയ്യുന്നതെന്നു് നമ്മുടെ അധികാരികൾ ചിന്തിക്കേണ്ടതാണു്. കലാലയങ്ങളേയും മറ്റും സെമ്മിനാരികളായി രൂപാന്തരപ്പെടുത്തുവാനുള്ള അവരുടെ യത്നം അത്രവളരെ സ്തുത്യർഹമൊന്നുമല്ലതന്നെ.

വെറും ശിഷ്യക്കളോ?

സ്വതന്ത്രമായ ചിന്തക്കും അന്വേഷണത്തിനുമുള്ള യാതൊരു സാഹചര്യങ്ങളും നമ്മുടെ കോളജുകളിൽ നിലവിലില്ല. പ്രിൻസിപ്പാളിന്റേയും മറ്റും സ്വാധികാരപ്രമത്തതയെ പ്രകടിപ്പിക്കുവാനുള്ള ചില കടുത്ത നിയന്ത്രണങ്ങളും ശിക്ഷണങ്ങളുമാണ് അതിനുപകരം നാം കാണുന്നതു്. എല്ലാസ്ഥാപനങ്ങൾക്കും ശിക്ഷണം ആവശ്യമാണു്. പക്ഷേ ഒരാളുടെ ആധിപത്യവും അധികാരവും കാണിക്കുവാൻ മാത്രമുള്ളതായിരിക്കരുതു് ശിക്ഷണം.

കലാലയങ്ങളിലും മറ്റും വിദ്യാർത്ഥികൾ കുറേയൊക്കെ പ്രായമുള്ളവരും ശൈശവദശ കഴിഞ്ഞവരുമായിട്ടാണു് സാധാരണ കാണപ്പെടുന്നതു്. പക്ഷേ ബി. എ. ക്കും എം. എ. ക്കുമെല്ലാം പഠിക്കുന്ന വിദ്യാർത്ഥികളേപ്പോലും കേവലം ശിഷ്യക്കളേപ്പോലെ പരിഗണിക്കുന്ന അതിബാലിശമായ ഒരു നയം നമ്മുടെ പല വിദ്യാഭ്യാസാധികൃതരും കൈക്കൊള്ളുന്നതു ശോചനീയമാണു്. വിദ്യാർത്ഥികളോടുമാത്രമല്ല അദ്ധ്യാപകന്മാരോടും ഇതുപോലെ പെരുമാറുന്ന പ്രിൻസിപ്പാളന്മാരുണ്ടു്. ഒരു കലാലയത്തിലെ പ്രായപൂർത്തിവന്ന ഏകവ്യക്തി പ്രിൻസിപ്പാളാണെന്നതെ ചിലപ്പോൾ തോന്നിപ്പോകുന്നതു്.

വൈദികചാരന്മാർ.

ആത്മാർത്ഥത, ആശയധീരത, വിമർശനബുദ്ധി തുടങ്ങിയ ഗുണങ്ങൾ ഒരു ബുദ്ധിജീവിയിൽ വളരെ ആ

വശ്യമാണ്. പക്ഷേ ആത്മാർത്ഥതയും ആശയധീരത യുമെല്ലാം നമ്മുടെ കോളജുവിദ്യാർത്ഥികളേസ്സംബന്ധിച്ചി ടത്തോളം പലപ്പോഴും അപകടകരമാണ്. വിദ്യാർത്ഥി കളുടെ പ്രവർത്തനങ്ങളെ നിരീക്ഷിക്കുവാൻ ചില കോളജു കളിൽ വൈദികചാരന്മാർവരെ പ്രവർത്തനം നടത്തുന്നു ണ്ടെന്നുള്ള വിവരവും ഞാനിവിടെ പ്രസ്താവിച്ചുകൊ ള്ളട്ടെ.

ശിക്ഷണം.

ശിക്ഷണത്തിന്റെ കാര്യം ഞാൻ സൂചിപ്പിച്ച തും ഇന്നത്തെ വിദ്യാർത്ഥികളുടെ ഇടയിൽ പൊതുവേ യുള്ള ശിക്ഷണരാഹിത്യവും തമ്മിൽ ക്രൂട്ടിക്കുഴക്കരുതു്. മുൻപു സൂചിപ്പിച്ച രീതിയിലുള്ള കടുത്തതും ബോധശൂ ന്യവും നീതീകരണമർഹിക്കാത്തതുമായ ശിക്ഷണരീതി കൾ ഇപ്പോഴും ചില കത്തോലിക്കാ കോളജുകളിൽ നി ലവിലുണ്ടു്. പലപ്പോഴും പാശ്ചാത്യരോ പാശ്ചാത്യ വിദ്യാഭ്യാസം സിദ്ധിച്ചവരോ ആണു് ഈ കലാലയങ്ങ ളിലെ അധികാരികളെന്നുള്ളതു് പൂർവ്വാപരവൈരുദ്ധ്യം നിറഞ്ഞ ഒന്നല്ലേ?

പിശാചിനെ അനുസരിക്കുക.

ശിക്ഷണവും വിധേയത്വവുമെല്ലാം വിദ്യാർത്ഥി കളെ അഭ്യസിപ്പിക്കേണ്ടതുതന്നെ. അധികാരികളെ അ നുസരിക്കുവാനും ആദരിക്കുവാനും അവർ പരിശീലിക്ക ണം. പക്ഷേ ചോദ്യം ചെയ്യുവാനും വിമർശിക്കുവാനും

സ്വതന്ത്രമായ അന്വേഷണങ്ങൾ നടത്തുവാനുള്ള അവ
രുടെ വാസനകളെ അന്ധമായി ആടിച്ചമർത്തിക്കൂടാ.
നമ്മുടെ കത്തോലിക്കാ വിദ്യാലയങ്ങളിലേയും കലാലയ
ങ്ങളിലേയും വിദ്യാർത്ഥികൾ ദൈവത്തേയും പോപ്പിനേ
യും ബിഷപ്പിനേയും വികാരിയേയും പ്രസിഡണ്ടിനേയും
പ്രധാനമന്ത്രിയേയും അപ്രധാനമന്ത്രിമാരേയും എല്ലാം
അനുസരിക്കുകയും ആദരിക്കുകയും ചെയ്യുവാൻ പരിശീ
ലിപ്പിക്കപ്പെടുന്നതു് വളരെ നല്ലതാണു്, ആവശ്യവു
മാണു്. പക്ഷേ ഇന്നു് നമ്മുടെ വിദ്യാഭ്യാസസ്ഥാപന
ങ്ങളിൽ നല്കപ്പെടുന്ന ശിക്ഷണം ഏതു തെമ്മാടിയേയും
പിശാചിനേപ്പോലും അനുസരിക്കുവാൻ പരിശീലിപ്പി
ക്കുന്ന ഒന്നാണു്. "ചോദ്യം ചെയ്യുന്ന കത്തോലിക്കൻ" ഇ
ന്നു് നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽനിന്നും പുറത്തു
വരുന്നില്ല. യാഥാസ്ഥിതികപത്രത്തിന്റെ ഏറ്റവും വലി
യ താങ്ങും തണലുമായി (hypcritic support!) അവ ഇ
ന്നും നിലകൊള്ളുന്നു. ചോദ്യം ചെയ്യപ്പെടുവാൻ പാടി
ല്ലാത്തവയായി ചിലതുണ്ടെന്നു കാരണത്താൽ ഒന്നിനേ
യും വിമർശിച്ചുകൂടെന്നു പറയുന്നതു ശരിയല്ല. നമ്മു
ടെ നാട്ടിൽ പുരോഗമനപരമായ എന്തെല്ലാം നിയമങ്ങ
ളും ആശയഗതികളും മുമ്പോട്ടുവന്നാലും അവയെ എതി
ർക്കുവാൻ ഒരു നല്ല ശതമാനം അഭ്യസ്തവിദ്യരും ഉണ്ടെന്നു
ള്ളതു് നാം ദിനംപ്രതി കണ്ടുവരുന്ന സംഗതിയാണു്.
ഇങ്ങിനെയുള്ള ഒരു സമുദായം പുരോഗമിക്കുക സാദ്ധ്യമ
ല്ലതന്നെ. ഇത്തവണത്തെ സമരം നാം വിജയിച്ചു.
പക്ഷേ ഈ നാട്ടിലെ ഏറ്റവും കുടിലമനസ്കരും യാഥാ
സ്ഥിതികരുമായ ഒരു വിഭാഗമാണു് പ്രസ്തുതവിജയ

ത്തിൽനിന്നും മുതലെടുക്കുവാൻ തത്രപ്പെട്ടുകൊണ്ടിരിക്കുന്നതു്. നമ്മുടെയിടയിൽ നിന്നും ധാരാളമായി ഉയന്നുവരേണ്ട ബുദ്ധിജീവികൾക്കു് ഇപ്രകാരമുള്ള നിരവധി പ്രശ്നങ്ങൾ തരണം ചെയ്യുവാനുണ്ടാകും. ധീരതയോടുകൂടി അവർ മുമ്പോട്ടുവരുന്നില്ലെങ്കിൽ നമ്മുടെ ഭാവി ആശങ്കാജനകമായിരിക്കും.

റാൻ.

നമ്മുടെ സമുദായത്തിലെ വിവിധരംഗങ്ങളിലും പ്രത്യേകിച്ചു് വിദ്യാഭ്യാസരംഗത്തും അൽമേനികൾക്കുള്ള ന്യായമായ സ്വാതന്ത്ര്യാവകാശങ്ങൾ വകവച്ചുകൊടുക്കുവാനുള്ള സുമനസ്യവും അധികാരികൾ പ്രകടിപ്പിക്കേണ്ടതാണു്. സന്യാസിസന്യാസിനികളേയും പുണ്യവാന്മാരേയും 'റാൻ' മൂളുന്ന കപടവേഷക്കാരേയും മാത്രം ഉല്പാദിപ്പിക്കുവാനുള്ളതല്ല നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളെന്നുള്ള പരമാർത്ഥം അവർ അചിരേണ മനസ്സിലാക്കുമെന്നു് പ്രതീക്ഷിക്കാം.

IX

പി. എച്ച്. ഡി, ഡി ഡി.

അമേരിക്കയിലേക്ക്.

ബിരുദധാരികളുടെ എണ്ണം നമ്മുടെ നാട്ടിൽ വർദ്ധിച്ചുവരികയാണ്. വിദേശങ്ങളിൽ പോയി പഠിച്ചു ബിരുദങ്ങളുമായി തിരിച്ചെത്തുന്നവരുടെ സംഖ്യയും കുറവല്ല. ഇവരിൽ രണ്ടാമത്തെ കൂട്ടരെപ്പറ്റിയാണ് ഇവിടെ ചിലതൊക്കെപ്പറയുവാൻ പോകുന്നത്. ഈ ലേഖകനും ഒരു വിദേശബിരുദധാരിയാണ്. അതുകൊണ്ടത്രെ ഇപ്രകാരമുള്ളവരേപ്പറ്റി ചില കാര്യങ്ങളും തുറന്നുപറയുവാൻ ധൈര്യപ്പെടുന്നത്.

നമ്മുടെ അൽമായ വിദ്യാർത്ഥികൾ വിദേശപഠനത്തിനായി തെരഞ്ഞെടുക്കുന്നത് മിക്കവാറും ആംഗ്ലോ-സാക്സൺ രാജ്യങ്ങളെയാണ്—ഇംഗ്ലണ്ട്, അമേരിക്കാ, കാനഡാ, ആസ്ത്രേലിയാ തുടങ്ങിയ രാജ്യങ്ങളെ. സ്കോളർഷിപ്പുകൾ ലഭിക്കുന്നതിനുള്ള കൂടുതലായ സൗകര്യങ്ങളും ഭാഷാപരമായ എളുപ്പവുമാണ് ഇതിനു പ്രധാനകാരണം. ജർമ്മനി, ഫ്രാൻസ്, ഇറ്റലി മുതലായ രാജ്യങ്ങളിലേക്ക് ഉപരിപഠനാർത്ഥം പോകുന്ന അൽമേനി

കയും താരതമ്യേന കുറവത്രേ. ഭൂരിപക്ഷം വിദ്യാർത്ഥികളും സാങ്കേതികവിഷയങ്ങൾ പഠിക്കുന്നതിനുവേണ്ടിയാണു് പോകാറുള്ളതു്. എന്നാൽ 'ചക്കാത്തു്'കാരും ഉഴപ്പന്മാരും ഈ വിദേശപഠനക്കാരുടെ കൂട്ടത്തിലും ധാരാളമുണ്ടു്. അമേരിക്കയിലേക്കു പോകുന്നവരുടെ ഗണത്തിലാണു് ഈ ഉഴപ്പന്മാരധികവും. കായ്മായ യാതൊരു പഠനവും പരിശ്രമവും ക്ലേശമെതെ എളുപ്പത്തിൽ ഡിഗ്രിയെടുക്കാവുന്ന അനേകം വിദ്യാഭ്യാസസ്ഥാപനങ്ങൾ അമേരിക്കയിലുണ്ടു്. അവയുടെ മൊത്തം സംഖ്യ ഏകദേശം മുപ്പതിരുതോളംവരുമെന്നു് ചില കണക്കുകൾ കൊണ്ടു കാണുന്നു. ബിരുദങ്ങൾ കൊടുക്കുന്ന ഒരുതരം കമ്പനികളെന്നു വേണമെങ്കിൽ അവയെ വിളിക്കാം. നമ്മുടെ ചില മാന്യന്മാർ ഇവയിൽനിന്നും മുതലെടുക്കാറുണ്ടെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലൊ.

എന്നാൽ ഈ മുതലെടുപ്പുവിദ്യയിൽ നമ്മുടെ വൈദികരും അത്ര പിന്നോക്കമല്ല. മനുഷ്യസാധാരണങ്ങളായ ദുർബലതകൾ അവർക്കും ഉള്ളതുകൊണ്ടു് ഡിഗ്രിഭ്രമത്തിൽ അവരും പിന്നോക്കമല്ല. നമ്മുടെ വൈദികർ കഴിയുന്നത്ര പാണ്ഡിത്യവും അനുഭവജ്ഞാനവും സമ്പാദിക്കുന്നതു് അവർക്കും നാടിനും ഒരു പോലെ പ്രയോജനപ്രദങ്ങളാണു്. പക്ഷേ 'ചക്കാത്തു്' ഡിഗ്രികൾ എന്തിനാണുപകരിക്കുന്നതെന്നു് പ്രത്യേകം അന്വേഷിക്കേണ്ടതാണു്. വിദേശപഠനത്തിനുപോകുന്ന വൈദികരെപ്പറ്റി മാത്രമാണു് ഞാൻ പറയുന്നതു്. വിദഗ്ധമായ പഠനങ്ങൾ നടത്തി പ്രശസ്തങ്ങളായ ഡിഗ്രികൾ

എടുത്തിട്ടുള്ള പലരും അവരുടെയിടയിലുണ്ട്. എങ്കിലും അവരിൽ ഒരു നല്ല വിഭാഗം 'ചക്കാത്തു'ഡിഗ്രിക്കാരാണെന്നതേ ഇവിടെ സൂചിപ്പിക്കുന്നതു്.

ആറുമാസംകൊണ്ടു് എം. എ.

സാധാരണയായി സ്കൂൾഫൈനലിനുശേഷം അഞ്ചെട്ടുകൊല്ലത്തെ പഠനം കൊണ്ടാണു് ഒരാൾ വൈദികപദവിയിലേക്കുയരുന്നതു്. നമ്മുടെ സെമ്മിനാരികളിൽ മതപരവും ദൈവശാസ്ത്രപരവുമായ വിഷയങ്ങൾക്കുപുറമെ ജീവൽഭാഷകളും, സാമൂഹ്യ സാമ്പത്തികശാസ്ത്രങ്ങളും, പ്രകൃതിശാസ്ത്രപാഠങ്ങളും എന്നിവയൊക്കെ ഒരളവിൽ വിദ്യാർത്ഥികളും പഠിക്കേണ്ടതുണ്ടു്. അതുകൊണ്ടാണു് നമ്മുടെ ചില സർവ്വകലാശാലകളും, കോളജുപ്രവേശനമാഗ്രഹിക്കുന്ന വൈദികർക്കു്, ഇൻറർമീഡിയറിനു് സ്റ്റാൻഡേർഡും മറ്റും വകവച്ചുകൊടുത്തിരുന്നതു്. എന്നാൽ ധനതത്വശാസ്ത്രം, സാമൂഹ്യശാസ്ത്രം, ചരിത്രം തുടങ്ങിയ വിഷയങ്ങളിൽ നമ്മുടെ സാധാരണ വൈദികർക്കു് ബി. എ. യുടെ സ്റ്റാൻഡേർഡുവരെ ഉണ്ടെന്നുള്ളതിനു് ഒരു തെളിവും സിദ്ധിച്ചിട്ടില്ല. കാര്യങ്ങൾ ഇങ്ങിനെയിരിക്കെ വൈദികപഠനവും രണ്ടുമൂന്നു കൊല്ലത്തെ ഇടവകഭരണവും കഴിഞ്ഞു് ഒരു സുപ്രഭാതത്തിൽ അമേരിക്കയിലേക്കു പറക്കുന്ന ഭാഗ്യവാനായ ആ വൈദികൻ ആറുമാസങ്ങൾകൊണ്ടുശേഷം 'പ്രശസ്തമായ' രീതിയിൽ ഒരു എം. എ. ബിരുദവും നേടി യൂറോപ്പും അമേരിക്കയും മറ്റുചില പ്രദേശങ്ങളുമെല്ലാം സന്ദർശിച്ചു്

തിരിച്ചെത്തിയെന്നുപറഞ്ഞാൽ നാമെന്താണു മനസ്സിലാക്കേണ്ടതു്? സ്കൂൾഫൈനലിനുശേഷം സാധാരണയായി ആറുകൊല്ലത്തെ പഠനം കഴിഞ്ഞാണു് ഇതുവരേയും ഇവിടെയുള്ളവർ എം. എ. ബിരുദം നേടിയിരുന്നതു്. നമ്മുടെ വൈദിക സുഹൃത്തിനു് ബി. എ. യുടെ യോഗ്യതകൂടി വകവച്ചുകൊടുത്താൽ തന്നെയും അഞ്ചാറുമാസം കൊണ്ടു് എം. എ. ക്കാരനാകുന്ന വിദ്യ നമുക്കു മനസ്സിലാകുന്നില്ല. ചിലപ്പോൾ ഈ ആറുമാസം ഒരു കൊല്ലമായെന്നും വരാം. എന്നാൽ മിക്കവാറും ഇവിടെനിന്നും പോകുന്നവർ ഏറ്റവും കുറഞ്ഞതു് രണ്ടുകൊല്ലമെങ്കിലും അമേരിക്കയിലും മറ്റും ചെലവഴിക്കാറുണ്ടു് അങ്ങിനെയാകുമ്പോൾ കായ്ങ്ങൾ കൂടുതൽ വഷളാവുകയായി. രണ്ടാംകൊല്ലത്തിന്റെ അവസാനത്തിൽ ഒരു പി. എച്ചു്. ഡി. കൂടി അദ്ദേഹം സമ്പാദിക്കുമെന്നുള്ളതു് തീർച്ചയത്രെ. നാട്ടിൽ മടങ്ങിയെത്തുമ്പോൾ നമ്മുടെ ഏതെങ്കിലും കോളജിലെ ഉന്നതനായ ഒരു പ്രഫസറായി അദ്ദേഹം നിയമിക്കപ്പെട്ടുമെന്നുള്ളതും മൂന്നുതരമാണു്. നോക്കുക, ഇവിടത്തെ കത്തോലിക്കാ ബുദ്ധിജീവികളുടെ സംഖ്യ എത്ര വേഗത്തിലാണു് വർദ്ധിക്കുന്നതെന്നു്!

റോമിലേയ്ക്കു്!

പക്ഷേ വിദേശപഠനത്തിനു പുറപ്പെടുന്ന നമ്മുടെ ബഹുമാനപ്പെട്ട വൈദികരിൽ ഭൂരിപക്ഷവും റോമിലേക്കാണു പോകാറുള്ളതു്. റോമിനു പുറപ്പെടുന്നവ

രുടെ കാര്യം മുകളിൽ പറഞ്ഞവരുടേതിനേക്കാൾ കഷ്ട മാണു്. എങ്ങിനെയെങ്കിലും ഒന്നരണ്ടു കൊല്ലങ്ങൾ റോമിൽ ചെലവഴിക്കുന്നതിനിടക്കു് പി. എച്ചു്. ഡി. ഡി. ഡി, ഡി. സി. എൽ തുടങ്ങിയ ഉന്നത ബിരുദങ്ങളെല്ലാം അവർ സമ്പാദിക്കും. റോമിൽനിന്നുംമറ്റും വിശുദ്ധമായ രീതിയിൽ പഠനങ്ങൾ നടത്തി ബിരുദങ്ങൾ സമ്പാദിച്ചിട്ടുള്ള പണ്ഡിതന്മാരായ നമ്മുടെ പല വൈദികരേയും അപമാനിക്കുവാൻ മാത്രമേ ഇവരുടെ ബിരുദങ്ങൾ ഉപകരിക്കുന്നുള്ളൂ. രണ്ടു രണ്ടു കൊല്ലം കൊണ്ടു് പി. എച്ചു്. ഡി. യും ഡി. ഡി. യുമെടുത്തിട്ടുള്ള പലരും ഇവിടെയുണ്ടു്. തത്വശാസ്ത്രം, ദൈവശാസ്ത്രം തുടങ്ങിയവയിൽ നിന്നും ചില വിഷയങ്ങൾ തെരഞ്ഞെടുത്തു് ഗവേഷണംനടത്തി ചില പ്രബന്ധങ്ങൾ തയ്യാറാക്കി സമർപ്പിച്ചെങ്കിലേ ഈ ബിരുദങ്ങൾ ലഭിക്കുകയുള്ളൂ. പക്ഷേ അടുത്തകാലത്തായി റോമിൽനിന്നും തത്വശാസ്ത്ര ദൈവശാസ്ത്രാദികളിൽ ഡോക്ടറേറ്റു് ബിരുദങ്ങൾ നേടിയിട്ടുള്ളവർ നമ്മുടെ ഇടവകകളിലെ സാധാരണ വൈദികരേക്കാൾ ഈ വിഷയങ്ങളിൽ യാതൊരുമെച്ചവും ഇല്ലാത്തവരാണെന്നു അനുഭവംകൊണ്ടുകാണുന്നതു്. തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലുമെല്ലാം ഡോക്ടറേറ്റുകൾ സമ്പാദിക്കുവാൻ നമ്മുടെ ചില വൈദികർ എഴുതി സമർപ്പിക്കാറുള്ള വിഷയങ്ങൾ രസാവഹങ്ങളത്രെ. കേരളത്തിലെ കുടിൽ വ്യവസായങ്ങൾ, കേരളത്തിലെ വിമോചനസമരം, ഇൻഡ്യയിലെ കന്നുകാലികൾ, സെമിന്താരിസമ്പ്രദായം, ബംഗാളിലെ ജനസംഖ്യാപ്രശ്നം, അങ്ങിനെപോകുന്നു അവയുടെ കാര്യം.

സാമൂഹ്യശാസ്ത്രത്തിൽ ഡോക്ടറേറ്റ് സമ്പാദിക്കുവാനും ഇവയൊക്കെ മതി. ഡി. ഡി. ബിരുദമെടുത്ത ഒരു വൈദികനിൽനിന്നും സഭ പ്രതീക്ഷിക്കുന്ന ഉന്നതങ്ങളായ മാനദണ്ഡങ്ങളെവിടെ, ഈ കുടിൽ വ്യവസായ വിദഗ്ധരെവിടെ? ആധുനിക ദൈവശാസ്ത്രത്തെയൊ തത്വശാസ്ത്രത്തേയൊപ്പറ്റി ഇക്കൂട്ടരിൽ പലർക്കും ഒരു ചുക്കും അറിഞ്ഞുകൂടെന്നു പറഞ്ഞാൽ അതിൽ യാതൊരതിശയോക്തിയുമില്ലായിരിക്കും.

ഉപവിയുടെ പേരിൽ പി. എച്ച്. ഡി.

സാമാന്യമായി പറഞ്ഞാൽ ദൈവശാസ്ത്രം, കാനോൻ നിയമം എന്നീ വിഷയങ്ങളിൽ വൈദഗ്ധ്യം സമ്പാദിക്കുവാനുള്ള ഏറ്റവും ഉന്നതങ്ങളായ വൈദിക സർവ്വകലാശാലകൾ റോമിലുണ്ട്. അതായത് പഠിക്കണമെന്നാഗ്രഹമുള്ളവർക്ക് ആ വിഷയങ്ങൾ പഠിക്കുവാൻ റോം വളരെ യോജിച്ചതാണെന്നു സാരം. പക്ഷേ ഒന്നാം രണ്ടുംകൊല്ലം റോമിലും യൂറോപ്പിലുമായി 'ഉഴപ്പി' നടന്ന ശേഷം ഈ ഡിഗ്രികൾക്കുവേണ്ടി ചെല്ലുന്ന നമ്മുടെ വൈദികരേയും റോമിലെ പ്രൊഫസറന്മാർ ഉപേക്ഷിക്കാറില്ല. അത് അവരുടെ പഠനത്തെ പരിഗണിച്ചല്ല, വെറും ഉപവിയുടെ പേരിലാണ്. കാശിനു കൊള്ളാത്ത ചിലതീസിസ്സുകളെഴുതി പി.എച്ച്.ഡി.യും ഡി. ഡി. യുമൊക്കെ വാങ്ങുവാൻ ചെല്ലുന്നവരേപ്പറ്റി റോമിലെ പ്രൊഫസറന്മാർ അഭിപ്രായം പറഞ്ഞിട്ടുള്ളത് ഈ ലേഖകനറിയാം. കൃത്യമായ മാനദണ്ഡങ്ങളും മറ്റും പാലിക്കുവാൻ ശ്രമിക്കുന്നപക്ഷം റോമിലെ

പ്രൊഫസറന്മാക്കു് വളരെയധികം ശത്രുക്കളും വിരോധികളും നമ്മുടെയിടയിൽനിന്നും ഉണ്ടാകുമെന്നുള്ളതു് തീർച്ചയാണല്ലൊ.

സാമൂഹ്യശാസ്ത്രം.

സാമൂഹ്യശാസ്ത്രം, തത്വചിന്ത എന്നീ വിഷയങ്ങളിൽ റോമിലെ വൈദികസർവ്വകലാശാലകൾ താരതമ്യേന പിന്നോക്കം നിലകൊള്ളുന്നവയാണു്. പ്രഖ്യാതന്മാരായ കത്തോലിക്കാ തത്വചിന്തകർ റോമിലും ഇറലിയിൽ പൊതുവെയും കുറവാണു്. ടെക്സ്റ്റ്ബുക്കു നിർമ്മാതാക്കളുടെ കാര്യമല്ല ഞാൻ പറയുന്നതു്. അതിനുള്ള കാരണങ്ങൾ ഇവിടെ വിവരിക്കുന്നില്ല. സാമൂഹ്യശാസ്ത്രങ്ങളുടെ കാര്യത്തിൽ യൂറോപ്യൻ സർവ്വകലാശാലകൾ അമേരിക്കയേക്കാൾ പിന്നിലാണു് നിലകൊള്ളുന്നതു്. പൊതുവേ പറഞ്ഞാൽ കത്തോലിക്കാ സർവ്വകലാശാലകൾ സാമൂഹ്യശാസ്ത്രത്തിൽ മറ്റു സർവ്വകലാശാലകളേക്കാളും പിന്നിലാണു്. ലുവയിൻ സർവ്വകലാശാലയിൽ ഈ ലേഖകൻ ഐശ്ചികമായി എടുത്തിരുന്നതു് സാമൂഹ്യശാസ്ത്രമായിരുന്നു. തത്വശാസ്ത്രം ഉടങ്ങി പല വിഷയങ്ങളിലും ലോകപ്രശസ്തിയാർജ്ജിച്ച പ്രസ്തുത സ്ഥാപനത്തിലെ ഏറ്റവും പിന്നോക്കം നില്ക്കുന്ന വിഭാഗമാണു് സാമൂഹ്യശാസ്ത്രവകുപ്പു്. സാമൂഹ്യശാസ്ത്രത്തിന്റെ കാര്യത്തിൽ യൂറോപ്യൻ സർവ്വകലാശാലകൾ പൊതുവെ പിന്നോക്കമാണെങ്കിൽ, യൂറോപ്യൻ കത്തോലിക്കാ സർവ്വകലാശാലകൾ, അതിലും പിന്നോക്ക

മാണെങ്കിൽ, റോമിലെ വൈദിക കലാലയങ്ങൾ സാമൂഹ്യശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം എത്ര പിന്നണിയിലാണെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലൊ. പക്ഷേ റോമിൽ സാമൂഹ്യശാസ്ത്രം പഠിക്കുന്ന നമ്മുടെ വൈദികർക്കു് ചില എളുപ്പമാർഗ്ഗങ്ങളുണ്ടു്. ഇൻഡ്യയിലെ സാമൂഹ്യ സാമ്പത്തിക വ്യവസ്ഥിതികളെപ്പറ്റി വിദഗ്ധപഠനം നടത്തിയിട്ടുള്ള പ്രൊഫസറന്മാർ അവിടെ വിരളമാണെന്നുള്ളതുതന്നെ. ഇൻഡ്യയെപ്പറ്റി എന്തെങ്കിലും പറയാൻ റോമിലുള്ള വിദഗ്ധർ നമ്മുടെ വൈദികർ മാത്രമായിരിക്കെ ഇൻഡ്യയിലെ ചില കാര്യങ്ങളെപ്പറ്റി പ്രബന്ധങ്ങളെഴുതി ഡോക്ടറേറ്റ് സമ്പാദിക്കുവാൻ എന്താണു പ്രയാസം?

അരമനയിലേയ്ക്കു്.

ഇപ്രകാരമുള്ള പി. എച്ചു്. ഡി. കളും ഡി. ഡി. കളും സമ്പാദിച്ചവരാണു് നമ്മുടെ നാട്ടിൽ തിരിച്ചെത്തിയശേഷം മെത്രാന്മാരുടെ വിദഗ്ധ ഉപദേശകന്മാരും ചിലപ്പോൾ സെമ്മിനാരികളിലേയും കോളജുകളിലേയും പ്രൊഫസറന്മാരുമായി നിയമിക്കപ്പെട്ടുന്നതെന്നുള്ളതു് വാസ്തവത്തിൽ പരിതാപകരമാണു്. ചിലർ പ്രത്യേകജോലികളൊന്നുമില്ലാതെ മെത്രാസന മന്ദിരങ്ങളിൽ സ്ഥിരതാമസമുറപ്പിക്കുകയും ചെയ്യും. അടുത്തകാലത്തായി ഈ ഡോക്ടറന്മാരിൽ ചിലരുടെ സേവനങ്ങൾ ഇടവകകൾക്കും ലഭിച്ചുതുടങ്ങിയിട്ടുണ്ടെന്നതും ചാരിതാർത്ഥ്യജനകംതന്നെ.

മംഗലപ്പുഴ.

കേരളത്തിൽ ഒരു മേജർ സെമ്മിനാരിയുള്ളതു് വിദേശികളായ വൈദികരുടെ നിയന്ത്രണത്തിലാണല്ലൊ. നമ്മുടെ വൈദികർ വിദേശങ്ങളിൽ പോയി പഠനം നടത്തുന്നതും വിദേശിയരായ പണ്ഡിതരെ ഇങ്ങോട്ടക്ഷണിക്കുന്നതുമൊക്കെ വളരെ അഭിലഷണീയമാണെങ്കിലും ഏതദ്ദേശീയ വൈദികരെ പരിശീലിപ്പിക്കുവാനുള്ള സ്ഥാപനങ്ങളുടെ നിയന്ത്രണം നമ്മുടെ നാട്ടുകാരായ വൈദികർക്കുതന്നെ സിദ്ധിക്കേണ്ടതാണു്. സ്റ്റാനിഷ് മിസ്റ്റിസിസം, സംസ്കാരം, ഭാഷ എന്നിവയോടുള്ള അത്യധികമായ ബഹുമാനത്തോടുകൂടിത്തന്നെ പറയുകയാണു്, സ്പെയിൻകാരല്ല നമ്മുടെ വൈദികർക്കു പരിശീലനം നല്കാൻ ഏറ്റവും യോജിച്ച വ്യക്തികൾ. സാമൂഹ്യസാമ്പത്തിക വിജ്ഞാനങ്ങളിലും ആശയങ്ങളിലും നമ്മുടെ വൈദികർ ഇത്ര പിന്നോക്കം നില്ക്കുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്നു് സ്പെയിൻകാരുടെ കീഴിലുള്ള ഈ പരിശീലനമാണു്. അടുത്തകാലംവരെ ദിനപ്പത്രങ്ങൾ വായിക്കുവാൻപോലും നമ്മുടെ വൈദികവിദ്യാർത്ഥികൾക്കു് സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. മദ്ധ്യവേനലവധിക്കു് വീട്ടിൽ വരുമ്പോൾ മാത്രമാണു് അക്കൊല്ലം ബാഹ്യലോകത്തു് നടന്ന സംഭവങ്ങൾ അവർ കുറേയൊക്കെ അറിഞ്ഞിരുന്നതു്. ഇങ്ങിനെയുള്ളവർ അഞ്ചെട്ടു കൊല്ലത്തെ സെമ്മിനാരി വിദ്യാഭ്യാസത്തിനുശേഷം പുറത്തുവരുമ്പോൾ എന്തെന്തു നവീനാശയങ്ങളുടെ ഉടമസ്ഥരായിരിക്കുകയില്ല!

ഈ രാജ്യത്തെ സാമൂഹ്യവ്യവസ്ഥിയേയും പ്രശ്നങ്ങളേയുമെല്ലാം അവഗണിച്ചുകൊണ്ട് ഇവിടെ പ്രവർത്തനം നടത്തുവാൻ നമ്മുടെ ഒരു വൈദികനും സാദ്ധ്യമല്ല. ഈ രാജ്യത്തെ പ്രശ്നങ്ങളേപ്പറ്റി ഏറ്റവും വിദഗ്ദ്ധമായ അറിവുള്ളവർ മലയാളഭാഷപോലും നിശ്ചയമില്ലാത്ത സ്പാനിഷ് വൈദികരുമല്ല. പക്ഷേ വിദഗ്ദ്ധരും പണ്ഡിതരുമായ വൈദികർ നമുക്കുണ്ടാകുന്നതിനുമുമ്പ് മേജർ സെമ്മിനാരി പോലുള്ള സ്ഥാപനങ്ങൾ നമ്മുടെ നിയന്ത്രണത്തിലാക്കുവാനും നിവൃത്തിയില്ല. അതു സാദ്ധ്യമാകണമെങ്കിൽ ഇപ്പോഴത്തേതുപോലുള്ള പി.എച്ച്.ഡി. ഡി.ഡി. കൾ അപ്രത്യക്ഷമാകണം. മൈവശാസ്ത്രവും മറ്റും കൈകാര്യംചെയ്യുവാൻ എത്രയധികം പാണ്ഡിത്യമുണ്ടെങ്കിലും ക്രൂതലായിപ്പോവുകയില്ല. അങ്ങിനെയുള്ള വിജ്ഞാനശാഖകളിൽ ഈ ചക്കാത്തുഡിഗ്രികൾ അപകടകരമത്രെ.

എന്നിട്ടും.

വളരെ പാരമ്പര്യവും പഴക്കവുമുള്ള ഒരു സമുദായമാണ് നമ്മുടേതെങ്കിലും മൈവശാസ്ത്രം, തത്വചിന്ത തുടങ്ങിയ ഉന്നത വിജ്ഞാനശാഖകളിൽ പ്രാവീണ്യം സമ്പാദിച്ചിട്ടുള്ള പ്രശസ്തരായ വൈദികരുടെ സംഖ്യ ഇന്നും നമ്മുടെയിടയിൽ കുറവായിരിക്കുന്നതു് ഖേദകരമാണ്. വളരെയധികം സമയവും പണവും വൈദികവിദ്യാഭ്യാസത്തിനുവേണ്ടി നാം ചെലവഴിച്ചിട്ടും ഇപ്രകാരമുള്ള ചക്കാത്തു ബിരുദധാരികളെയാണ് ക്രൂതലായി നമുക്കു ലഭിക്കുന്നതെങ്കിൽ ആ സ്ഥിതിക്കു പരിഹാ

രമുണ്ടാക്കുവാൻ ഇനിയും താമസിച്ചുകൂടാ. വിദേശങ്ങളിൽ നിന്നുള്ള സഹായം ഇക്കാര്യങ്ങളിൽ ക്രമേണ കുറഞ്ഞുവരാനാണ് എളുപ്പം. അതു മുൻകൂട്ടി ദർശിക്കുവാനും ഏതദ്ദേശീയ സഭയുടെ സർവ്വതോമുഖമായ പുരോഗതിക്കുവേണ്ടി പരിശ്രമിക്കുവാനും ഇവിടത്തെ സഭാധികാരികളും ജനങ്ങളും ഒരുപോലെ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഇനിയെങ്കിലും വിദേശപഠനത്തിനായി ഇവിടെനിന്നും പുറപ്പെടുന്ന നമ്മുടെ യുവവൈദികരെയെല്ലാം പ്രത്യേകിച്ച് സാമൂഹ്യശാസ്ത്രം, തത്വചിന്ത തുടങ്ങിയ വയിൽ പഠനം നടത്തുവാനാഗ്രഹിക്കുന്നവരെ-റോമിലേക്കുതന്നെ അയക്കാതെ പ്രശസ്തങ്ങളായ ഇതര സർവ്വകലാശാലകളിലേക്കുകൂടി അയക്കുന്നെങ്കിൽ അതു് അവർക്കും നാടിനും ഒരുപോലെ ഉപകാരപ്രദമായിരിക്കും.

'പിടി'യില്ല.

ഒരുകാര്യം കൂടി. ഇത്രയും പറഞ്ഞതു് വിദേശത്തു പോകുന്ന നമ്മുടെ വൈദികർ ഓരോ വിഷയങ്ങൾ പഠിക്കുന്നതിനേപ്പറ്റിയാണ്. എന്നാൽ ഒരു ഡിഗ്രിയും സമ്പാദിക്കുന്നില്ലെങ്കിൽത്തന്നേയും നമ്മുടെ യുവവൈദികർ കുറേയൊക്കെ പാശ്ചാത്യരാജ്യങ്ങളും മറ്റും സന്ദർശിക്കുന്നതു വളരെ നന്നായിരിക്കും. നമ്മുടെ ചക്കാത്തു ഡിഗ്രിക്കാരേപ്പറ്റി ഒരു കാര്യം പറയാം-അവർ യൂറോപ്യൻ രാജ്യങ്ങളിൽ ധാരാളമായി സഞ്ചരിക്കുകയും വളരെയധികം പ്രായോഗികജ്ഞാനം സമ്പാദിക്കുകയും ചെയ്യുന്നുണ്ടു്. ജീവിതകാലം മുഴുവൻ നാട്ടിൻപുറത്തെ ചില ഇടവകകളിൽ ചടഞ്ഞുകൂടി കഴിയേണ്ടിവ

രുന്നവക്കു് ഇപ്രകാരമുള്ള ബാഹ്യലോകസമ്പർക്കം എത്ര ഉപകാരപ്രദമായിരിക്കുമെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലൊ. അതിനാൽ സമർത്ഥരായ നമ്മുടെ യുവവൈദികരെ കുറേ നാളത്തേക്കു് വിദേശങ്ങളിലും മറ്റും അയക്കുന്നതു് ഡിഗ്രികൂടുംക്കുവേണ്ടിയല്ലെങ്കിൽ തന്നേയും വളരെ അഭിലഷണീയമായിരിക്കും. പക്ഷേ കഴിവുള്ളവരിൽ പലർക്കും ബിഷോപ്പിന്റെ പക്കൽ 'പിടി'യില്ലെന്നുള്ളതാണു് പരമാർത്ഥം. മറ്റുചിലർ എങ്ങിനെയെങ്കിലും നാട്ടിൽനിന്നു കടന്നാൽപിന്നെ ഇങ്ങോട്ടു തിരിച്ചുവരണമെന്നു് ആഗ്രഹമില്ലാത്തവരും. ഒരു വൈദികന്റെ ഏറ്റവും പ്രധാനമായ കർത്തവ്യങ്ങൾ വിശ്വാസികളുടെ ആത്മീയസുസ്ഥിതിക്കുവേണ്ടിയുള്ള പരിശ്രമങ്ങളാണെന്നു് അവർ വിസ്മരിച്ചുപോകുന്നു!

X

പല്ലക്കും പോണ്ടിയാക്കും.

ബൂർഷ്വാസംസ്കാരം.

അതതുകാലത്തെ നാഗരീകതകളും സാമൂഹ്യപ്രസ്ഥാനങ്ങളും സാംസ്കാരികപ്രവണതകളുമെല്ലാം കത്തോലിക്കാസഭയുടെമേലും സ്വാധീനം ചെലുത്താറുണ്ട്. പക്ഷെ അവ സഭയുടെ ബാഹ്യവലയ (Periphery) ത്തെ മാത്രമെ ബാധിക്കുകയുള്ളൂ. സഭയുടെ ആന്തരികസത്തയേയും വിശ്വാസസംഹിതയേയും ക്ഷതപ്പെടുത്തുവാൻ അവയ്ക്കു സാദ്ധ്യമല്ല. ഒരു കാലത്തു് ഫ്യൂഡൽ സംസ്കാരം സഭയുടെമേൽ അതിന്റെ സ്വാധീനതകൊം ചെലുത്തിയിരുന്നു. ആധുനിക കാലത്താകട്ടെ ബൂർഷ്വാസംസ്കാരത്തിന്റെ സ്വാധീനതകളും പ്രഭാവങ്ങളുമാണു് സഭയുടെ ബാഹ്യവലയത്തെ ബാധിച്ചിരിക്കുന്നതു്. എന്നാൽ ഇവയുടെ അടിമയാകാതെ ഇവയെ അതിജയിക്കുവാനുള്ള കർത്തവ്യവും സഭയ്ക്കുണ്ടു്. പക്ഷേ ഈ കർത്തവ്യത്തേപ്പറ്റി പലരും അത്ര ചിന്തിക്കാറില്ലെന്നു മാത്രം.

മുതലാളിത്ത വ്യവസ്ഥിതിയുടേയും മനോഭാവത്തിന്റേയും പ്രകടമായ ലക്ഷ്യങ്ങളും സൂചനകളും കേ

രളത്തിലെ കത്തോലിക്കാസഭയിലും നമുക്കിന്നു കാണാം. ഫ്യൂഡൽ സംസ്കാരം ഇവിടെ നിലനിന്നിരുന്ന ഒരു കാലഘട്ടത്തിൽ നമ്മുടെ ഇടവകകളും മറവും സന്ദർശിക്കുവാൻ വരുന്ന മെത്രാന്മാരെ പല്ലക്കിലും കസേരകളിലുമെല്ലാം വഹിച്ചുകൊണ്ടു പോകുന്ന ഒരു പതിവുണ്ടായിരുന്നു. ഇന്നു് പല്ലക്കുകളുടെ കാലത്തെ പിന്നിട്ടുകൊണ്ടു് ബൂർഷ്വാ സംസ്കാരത്തിന്റെ പ്രതീകങ്ങളായ പോണ്ടിയാക്കുകളേയും പ്ലിമത്തുകളേയുമാണു് നമ്മുടെ തിരുമേനിമാർ സ്വീകരിച്ചിരിക്കുന്നതു്. പല്ലക്കുകളുടെ കാലത്തുതന്നെ നമ്മുടെ സഭാധികാരികൾ ജനസാമാന്യത്തിൽ നിന്നും കുറെ അകന്നിരുന്നു. പോണ്ടിയാക്കുകൾ വന്നതോടുകൂടി ജനങ്ങളിൽ നിന്നുള്ള അവരുടെ അകൽച്ച വർദ്ധിച്ചിരിക്കുകയാണു്.

അകൽച്ചയുടെ ഫലങ്ങൾ.

വിശ്വാസികളായ സമാന്യജനങ്ങളിൽ നിന്നുമുള്ള സഭാധികാരികളുടെ ഈ അകൽച്ച അതിഭയങ്കരങ്ങളായ ഭവിഷ്യത്തുകളെ ഉൾക്കൊള്ളുന്നുണ്ടു്. ജനങ്ങളുടെ സുഖദുഃഖങ്ങളിൽ പങ്കുകൊള്ളുവാനും ക്ലേശത്തിന്റേയും ക്ലാന്തിയുടേയും നിമിഷങ്ങളിൽ അവരെ സാന്ത്വനപ്പെടുത്തുന്നതിനും മനുഷ്യജീവിതത്തിലെ ഏറ്റവും മഹത്പൂർണ്ണങ്ങളായ സന്ദർഭങ്ങളിൽ മതത്തിന്റെ മഹനീയങ്ങളായ സമാശ്വാസങ്ങളും സാന്ത്വനങ്ങളും ആശിസ്സുകളും നല്കി അവരെ അനുഗ്രഹിക്കുന്നതിനുംവേണ്ടിയാണു് സഭയിലെ അജപാലകന്മാർ ജീവിക്കുന്നതു്.

റോഡിലും തെരുവീഥികളിലും ബസ്സിലും തീവണ്ടിയിലും കളിസ്ഥലത്തും ഭോജനശാലയിലും ഒരു പക്ഷേ നമ്മോടൊത്തിരുന്നു് സംസാരിക്കുകയും ചിരിക്കുകയും ലോകവ്യവഹാരങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്ന ആ വൈദികസുഹൃത്തിനെ ഒരു പക്ഷേ അതു കാര്യമായി നാം പരിഗണിച്ചിട്ടില്ലായിരിക്കാം. എന്നാൽ വിവാഹജീവിതത്തിലേക്കു പ്രവേശിക്കുവാനായി ആ വൈദികന്റെ മുമ്പിൽ നാം നിലകൊള്ളുമ്പോൾ, നമ്മുടെ പ്രിയകുഞ്ഞുങ്ങളെ ജ്ഞാനസ്നാനം വഴിയായി സഭയുടെ വിശാലമായ ഐക്യത്തിലേക്കു് ക്ഷണിക്കുവാൻ അദ്ദേഹം പരിശ്രമിക്കുമ്പോൾ, രോഗഗ്രസ്തരായ നമ്മുടെ ശിരസ്സുകൾക്കു മുകളിൽ നിന്നുകൊണ്ടു് സഭയുടെ നാമത്തിൽ അദ്ദേഹം നമ്മെ അനുഗ്രഹിക്കുകയും ആശീർവദിക്കുകയും ചെയ്യുമ്പോൾ, ലോകത്തെ വിട്ടുപിരിയുന്ന ആത്മാവിനുവേണ്ടി ദിവ്യഭുതന്മാരുടെ അകമ്പടികളം അദ്ദേഹം യാചിക്കുമ്പോൾ, കളിസ്ഥലത്തും ബസ്സിലുമെല്ലാം വച്ചു് നാം കണ്ടുമുട്ടാറുള്ള ആ സാധാരണവ്യക്തി ദിവ്യമായ ഒരു പരിവേഷത്താൽ ചുറ്റപ്പെടുന്നു. വൈദികരും സഭാധികാരികളും ജനങ്ങളോടൊത്തും അവരുടെ മദ്ധ്യത്തിലും ജീവിക്കേണ്ടതിന്റെ ആവശ്യകത എത്രതന്നെ ഊന്നിപ്പറഞ്ഞാലും ക്രുത്തലാവുകയില്ല. ജനങ്ങൾ ക്രിസ്തുവിനോടൊത്തു ജീവിക്കണമെങ്കിൽ നാം ജനങ്ങളോടൊത്തു ജീവിക്കണം. സാമാന്യജനങ്ങളുടെ പ്രശ്നങ്ങളേയും കഷ്ടതകളേയും ബുദ്ധിമുട്ടുകളേയുംപറ്റി അജ്ഞനായിരുന്നുകൊണ്ടു് ഒരു സഭാധികാരിയും തന്റെ കർത്തവ്യങ്ങളെ വിജയപൂർവ്വം നിർവഹിക്കുവാൻ പോകുന്നില്ല.

കാർ തെരഞ്ഞെടുപ്പും പാലിയവും.

പക്ഷെ ഇന്നത്തെ കേരളത്തിൽ നാം കാണുന്ന തെന്താണു്? ഒരാൾ മെത്രാനായാൽ അദ്ദേഹത്തിന്റെ ആദ്യത്തെ എട്ടുപത്തുകൊല്ലങ്ങളുടെ ഒരു നല്ലഭാഗം ഒരു നല്ലഅരമന പണിയിക്കുവാനും നല്ലതരം കാറുകളുടെ തെരഞ്ഞെടുപ്പിനുമൊക്കെയായി ചെലവഴിക്കപ്പെടുന്നു. ഒരു സഭാധികാരിയുടെ ഏറ്റവും ഉറപ്പായ വാസസ്ഥലം തന്റെ ജനങ്ങളുടെ ഹൃദയങ്ങളാണെന്ന വസ്തുത സൗകര്യപൂർവ്വം വിസ്മരിക്കപ്പെടുന്നു. വിദേശത്തുനിന്നോ സ്വന്തം ജനങ്ങളിൽനിന്നോ ലഭിക്കുന്ന പണം മുഴുവൻ സ്വന്തം പ്രശസ്തിക്കും ആഡംബരങ്ങൾക്കും ഉപയുക്തമായരീതിയിൽ ചെലവഴിക്കുവാൻ അവർക്കു യാതൊരു സങ്കോചവുമില്ല. അടുത്തകാലത്തു് ചില മെത്രാന്മാർക്കു് പാലിയം നല്കുവാനായി ഇൻറർനൺഷ്യോ തിരുമേനി കേരളത്തിൽ വരികയുണ്ടായി. പാലിയത്തിന്റെ അർത്ഥം, ഉത്ഭവം തുടങ്ങി കത്തോലിക്കർ അറിഞ്ഞിരിക്കേണ്ട കാര്യങ്ങളേപ്പറ്റി കത്തോലിക്കാപ്പത്രങ്ങളായ ദീപികയും മലബാർ മെയിലുമൊക്കെ ആ അവസരത്തിൽ എഴുതുകയുണ്ടായി. എന്നാൽ സഭയുടെ പഠനങ്ങളും പാരമ്പര്യങ്ങളുമൊന്നും അറിഞ്ഞുകൂടാത്ത അകത്തോലിക്കാപ്പത്രങ്ങൾ പാലിയം നൂൽ ചടങ്ങിന്റെ ആഡംബരങ്ങളേയും വർണ്ണശബളതയേയും പറ്റിയുള്ള റിപ്പോർട്ടുകൾക്കും ഫോട്ടോകൾക്കുമാണു് പ്രാധാന്യം നൽകിയതു്. ഇവയിൽ നമ്മുടെ തിരുമേനിമാർക്കു് കൂടുതൽ രസിച്ചതു് അകത്തോലിക്കാപ്പത്രങ്ങളിലെ ഈ

ഫോട്ടോകളും റിപ്പോർട്ടുകളുമാണത്രെ! [redacted]

[redacted]

അരമനകളിലേയ്ക്ക്.

ലക്ഷക്കണക്കിനു രൂപാ ചെലവാക്കി നിർമ്മിച്ചിരിക്കുന്ന അരമനകളിലേയ്ക്ക് ആത്മധൈര്യത്തോടുകൂടി കയറിച്ചെല്ലുവാൻ ഇവിടത്തെ സാധാരണ കത്തോലിക്കർക്ക് സാധിക്കുമോ? അവയിലൊക്കെ സുഖമായി വാഴുന്നവർ ഈ സാധാരണക്കാരുടെ പ്രശ്നങ്ങളെപ്പറ്റി എന്തെങ്കിലുമറിയുന്നതു് മുമ്പു് പറഞ്ഞ പി. എച്ചു്. ഡി. ഡി. ക്കാരായ ഉപദേശകർ മുഖേനയാണു്. അതു് എന്തുതരം അറിവായിരിക്കുമെന്നും അറിയേണ്ടതു തന്നെ.

മത്സരം.

ഇപ്രകാരം പ്രതാപത്തിനും പ്രൌഢിക്കും വേണ്ടി നമ്മുടെ രൂപതകളിൽ ഒരു മത്സരം തന്നെ നടക്കുന്നുണ്ടു്. മാന്യമായി ജീവിക്കുവാനും ഒരു രൂപതയുടെ ഭരണത്തിനാവശ്യമായ എല്ലാസജ്ജീകരണങ്ങളും ഏർപ്പെടുത്തുന്നതിനുള്ള സ്വാധികാരികളുടെ യത്നത്തിൽ ഒരു കുത്തോലിക്കനും പ്രതിഷേധവുമില്ല. പക്ഷെ ഈ ധൂർത്തതയും ധാരാളിത്തവും എന്തെങ്കിലും ആത്മീയനന്മ ആക്കുകയോ കൈവരുത്തുന്നുണ്ടോയെ

മെത്രാൻസ്ഥാനം ഉന്നതങ്ങളായ പല ഉത്തരവാദിത്വങ്ങളും ഉൾക്കൊള്ളുന്നതാണെന്നു നമുക്കറിയാം. പക്ഷേ ചിലർ ആ സ്ഥാനലബ്ധിയെ എന്തു ലാഘവബുദ്ധിയോടുകൂടിയാണു് വീക്ഷിക്കുന്നതെന്നുള്ളതിനു് ഇന്നാട്ടിൽനിന്നും പല തെളിവുകളും ലഭിച്ചിട്ടുണ്ടു്. അവയൊന്നും ഇവിടെ നിരത്തിവെക്കുന്നില്ല.

അങ്ങിനെയുമുണ്ടു് ചിലർ.

അരമനകൾ പണിയിച്ചും കാർ വാങ്ങിച്ചുമൊന്നും കത്തോലിക്കാസഭയിലെ ഒരു നേതാവും പ്രശസ്തനായിട്ടില്ല. അപ്രകാരമുള്ള നേട്ടങ്ങളുടെ പേരിൽ ഒരു വ്യക്തിയും പുണ്യവാനെന്ന പേരുവിളിക്കപ്പെട്ടിട്ടുമില്ല. ജനങ്ങളോടൊത്തുജീവിക്കുകയും അവരുടെ സുഖദുഃഖങ്ങളിൽ ഒരുപോലെ പങ്കുകൊള്ളുകയും അവരെ ആത്മാർത്ഥമായി സ്നേഹിക്കുകയും ചെയ്യുന്ന സഭാധികാരികൾ ഈ ഭാരതത്തിൽത്തന്നെ ഉണ്ടായിട്ടുണ്ടു്, ഇന്നുമുണ്ടു്. തീവണ്ടികളിൽ മൂന്നാംക്ലാസ്സിൽ യാത്രചെയ്യുന്നതും സ്വന്തം പെട്ടികളും ഭാണ്ഡങ്ങളും സ്വയം ചുമക്കുന്നതും ഒറ്റനിലകെട്ടിടങ്ങളിൽ താമസിക്കുന്നതും ജനങ്ങളെ അവരുടെ വീടുകളിൽച്ചെന്നു സന്ദർശിക്കുന്നതുമൊന്നും അത്ഭുതകരമായി കണക്കാക്കാത്ത മെത്രാന്മാർ ഇവിടെയുണ്ടു്. ജനങ്ങൾ അവരോടു പ്രദർശിപ്പിക്കുന്ന സ്നേഹബഹുമാനാദരങ്ങൾ ആരുടേയും ഹൃദയംകവരുന്നതാണു്. കേരളത്തിലെ ജനങ്ങളും സഭാധികാരികളും തമ്മിലുള്ള അടുപ്പം ഇതിന്റെ പത്തിലൊന്നെങ്കിലുമുണ്ടോ? ജോൺ ഇരുപത്തിമൂന്നാമൻ മാർപ്പാപ്പാ തിരുമേനിയുടെ മാതൃകകളെ

യെങ്കിലും അനുകരിക്കുവാൻ തയ്യാറുള്ള തിരുമേനിമാർ ഇവിടെ എത്രപേരുണ്ട്? സാധാരണക്കാരുമായി പത്തു മിനിട്ടിൽക്കൂടുതൽ സംസാരിച്ചാൽ തങ്ങളുടെ മഹത്പവും ഗൗരവവും മുഴുവൻ നിലംപരിശായിപ്പോകുമെന്നു കരുതുന്നവർ ഇവിടെയില്ലേ?

കാളവണ്ടിയോ?

മുൻമെത്രാന്മാരുടെ കാലത്തു് പണിയിച്ച അരമനകൾ പൊളിച്ചുകളയണമെന്നോ കാളവണ്ടിയിൽ യാത്രചെയ്യണമെന്നോ ക്രിസ്തു പുൽത്തൊഴുത്തിൽ ജനിച്ചതിനാൽ എല്ലാ സഭാധികാരികളും തൊഴുത്തുകളിൽ പോയി താമസിക്കണമെന്നോ ഒന്നും ആരും പറയുന്നില്ല. വൈദികർ കഴിക്കുന്ന ഭക്ഷണത്തിന്റേയും ധരിക്കുന്ന ഉടുപ്പുകളുടേയും പേരിൽ അവരെ വിമർശിക്കുന്നതിൽ യാതൊരർത്ഥവുമില്ലതാനും. അവരുടെ കർത്തവ്യങ്ങളെ അവർ നിറവേറ്റുന്ന വിധവും അവരുടെ ജീവിതരീതികളും മനോഭാവങ്ങളുമാണു് മനുഷ്യരുടെ ശ്രദ്ധാകേന്ദ്രവിഷയീഭവിക്കുന്നതു്. കുർബാനയുടേയും ക്രമാശകളുടേയുമെല്ലാം ഫലം Opere Operato ആണെന്നും കാമ്മികരുടെ ജീവിതരീതി അവയെ ബാധിക്കുകയില്ലെന്നുമെല്ലാമുള്ളതു ശരിതന്നെ. എങ്കിലും ആർസിലെ വികാരിയേപ്പോലുള്ളവരെ ജനങ്ങൾ കൂടുതൽ ഇഷ്ടപ്പെടുന്നതിനും ചില കാരണങ്ങളില്ലേ? വൈദികരും മെത്രാന്മാരുമെല്ലാം സഭയിലേയും സമുദായത്തിലേയും സമുന്നത വ്യക്തികളാണു്. അവരുടെ മാതൃകാപരമായ ജീവിതങ്ങൾ

ക്കു് അവരുടെ പ്രസംഗങ്ങളേക്കാൾ വളരെ പ്രാധാന്യമു ണ്ടെന്നതു് അവിതർക്കിതവുമത്രെ. പക്ഷേ തങ്ങളുടെ വാക്കുകൾ കേട്ടാൽ മതിയെന്നും മാതൃകകളെ ശ്രദ്ധിക്കേ ണ്ടെന്നും ഉള്ള വാദത്തിനുമേലാണല്ലോ ചിലർ കടിച്ചു തൂങ്ങുന്നതു്.

സാധാരണക്കാർ.

കത്തോലിക്കരായ സാധാരണക്കാക്കു് സഭയുടെ ഉന്നതാധികാരികളിൽനിന്നും എന്തെങ്കിലും കാര്യങ്ങൾ സാധിച്ചുകിട്ടുകയെന്നതു് പണ്ടത്തേപ്പോലെ ഇന്നും പ്ര യാസമുള്ള കാര്യമാണു്. ബിഷോപ്പുമാരുടെ പക്കൽ പിടിയുള്ളവർ സാധാരണഗതിയിൽ ഷെവലിയറന്മാരും മുതലാളിമാരും ഉദ്യോഗസ്ഥന്മാരുമൊക്കെയായതിനാൽ അവരുടെ കാര്യങ്ങൾക്കു് വലിയ വീഴ്ചവരാറില്ല. ഒരു കത്തോലിക്കാഹോസ്റ്റലിൽ നമ്മുടെഒരുപ്രമാണിയുടെ മക നു താമസിക്കുവാൻവേണ്ടി അവിടത്തെ വാർഡൻ ചെ യ്തുകൊടുത്ത പ്രത്യേകഏർപ്പാടുകളെപ്പറ്റി വളരെയധി കം ആക്ഷേപങ്ങൾ കേട്ടിട്ടുണ്ടു്. പത്രവാർത്തകളിലും എ ഴുത്തുകുത്തുകളിലും തങ്ങളുടെ പേരിനോടുചേർത്തു് 'തിരു മേനി' എന്നുകൂടി എഴുതിപ്പിടിപ്പിക്കാത്തതിന്റെ പേ രിൽ എത്ര പാവപ്പെട്ട എഴുത്തുകാരും പത്രാധിപന്മാരുമാ ണു് ഇവിടെ ചില മെത്രാന്മാരാൽ ശകാരിക്കപ്പെട്ടിട്ടുള്ള തു്. സഭാസംബന്ധമായ കാര്യങ്ങൾക്കാണെന്നും പറഞ്ഞു് യൂറോപ്യൻ രാജ്യങ്ങളും മറ്റും സന്ദർശിച്ചു് ധാരാളമായി പണം ധൂർത്തടിക്കുകയും ഭാരതത്തിന്റെയും കേരളത്തി

ന്റെയുമെല്ലാം അന്തസ്സിനെ നശിപ്പിക്കത്തക്കരീതിയിൽ അവിടെയുള്ളവരോട് പണത്തിനും കാരുകർക്കും ആഡം ബരസാധനങ്ങൾക്കുംവേണ്ടി യാചിക്കുകയും ചെയ്യുന്നവരുടെ കാര്യവും ഇവിടെ സൂചിപ്പിച്ചുകൊള്ളട്ടെ. തിരിച്ചുവരുമ്പോൾപത്തുനൂറുകാരുകളുടെ അകമ്പടിയോടുകൂടി അരമനകളിലേക്കെഴുന്നള്ളുന്നതോടൊപ്പം ആ നാണക്കേടെല്ലാം വിസ്മരിച്ചുകൊള്ളുമായിരിക്കും.

എഴുന്നള്ളത്ത്!

റോമിലൊ ഡൽഹിയിലൊ മദ്രാസിലൊ ഒക്കെപ്പോയി മടങ്ങിയെത്തുന്ന നമ്മുടെ തിരുമേനിമാർക്ക് കൊച്ചി വിമാനത്താവളത്തിൽനിന്നും അവരവരുടെ 'അരമന'കളിലെത്തുവാനുള്ള ചെലവ് എത്രമാത്രം വരുമെന്നു വല്ലവരും കണക്കാക്കിയിട്ടുണ്ടോ? കൊച്ചിയിൽനിന്നും സാധാരണയായി അവർ കോട്ടയത്തുവരെ എത്തുന്നതിനുള്ള ചെലവ് ഏകദേശം ആയിരം രൂപായാകും. കൊച്ചിയിൽനിന്നും ഡൽഹിവരെയുള്ള വിമാനയാത്രയുടെ ചെലവിനേക്കാൾ കൂടുതൽ! ഇതുമുഴുവൻ അതിശയോക്തിയാണെന്നു ചിലർക്കു തോന്നിയേക്കാം. കൊച്ചി മുതൽ കോട്ടയം വരെയുള്ള അൻപതു കാരുകളുടെ ടാക്സിചാർജ്ജു കണക്കാക്കിനോക്കുക. കൊച്ചി വിമാനത്താവളത്തിൽ വച്ചും അരമനയിലെത്തുമ്പോഴും നടത്തപ്പെടുന്ന സല്ക്കാരങ്ങളുടേയും എടുക്കുന്ന ഫോട്ടോകളുടേയും അവയെ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള ചെലവുകളുടേയും കണക്കു വേറെയാണ്. ലോകസൗന്ദ

യ്മത്സരത്തിൽ ഒന്നാംസ്ഥാനം നേടുന്ന ഭ്രലോകരംഭകളുടെ ഫോട്ടോകൾ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ഫോട്ടോകളെടുക്കപ്പെടുന്നതു് നമ്മുടെ ചില മെത്രാന്മാരുടെയാണു്. മാർപ്പാപ്പാ തിരുമേനിയുടെ പാർശ്വത്തിൽ നിന്നെടുക്കപ്പെടുന്ന (ഇവരിൽ ചിലർ പുണ്യശ്ലോകനായ ആ തിരുമേനിയുടെ ഏഴയൽപക്കത്തുപോലും നില്ക്കുവാൻ യോഗ്യതയില്ലാത്ത ലോകായതികന്മാരാണു്) ഫോട്ടോകൾ, കത്തോലിക്കാ കോൺഗ്രസ്സു് ഭാരവാഹികളിൽനിന്നും മറവും പൂമാലകളും മംഗളപത്രങ്ങളും സ്വീകരിക്കപ്പെടുമ്പോൾ എടുക്കുന്ന ഫോട്ടോകൾ തുടങ്ങിയവയുടെ ലിസ്റ്റു് വളരെ നീണ്ടതാണു്. ചില കത്തോലിക്കാപ്പത്രങ്ങൾ വളരെ വൈമനസ്യത്തോടുകൂടിയാണു് ഈ ഫോട്ടോകൾ പ്രസിദ്ധീകരിക്കുന്നതെങ്കിലും അകത്തോലിക്കാപ്പത്രങ്ങളെല്ലാം ഫോട്ടോ എടുക്കലിനു മത്സരംനടത്തുമ്പോൾ അവരെങ്ങിനെ അലസരായിരിക്കും? ഇതിന്റെയെല്ലാം അർത്ഥശൂന്യതയും പൊള്ളത്തരവും മനസ്സിലാക്കിയതുകൊണ്ടായിരിക്കും നമ്മുടെ ചില തിരുമേനിമാർ സ്വീകരണങ്ങളിൽനിന്നും മറവും മനഃപൂർവ്വം ഒഴിഞ്ഞുമാറുന്നതു്. പക്ഷേ ഇതു മറവു തിരുമേനിമാർക്കു രസിക്കുമെന്നു തോന്നുന്നില്ല. കമ്മ്യൂണിസ്റ്റു് ഭരണകാലത്തു് നമ്മുടെ പൊതുനിരത്തുകളെ ബാധിച്ചിരുന്ന അരക്ഷിതാവസ്ഥയും മറവും ഇന്നപ്രത്യക്ഷമായിട്ടുണ്ടു്. എന്നിട്ടും പുത്തനുറകാറുകളുടെ അകമ്പടിയെങ്കിലും കൂടാതെ ഇന്നും ചിലർക്കു യാത്രചെയ്യുകുടാ. ഈയിടെ യൂറോപ്യൻപര്യടനം കഴിഞ്ഞു് ചില സംഭാനേതാക്കൾ ഇവിടെ കൊണ്ടുവന്നിരിക്കുന്ന വാഹനങ്ങൾ നമ്മുടെ പൊ

നൂനിരത്തുകളിലെ ഏറ്റവും ഭീകരങ്ങളായ ഉത്പ്പാദകളാ
ണെന്നു പല വൈദികരും പറയുന്നതുകേട്ടു. സാധാരണ
ജനങ്ങൾ അവയേപ്പറ്റി പറയുന്ന അഭിപ്രായങ്ങൾ ഞാ
നിവിടെ പകർത്തുന്നില്ല. ഇവർ യാത്ര ചെയ്യുമ്പോഴെല്ലാം
വഴികൾനീളെ മുത്തുക്കുടകളും തഴക്കുടകളും വെള്ളി -
പൊൻകുരിശുകളും താങ്ങിപ്പിടിച്ചുകൊണ്ടു്, ഉഗ്രമായ
വെയിലത്തു്, മണിക്രൂരകർമ്മത്തെ കാത്തുനിൽക്കേണ്ടി
വരുന്ന പാവപ്പെട്ട ഇടവകവികാരിമാരുടേയും വിശ്വാ
സികളുടേയും പേരിൽ ആക്കാണു് അനാകമ്പതോന്നുക!
ഇതുകൊണ്ടെല്ലാം ആക്കു്, എന്തു് അത്മീയനന്മയാണാ
വോ ലഭിക്കുക! Vanitas.....

സ്ഥാനമഹത്വം.

മെത്രാൻസ്ഥാനത്തിന്റെ മഹനീയതകളെ വി
സ്മരിച്ചുകൊണ്ടല്ല, പ്രത്യുത ആ സ്ഥാനത്തോടുള്ള അ
ത്യധികമായ ആദരവുമൂലമാണു്, ഇത്രയും കാര്യങ്ങൾ
അല്പം പരുഷമായും ഹൃദയവേദനയോടുകൂടിയും എഴുതി
യതു്. "എല്ലാക്കാര്യങ്ങളും ദൈവീകമായ യോജിപ്പി
ലും ദൈവത്തിന്റെ സ്ഥാനംവഹിക്കുന്ന മെത്രാന്റെ അ
ദ്ധ്യക്ഷതയിലും ചെയ്യുക" എന്നുള്ള അന്ത്യോഖ്യയിലെ
ഇഗ്നേഷ്യന്റെ വാക്യം ഞാനനുസ്മരിക്കുകയാണു്.
എന്നാൽ മെത്രാൻസ്ഥാനം വെറുമൊരുദ്യോഗമോജീവിത
മാർഗ്ഗമോ അല്ലതന്നെ. "ഭരണപരമായ മഹത്വങ്ങൾ
വിശുദ്ധതയുടെ മഹത്വങ്ങൾക്കുവേണ്ടിയാണു്. ഭരണ
പരമായ ക്രമമല്ല.....സഭയിലെ ഏറ്റവും മെച്ച

പ്പെട്ടതും ദൈവീകവുമായ കാര്യം.....മാർപ്പാപ്പായേക്കാൾ മെച്ചപ്പെട്ടതും മഹത്തരവുമാണ് സഭ.....പാപ്പാധിപത്യം സഭയ്ക്കുവേണ്ടിയാണ് മറിച്ചല്ല" (Charles Journet). കത്തോലിക്കാസഭയെന്നതു് കുറേപ്പേരുടെ ഭൌതികപ്രതാപത്തിനും പ്രൌഢിക്കുംവേണ്ടി സ്ഥാപിക്കപ്പെട്ടിട്ടുള്ളതല്ല. സ്വന്തം പ്രതാപങ്ങൾക്കുപരിയായി ക്രിസ്തുവിനെയും അവിടുന്നു സ്ഥാപിച്ച സഭയേയും അതിന്റെ അംഗങ്ങളേയും സേവിക്കുകയാണ് സഭാധികാരികളുടെ കടമ. (അവർ ദാസന്മാരുടെ ദാസന്മാരാണല്ലൊ) വിശ്വഭീകരണമെന്നതു് സഭയുടെ സുപ്രധാനമായ ഒരു ധർമ്മമത്രെ. വിശ്വഭരായ ഗ്രന്ഥകർത്താക്കളാണ് അതിന്നാവശ്യം. ഫലഹളയായമാനമായി മിന്നിത്തിളങ്ങുന്ന കാവകളും പാലസുകളുമല്ല, വിശ്വഭീയുടെ സൌരഭ്യം പ്രസരിപ്പിക്കുന്ന ജീവിതമാതൃകകളാണ് ഇക്കാര്യത്തിൽ ക്രൂരതൽ സഹായകമെന്നു തോന്നുന്നു.

ബോർജിയാമാർ.

ബോർജിയാമാരുടെ പ്രതാപപ്രൌഢികാലം ഒരു കാലത്തു ലോകത്തിന്റെ സവിശേഷമായ ബഹുമാനാദരങ്ങളെ ആജ്ഞാപിച്ചിരുന്നു. ഇന്നു് അവരെ അനുകരിക്കുന്നവർ ആക്ഷേപപാത്രങ്ങളാവുകയെയുള്ളൂ. ഭ്രമുഖത്തെ ഏറ്റവും ആഡംബരപൂർണ്ണങ്ങളായ സാഹചര്യങ്ങളുടെ മദ്ധ്യത്തിലും ഒരു താപസവര്യനെപ്പോലെ ജീവിതം നയിച്ച പന്ത്രണ്ടാംപിയൂസ് തിരുമേനിയുടെയും സരളവും ലളിതവുമായ ജീവിതചര്യയും പ്രസിദ്ധിയാർജ്ജിച്ച ജോൺ

ഇരുപത്തിമൂന്നാമൻ തിരുമേനിയുടെയും സാധുജനപ്രേമിയായ ആബെ പീയറിന്റെയും ഈ കാലഘട്ടത്തിൽ ഹമ്മ്യസ്സന്നിഭങ്ങളായ പോണ്ടിയാക്കുകളിലും പ്ലിമത്തുകളിലും കയറി മിന്നിയടിച്ചു നടക്കുന്ന നമ്മുടെ ബെഹുമാനപ്പെട്ട ചില അജപാലകന്മാർ ക്രിസ്തുവിന്റെയും സഭയുടെയും താല്പര്യങ്ങൾക്കു് പ്രതിനിധീഭവിക്കുന്നുവെന്നു് സാധാരണക്കാർ എങ്ങിനെ വിശ്വസിക്കും?

XI

എല്ലാം പാസ്സ്!

എറണാകുളം വൈദികമേധാവിത്വം.

1. വിശ്വാസികളുടെ ആത്മീയവും മതപരവുമായ ആവശ്യങ്ങൾ നിറവേറ്റുകയും സഭാതത്വങ്ങൾ പഠിപ്പിക്കുകയുമാണ് വൈദികരുടെ മുഖ്യകർത്തവ്യം. ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ആത്മീയമൂല്യങ്ങളെ ബഹുമാനിക്കുവാൻ വിശ്വാസികളെ ഉൽബോധിപ്പിക്കുകയും സ്വജീവിതത്തിലൂടെ ഉത്തമമാതൃകകൾ കാണിച്ചുകൊടുക്കുകയും ചെയ്യേണ്ടതും അവരുടെ കടമയാണ്. എന്നാൽ തങ്ങൾക്കു നേരിട്ടു ബന്ധമില്ലാത്ത കാര്യങ്ങളിൽ വൈദികർ പലപ്പോഴും ഇടപെടാറുണ്ട്. അപ്രകാരമുള്ള ചില ഇടപെടലുകളെല്ലാം ന്യായീകരിക്കാവുന്നതുമാണ്. കാരണം ഒരു പ്രത്യേക പ്രവർത്തനമണ്ഡലത്തിൽ മാത്രം ഒതുങ്ങിനില്ക്കുവാൻ ആർക്കും സാദ്ധ്യമല്ല. ഒരു സാഹിത്യസമ്മേളനത്തിൽ നമ്മുടെയൊരു വൈദികൻ പ്രസംഗിക്കുന്നതോ ഒരു നാടകം ഉൽഘാടനം ചെയ്യുവാൻ അദ്ദേഹത്തെ ക്ഷണിക്കുന്നതോ ഒരു സഹകരണസംഘത്തിന്റെ ഉൽഘാടനം ഒരു വൈദികനാൽ നടത്തപ്പെടുന്നതോ ഒന്നും അത്ര ആക്ഷേപാർഹങ്ങളല്ല. വിദ്യാ

ഭ്യാസരംഗത്തും സാംസ്കാരികരംഗങ്ങളിലും സാമൂഹ്യ രംഗത്തും വൈദികർ പ്രവർത്തനം നടത്തുന്നുണ്ട്. അതൊന്നും ആക്ഷേപകരങ്ങളായി നാമാരും പരിഗണിക്കുന്നില്ല. സാമ്പത്തികശാസ്ത്രത്തിൽ വിദഗ്ധനായ ഒരു വൈദികൻ ഒരു കോളേജിൽ പഠിപ്പിക്കുന്നതോ പത്രപ്രവർത്തനപരിചയമുള്ള വൈദികർ പത്രങ്ങൾ നടത്തുന്നതോ ഒന്നും അനഭിലഷണീയങ്ങളായ കാര്യങ്ങളല്ല. ഇതൊന്നും വൈദികമേധാവിത്വവുമല്ല. എന്നാൽ ഒരു വൈദികൻ തനിക്കറിവും പരിചയവുമില്ലാത്ത ഒരു രംഗത്തു് വൈദികനാണെന്നുള്ള കാരണത്താൽ മാത്രം ഇടപെടുകയും ആധിപത്യം സ്ഥാപിക്കുകയും അൽമേനികളുടെ ന്യായമായ പ്രവർത്തനസ്വാതന്ത്ര്യങ്ങൾക്കു് പ്രതിബന്ധം സൃഷ്ടിക്കുകയും സമുദായത്തിന്റെ എല്ലാ പ്രവർത്തനമണ്ഡലങ്ങളിലും നീതീകരണക്ഷമങ്ങളല്ലാത്ത കൈകടത്തലുകൾ നടത്തുകയും ചെയ്യുമ്പോൾ അവിടെ അല്പം 'ക്ലെരിക്കലിസം' ചുവയ്ക്കുന്നതായി നാം പറയും. സഭയുടെ ചട്ടങ്ങളനുസരിച്ചു് ഒരിടവക വികാരിക്കു് തന്റെ ഇടവകപ്പള്ളിയിൽ പരിപൂർണ്ണമായ ചില അധികാരങ്ങളെല്ലാമുണ്ടു്. അതുപോലെതന്നെ ഇടവകാതിർത്തികൾക്കുള്ളിലുള്ള വിശ്വാസികളുടെ ആത്മീയവും മതപരവുമായ കാര്യങ്ങളിലും അദ്ദേഹത്തിന്റെ ചില അധികാരങ്ങൾ ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തവയാണു്. ഒരു മെത്രാനു് തന്റെ രൂപതാതിർത്തികൾക്കുള്ളിലും ഇപ്രകാരമുള്ള പല അധികാരങ്ങളുമുണ്ടു്. ഇവയെ ഒന്നും വൈദികമേധാവിത്വമായി നാം പരിഗണിക്കാറില്ല. വൈദികമേധാവിത്വം വർത്തമാനമായ തോതിൽ നിലവിലിരിക്കുന്ന സമുദാ

യങ്ങളുണ്ട്. അവിടെ അൽമേനികർക്ക് സഭാകാര്യങ്ങളിൽ മാത്രമല്ലാ, സാമൂഹ്യവും സാംസ്ക്കാരികവും രാഷ്ട്രീയവുമായ രംഗങ്ങളിൽപോലും യാതൊരു സ്വാതന്ത്ര്യവുമില്ല. വൈദികമേധാവിത്വം വളരെ വർദ്ധനമായതോതിൽ വളരെക്കാലം കേരളത്തിൽ നിലവിലിരുന്നിട്ടുണ്ട്. ഇന്നതു് കുറഞ്ഞുതുടങ്ങിയെങ്കിലും ഗണ്യമായതോതിൽ കേരളത്തിലെ കത്തോലിക്കാസമുദായം ഇന്നും വൈദികമേധാവിത്വത്തിന്റെ കീഴിലാണു്.

വിദ്യാഭ്യാസ രംഗം.

വിദ്യാഭ്യാസ രംഗത്തെ വൈദിക മേധാവിത്വത്തെപ്പറ്റി ഞാൻ സൂചിപ്പിച്ചുകഴിഞ്ഞു. ഇവിടെ മാത്രമല്ല ലോകത്തിലെ പല കത്തോലിക്കാരാജ്യങ്ങളിലും ഇതൊരു പ്രശ്നമായി തീർന്നിരിക്കുകയാണിന്നു്. കത്തോലിക്കാ അന്തരീക്ഷത്തിന്റേയും തത്വങ്ങളുടേയും പേരുപറഞ്ഞു് നമ്മുടെ കോളേജുകളും സ്കൂളുകളുമെല്ലാം വൈദികരുടേയും കന്യാസ്ത്രീകളുടേയും സ്വകാര്യ സ്വത്താക്കി മാറ്റിയിരിക്കുകയാണു്. ചില സ്ഥാപനങ്ങൾ സെമ്മിനാരികളാണെന്നു് പോലും സംശയിച്ചുപോകും. ഈശോ സഭക്കാർ തുടങ്ങിയവർ നടത്തുന്ന സ്ഥാപനങ്ങളിലാണു് ഇതു് ക്രൂരതലായിക്കാണുന്നതെങ്കിലും നമ്മുടെ ചില സ്ഥാപനങ്ങളും അത്ര മോശമല്ല. ഉദ്യോഗനിയമനത്തിലും മറ്റും വൈദികർക്കു് ലഭിക്കുന്ന മുൻഗണനകളേപ്പറ്റി സൂചിപ്പിച്ചു് കഴിഞ്ഞല്ലോ. സ്കൂൾ ലൈബ്രറികളിലെ പുസ്തകങ്ങളുടെ തെരഞ്ഞെടുപ്പിനേപ്പറ്റി

പ്പോലും വളരെ രസകരങ്ങളായ പല കാര്യങ്ങളും പറയാനുണ്ട്: പ്രധാനപ്പെട്ട മലയാള സാഹിത്യകാരന്മാരുടെ കൃതികളൊന്നും അവിടെ വാങ്ങുകയില്ല. അവരെല്ലാം കമ്മ്യൂണിസ്റ്റുകാരും പുരോഗമനക്കാരുമാണല്ലോ. മാന്യാനന്തത്ത് നിന്നും ആലുവായിൽനിന്നുമൊക്കെ പ്രസിദ്ധീകരിക്കുന്ന ചില ഗ്രന്ഥങ്ങൾ മാത്രമാണ് ഏറ്റവും സുരക്ഷിതങ്ങൾ. ഒരിക്കൽ മലയാളമറിഞ്ഞുകൂടാത്ത ഒരു വാർഡൻ (അദ്ദേഹം ഒരു വൈദികനാണ്) തന്റെ ഹോസ്റ്റലിലുള്ള മലയാളി വിദ്യാർത്ഥികളുടെയെല്ലാം മുറികളിൽ അനധികൃതമായി പ്രവേശിച്ച് അവിടെക്കണ്ട മലയാള ഗ്രന്ഥങ്ങളെല്ലാം വാരിച്ചുമന്നിച്ച് ആ കോളേജിലെ മലയാളം പണ്ഡിറ്റിനേക്കൊണ്ട് പരിശോധിപ്പിച്ച കഥ ഞാനിപ്പോഴമോർക്കുന്നു. വിദ്യാഭ്യാസ രംഗത്ത് കുട്ടംബാഗങ്ങൾക്കും അൽമേനികർക്കുമുള്ള ന്യായമായ അവകാശങ്ങളെ (പ്രത്യേകിച്ച് നിയമനകാര്യങ്ങളിൽ) ബഹുമാനിക്കുവാൻ ഇനിയെങ്കിലും നമ്മുടെ വൈദികർ പരിശ്രമിക്കണം കത്തോലിക്കാസാഹിത്യകാരന്മാർക്ക് ഒരു സംഘടനയുണ്ടാക്കുന്ന കര്യത്തെപ്പറ്റി ആലോചിച്ചപ്പോൾ കാനോൻ നിയമം നോക്കണമെന്നാവശ്യപ്പെട്ട ഒരു വൈദികനേപ്പറ്റിയും കേട്ടിട്ടുണ്ട്.

രാഷ്ട്രീയം.

രാഷ്ട്രീയരംഗത്ത് വൈദികരുടെ മേധാവിത്വം ഇവിടെ അത്രതന്നെ ഇല്ല. വൈദികർ, വിദ്യാർത്ഥികൾ, കന്യാസ്ത്രീകൾ, സാഹിത്യകാരന്മാർ തുടങ്ങിയവർ

കഴിയുന്നത്ര കക്ഷിരാഷ്ട്രീയത്തിൽനിന്നും ഒഴിഞ്ഞു നിൽക്കേണ്ടതാണു്. എന്നാൽ ഇവിടെ ചിലപ്പോൾ സ്ഥാനാർത്ഥി നിർണ്ണയത്തിന്റെ കാര്യത്തിലും മറ്റും രാഷ്ട്രീയ പാർട്ടികൾ വൈദികരോടും മെത്രാന്മാരോടും ആലോചിക്കണമെന്നാണൊരു വെയ്പു്. കമ്മ്യൂണിസ്റ്റു് പാർട്ടിയുടെ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചകളും നാം ചെയ്തുകൂടെങ്കിലും മറ്റു ജനകീയ പാർട്ടികളുടെ കാര്യത്തിൽ കത്തോലിക്കരുടെ ന്യായമായ സ്വാതന്ത്ര്യങ്ങളെ സഭാധികാരികൾ ബഹുമാനിക്കേണ്ടതാണു്. ഇടയലേഖനങ്ങളിൽ ചിലപ്പോഴൊക്കെ രാഷ്ട്രീയ കാര്യങ്ങളെപ്പറ്റിയുള്ള നിർദ്ദേശങ്ങളുണ്ടായിരിക്കാറുണ്ടു്. അവ ചിലപ്പോൾ അത്യാവശ്യവുമാണു്. പക്ഷേ തെരഞ്ഞെടുപ്പിനു് തലേദിവസമുള്ള ഇടയലേഖനങ്ങളും മറ്റും എന്തെല്ലാം കുഴപ്പങ്ങൾക്കും ഉത്പ്പാദകങ്ങളാണു് ഇവിടെ കാരണമാക്കിയിട്ടുള്ളതു്? അവയിലെ ആശയങ്ങളേക്കാൾ അവയെ പ്രകാശിപ്പിക്കുവാനുള്ള സന്ദർഭത്തെപ്പറ്റി വേണ്ടത്ര ശ്രദ്ധിക്കാത്തതാണു് കുഴപ്പങ്ങൾക്കു് കാരണം. രാഷ്ട്രീയ പാർട്ടികൾക്കുവേണ്ടി പരസ്യമായി പ്രചരണവേലകൾ നടത്തുന്ന വൈദികർ അവരുടെ അന്തസ്സിനെ നഷ്ടപ്പെടുത്തുകയാണു്. രാഷ്ട്രീയം അംശത്താരയെ സ്പർശിക്കാത്ത സന്ദർഭങ്ങളിൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങളിൽനിന്നും വൈദികർ വിരമിക്കുന്നതാണു് ഏറ്റവും ഉത്തമം.

വൈദികനായതിനാൽ.

ഒരാൾ വൈദികനാണെന്നുള്ള കാരണത്താൽ ഭൂമുഖത്തുള്ള എല്ലാ ജോലികളും പരിചയമുണ്ടെന്നോ

സർവ്വജ്ഞാനിയാണെന്നോ അർത്ഥമില്ല. ഓരോ തൊഴിലിനും അതതിൻേറതായ ശിക്ഷണങ്ങളും പരിശീലനങ്ങളുമുണ്ട്. ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാം. കത്തോലിക്കാ വൈദികരെല്ലാം കത്തോലിക്കാ പത്രങ്ങൾ നടത്തുവാൻ യോഗ്യതയുള്ളവരല്ല. പത്രപ്രവർത്തനത്തിനാവശ്യം അതിനുള്ള സാങ്കേതിക പരിശീലനമാണ്, സെമ്മിനാരിയിലെ പഠനമല്ല. വഴിയേപോകുന്ന വൈദികരെപ്പിടിച്ച് കത്തോലിക്കാ പത്രങ്ങളുടേയും പ്രസിദ്ധീകരണങ്ങളുടേയും ചുമതലകളേല്പിച്ചാൽ ഫലമെന്തായിരിക്കുമെന്നുള്ളതിനു നമ്മുടെ നാട്ടിൽത്തന്നെ ധാരാളം ഉദാഹരണങ്ങളുണ്ട്. ദീപികപോലൊരു പത്രത്തിനു കഴിഞ്ഞകാലങ്ങളിൽ പറ്റിയ അബദ്ധം ഇതാണ്. ഇന്നവരതു മനസ്സിലാക്കി പ്രവർത്തിക്കുന്നുണ്ട്. പക്ഷേ നമ്മുടെ എല്ലാ കത്തോലിക്കാ പ്രസിദ്ധീകരണങ്ങളേപ്പറ്റിയും ഇതു പറയുക സാദ്ധ്യമല്ല.

ഒരാൾ വൈദികനാണെന്ന കാരണത്താൽ പള്ളിയും സ്കൂളും മഠവും കോളജുമെല്ലാം പണിയിക്കുവാനും നടത്തുവാനുമുള്ള പരിചയം സിദ്ധിക്കാറില്ല. നമ്മുടെ ചില വിദ്യാഭ്യാസ സ്ഥാപനങ്ങളും പള്ളികളുമെല്ലാം പണിയിച്ചിരിക്കുന്നതുകണ്ടാൽ കത്തോലിക്കാ സമുദായത്തിൽ സാങ്കേതിക വൈദഗ്ദ്ധ്യം ഇത്ര കുറവാണല്ലോയെന്നോർത്തു വിലപിച്ചുപോകും. ഏതെങ്കിലും ഇടവക വികാരിയെ വിളിച്ച്, അദ്ദേഹം സാമാന്യം മെച്ചമായി പ്രസംഗിക്കുകയും പാടുകയും ചെയ്യുമെന്നുള്ള കാരണത്താൽ, ഒരു കോളജിൻെറയൊ ആശുപത്രിയുടെയൊ

പണി ഏല്പിക്കുന്നതിൽപരം അപഹാസ്യമായി എന്തുണ്ട്? ഏതായാലും നമ്മുടെ ചില പൊതുസ്ഥാപനങ്ങൾ ഒന്നു കാണേണ്ടതുതന്നെയാണു്. മറ്റുചില സമുദായങ്ങളുടെ സ്ഥാപനങ്ങളുമായി അവയെ തുലനം ചെയ്യുന്നതും നന്നു്.

ആശുപത്രികൾ.

ആശുപത്രികൾ ഇന്നത്തെ ഒരു ഭ്രമമാണു്. സാധാരണയായി നമ്മുടെ ചെറുപ്പക്കാരിലൊരാൾ ഡോക്ടറോ വൈദ്യനോ ആകുന്നതു് സമുദായത്തിന്റെ ആരോഗ്യസ്ഥിതിയേപ്പറ്റി അത്ര വലിയ ഉൽക്കണ്ഠയുള്ളതുകൊണ്ടല്ല, പ്രധാനമായും പണം സമ്പാദിക്കുവാനുള്ള ഒരു മാർഗ്ഗമെന്ന നിലയിലാണു്. വ്യക്തികളുടെ സ്വാർത്ഥത, സമൂഹങ്ങൾക്കുമുണ്ടാകാം. ഇന്നു് ഇടവകതോറും ആശുപത്രിസ്ഥാപനപ്രഹളമാണു്. നമ്മുടെ പല പുതിയ ആശുപത്രികളുമായും പരിചയപ്പെടാൻ സാധിച്ചിട്ടും ഉപവിയേക്കാൾ ലാഭമാണു് അവയുടെ പ്രവർത്തനലക്ഷ്യമെന്നു് തോന്നിപ്പോകുന്നു. അതിരിക്കട്ടെ. നമ്മുടെ ഒരു സാധാരണ വൈദികനോ മെത്രാനോതന്നെയോ ഒരാധുനികാശുപത്രിയുടെ സാങ്കേതിക വശങ്ങളേപ്പറ്റി വലിയ പരിജ്ഞാനമുണ്ടാകാനിടയില്ല. ഒരാശുപത്രി വിജയകരമായി നടത്തിക്കൊണ്ടുപോകുവാനുള്ള വിവിധ സാഹചര്യങ്ങളേയും ഘടകങ്ങളേയുംപറ്റി വിദഗ്ധജ്ഞാനമുള്ളവരോടു് അവർ ആലോചിക്കാറുമില്ല. ചില ആശുപത്രികളിലെ പ്രധാന ഡോക്ടറന്മാർ ആ ഇടവ

കുപ്പള്ളിയുടെ കയ്യ്ക്കാരന്മാർതന്നെയാണു്. ഏതായാലും ഇടവകതോറുമുള്ള ഈ ആത്മപത്രികളുടെ ഭാവിയേപ്പറ്റി വിദ്വന്മാർ പറഞ്ഞുകേട്ടിട്ടുള്ള അഭിപ്രായങ്ങളൊന്നും ഇവിടെ രേഖപ്പെടുത്തുന്നില്ല. അനുഭവംകൊണ്ടു് ചിലരൊക്കെ പഠിച്ചുകൊള്ളും. ആത്മപത്രികളെന്നൊരുക്രുട്ടം സ്ഥാപനങ്ങൾ നമുക്കാവശ്യമില്ലെന്നു ഞാനുദ്ദേശിക്കുന്നതായി ആരും തെറ്റിദ്ധരിക്കരുതേ.

അദ്ധ്യക്ഷൻ.

സാമൂഹ്യവിഷയങ്ങളേപ്പറ്റി ചർച്ച ചെയ്യുവാനുള്ള കോൺഫ്രൻസുകളും യോഗങ്ങളും ചിലരൊക്കെ ഇവിടെ സംഘടിപ്പിക്കാറുണ്ടു്. നമ്മുടെ മെത്രാന്മാർക്കു് പ്രസംഗിക്കുവാനും അദ്ധ്യക്ഷത വഹിക്കുവാനുള്ള അവസരങ്ങൾ നൽകുകയെന്നതിൽ കവിഞ്ഞു് അവയ്ക്കു യാതൊരുദ്ദേശവുമില്ലെന്നു് തോന്നിപ്പോകുന്നു. മദ്രാസിലെ മാർ മത്തിയാസു് തിരുമേനിയേപ്പോലെ സാമൂഹ്യകാര്യങ്ങളിൽ അസാമാന്യ വൈദഗ്ദ്ധ്യമുള്ള സഭാധികാരികളും നമുക്കൊരു നേട്ടം തന്നെയാണു്. പക്ഷേ ബിഷോപ്പുമാരും വൈദികരുമെല്ലാം അവരുടെ സ്ഥാനമഹിമകൊണ്ടു് മാത്രം സാമൂഹ്യ സാമ്പത്തിക മണ്ഡലങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരായിരിക്കുമെന്നു് കരുതുന്നതു് ശരിയല്ല. നമ്മുടെ നാട്ടിലെ സാമൂഹ്യ പ്രശ്നങ്ങളേപ്പറ്റി പരോക്ഷമായെങ്കിലും കുറേയൊക്കെ നമ്മുടെ അധികാരികൾക്കറിയാമായിരുന്നെങ്കിൽ അവരുടെ പോണ്ടിയാക്കുകളേപ്പറ്റിയും ഒന്നും പറയേണ്ടിവരികയില്ലായിരുന്നു.

പ്രസ്സുകൾ.

നമ്മുടെ പ്രസിദ്ധീകരണ രംഗവും പ്രസ്സുകളുമെല്ലാം എപ്രകാരമാണു് വൈദികർ കയ്യടക്കി വച്ചിരിക്കുന്നതെന്നും അൽമേനികൾ ഈ രംഗത്തു പ്രവർത്തനം നടത്താതിരിക്കാൻ എന്തെല്ലാം 'വേല'കളാണു് ചിലരൊക്കെ ഇറക്കാറുള്ളതെന്നും ഇവിടെ പറയുന്നുമില്ല. ഇതുമൂലം അൽമേനികളുടെ ന്യായമായ അഭിപ്രായസ്വാതന്ത്ര്യം എത്രയധികം തടയപ്പെട്ടുണ്ടെന്നുള്ളതും സുവിദിതമത്രെ.

വൈദികർ നമ്മുടെ സവിശേഷമായ ബഹുമാനത്തേയും ആദരവിനേയും അർഹിക്കുന്നുവെന്നതിൽ സംശയമില്ല. പക്ഷേ വൈദികമേധാവിത്വം ഒരു വിനയാണു്, പിൻതിരിപ്പൻശക്തിയുമാണു്. അതു് സമുദായപുരോഗതിയെ ഗണ്യമായ വിധത്തിൽ പ്രതിബന്ധപ്പെടുത്തുകയും ചെയ്യും. കേരളത്തിലെ വിമോചനസമരവും മറ്റും ഈ പ്രവണതയെ തടയുന്നതിനുപകരം അതിനെ വർദ്ധമാനമാക്കുവാനാണു് സഹായിച്ചിട്ടുള്ളതെന്നതു് ഖേദകരമത്രെ. വളരെയധികം ആത്മാർത്ഥതയോടും സദുദ്ദേശങ്ങളോടും കൂടി സെമ്മിനാരികളിൽനിന്നു് പുറത്തിറങ്ങുന്ന നമ്മുടെ ചില യുവ വൈദികർ പോലും നാലഞ്ചു് കൊല്ലങ്ങൾ കഴിയുമ്പോഴേക്കും ഈ മേധാവിത്വവാസനകൾക്കും പ്രവണതകൾക്കും വിധേയരാകുന്നതു് കണ്ടിട്ടുണ്ടു്. അതൊരു മാനുഷിക വികലതയായതിനാൽ വൈദികരിൽപ്പോലും ക്ഷന്തവ്യമാണു്. പക്ഷേ ആ പ്രവണതകളുടെ വളർച്ച അത്ര അനിവാര്യമല്ലതന്നെ.

XII

തിരിപ്പണവും കൂടപ്പണവും.

തലക്കരവും മറവും.

തലക്കരവും മുലക്കരവും പിരിച്ചിരുന്ന ചില ഗവണ്മെന്റുകൾ പണ്ടിവിടെയുണ്ടായിരുന്നു. പ്രസ്തുത അവയവങ്ങൾ ഇന്നും മനുഷ്യശരീരത്തിൽ അവശേഷിച്ചിട്ടില്ലാത്തതുകൊണ്ടോ രാഷ്ട്രങ്ങളുടെ സാമ്പത്തിക ച്ചെലവുകൾ കുറഞ്ഞുവരുന്നതുകൊണ്ടോ അല്ല ആ നികുതികൾ ഇന്നു നിറുത്തൽ ചെയ്തിരിക്കുന്നതു്. രാഷ്ട്രത്തിന്റെ നടത്തിപ്പിനു് ക്രൂട്ടതൽ പുരോഗമനപരങ്ങളായ പല നികുതികളും ഇന്നു കണ്ടുപിടിക്കുവാൻ സാധിച്ചിട്ടുണ്ടു്. എന്നാൽ രാഷ്ട്രങ്ങളേയും ഗവണ്മെന്റുകളേയും പോലെ അത്ര ത്വരിതഗതിയിൽ പ്രയാണം ചെയ്യുന്ന ഒന്നല്ല കത്തോലിക്കാസഭ. കുറേക്കൂടി മന്ദഗതിയിൽ യാത്രചെയ്യുവാനാണു് സഭ ഇഷ്ടപ്പെട്ടുന്നതു്. സഭാധികാരികളുടെ സാമൂഹ്യമായ വീക്ഷണങ്ങളിലും ആശയങ്ങളിലുമാണു് ഇതു ക്രൂട്ടതൽ വ്യക്തമായി പ്രകടമാവുക. തിരിപ്പണവും കൂടപ്പണവുമൊക്കെ ഈ മന്ദഗതിയുടെ ചില സൂചികകളത്രെ.

അയിനിപ്പണം.

പണ്ടൊക്കെ നമ്മുടെയിടയിൽ നടത്തപ്പെട്ടുന്ന വിവാഹാഘോഷങ്ങൾക്കു് പള്ളികളിൽനിന്നും മുത്തുക്കുടകളെടുത്തിരുന്നുപോൽ. ആ കുടകളുപയോഗിക്കുന്നവർ പള്ളിയിലേയ്ക്കു് തുച്ഛമായ ഒരു ഫീസ്സും നല്കിയിരുന്നു. കുടപ്പണം എന്നപേരിലാണു് ഇതറിയപ്പെട്ടുപോന്നതു്. വിവാഹാവസരത്തിൽ 'അയിനി' എന്നപേരുള്ള ഒരു വിശിഷ്ട പലഹാരമുണ്ടാക്കുന്ന പതിവും ഇവിടെയുണ്ടായിരുന്നുപോൽ. വൈദികരും ജനങ്ങളും തമ്മിലുള്ള അടുപ്പം ഇന്നത്തേക്കാൾ കുറേക്കൂടി ദൃഢതരവും ആത്മാർത്ഥവുമായിരുന്ന അക്കാലത്തു് ഇടവക വികാരിമാർക്കും ഈ 'അയിനി'പ്പലഹാരത്തിന്റെ ഒരംശം ലഭിച്ചിരുന്നു. 'ക്രൂട്ടക്കല്യാണങ്ങ'ളുടേയും മറ്റും അവസരത്തിൽ ഇപ്രകാരം ലഭിക്കുന്ന പലഹാരങ്ങൾ മുഴുവൻ തിന്നുതീർക്കുക സാദ്ധ്യമല്ലാതിരുന്നതിനാൽ അയിനിക്കു് പകരം പണത്തിന്റെ രൂപത്തിലുള്ള ചില സംഭാവനകൾ ജനങ്ങൾ വൈദികർക്കു നല്കുവാൻ തുടങ്ങി. ഇതാണു് അയിനിപ്പണം. ഇതിനും പുറമെ കല്യാണം കെട്ടിക്കുന്ന അച്ഛന്മാർക്കു് ഏതാനും തിരികൾ വാങ്ങി നല്കുന്ന പതിവുമുണ്ടായിരുന്നു. ഈ തിരികൾക്കു് പകരവും പന്നീട്ടു് പണം കൊടുക്കുന്ന സമ്പ്രദായം നിലവിൽ വന്നു. പക്ഷേ തിരിപ്പണം കല്ല്യാണാവസരങ്ങളിൽ മാത്രമല്ല പതിവുള്ളതു്.

കെയിക്കുകളും മറ്റും.

ഇന്നു് കല്യാണാഘോഷങ്ങൾക്കു് മുന്തുക്കുടയും അയിനിപ്പലഹാരങ്ങളുമൊന്നുംഉള്ളതായി നമുക്കറിവില്ല. ലേഡീസു് കൂടകളും വെഡ്ഡിംഗു് കെയിക്കുകളുമെല്ലാം പ്രചാരത്തിലായിട്ടും കൂടപ്പണത്തിന്റേയും അയിനിപ്പണത്തിന്റേയും കായ്ത്തിൽ യാതൊരയവും വരുത്തുവാൻ നമ്മുടെ അധികാരികൾ താല്പര്യം കാണിക്കുന്നില്ല. പെരുന്നാളുകൾ കഴിക്കുന്നവക്കും പെണ്ണുകെട്ടുന്നവക്കുമെല്ലാം പള്ളിയിൽനിന്നും ലഭിക്കാറുള്ള ബില്ലുകളിലെ ചില ഭാഗങ്ങൾ ചൈനീസു് ഭാഷപോലെയാണു്. ആക്കും മനസ്സിലാവുകയില്ലെന്നു് സാരം. പഴയ കാരണവന്മാരുടെ സഹായത്തോടുകൂടി ഇവയിൽ ചിലതൊക്കെ മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിലും മറ്റു ചിലതൊക്കെ ഇന്നും അസ്മാദ്ദശക്കു് ദുർഗ്രാഹ്യമായിത്തന്നെ സ്ഥിതിചെയ്യുന്നു.

പാശ്ചാത്യരാജ്യങ്ങളിൽ.

പാശ്ചാത്യരാജ്യങ്ങളിലെ കത്തോലിക്കാ വൈദികരോടു തുലനം ചെയ്യുമ്പോൾ നമ്മുടെ വൈദികരുടെ ആത്മീയവും ധാർമ്മികവുമായ നിലവാരം പൊതുവെ വളരെ ഉയർന്നതാണു്. വിജ്ഞാനമണ്ഡലത്തിൽ പാശ്ചാത്യ വൈദികരാണു് മുന്നിട്ടുനില്ക്കുന്നതു്. പള്ളികൾക്കു് ഗവണ്മെൻറിൽനിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിനാൽ ജർമ്മനി, ബൽജിയം തുടങ്ങിയ രാജ്യങ്ങളിൽ

വൈദികക്കും ഇടവകപ്പള്ളികൾക്കും സാമ്പത്തികമായ ബുദ്ധിമുട്ടുകൾ താരതമ്യേന കുറവാണു്. അതിനാംപുറമേ പ്രസ്തുത രാജ്യങ്ങളിലെ ജീവിതനിലവാരവും വളരെ ഉയർന്നതാണല്ലൊ.

പിരിവുകൾ.

പണമിടപാടുകളുടെ കാര്യത്തിലാണു് നമ്മുടെ വൈദികരുടെയിടയിൽ കുറേയൊക്കെ കൊള്ളരുതായ്മകൾ നിലവിലിരിക്കുന്നതു്. നമ്മുടെ പള്ളിക്കണക്കുകൾ കൃത്യസിദ്ധങ്ങളത്രെ. ഒരു കത്തോലിക്കൻ നികുതിയിനത്തിലും മറ്റും ഗവണ്മെൻറിനു കൊടുക്കുന്നതിനേക്കാൾ വളരെ വലിയ ഒരു തുക പ്രതിവർഷം പള്ളിക്കു കൊടുക്കുന്നുണ്ടു് (ആദായനികുതിക്കാരെ ഒഴിച്ചുനിറുത്തിയാൽ) സാധാരണജനങ്ങളിൽ നിന്നും പിരിക്കുന്ന പണത്തിൻെറ കാര്യത്തിൽ ഇത്ര നിരുത്തരവാദപരമായി പെരുമാറുവാനുള്ള ചങ്കൂറ്റം ഇവിടത്തെ സഭാധികാരികൾക്കല്ലാതെ മറ്റാർക്കുമില്ല.

എങ്ങിനെയെങ്കിലും ജനങ്ങളിൽ നിന്നു കഴിയുന്നത്ര പണം പിരിച്ചെടുക്കണമെന്നല്ലാതെ കണക്കുകളൊന്നും അവരെ ബോദ്ധ്യപ്പെടുത്തണമെന്നു് നമ്മുടെ അധികാരികൾക്കാഗ്രഹമില്ല. പല പിരിവുകൾക്കും പ്രത്യേകമായ യാതൊരുദ്ദേശങ്ങളുമില്ലതന്നെ. സാമ്പത്തികമായി എത്രമെച്ചപ്പെട്ട പള്ളിയിലും ക്രിസ്തുമസ്സു് രാത്രിയിൽ ഒരു പിരിവു നടത്തുക പല ഇടവകകളിലും ഇന്നും സാധാരണമാണു്. നെല്ലും പണവും മിച്ചമുള്ള പള്ളികൾ

പോലും ചിലേടത്തു് ഇന്നും 'പിടിയരി'പ്പിരിവുകാരും നടത്താറുണ്ടു്! എന്തെങ്കിലും പ്രത്യേക ചെലവുകാരും പറഞ്ഞാണു് പിരിക്കാറുള്ളതെങ്കിലും പിരിവുകഴിഞ്ഞാൽപ്പിന്നെ അതേപ്പറ്റിയൊന്നും കേൾക്കാറില്ല. പള്ളിപണിക്കെന്നും സ്കൂൾ പണിക്കെന്നുമെല്ലാം പറഞ്ഞു് പിരിക്കുന്ന വൻതുകകളുടെ ഒരു നല്ല ഭാഗം പലരുടേയും സ്വന്തം പോക്കറ്റുകളിലേക്കാണു് പോയി വീഴാറുള്ളതു്. വികാരിയും പിരിവുകാരുംക്രൂടി ചിലപ്പോൾ ഒരു രഹസ്യ 'അണ്ടർസ്റ്റാൻഡിംഗി'ൽ എത്തുന്നതായും കേട്ടിട്ടുണ്ടു്.

തിരുന്നാളുകളും മറ്റും കഴിക്കുന്നവരെ മനഃപ്പൂർവ്വം നിരുത്സാഹപ്പെടുത്തുവാനുള്ള ടെക്നിക്കുകളും ഇവിടത്തെ വൈദികർക്കറിയാം. ഏകദേശം ആയിരത്തി ഇരുന്നൂറുരൂപയോളം ചെലവുള്ള ഒരു തിരുനാളിനു് എഴുന്നൂറിൽ ശിഷ്ടം രൂപാ ഭക്ഷണച്ചെലവുമാത്രം കാണിച്ചു് പ്രസേന്തിയിൽ നിന്നും പണം പിരിച്ചാൽ അതിനേപ്പറ്റി നിങ്ങളെന്തുപറയും? പക്ഷേ അങ്ങിനെയും നടന്നിട്ടുണ്ടു്. പിന്നെയൊരു പതിനൊന്നൂറുരൂപാ തിരിപ്പണവും മറ്റും മറ്റുമാണു്. ഇതെന്തു തിരുന്നാളാണെന്നു ചോദിച്ചേക്കരുതു്. പല പള്ളികളിലേയും സ്ഥിതി ഇതുതന്നെയാണു്.

പതവാരം

മനുഷ്യരെ മനഃപ്പൂർവ്വം കള്ളത്തരം പഠിപ്പിക്കുവാനുള്ള പിരിവു സമ്പ്രദായങ്ങളും ഇവിടെ നിലവിലി

രിക്കുന്നുണ്ട്. സ്ത്രീധന സമ്പ്രദായത്തെപ്പറ്റി ഇവിടെ ഒന്നും പറയുന്നില്ല. പക്ഷേ കാരണവന്മാർ തങ്ങളുടെ മക്കൾക്കു് കൊടുക്കുന്ന സ്ത്രീധനത്തിന്റെ ഗണ്യമായ ഒരു ശതമാനം പള്ളിക്കു പതവാരമായി കൊടുക്കണമെന്നൊരു നിയമമുണ്ടു്. അതിന്റെ മുഖ്യഭാഗവും പള്ളികൾക്കല്ല വൈദികർക്കാണു് ലഭിക്കുന്നതു്. സാധാരണയായി നമ്മുടെയാളുകൾ ആരുംതന്നെ യഥാർത്ഥമായ സ്ത്രീധനത്തുകകൾ പള്ളിയധികാരികളെ അറിയിക്കാറില്ല. ഇക്കാര്യത്തിൽ നേരു പറയാത്തതാണു് വിവാഹജീവിതത്തിലെ ക്ലേശങ്ങൾക്കെല്ലാം കാരണമെന്നു് തട്ടിവിടുന്ന ധ്യാനഗുരുക്കന്മാരും വിരളമല്ല. സ്വന്തം പെൺമക്കൾക്കു് കാരണവന്മാർ അവരുടെ സ്വത്തിന്റെ ഒരു ഭാഗം നല്കുമ്പോൾ എന്തിന്റെ പേരിലാണു് നമ്മുടെ വൈദികരും അതിലൊരു ഭാഗം അവകാശപ്പെടുന്നതു്? കാരണവന്മാർ തങ്ങളുടെ ആൺമക്കൾക്കു സ്വത്തു വീതിച്ചുകൊടുക്കുമ്പോഴും നമ്മുടെ വൈദികർ ഈ അവകാശവാദം പുറപ്പെടുവിക്കാത്തതെന്തുകൊണ്ടു്? ഈ പതവാര സമ്പ്രദായത്തോടുള്ള പ്രതിഷേധ സൂചകമായിട്ടെങ്കിലും നമ്മുടെ സ്ത്രീധന സമ്പ്രദായം നിറുത്തലാക്കേണ്ടതാണു്.

ത്രൂപതയിൽ

ഇടവകകളുടെ കാര്യമിങ്ങനെയാണെങ്കിൽ ത്രൂപതകളുടെ കാര്യം ഇതിലും മോശമത്രെ. പള്ളികൾക്കു് ലഭിക്കുന്ന വരുമാനത്തിന്റെ ഒരു നിശ്ചിതശതമാനം

ശ്രേഷ്ഠതയിലേക്ക് കൊടുക്കണമെന്നാണ് നിയമം. പള്ളിയുടെ സാമ്പത്തിക സ്ഥിതി എത്ര പരിതാപകരമായിരുന്നാലും ഈ നിയമത്തിൽ അയവുവരുത്താറില്ല. ശ്രേഷ്ഠതയിലേക്ക് ചെന്നെത്തുന്ന ഈ തുകകൾ ജനങ്ങളുടെ വകയാണെന്ന യാതൊരു ബോധവും ശ്രേഷ്ഠാധികാരികൾക്കില്ലെന്നാണ്. ബഡ്ജറിംഗ്, അക്കൗണ്ടൻസി യുമൊന്നും ആ ഉന്നത കേന്ദ്രങ്ങളിൽ അറിയപ്പെട്ടിട്ടില്ല. പണം ചോദിച്ചാൽ കൊടുത്തു കൊള്ളണമെന്നല്ലാതെ അതിന്റെ കണക്കുകളറിയുവാൻ വിശ്വാസികൾക്കധികാരമില്ലത്രെ.

നമ്മുടെ നിയമ സഭകളിലെപ്പോലെ കൃത്യമായി വരവു ചെലവുകൾ ജനപ്രതിനിധികളാൽ നിയന്ത്രിക്കപ്പെടണമെന്ന്, സഭയുടെ കാര്യത്തിൽ, നാമാരും വാദിക്കുന്നില്ല. റോമൻ സിംഹാസനത്തിന്റെ വരവു ചെലവു കണക്കുകളെപ്പറ്റിയോ അതുപോലുള്ള വിദൂരകാര്യങ്ങളെപ്പറ്റിയൊ അറിവു ലഭിക്കണമെന്നും നാമാവശ്യപ്പെടുകയില്ല. പക്ഷേ നമ്മുടെ നാട്ടിൽനിന്നും പിരിച്ചെടുക്കുകയും ഇവിടെ തന്നെ ചെലവാക്കപ്പെടുകയും ചെയ്യുന്ന തുകകളുടെ കാര്യത്തിൽ സാമാന്യമായ ഉത്തരവാദിത്വവും മര്യാദയും പ്രദർശിപ്പിക്കുവാൻ ഇവിടത്തെ അധികാരികൾക്കു സാധിക്കുമല്ലോ?

കോളജുകളിൽ

പള്ളികളുടെയും ശ്രേഷ്ഠതകളുടെയും കാര്യത്തിൽ മാത്രമല്ല നമ്മുടെ സ്ഥാപനങ്ങൾക്കും സംഘടനകൾക്കും

വേണ്ടി പിരിക്കുന്നതുകകളുടെ കാര്യത്തിലും തികഞ്ഞ നിരുത്തരവാദിത്വമാണു് അധികാരികൾ പ്രദർശിപ്പിക്കുന്നതു്. ഇവിടെ ചില കോളജുകൾക്കും സ്കൂളുകൾക്കും ആശുപത്രികൾക്കുമൊക്കെവേണ്ടി വൻപിച്ച തുകകൾ കത്തോലിക്കരിൽനിന്നും പിരിച്ചെടുത്തിട്ടുണ്ടു്. പക്ഷേ പിന്നീടുള്ള ആ സ്ഥാപനങ്ങളുടെ നടത്തിപ്പിലൊ പണസംബന്ധമായ കാര്യങ്ങളിലൊ ഇവിടത്തെ കഴുതകളായ സാമാന്യ ജനങ്ങൾക്കു് യാതൊരു കാര്യവുമില്ല തന്നെ. പിരിച്ച തുകകളുടെ ചെലവുകളേസ്സംബന്ധിച്ച യാതൊരു കണക്കുകളും നാം കേട്ടിട്ടില്ല. പ്രിൻസിപ്പാളന്മാർക്കും മാനേജരന്മാർക്കും തോന്ന്യാസമായി ചെലവഴിക്കുവാനുള്ള തുകകളായിട്ടാണു് അവ പരിഗണിക്കപ്പെടുന്നതു്. നമ്മുടെ ചില സ്ഥാപനങ്ങൾക്കു് യാതൊരുവിധമായ കണക്കുകളുമില്ലാത്തതിനാൽ ഗവണ്മെൻറിൽനിന്നും ന്യായമായി അവക്കു് ലഭിക്കേണ്ട ഗ്രാൻറു് നഷ്ടപ്പെടുകയാണു്. ഗ്രാൻറു് നഷ്ടപ്പെട്ടാലും വേണ്ടില്ല, കണക്കെഴുതരുതെന്നു് അവക്കു് നിർബന്ധമുണ്ടു്.

വിദേശ സഹായം.

വിദേശത്തുള്ള കത്തോലിക്കരിൽ നിന്നും റോമിൽനിന്നുമൊക്കെയായി വളരെയധികം പണം നമ്മുടെ മെത്രാന്മാർ വഴി ഇവിടെ ലഭിക്കുന്നുണ്ടു്. കത്തോലിക്കാ സ്ഥാപനങ്ങളുടെ നടത്തിപ്പിനും സാധു ജനോദ്ധാരണം. സാമൂഹ്യ സേവനം തുടങ്ങിയവയ്ക്കും വേണ്ടി വിനി

യോഗിക്കുവാനുള്ളവയാണു് പ്രസ്തുത തുകകൾ. ക്രിസ്തീയമായ ഉപവിയാൽ പ്രേരിതരായി വളരെ ത്യാഗങ്ങൾ സഹിച്ചാണു് വിദേശത്തുള്ള കത്തോലിക്കർ നമ്മെ ഇപ്രകാരം സഹായിക്കുന്നതു്. പക്ഷെ ഇവിടെ നിന്നും പിരിച്ചെടുക്കുന്ന തുകകളുടെ കാര്യത്തിൽ ഉത്തരവാദിത്വമില്ലാത്തവർക്കു് വിദേശത്തുനിന്നും ലഭിക്കുന്ന തുകകളുടെ കാര്യത്തിൽ എത്രത്തോരവാദിത്വബോധമാണുണ്ടാവുക? ഗംഭീരങ്ങളായ അരമനകളും ബംഗ്ലാവുകളും പണിയിക്കുവാനും പ്ലഷർ കാറുകൾ വാങ്ങുന്നതിനും ചില ശതവാർഷികപ്പിരിവുകൾക്കുമൊക്കെയായി അവയിൽ മുഖ്യഭാഗവും ചെലവഴിച്ചശേഷം അ തുകകൾ സംഭാവന ചെയ്തവരിൽ വല്ലവരും ഇവിടെ വന്നു നോക്കിയാൽ ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടി അഗതിമന്ദിരങ്ങളെന്നും ഡിസ്പെൻസറികളെന്നുമൊക്കെ ചില ലേബലൊട്ടിച്ചിട്ടുള്ള സ്ഥാപനങ്ങൾകൂടി അവർ പണിയിക്കാറുണ്ടു്. ഈ അഗതിമന്ദിരങ്ങളുടേയും മറ്റും ആന്തര രഹസ്യങ്ങൾ ഇവിടെ വിവരിക്കുന്നില്ല. നമ്മുടെ സഭാനേതാക്കന്മാർ വിദേശങ്ങളിലും മറ്റും സഞ്ചരിച്ചു് പല ഉന്നത വിദ്യാഭ്യാസകേന്ദ്രങ്ങളുമായി പരിചയപ്പെടുകയും സ്കോളർഷിപ്പുകളും മറ്റും കുറേയൊക്കെ നമ്മുടെ വിദ്യാർത്ഥികൾക്കു വാങ്ങിക്കൊടുക്കുവാൻ ശ്രമിക്കുകയും ചെയ്യാറുണ്ടു്. പക്ഷേ അ സ്കോളർഷിപ്പുകൾ ചില സ്വന്തക്കാർക്കും മറ്റു ചില 'റാൻ മൂളൽ' കാർക്കുമൊക്കെ വേണ്ടിയാണെന്നു മാത്രം!

പാൽപ്പൊടി.

ഈ നാട്ടിലെ പാവപ്പെട്ടവക്കുവേണ്ടി വിദേശ രാജ്യങ്ങളിലുള്ള കത്തോലിക്കർ പാൽപ്പൊടിയും നെയ്യുമൊക്കെ ധാരാളമായി അയയ്ക്കുന്ന വിവരം നമുക്കറിയാം. എന്തെഴിമതികളാണു് ഇവയുടെ വിതരണകാര്യത്തിൽ ഇവിടെ നടക്കുന്നതു്? ചില കത്തോലിക്കാകോളജുകളിലെ ഹോസ്റ്റലുകളിലേക്കു് പാൽപ്പൊടി ധാരാളമായി നിശാകാലസഞ്ചാരം ചെയ്യുന്നതും പാതുവിൻപാലിന്റെ ഇരട്ടിവില വിദ്യാർത്ഥികളിൽനിന്നും ഈടാക്കപ്പെടുന്നതും ചിലക്കൊക്കെ അറിയാം! ഇവിടത്തെ ഒരു പത്താം തരം കത്തോലിക്കാപ്രൊസിദ്ധീകരണത്തിന്റെ ചെലവുകൾ മുഴുവൻ നടത്തുന്നതു് പാൽപ്പൊടി കരിഞ്ചന്തയിൽ വിറ്റാണെന്നു് കേൾക്കുന്നു. എന്നിട്ടു് ഉപവിയേയും സാധുജനോദ്ധാരണത്തേയും പറ്റിയുള്ള നെടുനെടുങ്കൻ പ്രസംഗങ്ങളും.

ക്യാമറാകൾ.

പല വൈദികരും ക്യാമറാകളുമായി ചുറ്റിക്കറങ്ങുന്നതു് നിങ്ങൾ കണ്ടിരിക്കും. ക്യാമറാ ഉണ്ടായിരിക്കുക ഒരു പാപമല്ല. പക്ഷേ നാട്ടിലുള്ള ഏറ്റവും പാവപ്പെട്ട ചില ആളുകളുടേയും അവരുടെ കുടിലുകളുടേയും ഫോട്ടോകളെടുത്തു് വിദേശത്തേക്കയക്കുകയും തന്റെ ഇടവകയിലെ ജനങ്ങൾ കിരാതരും ദരിദ്രരും നിരക്ഷരകുക്ഷികളുമാണെന്നു് അവരെ മനസ്സിലാക്കി കൂടെ ഡോളർ സമ്പാദിക്കുകയും ചെയ്യുന്നതിൽ അല്പം അനാശാസ്യത ഇല്ലെ?

വരുമാനം വർദ്ധിപ്പിക്കുക.

ഈ അഴിമതികൾക്കെല്ലാം ഒരുതിവരുത്തുന്നതു് സഭയ്ക്കും സമുദായത്തിനും രാഷ്ട്രത്തിനും നല്ലതാണു്. പണമിടപ്പെട്ട കാര്യങ്ങളിൽ തികഞ്ഞ സത്യസന്ധത പാലിക്കുവാൻ നമ്മുടെ ആളുകളും അധികാരികളും മനഃപൂർവ്വം ശ്രമിക്കണം. ഇതിനു ചില പ്രായോഗികമാർഗ്ഗങ്ങളുണ്ടു്. നമ്മുടെ ഇടവകവികാരിമാരുടേയും മറ്റും ശമ്പളം വളരെക്കാലം മുമ്പു നിശ്ചയിക്കപ്പെട്ടിട്ടുള്ള തുകകളാണു്. ഇന്നത്തെ വർദ്ധമാനമായ ജീവിതച്ചെലവുകളെ നേരിടുവാൻ പലപ്പോഴും ആ തുകകൾ അപര്യാപ്തമത്രെ. വൈദികർ മാന്യമായി ജീവിക്കുന്നതിൽ എന്തെങ്കിലും ആക്ഷേപമുണ്ടെന്നു തോന്നുന്നില്ല. ജീവിതച്ചെലവുകൾ, അതിഥി സല്ക്കാരങ്ങൾ, യാത്രകൾ തുടങ്ങിയവ ഇന്നു് വർദ്ധിച്ചിട്ടുണ്ടു്. ഒരു റേഡിയോയെങ്കിലും, സൈക്കിളെങ്കിലും (ലാമ്പ്രറാക്കാരോടും ഈ ലേഖകനനുഭാവമുണ്ടു്!) ഒക്കെ ഉണ്ടായിരിക്കുകയെന്നതു് ഇന്നത്തെ ഒരു വൈദികനേസ്സംബന്ധിച്ചിടത്തോളം അത്ര വലിയ ആഡംബരങ്ങളൊന്നുമല്ല. വിവിധങ്ങളായ ഈ ചെലവുകൾ നേരിടുവാൻ ഇന്നത്തെ മിക്ക വൈദികരുടേയും വരുമാനം മതിയാകുന്നില്ല. പണ്ടത്തെപ്പോലെ എസ്റ്റേയിറവുകളും പാടശേഖരങ്ങളുമൊക്കെയുള്ള വൈദികർ ഇന്നു് കുറവുമാണല്ലൊ. അതിനാൽ ഇടവക വൈദികരുടെ ശമ്പളം ഗണ്യമായതോതിൽ വർദ്ധിപ്പിക്കുകയാണു് വേണ്ടതു്. ഒരുവിധം വാർഷിക വരുമാനമുള്ള പള്ളികളേസ്സംബന്ധിച്ചിടത്തോളം ഇതൊരു പ്രശ്ന

മല്ല. നമ്മുടെ പള്ളികളിൽ മിച്ചമുള്ള തുകകൾ ബാങ്കുകൾ നടത്തുന്നതിനും എസ്റ്റേയിറുകൾ പിടിപ്പിക്കുന്നതിനും വാടകക്കെട്ടിടങ്ങൾ പണിയുന്നതിനുമല്ല ഉപയോഗിക്കേണ്ടതു്. പള്ളി ഒരു സാമ്പത്തികസ്ഥാപനമല്ല. (രൂപതകളിൽ മിച്ചമുള്ള പണം ബിസിനസ്സു ചെയ്തു ലാഭമുണ്ടാക്കുവാൻ വിനിയോഗിക്കുന്നതും ശരിയാണെന്നു തോന്നുന്നില്ല. വിശ്വാസികൾ ബിസിനസ്സുരംഗത്തു് സഭാധികാരികളുമായി മത്സരിക്കേണ്ടിവരുന്നതു ഖേദകരമാണു്.) സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ഇടവകകളെ സഹായിക്കുവാനും അവക്കു് കഴിയും. അതിനുള്ള പദ്ധതികൾ രൂപതാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യപ്പെടണം. വൈദികരുടെയും മഠങ്ങൾ ന്യായമായ ജീവിതച്ചെലവുകൾക്കാവശ്യമുള്ള ശമ്പളം നല്കുന്നതിനും വാർദ്ധക്യകാലത്തു് അവരെ പരിരക്ഷിക്കുന്നതിനും ഇങ്ങിനെയുള്ള പദ്ധതികൾ ഉപകരിക്കും.

പത്രമേനി.

പള്ളിപ്പിരിവുകളിൽ പലതും അപ്പാടെ നിറുത്തിക്കളയേണ്ടവയാണു്. കുടപ്പണവും അയിനിപ്പണവുമെല്ലാം എത്രയുംവേഗം അപ്രത്യക്ഷമാകണം. അനാവശ്യമായ പിരിവുകൾ കൂടാതെ ഒരു പള്ളി നടത്തിക്കൊണ്ടുപോകുവാൻ മാത്രമുള്ള ആദായം ഓരോ പള്ളിക്കുമുണ്ടാകണം. അതിനാവശ്യമായ 'പത്രമേനി'യോടുകൂടിയേ പുതിയപള്ളികൾ സ്ഥാപിക്കപ്പെടാവൂ. സംശയാതീതമായ രീതിയിൽ പള്ളിക്കണക്കുകൾ സൂക്ഷിക്ക

പ്പെട്ടാൽ പള്ളിയുടെ ഏതു് ചെലവുകൾ വഹിക്കുവാനും ജനങ്ങൾ ഉത്സാഹം പ്രകടിപ്പിക്കും.

ഹോളണ്ടിലെ ചില പള്ളികളിൽ ഞായറാഴ്ച കുർബാനയുടെ സമയത്തു് വിവിധങ്ങളായ ഏഴോളം പിരിവുകൾ നടത്തിയിരുന്നതായി കേട്ടിട്ടുണ്ടു്. ഇന്നു് അവയൊക്കെ ഏകീകരിച്ചു് ഒറ്റപ്പിരിവാക്കിയിട്ടുണ്ടു്. അനാവശ്യമായ അനേകം പിരിവുകൾ ജനങ്ങളെ വ്യർത്ഥമുഷിപ്പിക്കുകയേ ഉള്ളൂ. പള്ളിക്കു് നല്ലപ്പെട്ടന്ന പിരിവുകളും സംഭാവനകളും ജനങ്ങളുടെ പ്രാർത്ഥനയുടേയും ആത്മാർപ്പണത്തിന്റേയും ഒരു ഭാഗമായിരിക്കണം. സ്വത്തു് സ്വന്തം വ്യക്തിത്വത്തിന്റെ ഒരു ഭാഗമാണല്ലൊ. സ്വയം ദൈവത്തിനു് സമർപ്പിക്കുകയും ത്യാഗങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നതിന്റെ ഒരു ഭാഗമായിരിക്കണം പള്ളിക്കു് നാം നല്കുന്ന സംഭാവനകളും. പക്ഷേ ഈ തിരിപ്പണങ്ങളും കടപ്പണങ്ങളുമെല്ലാം ഒരു കാലത്തും അങ്ങിനെയാവുക സാദ്ധ്യമല്ല ക്രിസ്തുമസ്സു് പിരിവുകൾ കൂടെയൊക്കെ അങ്ങിനെയായിരുന്നതു് പ്രസ്തുത പിരിവുകളുടെ ധാരാളത്വമൂലം ഇന്നു് അപ്രകാരമല്ലാതായിത്തീർന്നിട്ടുണ്ടു്. പിരിവുകളുടെ കാര്യത്തിൽ അതിവിദഗ്ധരായ ചില വൈദികരും നമുക്കുണ്ടു്. അവരുടെ തോന്ന്യാസങ്ങളെ നിയന്ത്രിക്കുവാൻ മെത്രാന്മാർ അടിയന്തിര ശ്രദ്ധപതിച്ചേ മതിയാവൂ. ലോകാവസാനം അത്യാസന്നമായിരിക്കുന്നുവെന്നുപറഞ്ഞു് തന്റെ ഇടവകക്കാരെ ഭയപ്പെടുത്തി മാതാവിനും പുണ്യവാന്മാർക്കുമുള്ള നേർച്ചയിനത്തിൽ ഗണ്യമായ തുകകൾ പിരിച്ചെടുത്ത വൈദി

കർ മൃതൽ തിരുശ്ലേഷിപ്പുകളും തിരുസ്വരൂപങ്ങളുമെല്ലാം പണസമ്പാദനത്തിനുള്ള മാർഗ്ഗങ്ങളായിമാത്രം പരിഗണിക്കുന്ന 'വീര'ന്മാർവരെ ഇവിടെയുണ്ട്. ഏതായാലും പണസംബന്ധമായ ഈ അഴിമതികൾക്കെല്ലാം ഒരു തിവരുത്തിയാൽ നമ്മുടെ വൈദികരേപ്പറ്റിയുള്ള ആരോപണങ്ങളിൽ ഒരു നല്ല ഭാഗം താനേ അപ്രത്യക്ഷമായികൊള്ളും.

XIII

നമ്മുടെ ആത്മീയതയുടെ ആഴങ്ങൾ.

നമ്മുടെ മെച്ചം.

ആത്മീയമൂല്യങ്ങൾക്കു പ്രാഥമ്യവും പ്രാധാന്യവും കല്പിച്ചുകൊണ്ടുള്ളതും ഈശ്വരസ്ഥാപിതവുമായ ഒരു സഭയുടെ അംഗങ്ങളെന്നനിലിൽ നമ്മുടെ ആത്മീയജീവിതത്തിന്റെ ആഴങ്ങളിലേക്കുള്ള ഒരെത്തിനോട്ടം ഈയവസരത്തിൽ അസ്ഥാനത്തായിരിക്കുകയില്ല. കേരളത്തിലെ കത്തോലിക്കരെ, മതാചാരങ്ങളുടേയും അനുഷ്ഠാനങ്ങളുടേയും കാര്യത്തിൽ, സഭയിലെ പ്രാദേശികങ്ങളായ മറേറതൊരു ഘടകങ്ങളോടും അഭിമാനപൂർവ്വം തുലനം ചെയ്യാവുന്നതാണു്. ഫ്രാൻസു്, ഇറലി, സ്പെയിൻ തുടങ്ങിയ പ്രശസ്ത കത്തോലിക്കാ രാജ്യങ്ങളുമായി തുലനം ചെയ്താൽ പോലും നമ്മുടെ നില വളരെ മെച്ചമാണു്. ഞായറാഴ്ചകളിൽ പള്ളിയിൽ പോകുന്നവരുടേയും ആണ്ടുകുമ്പസാരം കഴിക്കുന്നവരുടേയുമെല്ലാം എണ്ണം പ്രസ്തുത രാജ്യങ്ങളിൽ കുറഞ്ഞുവരികയാണു്. അനേകമനേകം ഇടവകകൾ വൈദികരില്ലാതെ വിഷമിക്കുന്നതും വൈദികരുടേയും അൽമേനികളുടേയും ഇടയിൽ സാന്മാർഗ്ഗികതയും വിശ്വാസങ്ങളുമൊക്കെ ക്ഷയിച്ചുവരുന്നതും നാം

കേട്ടറിഞ്ഞിട്ടുള്ള കാര്യങ്ങളാണു്. ഈ പ്രവണതകളും കെതിരായ ഉഗ്രപരിശ്രമങ്ങളും ഇന്നു നടന്നുകൊണ്ടിരിക്കുന്നു. നമ്മേസ്സംബന്ധിച്ചിടത്തോളം കാര്യങ്ങൾ ഇതുതന്നെ വഷളായിട്ടില്ല. നമ്മുടെയാളുകളിൽ തൊണ്ണൂറൊമ്പതു ശതമാനവും ഇന്നും പള്ളിയിൽ പോകുന്നവരും ക്രമാശകൾ സ്വീകരിക്കുന്നവരുമാണു്. തിരുനാളുകളും ധ്യാനപ്രസംഗങ്ങളും ആരാധനകളും കൊന്തനമസ്ക്കാരങ്ങളും ധാരാളമായി ഇന്നും വിശ്വാസികളെ ആകർഷിക്കുന്നുണ്ടു്. വൈദികപദവിയിലേക്കും കന്യാവ്രതത്തിലേക്കുമുള്ള ദൈവവിളികൾ ഇന്നും ധാരാളമാണു്. ഉപവിപ്രവർത്തനങ്ങളും ജീവകാരുണ്യപ്രവർത്തനത്തിനുള്ള സ്ഥാപനങ്ങളും കുറ്റോളകളുമെല്ലാം വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു.

അന്നദിനജീവിതത്തിൽ.

ഇവയെല്ലാം നമ്മുടെ അന്നദിനജീവിതത്തേയും അതിന്റെ പരിപാടികളേയും എങ്ങിനെയാണു് ബാധിച്ചിട്ടുള്ളതു്? നമ്മുടെ ആത്മീയ ജീവിതത്തിന്റെ ആഴങ്ങളെ അളക്കുവാനുള്ള ഏറ്റവും നല്ല മാനദണ്ഡമാണല്ലൊ നമ്മുടെ ബാഹ്യപ്രവർത്തനങ്ങൾ. മനുഷ്യൻ വെറുമൊരു ആന്തരികതത്വം മാത്രമല്ല, അവന്റെ ആന്തരങ്ങളായ ആഭിമുഖ്യങ്ങൾ ബാഹ്യപ്രവർത്തനങ്ങളിലൂടെ പ്രസ്ഫുരിക്കുകയും സ്ഥൂലരൂപം കൈക്കൊള്ളുകയും ചെയ്യുന്നു. നമ്മുടെ പ്രസംഗങ്ങൾ പ്രവർത്തികളായും വചനം മാംസമായും രൂപാന്തരപ്പെടുന്നു. ഈ മാനദണ്ഡങ്ങളു

പയോഗിച്ച് നമ്മുടെ സമുദായത്തിന്റെ ആത്മീയജീവിതവും വിശ്വാസവുമൊക്കെ എത്രമാത്രം ആഴമുള്ളതാണെന്നു പരിശോധിക്കാം.

നമ്മുടെ നിരന്തരമായ മതാനുഷ്ഠാനങ്ങളുടേയും നിത്യസഹായ മാതാവിന്റേയും മറ്റും നൊവേനകളിൽ നമുക്കുള്ള താല്പര്യത്തിന്റേയുമെല്ലാം ചൈതന്യം നമ്മുടെ അനുദിന ജീവിതത്തിലേക്കു പ്രസരിച്ചിട്ടുണ്ടോ? നമ്മുടെ മഹത്തായ ആദർശങ്ങളും മഹനീയമായ വ്യക്തിത്വമെല്ലാം സ്ഥൂലരൂപം കൈക്കൊള്ളുന്നതു് മറ്റുള്ളവരുമായി നാം നടത്തുന്ന ഇടപാടുകളിലും അവരോടുള്ള നമ്മുടെ പെരുമാറ്റം, തൊഴിലുകൾ, ഉദ്യോഗങ്ങൾ തുടങ്ങിയവയിലൂടെയുമാണു്. കുറ്റങ്ങളും കുറവുകളും നമ്മുടെയിടയിൽ കുറഞ്ഞാണു് വരുന്നതെന്നു് സമാന്യമായി പറയാം. അടിപിടികളും കൊലപാതകങ്ങളുമൊക്കെ നമ്മുടെയിടയിൽ ഗണ്യമായി കുറഞ്ഞിട്ടുണ്ടു്. പക്ഷേ ഇതിന്റെ കാരണങ്ങൾ ആത്മീയമോ മതപരമോ അല്ല. ഇതര സമുദായങ്ങളുമായി ഇക്കാര്യത്തിൽ നമ്മേ തുലനം ചെയ്യുന്നതു് വിജ്ഞാന പ്രദമായിരിക്കും. അവരിൽനിന്നും നമ്മേ വേർതിരിക്കുന്ന മതപരമായ വിശ്വാസാദർശങ്ങളുടെ പ്രതിഫലനം നമ്മുടെ അനുദിന ജീവിതത്തിൽ പ്രകടമാകുന്നില്ലെന്നുള്ളതു ഖേദകരം തന്നെ.

തൊഴിലുകൾ.

വിവിധ തൊഴിലുകളിലും ഉദ്യോഗങ്ങളിലുമിരിക്കുന്ന കത്തോലിക്കർ അവരുടെ മതത്തിന്റെ ധാർമ്മികാ

നശാസനങ്ങളെ എത്രമാത്രം പ്രസ്തുത രംഗങ്ങളിൽ പ്രായോഗികമാക്കാവുണ്ടു്? കാർഷികരംഗത്തു് വളരെയധികം പ്രവർത്തനങ്ങൾ നടത്തുന്ന നാം കർഷകത്തൊഴിലാളികളുടെ ജീവിതസ്ഥിതി മെച്ചപ്പെടുത്തുവാൻ എന്തൊക്കെ ചെയ്തിട്ടുണ്ടു്? കമ്മ്യൂണിസ്റ്റു് പാർട്ടി അധികാരത്തിൽ വന്നശേഷം അവരെ ഭയപ്പെട്ടെന്നോണം ചില ഇടവകകളിലൊക്കെ അവശക്രൈസ്തവരേയും മറവും സംഘടിപ്പിക്കുവാനുള്ള ഒരു ശ്രമം നടത്തിയിട്ടുണ്ടു്. കമ്മ്യൂണിസം ചീത്തയാണെന്നു് അവരെ പറഞ്ഞു മനസ്സിലാക്കുക എന്നതിൽ കവിഞ്ഞ എന്തൊരു സേവനമാണു് ക്രിസ്തീയ ഉപവിയുടെ പേരിൽ അവർക്കുവേണ്ടി നടത്തപ്പെട്ടിട്ടുള്ളതു്? ചില ഇടവകകളിലെല്ലാം സാധുജനങ്ങൾക്കു് വീടും മറവുംകെട്ടിക്കൊടുക്കണമെന്നും അല്ലെങ്കിൽ കമ്മ്യൂണിസം വരുമെന്നും പറഞ്ഞു് ചില പിരിവുകൾ നടത്താവുണ്ടു്. ഇവരേപ്പറ്റി എന്തു് പറയട്ടെ!

സ്ഥാപനങ്ങൾ.

കത്തോലിക്കാ ഡോക്ടറന്മാർ, നിയമജ്ഞന്മാർ, ഇതര ഉദ്യോഗസ്ഥന്മാർ, വ്യവസായികൾ, മന്ത്രിമാർ തുടങ്ങിയവരേപ്പറ്റിയെല്ലാം പലതും പറയുവാനുണ്ടു്. ഇവരിൽ ഒരു നല്ല ശതമാനം ഏതുതരം കള്ളത്തരങ്ങൾക്കും കൊള്ളരുതായ്മകൾക്കും കൂട്ടുനില്ക്കുവാൻ യാതൊരു മടിയുമില്ലാത്തവരാണു്. കാശിനുവേണ്ടി എന്തും ചെയ്യുവാൻ മടിക്കാത്ത കത്തോലിക്കാ ഭിഷഗ്വരന്മാരും നിയമജ്ഞന്മാരുമെല്ലാം നമുക്കു ധാരാളമുണ്ടു്. കത്തോ

ലിക്കർ നടത്തിക്കൊണ്ടിരിക്കുന്ന സ്ഥാപനങ്ങളിൽ സത്യസന്ധത വളരെ കമ്മിയാണെന്നു് പൊതുവെ ഒരു പരാതിയുണ്ടു്.

തൊഴിലിന്റെ ധാർമ്മികശാസ്ത്രം (Deontology of profession) എന്നതു് നമുക്കിനിയും അജ്ഞാതമായ ഒരു വിജ്ഞാനശാഖയത്രെ. വിശ്വാസവും പ്രവൃത്തിയും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടായിരിക്കണമെന്ന കാര്യത്തിൽ നമുക്കു യാതൊരു നിർബന്ധവുമില്ലെന്നു് തോന്നുന്നു. സാമ്പത്തികരംഗത്തും പണമിടപെട്ട കാര്യങ്ങളിലും സത്യസന്ധത പാലിക്കുന്ന കാര്യത്തിൽ കേരളത്തിലെ കത്തോലിക്കർ മറ്റുള്ളവരെ അപേക്ഷിച്ചു് മെച്ചപ്പെട്ടവരാണെന്നു് ഇനിയും തെളിയിക്കേണ്ടിയിരിക്കുന്നു. (അല്ലാത്തപക്ഷം ഉഗ്രതരങ്ങളായ ചില ഭവിഷ്യത്തുകൾ നമുക്കു് നേരിടേണ്ടി വരും)

തിരുന്നാളുകൾ.

നമ്മുടെ തിരുന്നാളുകൾ ഇന്നും ഒരു തരം ചന്തകളായി തുടരുകയാണു്. വാണിജ്യ സംബന്ധമായ എല്ലാ ഇടപാടുകളും മദ്യഷാപ്പുകളുടെ ബ്രാഞ്ചുകളും കോലാഹലങ്ങളും വെടിക്കെട്ടുകളും കെങ്കേമമായ ഡിന്നർ സല്ക്കാരങ്ങളും സർവ്വോപരി രാഷ്ട്രീയ പ്രചരണങ്ങളുമെല്ലാം ഈ തിരുന്നാളുകളുടെ പ്രത്യേകതകളാണു്. ഇവയൊക്കെ നമ്മുടെ ആത്മീയ ജീവിതത്തെ എങ്ങിനെയാണാവൊ മെച്ചപ്പെടുത്തുക? ചന്തകളും വിപണികളും പട്ടണങ്ങളുമെല്ലാം കുറവായിരുന്ന പഴയ കാലത്തു്

തിരുന്നാളുകൾക്ക് വാണിജ്യപരമായ ഒരു പ്രാധാന്യമുണ്ടായിരുന്നു. ആണ്ടുവട്ടം മുഴുവൻ പ്രശാന്തമായി, ഏകാതനമായി കഴിഞ്ഞിരുന്ന നാട്ടിൻപുറങ്ങളിൽകൂടെ വെടിക്കെട്ടുകളും ദീപക്കാഴ്ചകളും കച്ചവടവുമെല്ലാം സ്വാഗതാർഹമായിരുന്നു. പക്ഷേ ഇന്നും ഇവയെല്ലാം തുടരുന്നതു് എന്തിന്റെ പേരിലാണു്? ഹൈന്ദവക്ഷേത്രങ്ങളിലെ ഉത്സവങ്ങളേക്കാൾ പലപ്പോഴും നമ്മുടെ തിരുന്നാളുകൾ മെച്ചമല്ലതന്നെ.

കപ്പേളകൾ.

കവലകളിലും വഴിയരികുകളിലും ചന്തസ്ഥലങ്ങളിലുമെല്ലാം ഇന്നു ധാരാളമായി ഉയർന്നുവരുന്ന കപ്പേളകൾ നമ്മുടെ വർദ്ധമാനമായ ആത്മീയതയുടെ സൂചികകളാണോ? പൊതുക്കാര്യപ്രസക്തരായ ചില വികാരിമാരുടെ പിരിവുപാടവത്തിനും ചില വല്ലാന്മാരുടെ ഡംഭിനും ഷെവലിയർ സ്ഥാനം ലഭിക്കുവാനുള്ള ചിലരുടെ വെമ്പലിനും കൂടി അവ സാക്ഷ്യം വഹിക്കുന്നില്ലേ? ഇവയിൽ ചിലതൊക്കെ ഇടിച്ചുനിരത്തി പകരം ഏതാനും വെയിറ്റിംഗ് ഷെഡ്കുകളും വിശ്രമസങ്കേതങ്ങളും ചുമട്ടുതാങ്ങികളും സ്ഥാപിക്കുന്നതു് കൂടുതൽ ഉപകാരപ്രദമായിരിക്കും. ഇതിനെ ജൂദാസിന്റെ ധനതത്വശാസ്ത്രമായി വല്ലവരും വ്യാഖ്യാനിച്ചേക്കാം. അതും നടക്കട്ടെ.

പൌരോഹിത്യം എന്തിനുവേണ്ടി?

തൊഴിലില്ലായ്മയും പട്ടിണിയും രൂക്ഷമായിരിക്കുന്ന ഈ രാജ്യത്തു് മഹനീയമായ കത്തോലിക്കാ പൗ

രോഹിത്യം ഒരു ജീവിതമാർഗ്ഗ(Career) മായി അധഃപ തിച്ചു തുടങ്ങിയിട്ടുണ്ട്. ചില ഉന്നത സഭാധികാരികളെ പ്പറ്റിപ്പോലും ഈ ആരോപണം നടത്തുവാൻ സാധിക്കും. അവരുടെ കാര്യം അങ്ങിനെയിരിക്കട്ടെ. സാധാരണ ഒരു വൈദികനെസ്സംബന്ധിച്ചിടത്തോളം ഒരിടവകയുടെ ഭരണമെങ്കിലും അദ്ദേഹത്തിനു കിട്ടാതിരിക്കുകയില്ല. ക്ലാർക്കുദ്യോഗത്തിനു പതിനായിരക്കണക്കിനാളുകൾ അല ഞ്ഞുതിരിയുമ്പോൾ ഒരിടവക വൈദികന്റെ ശമ്പളം അതിലും മെച്ചമല്ലേ? (ഇടവക വൈദികരുടെ വരുമാനം വർദ്ധിപ്പിക്കരുതെന്നോ എല്ലാ വൈദികരും ജീവിക്കാൻ വേണ്ടിയാണു് വൈദികരാകുന്നതെന്നോ ഞാൻ വിവ ക്ഷിക്കുന്നില്ല. വൈദികവൃത്തികൊണ്ടു് മുതലെടുക്കുന്ന ചിലരെപ്പറ്റിയാണു് ഇവിടെ പറയുന്നതു്) എന്നാൽ പ്രസ്തുത വൈദികൻ ഒരു ബിരുദധാരി ക്രൂടിയാണെങ്കിൽ കത്തോലിക്കാസ്കൂളുകളിലൊ കോളജുകളിലോഎവിടെ യെങ്കിലും ഒരുദ്യോഗം തീർച്ചയാണു്. അതിനു് ഫസ്റ്റ് ക്ലാസ്സും സെക്കൻഡ് ക്ലാസ്സുമൊന്നും വേണ്ട. ഒരു ഡിഗ്രിയുമില്ലെങ്കിൽത്തന്നെ ഒരു സ്കൂളിന്റെ മാനേ ജരാകുവാനുള്ള സുവർണ്ണാവസരം അദ്ദേഹത്തിനു ലഭി ക്കുന്നു. പണം സമ്പാദിക്കുവാനും സുഖിക്കുവാനുമുള്ള ഏറ്റവും നല്ല മാർഗ്ഗം വൈദികവൃത്തിയാണെന്നു് നമ്മു ടെ ഭക്തരായ ചിലകാരണവന്മാർ പോലും കരുതിവ രുന്നതിൽ അത്ര അത്ഭുതമില്ലതന്നെ.

പള്ളിപ്രസംഗങ്ങൾ.

അടുത്തതായി നമ്മുടെ പള്ളി പ്രസംഗങ്ങളുടെ കാര്യമെടുക്കാം. പള്ളിപ്രസംഗങ്ങളും കോളജുപ്രഫസറ

മാരുടെയൊ രാഷ്ട്രീയ നേതാക്കളുടെയൊ പ്രഭാഷണങ്ങൾ പോലെയല്ലല്ലൊ. വസ്തുനിഷ്ഠങ്ങളും അനുഭവിഷ്കൃതങ്ങളുമായ സത്യങ്ങളാണു് പള്ളിപ്രസംഗങ്ങളുടെ അടിസ്ഥാനമെങ്കിലും സ്വജീവിതത്തിന്റേയും സ്വന്തം ആത്മീയതയുടെയും മുദ്രകൾ പതിഞ്ഞിട്ടുള്ളതും ആത്മാർത്ഥത നിറഞ്ഞവയുമായിരിക്കണം അവ. അത്ര വലിയ പാണ്ഡിത്യമൊന്നുമില്ലെങ്കിലും വിശുദ്ധരായി ജീവിക്കുന്ന ചില പുരോഹിതന്മാരുടെ ഉപദേശങ്ങളും പ്രസംഗങ്ങളും എത്ര ഫലവത്താണെന്നു് നമുക്കറിയാം. പക്ഷേ പൊതുക്കാര്യപ്രസക്തരും ഉദ്യോഗസ്ഥരും മാത്രമായ വൈദികർക്കു് അതു സാദ്ധ്യമല്ല. താൻ ഇറങ്ങലിയിലും ജമ്മനിയിലും അമേരിക്കയിലുമെല്ലാം 'ഉപരി പഠനം' നടത്തിക്കൊണ്ടിരുന്നപ്പോൾ കണ്ടതും കേട്ടതുമായ ചില കാര്യങ്ങളെല്ലാം ക്രട്ടിക്കലത്തി 'ഖിലാത്തി വിശേഷം' മോഡലിൽ മണിക്കൂറുകളോളം നീണ്ടുനില്ക്കുന്ന പടാത്തകളടിച്ചു് ജനങ്ങൾക്കു് ഉള്ള വിശ്വാസം ക്രടി നഷ്ടപ്പെടുത്തുന്ന രസികശിരോമണികളും ഇന്നു് വിരളമല്ല. ചിലർ പ്രസംഗകല അഭ്യസിക്കുന്നതിനുള്ള ഏറ്റവും നല്ല കളരികളായിട്ടാണു് ദേവാലയങ്ങളെ വിനിയോഗിക്കുന്നതു്. ക്രിസ്തീയ തത്വങ്ങളെ തന്റെ ജീവിതത്തിന്റെ അഭേദ്യമായ ഒരു ഭാഗമായി പകർത്തുവാൻ കഴിഞ്ഞിട്ടുള്ള വൈദികർക്കുമാത്രമെ നല്ല ഉപദേശങ്ങളും കൊടുക്കുവാൻ കഴിയുകയുള്ളു. അധികാര ഭ്രമികൾക്കു് അതു് സാദ്ധ്യമല്ല. അവരുടേതു് മിക്കവാറും രാഷ്ട്രീയ പ്രസംഗങ്ങൾ മാത്രമായിരിക്കും.

സുവിശേഷവ്യാഖ്യാനം !

സുവിശേഷ വ്യാഖ്യാനങ്ങളും മറ്റും ചിലരേ സംബന്ധിച്ചിടത്തോളം വളരെ "ഒറിജിനാലിറ്റി" ഉള്ള വയാണു്. വി. ഗീവർഗീസിന്റെ തിരുന്നാൾ ദിവസം കമ്മ്യൂണിസത്തേപ്പറ്റി മൂന്നുമണിക്കൂർ പ്രസംഗിക്കുവാൻ ചിലക്കു് കഴിവു നല്കുന്നതു് ഈ ഒറിജിനാലിറ്റിയാണു് വി. ഗീവർഗീസിനാൽ കൊല്ലപ്പെട്ട ആ സർപ്പമുണ്ടല്ലോ, അതു് മാർക്സിസത്തിന്റെ പ്രതീകമാണു് !

ധ്യാനഗുരുക്കൾ.

നല്ല ധ്യാനഗുരുക്കൾ നമുക്കു് കുറവാണെന്നുള്ളതു് ഒരു വാസ്തവം മാത്രമാണു് കെട്ടിടങ്ങൾ പണിയിക്കുന്നവരും എസ്റ്റേയിറ്റുകൾ നടത്തുന്നവരും വാഗ്മികളും വാചാലരുമായ വൈദികർ നമുക്കു് ധാരാളമുണ്ടു്. പക്ഷേ നല്ല ആത്മീയഗുരുക്കളെ ലഭിക്കുവാൻ ഇന്നും വലിയ പ്രയാസമാണു്. കുമ്പസാരിപ്പിക്കുന്നതും മറ്റും വേറെ ചിലക്കു വിട്ടുകൊടുത്തുകൊണ്ടു് പൊതുക്കാര്യ വ്യാപൃതരായി കഴിയുന്നവരും ധാരാളമാണു്. പത്തും ഇരുപതും വൈദികരെ ക്ഷണിച്ചുവരുത്തി കേമമായ തിരുന്നാളുകൾ നടത്തുന്ന ദിവസങ്ങളിൽ പോലും ചിലദേവാലയങ്ങളിൽ കുമ്പസാരിപ്പിക്കുവാൻ വൈദികർ വളരെ കുറവായികണ്ടിട്ടുണ്ടു്. കുമ്പസാരത്തിനു് ഫീസില്ലെന്നതല്ലായിരിക്കാം അതിന്റെ കാരണം !

സന്യാസികൾ.

ബൂർഷ്വാ സംസ്കാരത്തിന്റെ സ്വാധീനശക്തികൾ നമ്മുടെ സാധാരണ അൽമേനികളേയും വൈദികരേയും മെത്രാന്മാരേയും മാത്രമല്ല ബാധിച്ചിട്ടുള്ളതു്. നമ്മുടെ പല സന്യാസാശ്രമങ്ങളും ആ സ്വാധീനശക്തികൾക്കു വിധേയരായിട്ടുണ്ടു്. ആത്മീയ തീഷ്ണതയേയ്സ്സും ബന്ധിച്ചിടത്തോളം ഇവിടത്തെ ഭ്രരിപക്ഷം സന്യാസിനീസന്യാസികളും അത്ര പിന്നണിയിലല്ലെങ്കിലും അവരുടെ ആത്മീയതാപം ബൂർഷ്വാ മനോഭാവത്തിന്റെ ആകർഷണങ്ങളെ ചെറുത്തുനില്ക്കുവാൻ ശക്തമായിട്ടില്ല. ത്യാഗവും ദാരിദ്ര്യവുമെല്ലാം ജീവിതവ്രതങ്ങളായി അംഗീകരിച്ചിട്ടുള്ളവരുടെ വാസസ്ഥലങ്ങൾ ചിലപ്പോഴൊക്കെ നമ്മെ അമ്പരപ്പിക്കും. ഇറവലിയിലേയും മറവൻമാടമ്പികൾ പഴയകാലത്തു താമസിച്ചിരുന്ന ചില കൊട്ടാരങ്ങളുടെ കാര്യമൊക്കെ അവ കാണുമ്പോൾ ഓർത്തുപോകും. സാമ്പത്തികരംഗത്തു് ഉഗ്രമായി മത്സരിക്കുന്ന ചില സ്ഥാപനങ്ങളായി നമ്മുടെ മഠങ്ങൾ പരിണമിക്കുന്നതു ഖേദകരമാണു്. പണമുണ്ടാക്കാനുള്ള അവരുടെ വ്യഗ്രത ഇതിനകം ചില എഴുത്തുകാരുടെയൊക്കെ ഉഗ്രവിമർശനത്തിനു് പാത്രമായിട്ടുണ്ടു്. കന്യകാലയങ്ങളിൽ ചേരാനുദ്ദേശിക്കുന്ന തങ്ങളുടെ പെൺകുട്ടികൾക്കു് കാരണവന്മാർ കൊടുക്കേണ്ടിവരുന്ന തുകകളിൽ ചിലതിനു് ഒരു നീതീകരണവുമില്ലതന്നെ. അതുമിതും പറഞ്ഞു് വൻതുകകൾ വാങ്ങാതെ പത്രമേനിത്തുകകൾ വർദ്ധിപ്പിക്കുകയൊ ഉള്ള കാര്യങ്ങൾ ഉള്ളതുപോലെ പറയു

കയൊ ചെയ്യാൽ തങ്ങളുടെ മക്കൾക്കു് കാരണവന്മാർ ഇന്നത്തേതിലും കൂടുതൽ സുകരം നല്കുമെന്നാണു് ഈ ലേഖകന്റെ വിശ്വാസം. പക്ഷേ അതു് കുടുംബവും തിരിച്ചുണവുമൊക്കെപ്പോലെ ആകരുതെന്നുമാത്രം. വ്യക്തിപരമായ ഒരഭിപ്രായം കൂടി പ്രകടിപ്പിച്ചുകൊള്ളട്ടെ. അൽമായക്കുവേണ്ടിയുള്ള സഭകളം (Secular Institutes) ഇവിടെ സ്ഥാപിക്കുന്നതിനുള്ള ചില പരിശ്രമങ്ങളം നടക്കുന്നുണ്ടു്. ഇന്നത്തെ രീതിയിലുള്ള കന്യകാലയ ജീവിതത്തേക്കാളം പലതുകൊണ്ടും മെച്ചപ്പെട്ട ഒന്നാണു് പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടുകളിലെ ജീവിത സമ്പ്രദായം. അവ കൂടുതൽ പോഷണവും പ്രോത്സാഹനവുമർഹിക്കുന്നതും ഇന്നത്തെ സാഹചര്യങ്ങളംക്കും മനോഭാവങ്ങളംക്കും യോജിച്ചവയുമാണു്. നമ്മുടെ അധികാരികളുടെ ശ്രദ്ധ ഇക്കാര്യത്തിൽ പ്രത്യേകമായി പതിയേണ്ടതാണു്.

വിശുദ്ധ വ്യഭിചാരം.

പാശ്ചാത്യനാടുകളിലെ വൈദികരുടേതിനെ അപേക്ഷിച്ചു് നമ്മുടെ വൈദികരുടെ ധാർമ്മിക നിലവാരം വളരെ ഉയർന്നതാണു്. സാധാരണയായി കുശിനിവേലയ്ക്കു് സ്ത്രീകളെ മാത്രമെ ചില രാജ്യങ്ങളിൽ ലഭിക്കുകയുള്ള. ഈ സമ്പ്രദായം അനിവാര്യമായ രീതിയിൽ പല കുഴപ്പങ്ങളംക്കും കാരണമാകുന്നുണ്ടു്. പാശ്ചാത്യനാടുകളിൽ പൊതുവിലുള്ള ചില സാമൂഹ്യാചാരങ്ങളും എടുത്തുപറയേണ്ടതുണ്ടു്. ആധുനിക സമ്പ്രദായങ്ങളും സാഹചര്യങ്ങളുമൊന്നും ഭാഗ്യവശാൽ ഇവിടെ നിലവിലില്ല.

എന്നാൽ 'വിശുദ്ധ വ്യഭിചാരം' ഇവിടെയും വളരുവാൻ തുടങ്ങിയിട്ടുണ്ട്. ബീഭത്സങ്ങളും അതിനീചങ്ങളുമായ പല സംഭവങ്ങളും അങ്ങിങ്ങു നടക്കുന്നുണ്ട്. അപ്രകാരമുള്ള വൈദികരേപ്പറ്റി മെത്രാന്മാരെ അറിയിച്ചാൽ പ്രസ്തുത വൈദികരെ രണ്ടുമൂന്നുകൊല്ലത്തേക്കുകൂടി അവിടെത്തന്നെ ഉറപ്പിച്ചു നിയമിക്കുന്ന ഒരു പതിവും ഇവിടെയുണ്ട്. കാരണം ഇടവകക്കാരുടെ പരാതികളനുസരിച്ചു നടപടിയെടുക്കാൻ തുടങ്ങിയാൽ സഭാഭരണം ജനകീയമായിപ്പോയേക്കുമല്ലോ! മിക്സഡ് കോളജുകളും, ബോർഡിംഗുകളും, ഹോസ്റ്റലുകളും തുടങ്ങിയവയുടെ ഉത്തരവാദിത്വങ്ങളും വഹിക്കുന്നവരേപ്പറ്റിയും ചില ഓണംകേറാമൂലകളിലെ വികാരിമാരേപ്പറ്റിയും യുവജനപ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട ചിലർ, ചില പ്രശസ്ത ധ്യാനഗുരുക്കന്മാർ തുടങ്ങിയവരേപ്പറ്റിയുമെല്ലാം അപൂർവ്വമായെങ്കിലും ഇതുപോലുള്ള പരാതികളും കേൾക്കാറുണ്ട്. എന്തിനാണ്, ബിഷപ്പിന്റെ പക്കലുള്ള 'പിടി'നിമിത്തം അരമനകളിൽ ചടഞ്ഞുകൂടിക്കഴിയുന്ന ചില വീരന്മാരുടെ കാര്യവും പൊതുജനങ്ങൾക്കറിയാം. സാമ്പത്തിക രംഗത്തോ രാഷ്ട്രീയരംഗത്തോ ഒക്കെ നമ്മുടെ വൈദികർക്കുള്ള വികലതകളും എത്രയുതന്നെയായാലും അതു വൈദികപദവിയുടെ കാതലായ അംശത്തെ ബാധിക്കുന്നതല്ല. എന്നാൽ ധാർമ്മികമായ ഈ അധ:പതനം (അതു് അവിടവിടെ ആരംഭിച്ചിട്ടേയുള്ളൂ) അതിഭീകരമായ ഭവിഷ്യത്തുകളെ ഉൾക്കൊള്ളുന്നവയും പൗരോഹിത്യത്തിന്റെ കാതലിനെത്തന്നെ കരണ്ടുതിന്നുന്നവയുമാണ്.

പൊതുജനമദ്ധ്യത്തിൽ നിന്നും അകന്നു ജീവിക്കുന്ന നമ്മുടെ അഭിവന്ദ്യതിരുമേനിമാർ തങ്ങളുടെ കീഴിലുള്ള വൈദികരിൽ ചിലരെപ്പറ്റിയുള്ള ഈ ആരോപണങ്ങൾ ശ്രദ്ധിച്ചിട്ടില്ലായിരിക്കാം. അതുകൊണ്ടുതന്നെയാണു് അല്പം സാഹസികമെന്നുതോന്നിക്കുന്ന ഈ വിവരണത്തിനു് ഞാൻ മുതിർന്നതു്.

അനാഥമന്ദിരങ്ങൾ

പരസ്നേഹപരമായ നമ്മുടെ പ്രവർത്തനങ്ങളുടെ കാര്യവും അല്പം വിവരിച്ചുകൊള്ളട്ടെ. ഉപവി സ്ഥാപനങ്ങളിലൂടെയാകുമ്പോൾ ആശുപത്രികളും അനാഥശാലകളുമൊക്കെയായി രൂപാന്തരപ്പെടുന്നു. ആശുപത്രി സ്ഥാപനവ്യഗ്രത ഇന്നത്തെ ഒരു പ്രമുഖ പ്രവണതയാണു്. അതൊരു നല്ല കാര്യവുമാണു്. എന്നാൽ പള്ളിവകയായും മഠംവകയായുമൊക്കെ നടത്തപ്പെടുന്ന നമ്മുടെ ചില ആതുരാലയങ്ങളെ ആശുപത്രികളുമൊക്കെയായി പരിചയപ്പെടുന്ന പക്ഷം വളരെ മോശമായ ചില അഭിപ്രായങ്ങളാണു് പലപ്പോഴും നമുക്കു തോന്നുക. വിവിധ തരത്തിലുള്ള കള്ളത്തരങ്ങളുടേയും വഞ്ചനകളുടെയും ക്രൂരതരങ്ങളാണു് ചില സ്ഥാപനങ്ങൾ. ഈ ആശുപത്രികളിൽ ചിലതൊക്കെ പൂട്ടിയിട്ടില്ലെങ്കിൽ നമ്മുടെ ആത്മീയരോഗങ്ങൾ വർദ്ധിക്കുകയേ ഉള്ളൂ. പ്രശസ്തരായ പല ഹൈന്ദവ ഡോക്ടർമാരും ചില കത്തോലിക്കാആശുപത്രികളുടെ നടത്തിപ്പിനെപ്പറ്റി പറഞ്ഞുകേട്ടിട്ടുള്ള അഭിപ്രായങ്ങൾ ഇവിടെ പകർത്തുന്നില്ല.

ഏതായാലും ഉപവിയും പരസ്നേഹവുമെല്ലാം ഈ സ്ഥാപനങ്ങളിൽ വളരെ കമ്മിയാണെന്നു് ചുരുക്കിപ്പറയാം.

ലത്തീൻ സുറിയാനി.

ഏറ്റവും വിശുദ്ധവും അപ്പസ്തോലിക്കവും കത്തോലിക്കവുമായ നമ്മുടെ സഭയുടെ കേരളഘടകത്തിൽ ലത്തീൻകാരും സുറിയാനിക്കാരും തെക്കരും വടക്കരുമെല്ലാം തമ്മിൽനിലവിലിരിക്കുന്ന വൈകാരികസംഘർഷങ്ങളും വളരെയധികം ലജ്ജാവഹമാണു്. ഈ സംഘർഷങ്ങളും കുത്തിപ്പൊക്കുന്നതു് സാധാരണ ജനങ്ങളേക്കാളും ഉന്നതപദവിയിലുള്ള അധികാരികളും വൈദിക പ്രമുഖരും നാട്ടുപ്രമാണികളുമൊക്കെയാണു്. സഭയുടെ സർവ്വതോന്മുഖമായ പുരോഗതിയെ ഈ സംഘർഷങ്ങളും എങ്ങിനെ പ്രതിബന്ധപ്പെടുത്തുന്നെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ. വീണ്ടുകാലം തമ്മിലുള്ള ഈ അഭ്യസമരം ഇനിയെങ്കിലും അവസാനിപ്പിക്കേണ്ടതാണു്. അഖില കേരളാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു യുവജനസംഘടനയ്ക്കു് ഇക്കാര്യത്തിൽ പലതും ചെയ്യാൻ കഴിയും.

'തിരുമേനി' എന്ന ചേക്കണം.

സഭയിലെ ഭരണപരമായ അധികാരങ്ങളും ചുമതലകളും അവയിൽത്തന്നെ ലക്ഷ്യങ്ങളല്ല. അവ അതു പ്രയോഗിക്കുന്നവരുടേയും അതിനു് വിധേയരാകുന്നവരുടേയും ജീവിത വിശുദ്ധിക്കും ആത്മീയ നന്മക്കും ഉപക

രിക്കേണ്ടതാണു്. പക്ഷേ ഇവിടത്തെ ചിലവൈദിക പ്രമുഖരുടേയും പ്രിൻസിപ്പാളന്മാരുടേയും മാനേജരന്മാരുടേയും മോൺസിഞ്ഞോർമാർ, ബിഷപ്പുമാർ തുടങ്ങിയവരുടേയുമെല്ലാം കരങ്ങളിൽ അധികാരമെന്നതു് അധികാരത്തിനുവേണ്ടിമാത്രമുള്ളതാണു് — ചിലക്കു് സമുദായഭ്രഷ്ടുകല്പിക്കുവാനും മറെ ചിലരെ കമ്മ്യൂണിസ്റ്റുകാരാക്കുന്നതിനും തങ്ങളുടെ കീഴിലുള്ള ചില അദ്ധ്യാപകരേയും പ്രാഫസറന്മാരേയുമെല്ലാം ഭീഷണിപ്പെടുത്തുന്നതിനും, തങ്ങളുടെ മഹനീയ നാമധേയങ്ങളോടു് തിരുമേനി എന്നു കൂടി ചേർക്കപ്പെടുന്നതു കണ്ടു് സായൂജ്യസമാധികം പൂകുന്നതിനുമൊക്കെവേണ്ടി!. ഭരണഘടനയിലും ജീവിത വിശുദ്ധിയിലും ഒരു പോലെ മികച്ചു നില്ക്കുന്ന നമ്മുടെ ചില അധികാരികളുടേയും പേരുകൾ പോലും ഇവർ മൂലം കളങ്കിതമാവുകയാണു്.

എന്നിട്ടും.

ഇരുപതധികം മെത്രാസനാരമനകളും കോളജുകളും സ്കൂളുകളും കത്തീഡ്രൽ ദേവാലയങ്ങളും കപ്പേളകളും ശ്രുതാദ്ധ്യക്ഷന്മാരും ഇവിടെയില്ലാതിരുന്ന കാലത്തു് ഇന്നത്തേക്കാൾ ക്രൂരതലായി നമ്മുടെ നാട്ടിൽ സാധാരണ ജനങ്ങൾ കത്തോലിക്കാസഭയിലേക്കു് വരുന്നുണ്ടായിരുന്നു. നമ്മുടെ പുരുക്രിസ്ത്യാനികൾ ഭൂരിഭാഗവും ഇപ്രകാരമുള്ളവരാണു്. യാക്കോബായക്കാരും മറെറാരു ക്രൂരതലായി സഭയിലേക്കു് വന്നുകൊണ്ടിരുന്നതും അക്കാലത്താണു്. ഇന്നു് ഈ ആഢംഭരങ്ങളും ബാഹ്യമോടികളും

സമ്പത്തും പ്രതാപങ്ങളുമെല്ലാം വർദ്ധിച്ചപ്പോൾ കേരളത്തിലെ കത്തോലിക്കാസഭ സാധാരണ ജനങ്ങളിൽനിന്നും വളരെ അകലുകയും അതോടൊപ്പം പുതിയ മാനസാന്തരങ്ങളുടെ എണ്ണം ഗണ്യമായി കുറയുകയും ചെയ്തുകൊണ്ടിരിക്കുന്നു. കത്തോലിക്കാ ലീഗുകാരോടു് നമുക്കനുഭാവമില്ലെങ്കിലും അവർ പറയുന്ന ചില കാര്യങ്ങൾ പരമാർത്ഥങ്ങളാണെന്നു സമ്മതിക്കാതെ തരമില്ല. അതേ, പതിനാൻപതാം ശതകത്തിലെ യൂറോപ്യൻ തൊഴിലാളികൾ കത്തോലിക്കാസഭയിൽനിന്നും വിട്ടുമാറിയ അതേ കാരണങ്ങളാൽത്തന്നെ ഇന്നു് കേരളത്തിലെ സാമാന്യജനങ്ങൾ സഭയിൽനിന്നും അകലുകയാണു്. പുതിയ ഏതാനും പ്ലീമത്തുകൾ ക്രൂടിവാങ്ങിയതുകൊണ്ടോ കുറേ പാൽപ്പൊടിക്രൂടി വിതരണം ചെയ്തതുകൊണ്ടോ വിമാനത്താവളത്തിലെ സ്വീകരണങ്ങൾ കുറേക്രൂടി ഗംഭീരമാക്കിയതുകൊണ്ടോ ഈ പ്രവണതകൾ അസ്തമിക്കുവാൻ പോകുന്നില്ല. പത്രങ്ങളിൽ കാണുന്ന വർണ്ണോജ്ജ്വലങ്ങളായ ഫോട്ടോകളല്ല, മഹത്തായ ജീവിതമാതൃകകളാണു് ഇനിയും ഇവിടത്തെ ആവശ്യം.

ഉപരിപ്ലവതാ.

അതോടൊപ്പം നമ്മുടെ ആളുകളുടെ പ്രാഥമികങ്ങളും മൗലികങ്ങളുമായ ആത്മീയ സമ്പത്തുകളും മതവിശ്വാസങ്ങളും തകർന്നുകൊണ്ടിരിക്കുന്നതിന്റെ ചില സൂചനകളും കാണുന്നുണ്ടു്. വിശ്വാസം, ശരണം, ഉപവി തുടങ്ങിയവയിലും പത്തു പ്രമാണങ്ങളിലും പതിനാ

ലു മനോഹരണപ്രവൃത്തികളിലും സാധാരണ പ്രാർത്ഥനകളും ദിവ്യപൂജ തുടങ്ങിയവയിലുമൊന്നും ഇന്നു് പലയാളുകളും തല്പരരല്ല. കാരണം അവമൂലം അത്ഭുതങ്ങളൊന്നും നടക്കുന്നില്ല തന്നെ. നേരെമറിച്ചു് ഗീവർഗീസു പുണ്യവാളനു നല്കപ്പെടുന്ന കോഴികളുടേയും വി. സബസ്ത്യാനോസിനു സമർപ്പിക്കപ്പെടുന്ന അമ്പുകളുടേയും, മഴയ്ക്കുവേണ്ടിയുള്ള പാച്ചോർനേർച്ചകളുടേയും സർവ്വോപരി നിത്യസഹായമാതാവിനോടുള്ള 'ഉടൻ ഫലം തരുവിക്കുന്ന' നൊവേനകളുടേയും കാര്യത്തിലാണു് നമ്മുടെ ശുദ്ധ മുഴവൻ പതിയുന്നതു്. Ritual religion എന്നോ മറേറാ ആണു് ഈ സമ്പ്രദായത്തെ വ്യവഹരിക്കേണ്ടതു്. നമ്മുടെ പ്രാഥമികങ്ങളും മൗലികങ്ങളുമായ ആത്മീയാടിസ്ഥാനങ്ങൾ തന്മൂലം ഉലയ്ക്കപ്പെടുകയാണു്.

ഒരാൾമാത്രം.

കഴിഞ്ഞ യുദ്ധകാലത്തു് ബമ്മായിൽ സേവനമനുഷ്ഠിക്കുന്നതിനുവേണ്ടി എതാനും വൈദികരുടെ ആവശ്യമുണ്ടായി. അധികാരികൾ കേരളത്തിലങ്ങോളമിങ്ങോളം തപ്പിനടന്നിട്ടും 'ഒരൊറ കത്തോലിക്കാ വൈദികൻപോലും അതിനു തയ്യാറുള്ളതായി കണ്ടെത്തപ്പെട്ടില്ല. അവസാനം നമ്മുടെ ഒരു കമ്മലീത്താ വൈദികൻ ധൈര്യപൂർവ്വം മുന്നോട്ടുവന്നു. രണ്ടുമൂന്നുകൊല്ലത്തെ യുദ്ധസേവനവും കഴിഞ്ഞു് അദ്ദേഹം തിരിച്ചുവന്നപ്പോൾ ആകെയുണ്ടായിരുന്ന അദ്ദേഹത്തിന്റെ സമ്പാദ്യം രണ്ടുമൂന്നു ലോഹകം മാത്രമായിരുന്നു! വളരെയധികം പണ

വും പണ്ടങ്ങളുമായി അദ്ദേഹം തിരിച്ചെത്തുമെന്നാണ് ചിലർ പ്രതീക്ഷിച്ചിരുന്നതു്. ഏതായാലും അങ്ങിനെയുള്ള മാതൃകായോഗ്യരായ വൈദികർ നമ്മുടെ നാട്ടിലുണ്ടെന്നുള്ളതുതന്നെ എത്രയോ ചാരിതാർഥ്യജനകമാണു്.

പുതിയ തലമുറ.

ഏതൊരു വിപ്ലവ പ്രസ്ഥാനത്തിന്റേയും പ്രഭവസ്ഥാനം പ്രബുദ്ധരും ഊർജ്ജസ്വലരുമായ ഒരു ഗണം ബുദ്ധിജീവികളായിരിക്കും. രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിലെന്നപോലെ മതകാര്യങ്ങളിലും ഇതു ശരിയായിരിക്കും. പാശ്ചാത്യരാജ്യങ്ങളിൽ കത്തോലിക്കരുടെയിടയിൽ ഇന്നുകാണുന്ന നവോത്ഥാനത്തിന്റേയും ഉണർവിന്റേയും കാരണം ഇപ്രകാരം പ്രബുദ്ധരും മാതൃകായോഗ്യമായ ജീവിതം കഴിക്കുന്നവരുമായ ഒരു ന്യൂനപക്ഷത്തിന്റെ ആവിർഭാവമാണു്. ഇന്നത്തെ യൂറോപ്പിലെ ഏറ്റവും പ്രശസ്തരായ അനേകം ചിന്തകന്മാരും സാഹിത്യകാരന്മാരും യുവജനസംഘടനകളും ഇതിലുൾപ്പെട്ടതാണു്. സാമാന്യജനങ്ങളുടെയിടയിൽ പടർന്നുപിടിച്ചുകാണുന്ന വിശ്വാസരാഹിത്യത്തേയും തിഷ്ണതക്കുറവിനേയും പരിഹരിക്കുവാൻ ഇവരുടെ പ്രവർത്തനങ്ങളാണു് ഇന്നു സഹായകമായിക്കൊണ്ടിരിക്കുന്നതു്. ഫ്രാൻസിൽ നിന്നും മറ്റും ധാരാളം ഉദാഹരണങ്ങൾ ഉദ്ധരിക്കുവാൻ സാധിക്കും.

കേരളത്തിലെ കത്തോലിക്കാസഭയിലും സമുദായത്തിലും ഒരു നവോത്ഥാനം ദൃശ്യമായിത്തുടങ്ങിയിട്ടുള്ളതു് ഇപ്രകാരമുള്ള ഒരു ന്യൂനപക്ഷത്തിന്റെ ആവിർഭാവം കൊണ്ടാണു്. അഭ്യസ്തവിദ്യരും മാതൃകായോഗ്യരുമായ

അനേകം യുവതീയുവാക്കന്മാർ ഇന്നു നമ്മുടെ സമുദായത്തിലുണ്ട്. വിദേശങ്ങളിലും മറ്റും പോയി പഠനം നടത്തിയിട്ടുള്ളവരും കാര്യങ്ങളെ നിരീക്ഷണപാടവത്തോടുകൂടി വീക്ഷിച്ചിട്ടുള്ളവരും ഇന്നത്തെ നമ്മുടെ സ്ഥിതിഗതികളേപ്പറ്റി വളരെയധികം അതൃപ്തിയും അമർഷവുമുള്ളവരുമായ ഈ പുതിയ തലമുറ കേരള കത്തോലിക്കരുടെ അഭിമാനാർഹമായ അമൂല്യസമ്പത്താണ്. ചെറുപ്പക്കാരായ നിരവധി വൈദികരും അൽമായരും ഈ ഗോത്രയിലുണ്ട്. സഭാ നേതാക്കളേയും സമുദായാചാരങ്ങളേയും നിശിതമായി വിമർശിക്കുവാനും ഇന്നിവർ മടിക്കുന്നില്ല. എന്നാൽ പണക്കൊഴുപ്പും പ്രതാപപ്രൗഢികളും സ്ഥാനമാനങ്ങളുമുള്ള പിന്തിരിപ്പൻ മൂരാച്ചികളുടെ ആ പഴയ തലമുറ വളരെയധികം പ്രതിഷേധത്തോടുകൂടിയാണ് ഇവരുടെ പ്രവർത്തനങ്ങളെ വീക്ഷിക്കുന്നത്. അതൊന്നും സാരമാക്കേണ്ടതില്ല. എന്നാൽ ഈ പുതിയ ന്യൂനപക്ഷത്തിന്റെ ആവിർഭാവത്തെ അവഗണിക്കുവാനും അവരുടെ വീക്ഷണങ്ങളെ വിഗണിക്കുവാനുമാണ് ഇവിടത്തെ സഭാധികാരികളും നേതാക്കളും ഇനിയും മുതിരുന്നതെങ്കിൽ ആ നിലപാടിൽ വളരെയധികം അപകടങ്ങൾ അടങ്ങിയിരിപ്പുണ്ടെന്ന് അവർ മനസ്സിലാക്കുന്നതു നന്നായിരിക്കും. ഇതൊരു ഭീഷണിയായി ആരും വ്യാഖ്യാനിക്കരുതേ !

ഈ ന്യൂനപക്ഷത്തിനു് ഇന്നൊരു സംഘടനയൊ ഔദ്യോഗിക നാവൊ ഇല്ല. നല്ല നിലയിൽ സംഘടിപ്പിക്കപ്പെട്ടിട്ടുള്ള ഒരു യുവജനസംഘടനയും ചില പ്രസിദ്ധീകരണങ്ങളുമില്ലാതെ ഈ ന്യൂനപക്ഷത്തിന്റെ ആശയാദർശങ്ങൾ സാക്ഷാൽക്കരിക്കപ്പെടുവാനും പോകുന്നില്ല. അതിനാൽ പുതിയ ചില കാൽവയ്പുകൾക്കു്

സമയമാവുകയാണു്.

സമർത്ഥരും ബുദ്ധിശാലികളും ആദർശപരമായ ജീവിതം നയിക്കുന്നവരായ അനേകം കത്തോലിക്കാ യുവതീയുവാക്കന്മാർ അടുത്തുതന്നെ അവരുടെ ഉപരിപഠനങ്ങളും പരിശീലനങ്ങളും കഴിഞ്ഞു് സ്വന്തം നാടായ കേരളത്തിലേക്കു മടങ്ങിവരുന്നതാണു്. ഇപ്പോൾത്തന്നെ അവരിൽ ചിലരുടെ ആശയങ്ങളും അഭിപ്രായങ്ങളും ചില കത്തോലിക്കാ പത്രങ്ങളിലൂടെ പ്രകാശിതങ്ങളായിത്തുടങ്ങിയിട്ടുണ്ടു്. മുരാച്ചികളും ഷെവലിയറന്മാരുമെല്ലാം ഇതുകണ്ടു് വെകിളി പിടിക്കുകയും വെപ്രാളപ്പെടുകയും ചെയ്യുന്നതായും അറിയാം. ഏതായാലും നമ്മുടെ സഭാധികാരികളെങ്കിലും ഈ പുതിയ തലമുറയോടു് നീതികാണിക്കുവാൻ പരിശ്രമിക്കുമെന്നും അവരെ പ്രോത്സാഹിപ്പിച്ചില്ലെങ്കിൽത്തന്നേയും അവരുടെ ന്യായമായ പ്രവർത്തനങ്ങളെ വിഘാതപ്പെടുത്തുകയില്ലെന്നും നമുക്കു പ്രതീക്ഷിക്കട്ടെയൊ.

ഉപരിപ്ലവതയും ആഡംബരഭ്രമവും ഡംഭും തണ്ടും ധിക്കാരവും അധികാരദുർമ്മോഹവും സ്വജനപക്ഷപാതവും ധനമോഹവുമെല്ലാം കുറെയെങ്കിലും (മുഴുവനായും സാദ്ധ്യമല്ലെന്നുള്ളതു് വ്യക്തമാണു്) ഉപേക്ഷിച്ചു്, തങ്ങളുടെ മഹത്തായ കർത്തവ്യങ്ങളേയും പുതിയ ഉത്തരവാദിത്വങ്ങളേയും നിറവേറുവാൻ നമ്മുടെ സഭയുടേയും സമുദായത്തിന്റേയും എല്ലാ തലങ്ങളിലുമുള്ള വ്യക്തികൾ തീഷ്ണതാപൂർവ്വം പരിശ്രമിക്കട്ടെയെന്നും അതിനുള്ള വെളിച്ചങ്ങൾ അവർക്കു ലഭിക്കട്ടേയെന്നും നമുക്കു പ്രാർത്ഥിക്കാം.

XIV

ഉപസംഹാരം.

പുതിയ ആകാശവും പഴയ ഭൂമിയും.

സ്പുട്നിക്കുകളും ലൂണിക്കുകളും നിരന്തര ഭ്രമണം ചെയ്യുന്നതുകൊണ്ടോ റോക്കറ്റുകൾ ചീറിപ്പായുന്നതുകൊണ്ടോ അല്ല നമ്മുടെ ആകാശം പുതിയതായിരിക്കുന്നതു്. ക്രിസ്തുമതത്തിന്റെ ആവിർഭാവവും ക്രിസ്തീയാദർശങ്ങളുടെ വളർച്ചയും നമ്മുടെ മാനസിക വിഹായസ്സുകളിൽ നൂതനങ്ങളായ താരകാസമൂഹങ്ങളെ സൃഷ്ടിക്കുകയും നമ്മുടെ ചക്രവാളങ്ങൾക്കു് വിസ്തൃതിയും വിശാലതയും നല്കുകയും ചെയ്തിട്ടുണ്ടു്. ആധുനിക കാലങ്ങളിൽ ക്രിസ്തീയമായ സാമൂഹ്യബോധം എന്തെന്നില്ലാത്ത ഒരു ഉന്മേഷവും ഉണർവുമാണു് ജനതകൾക്കുപ്രദാനംചെയ്തിട്ടുള്ളതു്. ഭൗമികമായ യാഥാർത്ഥ്യങ്ങളുടെ സ്പർശന സാമീപ്യങ്ങൾകൊണ്ടു ദൂഷിതങ്ങളാകാത്ത നിരവധി ആദർശരത്നങ്ങളും നമ്മുടെ കൈവശമുണ്ടു്! നിത്യസത്യങ്ങളും ധാർമ്മിക പ്രബോധനങ്ങളും നമുക്കു നല്കിക്കൊണ്ടിരിക്കുന്ന വെളിച്ചം ഇന്നും നൂതനമാണു്, നവ്യമാണു്, നവോന്മേഷപ്രദവുമാണു്. ഇതൊക്കെ ശരിതന്നെ. പക്ഷേ നമ്മുടെ ഭൂമിയും ഭൗതികബന്ധങ്ങളും പഴയതായി

ത്തന്നെ തുടരുന്നു. ക്രിസ്തീയാദർശങ്ങളുടെ ലവണരസം ഇനിയും അവയുടെ ഉറവുകളെ ഊർജ്ജസ്വലമാക്കിയിട്ടില്ല. ക്രിസ്തീയ സാമൂഹ്യതത്വങ്ങളും ആദർശങ്ങളും നമ്മുടെ ശിരസ്സുകൾക്കു മുകളിലൂടെ ചിറകടിച്ചു പറന്നുകൊണ്ടിരിക്കുന്നതേയുള്ളു ഇന്നും. ഭൂമുഖത്തെ നൂതനമാക്കുവാനും മനുഷ്യജീവിതങ്ങൾക്കു് പൂട്ടും വെളിച്ചവും നല്കുവാനുള്ള അവയുടെ കഴിവുകളെ സാക്ഷാൽക്കരിക്കുകയെന്ന മഹനീയ കർത്തവ്യത്തിൽ നാമിനിയും സഹകരിച്ചു തുടങ്ങിയിട്ടില്ല. ഇതപകടകരമാണു്, അപലപനീയമാണു്, കുറ്റകരവുമാണു്. നമ്മുടെ സാമൂഹ്യവ്യവസ്ഥിതിയേയും രാഷ്ട്രീയ സാമ്പത്തിക സാംസ്കാരികക്രമങ്ങളേയും ക്രിസ്തീയവൽക്കരിക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള നമ്മുടെ ചുമതലകളേപ്പറ്റി കൂടുതൽ ബോധവാന്മാരാകേണ്ടതു് ഇന്നത്തെ ഒരാവശ്യമാണു്. കടന്നുപോയ തലമുറകൾ ഈദൃശകാര്യങ്ങളിൽ പ്രകടിപ്പിച്ച അവഗണനയുടേയും അജ്ഞതയുടേയും തിക്തഫലങ്ങൾ നാമിന്നനുഭവിക്കുന്നുണ്ടു്. ഒന്നും ചെയ്തില്ലെങ്കിലും നമ്മുടെ കർത്തവ്യങ്ങളേപ്പറ്റിയുള്ള സൂക്ഷ്മമായ ബോധമെങ്കിലും നമുക്കുണ്ടായില്ലെങ്കിൽ അതു് അക്ഷന്തവ്യമായിരിക്കും.

തിന്മയിൽനിന്നും നന്മയെ ഉളവാക്കുന്ന സർവ്വശക്തതയുടെ കരങ്ങൾ ആധുനികകാലത്തെ ഏറ്റവും ഭീകരതിന്മയായ കമ്മ്യൂണിസത്തെ ആവിർഭവിപ്പിച്ചിട്ടുള്ളതു് വൃഥാവിലായിരിക്കുകയില്ല. മനുഷ്യന്റെ ആത്മീയകാര്യങ്ങളേയും ആത്മീയക്ഷേമത്തേയുംപറ്റി വളരെയധികം ശ്രദ്ധിക്കുന്ന ഒന്നാണു് കത്തോലിക്കാസഭ. ഭൗതി

കപുരോഗതിക്കും ക്ഷേമത്തിനും വേണ്ടിയല്ല അതു പ്രഥമവും പ്രധാനവുമായി നിലകൊള്ളുന്നതു്. എന്നാൽ ഭൗതികക്ഷേമത്തെ അവഗണിക്കുവാനുള്ള ഒരു വാസന കഴിഞ്ഞ കാലങ്ങളിൽ സഭാധികാരികളും പ്രകടിപ്പിച്ചിട്ടുണ്ടു്. പത്തൊൻപതാം ശതകത്തിന്റെ അവസാനഘട്ടത്തിൽ യൂറോപ്പിലെതൊഴിലാളിലോകം സഭയോടു പ്രകടിപ്പിച്ച മനോഭാവത്തിന്റെ പ്രധാനകാരണവും ഇതുതന്നെ. മനുഷ്യന്റെ സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനത്തിനുവേണ്ടിക്രൂടി പരിശ്രമിക്കേണ്ടതിന്റെ ആവശ്യകതയെമാർക്സ്സിയൻചിന്താഗതിക്കാർഉന്നിപ്പറഞ്ഞു. സഭാ ചിന്തകന്മാരും പണ്ഡിതന്മാരും ഇക്കാര്യങ്ങളെ പ്രതിപാദിച്ചിട്ടില്ലെന്നു പറയുന്നില്ല. എന്നാൽ ഏതദ് വിഷയകങ്ങളായ അഗാധപഠനങ്ങളും ഗവേഷണങ്ങളും നടത്തുവാൻ കത്തോലിക്കർ തുടങ്ങിയിട്ടുള്ളതു് ആധുനികകാലത്താണു്. ഈ കാലഘട്ടത്തിലാണു് സഭ അവളുടെ സാമൂഹ്യ പഠനങ്ങളെ വിപുലീകരിക്കുകയും അഗാധതരമാക്കുകയും ചെയ്തതു്. ഈ വിഷയത്തിൽ ക്രൂടുതലായ ശ്രദ്ധയും താല്പര്യവും പ്രകടിപ്പിക്കുവാൻ നമുക്കും കടമയുണ്ടു്.

സാമൂഹ്യനീതിയേപ്പറ്റിയുള്ള താത്വികമായ ഒരു ചർച്ച ഇവിടെ ഉദ്ദേശിക്കുന്നില്ല. എന്നാൽ പ്രായോഗിക ജീവിതത്തിൽ അതു പ്രാവർത്തികമാക്കുവാൻ ഇനിയും നാം വൈകിക്രൂടാ. ഈ കാലഘട്ടത്തിന്റെ ഏറ്റവും ഗൌരവപൂർണ്ണമായ ആവശ്യവും അതാണു്. ക്രിസ്തീയ സാമൂഹ്യതത്വങ്ങളെ പ്രചരിപ്പിക്കുവാനും പ്രാ

വത്തികമാക്കുവാനും ആഗ്രഹിക്കുന്നവർ ഈ വിഷയത്തെപ്പറ്റി ക്രൂതലായ പഠനങ്ങളും ഗവേഷണങ്ങളും നടത്തുവാൻ പരിശ്രമിക്കുന്നതോടൊപ്പം സാമൂഹ്യക്ഷേമത്തിനുവേണ്ടിയുള്ള സ്ഥലമായ പരിപാടികളും നടപ്പിലാക്കുകയും ചെയ്യേണ്ടതാണു്.

സഭയിലെ അൽമേനികരും അവരുടെ കർത്തവ്യങ്ങളേയും അവകാശങ്ങളേയുംപറ്റി പൂർവ്വാധികം ബോധവാന്മാരായി തീർന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണല്ലൊ ഇതു്. സഭയുടെ സാമൂഹ്യ സിദ്ധാന്തങ്ങളെ നടപ്പിലാക്കുവാനുള്ള പ്രധാന ചുമതലയും അവരുടേതാണു്. എന്നാൽ ഇന്നത്തെ അൽമേനികരും പ്രത്യേകമായി സൂക്ഷിക്കേണ്ട ചില കാര്യങ്ങളുണ്ടു്. അൽമേനികരും സഭാധികാരികൾക്കു വിധേയരായിരിക്കുകയും അവരെ ബഹുമാനിക്കുകയും ചെയ്യാൻ കടപ്പെട്ടവരാണു്. സഭയെ ഭരിക്കുവാനും സഭാതത്വങ്ങൾ പഠിപ്പിക്കുവാനുമുള്ള അധികാരം അൽമേനികർക്കല്ല, സഭാധികാരികൾക്കാണു്. നമ്മുടെ യുവജനങ്ങളും ചുറേയെല്ലാം വൈദിക വിരോധികളാണെന്നു പറയാറുണ്ടു്. അതു ഒരളവിൽ ശരിയുമാണു്. ആ പ്രവണതയെ തടയുവാനുള്ള പരിശ്രമങ്ങൾ ശ്ലാഘനീയങ്ങൾതന്നെ. പക്ഷേ പ്രസംഗങ്ങൾകൊണ്ടു് അതു സാധിക്കുവാൻ പോകുന്നില്ല. നമ്മുടെ വൈദികർ ഇന്നത്തേതിനേക്കാൾ മെച്ചപ്പെട്ടവരും മാതൃകായോഗ്യരുമായിത്തീരുമ്പോൾ വൈദികവിദ്വേഷം താനെ അപ്രത്യക്ഷമായിക്കൊള്ളും. ഈ ലക്ഷ്യം മുൻനിർത്തിയാണു്, എനിക്കു് യാതൊരു ഗുണവും ലഭിക്കുകയില്ലെന്നും പലതരത്തിലുള്ള ബുദ്ധിമുട്ടുകൾക്കു് ഇടയാക്കുമെന്നും അറിഞ്ഞുകൊണ്ടുതന്നെ, ഇതുപോലൊരു ഗ്രന്ഥമെഴുതുക എന്ന സാഹസത്തിനു് ഞാൻ മുതിർന്നതു്. നല്ല വൈദി

കരെ കത്തോലിക്കർ മാത്രമല്ല, ഇതര സമുദായക്കാരും എത്രയധികമായിട്ടാണു് ബഹുമാനിക്കുകയും ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നതെന്നതിനു് നമ്മുടെ നാട്ടിൽത്തന്നെ ധാരാളം ഉദാഹരണങ്ങളുണ്ടു്. പക്ഷേ പരസ്യപാപിയായ ഒരു വൈദികനു് ആ ബഹുമതികളം ലഭിക്കുകയില്ല. അവിടെയാണു് വൈദികവിദ്വേഷം ജനിക്കുന്നതും. നമ്മുടെ യുവജനങ്ങളിൽ കുറേപ്പേർ വൈദിക വിദ്വേഷികളാണെങ്കിൽ നമ്മുടെ വൈദികരിൽ ചിലർ യുവജന വിദ്വേഷികളുമാണു്. ആ മനോഭാവവും റദ്ദാക്കപ്പെടേണ്ട ഒന്നത്രെ.

ജീവിത വിശുദ്ധിയും സ്വഭാവനൈർമ്മല്യവും എന്നെന്നും എല്ലാവരാലും ബഹുമാനിക്കപ്പെടുന്ന കാര്യങ്ങളാണു്. മാതൃകായോഗ്യങ്ങളായ ജീവിത സാക്ഷ്യങ്ങളം നമ്മുടെയിടയിൽ വളരെ കുറവാണല്ലൊ. മാതൃകാപുരുഷന്മാരായും വിശുദ്ധരായും ജീവിക്കുന്നതിനുള്ള സാഹചര്യങ്ങളം ധാരാളമുള്ള നമ്മുടെ സഭാധികാരികളും സന്യാസിനീസന്യാസികളും ഇന്നത്തെ അനാവശ്യവ്യഗ്രതകളിൽ പലതുമുപേക്ഷിച്ചു് വിശുദ്ധ ജീവിതത്തിന്റെ പടികളിലേക്കുയരുന്ന പക്ഷം എത്രയോ ആയിരങ്ങളംക്കു അവരുടെ മാതൃക ഉപകരിക്കുമായിരുന്നു. വിശുദ്ധപദം വൈദികർക്കും സന്യാസികൾക്കും മാത്രമുള്ളതാണെന്നു സൂചിപ്പിക്കുകയല്ല.

കേരളത്തിലെ കത്തോലിക്കാ സഭയും സമുദായവും ഇന്നൊരു വഴിത്തിരിവിലാണു് നിലകൊള്ളുന്നതെന്നു് നാമെല്ലാവരും മനസ്സിലാക്കിക്കഴിഞ്ഞു. ഈ സന്ദർ

ഭത്തിൽ നാം സ്വീകരിക്കുന്ന മനോഭാവങ്ങളും അനുവ
ത്തിക്കുന്ന നയങ്ങളും എടുക്കുന്ന തീരുമാനങ്ങളും നമ്മുടെ
സഭയേയും സമുദായത്തേയും സംബന്ധിച്ചു മാത്രമല്ല ഇ
തര സമുദായങ്ങളേയും രാഷ്ട്രം മുഴുവനേയും സംബന്ധി
ച്ചും സുപ്രധാനങ്ങളായിരിക്കും. അവസരത്തിന്റെ ഗൗ
രവവും അതിലന്തർഭവിച്ചിരിക്കുന്ന പ്രശ്നങ്ങളുടെ
അനുപാതസങ്കീർണ്ണതകളും ശരിക്കു മനസ്സിലാക്കുവാനും
അതിനനുസൃതമായി ജനങ്ങൾക്കു നേതൃത്വം നല്കുവാനു
മുള്ള കഴിവു് നമ്മുടെ അധികാരികൾക്കും നേതാക്കന്മാ
ക്കുമുണ്ടാകണം. അതിനാവശ്യമായ വീക്ഷണ വിശാല
തയും ആദർശമഹാത്മ്യവും ഉത്തുംഗമായ ദർശനങ്ങളും
ഏവക്കും ലഭിക്കട്ടേയെന്നാണു് ഈയവസരത്തിൽ നമു
ക്കു പ്രാർത്ഥിക്കുവാനുള്ളതു്. ഭൂമിയെ നവീക
രിക്കുവാനും അതിനെ മനുഷ്യാധിവാസയോഗ്യമാക്കുവാ
നുമുള്ള നമ്മുടെ നിരന്തരയത്നങ്ങളിൽ സ്വർഗ്ഗസീമക
ളിൽ നിന്നുള്ള ദിവ്യപ്രകാശത്തിന്റെ കനകരശ്മികൾ
നമുക്കു മാർഗ്ഗദർശനം നല്കട്ടെ. എന്തുകൊണ്ടെന്നാൽ
നമ്മുടെ സ്വത്തും കഴിവുകളും വെളിച്ചങ്ങളും എത്രയോ
പരിമിതങ്ങളാണെന്നു നമുക്കു ബോദ്ധ്യമുണ്ടു്. കർത്താവു
വീട്ടു പണിയുന്നില്ലെങ്കിൽ വേലക്കാരുടെ പരിശ്രമങ്ങൾ
ഫലശൂന്യങ്ങളാണല്ലൊ. സഭയുടേയും സമുദായത്തിന്റേ
യും ക്ഷേമത്തിനും രാഷ്ട്രത്തിന്റെ പുരോഗതിക്കും
ലോകോദ്ധാരണത്തിനും വേണ്ടിയുള്ള നമ്മുടെ പരിശ്രമ
ങ്ങളിൽ മഹത്തായ ഈ ചിന്തകളും മനോഹരങ്ങളായ
ഈ ആദർശങ്ങളും നമുക്കു മാർഗ്ഗദർശനം നല്കുകയും
നമ്മെ പ്രോത്സാഹിപ്പിക്കുകയും ചെയ്യട്ടെ.

ACHARYA THULASI JAIN VIDYA VIKAS SANSTHAN
1528

Dr. Murray

അനുബന്ധം